ജനകീയാസൂത്രണ പ്രസ്ഥാനം

അധികാരം ജനങ്ങളിലേക്ക്

## കീഴൂർ - ചാവശ്ശേരി ഗ്രാമപഞ്ചായത്ത്




# വികസനരേഖ

കീഴൂർ ചാവശേരി ഗ്രാമപഞ്ചായത്തിന്റെ


16 - 11 - '96 ലെ ഭരണസമിതി യോഗത്തിൽ

269/96 നമ്പ്രായി അംഗീകരിച്ച

# വികസനറിപ്പോർട്ട്


KANNUR DISTRICT
KASARGOD
COORG
ARABIAN SEA
WYNAD
KOZHIKODE

# കീഴൂർ - ചാവശ്ശേരി ഗ്രാമ പഞ്ചായത്ത്



# സൂചിക

04

:ആമുഖം
:സാമൂഹിക സാംസ്കാരിക ചരിത്രം
:ഭൂപ്രകൃതി, ജനപ്രകൃതി
:കൃഷിയും ജലസേചനവും
*(എ) കൃഷി*
*(ബി) ജലസേചനം*
:മൃഗസംരക്ഷണം മത്സ്യബന്ധനം
*(എ) മൃഗസംരക്ഷണം*
*(ബി) മത്സ്യബന്ധനം*
:വ്യവസായം
:ഗതാഗതം-ഊർജ്ജം-മാർക്കറ്റ്
*(എ) ഗതാഗതം*
*(ബി) ഊർജ്ജം*
*(സി) മാർക്കറ്റ്*
:വിദ്യാഭ്യാസം
:കുടിവെള്ളം, പൊതുജനാരോഗ്യം-പരിസരശുചിത്വം
*(എ) കുടിവെള്ളം*
*(ബി) പൊതുജനാരോഗ്യം*
*(സി) പരിസരശുചിത്വം*
:പാർപ്പിടവും സാമൂഹ്യക്ഷേമവും
*(എ) പാർപ്പിടം*
*(ബി) സാമൂഹ്യക്ഷേമം*
:സംസ്കാരം
:വനിതാക്ഷേമം
:സഹകരണം
:പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം
:വിഭവ സമാഹരണം

# ഭരണസമിതി അംഗങ്ങൾ

1. എ.കെ. രാമദാസൻ മാസ്റ്റർ പ്രസിഡന്റ്
2. എം.പി. അബ്ദുറഹിമാൻ വൈസ് പ്രസിഡന്റ്
3. മറിയം ടീച്ചർ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
4. സി. കുഞ്ഞിരാമൻ മാസ്റ്റർ
5. കെ.പി. ഗോപാലൻ
6. വി.എം. ഇബ്രാഹീം
7. സി. സുബേർ
8. സി. പ്രേമവല്ലി
9. പി.വി. നാരായണൻ
10. എൻ.കെ. ലീല ടീച്ചർ
11. ശാന്ത എം
12. പി.വി. ലീല ടീച്ചർ
13. ഇബ്രാഹീം മുണ്ടേരി.

സെക്രട്ടറി

എ. കുഞ്ഞമ്പു

# വികസന റിപ്പോർട്ടിന്റെ ശിൽപികൾ

കൃഷി, ജലസേചനം:
: ജി. ശ്രീകുമാർ മാസ്റ്റർ (കൺവീനർ)
: രവീന്ദ്രൻ മുണ്ടയാടൻ
: പി.എം. ശ്രീധരൻ പുന്നാട്
: ശാന്ത എം. (മെംബർ)
: പി. വിജയൻ
: ഷെഫീക്ക് കീഴൂർ

മൃഗസംരക്ഷണം, മത്സ്യബന്ധനം
: എം. രാജൻ (കൺവീനർ)
: സി. കുഞ്ഞിരാമൻ മാസ്റ്റർ
: ഡോ. എ.ജി. രവീന്ദ്രൻ
: ഡോ. കെ.പി. അനിൽകുമാർ
: സി. പ്രേമരാജൻ

വിദ്യാഭ്യാസം
:ചൂരി മോഹനൻ (കൺവീനർ)
: ജി. മണീന്ദ്രൻ മാസ്റ്റർ
: ടി.വി. ശ്രീജൻ
: വി.കെ. കൃഷ്ണൻ മാസ്റ്റർ
: പി.വി. ലീല ടീച്ചർ (മെമ്പർ)
: കെ. സുബയിർ

ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം :
: മോഹനൻ നമ്പ്രോൻ (കൺവീനർ)
: അബ്ദുൾ മജീദ് .ടി
: എ. രവീന്ദ്രൻ
: ഇന്നസെന്റ് ജോസഫ്
: എം.പി. അബ്ദുൾ റഹിമാൻ (വൈസ് പ്രസിഡന്റ്)
: സത്യവ്രതൻ
: പ്രകാശ് കുമാർ

വ്യവസായം, ഗതാഗതം, ഊർജം, മാർക്കറ്റ്:
: അഡ്വ. എം. പ്രഭാകരൻ (കൺവീനർ)
: സി.പി. സത്യരാജ്
: സി. സുബേർ (മെമ്പർ)
: കെ.പി. ഹംസ മാസ്റ്റർ
: കെ.പി. മൊയ്തീൻ കുട്ടി
: പി.കെ. അനിൽ

ഭവന നിർമ്മാണം, സാമൂഹ്യക്ഷേമം
: പി.വി. ശ്രീധരൻ (കൺവീനർ)
: സി. ചന്ദ്രമോഹൻ പുന്നാട്
: കെ. മുകുന്ദൻ
: സി. അബ്ദുൾ ലത്തീഫ്

സംസ്ക്കാരം, വനിത:
: മുകുന്ദൻ മാസ്റ്റർ (കൺവീനർ)
: പി. രവീന്ദ്രൻ മാസ്റ്റർ
: മറിയം ടീച്ചർ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ

പേഴ്സൺ
: സി. പ്രേമവല്ലി (മെമ്പർ)
: കെ. ബാലകൃഷ്ണൻ

സഹകരണം, പട്ടികവർഗ്ഗക്ഷേമം
: ജോസ് ജേക്കബ് (കൺവീനർ)
: വി.വി. പ്രകാശൻ
: കെ.പി. ഗോപാലൻ (മെമ്പർ)
: എൻ.കെ. ലീല ടീച്ചർ (മെമ്പർ)

വിഭവസമാഹരണം
: ലക്ഷ്മണൻ മാസ്റ്റർ കൺവീനർ
: ഗോപാലൻ മാസ്റ്റർ
: ഇബ്രാഹീം മുണ്ടേരി മെമ്പർ

**ആമുഖം:** : ഭരണസമിതി
കീഴൂർ-ചാവശ്ശേരി ഗ്രാമപഞ്ചായത്ത്

**സാമൂഹ്യ,**
**സാംസ്കാരിക,**
**ചരിത്രം**

എ.കെ.രാമദാസൻ മാസ്റ്റർ,
എം.പി. അബ്ദുൾ റഹിമാൻ,
അഡ്വ.എം. പ്രഭാകരൻ,
ചൂരി മോഹൻ,
ജി. ശ്രീകുമാർ മാസ്റ്റർ,
മോഹനൻ നമ്പ്രോൻ.

# ആമുഖം

**സ്വാ**തന്ത്ര്യാനന്തര ഭാരതം, എട്ട് പഞ്ചവത്സരപദ്ധതികൾ പിന്നിട്ടു കഴിഞ്ഞു. വികസന രംഗത്ത് ഒട്ടേറെ നേട്ടങ്ങൾ കൈവരിച്ചു. ഭക്ഷ്യ രംഗത്തും ശാസ്ത്ര സാങ്കേതിക രംഗങ്ങളിലും മറ്റു വികസിത രാജ്യങ്ങളോടൊപ്പം നിൽക്കുന്ന തരത്തിൽ വളർന്നിട്ടുണ്ട്. എങ്കിലും പല രംഗങ്ങളിലും ബഹുദൂരം മുന്നേറേണ്ടതുണ്ട്. പദ്ധതി ആസൂത്രണ രംഗത്ത് വളരെയധികം പോരായ്മകൾ നമുക്കുണ്ടായിട്ടുണ്ട്. സ്ഥല- ജലവിഭവങ്ങളുടെ സാധ്യതകളേയും അവയുടെ വിനിയോഗ പ്രവർത്തനങ്ങളേയും സമഗ്രമായി കണ്ട് പരിപാടികൾ തയാറാക്കുന്നതിന് പകരം ആദ്യം കേന്ദ്രത്തിലും പിന്നീട് സംസ്ഥാനതലത്തിലും തീരുമാനമെടുത്ത് വിവിധ വകുപ്പുകൾവഴി നടപ്പിലാക്കുന്ന സമ്പ്രദായമായിരുന്നു ഇന്ത്യൻ ആസൂത്രണ രംഗത്ത് നില വിലിരുന്നത്.

പദ്ധതിയുടെ ആസൂത്രണത്തിലോ നിർവ്വഹണത്തിലോ ജനങ്ങൾക്ക് യാതൊരുവിധ പങ്കും ഉണ്ടായിരുന്നില്ല. അതിന്റെ ഫലമായി പദ്ധതി പ്രവർത്തനം ജനങ്ങളിൽ നിന്നും അന്യവൽക്കരിക്കപ്പെട്ടു. ഇത് പ്രാദേശിക വിഭവസമാഹരണത്തെ അസാധ്യമാക്കി. കൂടാതെ നടത്തിപ്പിന്റെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിച്ചു. ഇതിന്റെയെല്ലാം ഫലമായി കേരളം ഇന്ന് രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്.

മഹാത്മജിയുടെ ഗ്രാമസ്വരാജ് ഇവിടെ പ്രസക്തമാകുന്നു. ഇന്ത്യൻ ഭരണഘടനയുടെ 73, 74 ഭേദഗതികൾ നിലവിൽ വന്നതോടെ ഗ്രാമസ്വരാജ് എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടുകയും അധികാരം സാധാരണക്കാരന്റെ കൈകളിൽ അക്ഷരാർത്ഥത്തിൽ എത്തിച്ചേർന്നിരിക്കുയുമാണ്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയിൽ സ്ത്രീകൾക്ക് മൂന്നിലൊന്ന് പ്രാതിനിധ്യം ഉറപ്പ് വരുത്തിയതും ഈ നിയമത്തിന്റെ പ്രത്യേകതയാണ്.

പഞ്ചായത്തിരാജ് സംവിധാനം കാര്യക്ഷമമായി നടപ്പാക്കുന്നതിനും അധികാരം ജനങ്ങളിലേക്കെത്തിക്കുന്നതിനുമായി ഒമ്പതാം പഞ്ചവത്സരപദ്ധതി ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ കേരള ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. അധികാരത്തിന്റെ കൊട്ടകൊത്തളങ്ങളിൽ പ്രമാണികളായി വിഹരിച്ചിരുന്നവർക്ക് ഒരു തിരിച്ചടിയാണിത്.


ഇപ്പോൾ നടപ്പിലാക്കുന്ന ജനകീയാസൂത്രണ പ്രവർത്തനം അധികാരം പൂർണ്ണമായും ജനങ്ങളിലേക്കെത്തിച്ചിരിക്കുയാണ്. പഞ്ചായത്തിരാജ് നിയമത്തിന് തൊടുകുറിയായി ജനകീയാസൂത്രണം നിലനവിൽവന്നു കഴിഞ്ഞു. ഇതിന് ജനങ്ങളിൽ നിന്നുണ്ടായ പ്രതികരണം ആശാവഹമായിരുന്നു. ജനങ്ങളെ സംബന്ധിച്ചിടത്തോളം അന്യവൽക്കരിക്കപ്പെട്ടിരുന്ന ആസൂത്രണം, നിർവ്വഹണം എന്നിവയിൽ ഇന്ന് അവർക്ക് പൂർണ്ണമായ പങ്കാളിത്തം ഉറപ്പുവരുത്തുക എന്നതാണ് സർക്കാരിന്റെ നയം.

പ്രാദേശികമായ ആവശ്യങ്ങളും വികസന രംഗത്തെ പ്രശ്നങ്ങളും സാധ്യതകളും മറ്റാരേക്കാളും അറിയാവുന്നത് അതിന്റെ ഗുണഭോക്താക്കളായ ജനങ്ങൾക്കാണ്. അതുകൊണ്ടുതന്നെ അവരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ ആദ്യപടി. സപ്തംബർ 26 മുതൽ ഒക്ബോർ രണ്ടുവരെ ഇതിനായി വിളിച്ചുചേർന്ന പ്രത്യേക ഗ്രാമസഭകൾ ജനങ്ങൾക്ക് ഒരു പുതിയ അനുഭവമായിരുന്നു. ഈ പഞ്ചായത്തിലെ പതിമൂന്ന് ഗ്രാമസഭകളിലായി ഏകദേശം രണ്ടായിരത്തിലധികം ആളുകൾ ഗ്രാമസഭകളിൽ പങ്കെടുത്തിരുന്നു. സ്ത്രീകളുടെ സജീവസാന്നിദ്ധ്യം ഇതിന്റെ പ്രത്യേകതയായിരുന്നു. ഈ ഗ്രാമസഭകളിൽവച്ച് ഓരോ രംഗത്തും ആവശ്യമായ വികസന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും പ്രശ്നങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കപ്പെടുകയും ചെയ്തു. 1-4-97 മുതൽ ആരംഭിക്കുന്ന ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ അടങ്കൽ തുകയിൽ മുപ്പത് മുതൽ നാനുത് ശതമാനംവരെ തുക വിനിയോഗിക്കപ്പെടുന്നത് ഇങ്ങനെ ഉരുത്തിരിഞ്ഞുവരുന്ന പദ്ധതികൾക്കായിരിക്കും.

ഗ്രാമസഭകളിലെ നിർദ്ദേശങ്ങളും ദ്വിതീയ വിവര ശേഖരണങ്ങളിലൂടെയും മറ്റും ലഭിച്ച വസ്തുതകൾ, അറിവുകൾ എന്നിവ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയ റിപ്പോർട്ടാണിത്. ദ്വിതീയ വിവരശേഖരണത്തിലും വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനലും ഈ പഞ്ചായത്തിലെ യുവജനങ്ങൾ കാണിച്ച ആത്മാർത്ഥതയും സഹകരണവും അനുകരണീയവും ശ്ലാഘനീയവുമാണ്.

# കീഴൂർ – ചാവശ്ശേരി ഗ്രാമപഞ്ചായത്ത്
# പൊതുവിവരങ്ങൾ

| | | |
|---|---|---|
| 1. | ഗ്രാമപഞ്ചായത്തിന്റെ പേര് | കീഴൂർ–ചാവശ്ശേരി |
| 2. | പഞ്ചായത്തിൽ ഉൾപ്പെടുന്ന റവന്യൂ വില്ലേജുകളുടെ പേര് | കീഴൂർ വില്ലേജ്, ചാവശ്ശേരി വില്ലേജ്. |
| 3. | ബ്ലോക്ക് പഞ്ചായത്ത് | ഇരിട്ടി |
| 4. | ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | ഇരിട്ടി, ചാവശ്ശേരി |
| 5. | താലൂക്ക് | തലശ്ശേരി |
| 6. | ജില്ല | കണ്ണൂർ |
| 7. | അസംബ്ലി മണ്ഡലം | പേരാവൂർ |
| 8. | വിസ്തീർണ്ണം | 46.65 ച.കി |
| 9. | ജനസംഖ്യ | 33737 ('91ലെ സെൻസസ് പ്രകാരം) |
| 10. | പ്രസിഡണ്ടിന്റെ പേര് | എ.കെ. രാമദാസൻ മാസ്റ്റർ |
| 11. | വൈസ് പ്രസിഡണ്ടിന്റെ പേര് | എം.പി. അബ്ദുറഹിമാൻ. |




# സാമൂഹിക-സാംസ്കാരിക ചരിത്രം

പരിവർത്തനത്തിന്റെ ദ്രുതഗമനത്തിൽ മണ്ണും മണ്ണിന്റെ ഗന്ധമറിഞ്ഞ മനുഷ്യരും, അവരിൽ നിന്നുയർന്ന സാംസ്കാരികത്തനിമയുടെ പിതൃത്വ സത്യങ്ങളും നമുക്ക് അന്യം നിന്നുപോവുകയാണ്. നമ്മുടെ പഞ്ചായത്തിന്റെ ഇന്നലകൾ വൈവിധ്യങ്ങളും വൈതരണികളും നിറഞ്ഞ സാമൂഹിക-സാംസ്കാരിക ചട്ടകൂടുകളാൽ ബന്ധിതമായിരുന്നു എന്ന് പറയാം. ഇന്ന് നാമറിയുന്ന കീഴൂർ-ചാവശ്ശേരി പഞ്ചായത്ത് ആദ്യകാലത്ത് കീഴൂരെന്നും ചാവശ്ശേരിയെന്നുമുള്ള രണ്ടു പഞ്ചായത്തുകളായിരുന്നു. എന്നാൽ, അതിന്റെ നിലനിന്ന് ചുരുങ്ങിയ വർഷങ്ങളിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇതിൽ കീഴൂരിന്റെ ഉത്ഭവത്തെയും വളർച്ചയെയും കുറിച്ചുള്ള വസ്തുനിഷ്ഠമായ വിവരങ്ങൾ ലഭ്യമല്ലെങ്കിലും ചാവശ്ശേരിയെ സംബന്ധിക്കുന്ന ചരിത്രങ്ങൾ ഏറെ കുറേ കഥാവശേഷമാവാതെ ഇന്നും നിലനില്ക്കുന്നു.

ദശാബ്ദങ്ങൾക്ക് മുമ്പ് ശതഹോമൻ എന്ന മഹർഷി ഇവിടെ തപസ്സു ചെയ്തുകൊണ്ട് ചാവശ്ശേരി എന്ന പേർ സിദ്ധിച്ചതാണെന്നും അതല്ല കൊട്ടിയൂർ ദക്ഷയാഗവുമായി ബന്ധപ്പെട്ട് ശതഹോമം നടത്തിയിരുന്ന സ്ഥലം ചാവശ്ശേരിയായി പരിണമിച്ചതാണെന്നുമുള്ള വ്യത്യസ്തവും ശക്തവുമായ ഐതിഹ്യങ്ങൾ ചാവശ്ശേരിയുമായി നബ്ധപ്പെട്ട് നിലവിലുണ്ട്. കോട്ടയം രാജവംശത്തിന്റെ അധീനതയിലായിരുന്ന ഈ പ്രദേശം ശക്തമായ ജന്മി-കുടിയാൻ ബന്ധങ്ങളാൽ അധിഷ്ഠിതമായിരുന്നു. ഇവരുടെ കീഴിലുള്ള മറ്റ് ഭൂപ്രഭുക്കന്മാരാവട്ടെ കർഷകരെ കഠിനമായി ചൂഷണം ചെയ്തിരുന്നു. രാജവംശത്തിന്റെ തെക്കേ കോവിലകം ആസ്ഥാനായ ചാവശ്ശേരിയിലായിരുന്നു ഈ പ്രദേശത്തിന്റെ നോക്കി നടത്തിപ്പും മറ്റും. കോവിലകവുമായി ബന്ധപ്പെട്ട് പ്രസിദ്ധങ്ങളായ ശ്രീകൃഷ്ണ-ശിവ ക്ഷേത്രങ്ങളും വലിയ ക്ഷേത്രകുളവും ഇന്നും നിലനില്ക്കുന്നു. എന്നാൽ, കോവിലകത്തിന്റെ അസ്ഥികൂടങ്ങൾ പോലും പിൻകാലത്ത് ചരിത്രത്തിന്റെ ഭാഗമായി മാറുകയാണുണ്ടായത്.

മറ്റൊരു പ്രധാനപ്പെട്ട ജന്മിയായിരുന്നു കീഴൂരിടം വാഴുന്നവർ. വിശാലമായ ഭൂപ്രകൃതിയുടെ ഉടമസ്ഥരായിരുന്നു ഇവരെങ്കിലും കരിയാടി മലയുടെ അധീശത്വത്തെച്ചൊല്ലി കോട്ടയം രാജാവും കീഴൂരിടം വാഴുന്നവരും തമ്മിൽ സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്. ഈ ഏറ്റുമുട്ടലുകളിലാവട്ടെ കോട്ടയം തമ്പുരാന്റെ സൈനിക നേതൃത്വം കാരായി കുഞ്ഞിരാമനിലും കീഴൂരിടത്തിന്റേത് കാരായി പൊക്കനിലുമായിരുന്നു. ഇതിൽ കീഴൂ

രിടം ജയിക്കുകയും കരിയാടിമല കീഴൂരിടത്തിന്റെ അധീനതയിലാവുകയും ചെയ്തു.

നാടുകടത്താനും മാറ്റുവിലക്കാനും അധികാരമുണ്ടായിരുന്ന തമ്പുരാൻമാരുടെ ഉടമസ്ഥതയിലുള്ള ക്ഷേത്രങ്ങളിലൊന്നുംതന്നെ താഴ്ന്ന ജാതിക്കാർക്ക് അയിത്തക്കുറ്റികൾക്ക് അപ്പുറം പ്രവേശനമില്ലായിരുന്നു. വ്യത്യസ്ഥരായ ജാതിക്കാർക്ക് കുളിക്കുന്നതിന് കുളത്തിൽ വെവ്വേറെ കടവുകളുണ്ടായിരുന്നു. വർണ്ണാധിഷ്ഠിതമായ ഇത്തരം നിയമങ്ങൾ ലംഘിച്ചാലുള്ള ശിക്ഷാ നടപടികളാവട്ടെ ഏറെ കർശനവുമായിരുന്നു. മുതലയ്ക്ക് സമാനമായ ജീവിയെ വളർത്തുന്ന മണ്ണൻകുണ്ടിൽ തള്ളിയിട്ടും പുകയിടൽ നടത്തിയുമുള്ള ക്രൂരമായ വധശിക്ഷാ രീതികളും അട്ടക്കുണ്ടിൽ നിർത്തിയും 'തോളത്തുവച്ചു'മുള്ള ശിക്ഷാ സമ്പ്രദായങ്ങളും ഇവയിൽ ചിലതുമാത്രം. എന്നാൽ, കേരളീയ സാംസ്കാരിക ചരിത്രത്തിൽ ദൂരവ്യാപകമായ ഫലങ്ങളുളവാക്കിയ 1936ലെ ക്ഷേത്ര പ്രവേശന വിളംബരവും 1946ലെ മലബാർ ക്ഷേത്രപ്രവേശന നിയമത്തിന്റെയും ആദ്യ അലയൊലികൾ ഇവിടങ്ങളിലുമുണ്ടായി. നിയമത്തിന്റെ പിൻബലത്തിൽ അന്നത്തെ സാമൂഹിക-രാഷ്ട്രീയ നായകൻമാരായ എൻ.വി. കുങ്കൻ നായർ, ടി.കെ. നാരായണൻ എന്നിവർ കരിമ്പാലന്മാരെ സംഘടിപ്പിച്ച് ക്ഷേത്രകുളത്തിൽ കുളിച്ചു. ചാവശ്ശേരിയുടെ സാമൂഹിക-സാംസ്കാരിക ചരിത്രത്തിൽ വിപ്ലവാത്മക ഫലങ്ങൾ ഉളവാക്കിയ ഒരു സംഭവമായിരുന്നു ഇത്. ഇതേത്തുടർന്ന് ശാന്തിക്കാരൻ കോട്ടയം തമ്പുരാനെ കണ്ട് പരാതി ബോധിപ്പിച്ചു. എന്നാൽ അന്നത്തെ ഭരണാധികാരി ശങ്കരവർമ്മ വലിയ രാജ, നിയമം തങ്ങൾക്ക് അനുകൂലമല്ലെന്ന് മനസ്സിലാക്കി ശാന്തിക്കാരനെ മടക്കി അയക്കുകയാണുണ്ടായത്. അക്കാലത്തെ പ്രസിദ്ധമായ മലമക്കാവ് ദേവസ്വത്തിന്റെ ചരിത്രാവശിഷ്ടങ്ങൾ ഇന്നും നിലനില്ക്കുന്നു. അതുപോലെതന്നെ കീഴൂരിലും രാജ ഭരണത്തിന്റെ പ്രതീകമായി കോട്ടയുണ്ടായിരുന്നതായി ഈ പ്രദേശത്തിന് കോട്ടക്കുന്ന് എന്ന പേർ നിലനിൽക്കുന്നതിലൂടെ മനസ്സിലാക്കാം. ഇതുമായി ബന്ധപ്പെട്ട് ഒരു ശിവക്ഷേത്രം ഇന്ന് നാട്ടുകാരുടെ സഹകരണത്തോടെ പുനഃരുദ്ധരിക്കപ്പെട്ടുവരികയാണ്.

ഫലഭൂയിഷ്ടമായ മണ്ണിൽ വിയർപ്പൊഴുക്കി കനകം വിളയിച്ച ഒരു വലിയ കർഷക സമൂഹവും അതിന്റെ ഫലം അനുഭവിച്ച ജന്മിമാരും തമ്മിൽ സംഘർഷാത്മകബന്ധമായിരുന്നു. ആദ്യകാലത്ത് ചാവശ്ശേരിയിൽ നിലനിന്നിരുന്നത്. എന്നാൽ കീഴൂരിടത്തിന്റെ കീഴിലുള്ള കർഷകരുമായി ജന്മിമാർക്ക് താരതമ്യേന നല്ല ബന്ധമായിരുന്നു എന്നു പറയാം. ചൂഷണാത്മക സാമൂഹിക-സമ്പദ്വ്യവസ്ഥ നിലനിന്നിരുന്ന കേരളീയ സമൂഹത്തിന്റെ പൊതു സ്വഭാവത്തിനൊപ്പം തന്നെയായിരുന്നു നമ്മുടെ പഞ്ചായത്തിലെ പ്രദേശങ്ങളും. കോട്ടയം തമ്പുരാനെയും കീഴൂരിടം ജന്മിയെയും പോലെതന്നെ ശക്തരായ ഭൂപ്രഭുക്കന്മാരായിരുന്നു ഉളിയിൽ മാത്രക്കൽ കൊയിലോട്ടറ തറവാട്. എരിഞ്ഞാലിൽ, പുതിയാറമ്പൻ തുടങ്ങിയ കുടുംബങ്ങൾ പുന്നാട് പ്രദേശത്തെ പഴയകാല മുസ്ലീം തറവാട്ടുകാരായിരുന്നു. അക്കാലത്തെ ബീറ്റു പോലീസുകാർ പുതിയാറമ്പന്റെ അടുത്തുപോയി ഒപ്പിട്ട് തിരിച്ചുപോകണം എന്ന അവസ്ഥ നിലനിന്നിരുന്നു. മേൽചാർത്തു നടത്തി ആദ്യ കുടിയാന്മാരെ ഒഴിവാക്കുക, വെച്ചുകാണൽ, പശുവിൻ നെയ്യ്, പച്ചക്കറി, പഞ്ചാരക്കലം, കോഴി എന്നീ സമ്പ്രദായങ്ങൾ കുടിയാന്മാർക്ക് ദുരിതം മാത്രം സമ്മാനിച്ചവയായിരുന്നു.

വാരം, പുറപ്പാട്, വാശി, നുരി, വെച്ചുകാണൽ തുടങ്ങിയ ചൂഷണ സമ്പ്രദായങ്ങൾക്കെതിരെ ബ്രിട്ടീഷ് ഭരണം നിലനിന്നിരുന്ന ആ നാളുകളിൽ നിരവധി പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്. അക്കാലത്ത് സാധാരണക്കാർക്ക് പോലീസിന് പരാതികൾ നേരിട്ട് കൊടുക്കാമായിരുന്നില്ല. അധികാരിയുടെ യാഥാസ്ത് വേണമായിരുന്നു. അക്കാലത്തെ പ്രമുഖ അധികാരിമാരിൽ ഒരാളായിരുന്നു കോട്ടാൽ കുട്ട്യത്ത ഹാജി. ബ്രിട്ടീഷ് ഭരണത്തിനെതിരെ ശക്തമായ പ്രക്ഷോഭങ്ങൾ രാജ്യത്തിന്റെ ഇതരഭാഗങ്ങളിൽ കൊടുമ്പിരി കൊണ്ടിരുന്നപ്പോൾ ദേശീയ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നമ്മുടെ പഞ്ചായത്തിൽ പ്രക്ഷോഭങ്ങൾ ഒന്നുംതന്നെ നടന്നിട്ടില്ല. എന്നാൽ 1930 മുതൽ കർഷക പ്രസ്ഥാനങ്ങൾക്ക് നല്ല വേരോട്ടമുള്ള പ്രദേശങ്ങളായിരുന്നു നമ്മുടേത്. 1935 മുതൽ കർഷസംഘം ശക്തമായ പ്രക്ഷോഭങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇരിട്ടി, കീഴൂർ, പുന്നാട്, ചാവശ്ശേരി തുടങ്ങിയ പ്രദേശങ്ങളിൽ അക്കാലത്ത് പൊതുയോഗങ്ങൾ നടക്കാറുണ്ടായിരുന്നു. 1930-ലെ മലബാർ കുടിയായ്മ ബില്ലിന്റെ അടിസ്ഥനത്തിൽ മദ്രാസ് ഗവൺമെന്റ് മര്യാദപാട്ടം നിശ്ചയിച്ചു. കുടിയാന്മാർക്ക് അനുകൂലമായ ഈ നിയമത്തിന്റെ ആനുകൂല്യം ലഭിക്കാൻവേണ്ടി ഹരജി കൊടുക്കാൻപോലും അവർ തയ്യാറായില്ല. എന്നാൽ, ഇവരെ ബോധവത്കരിച്ചുകൊണ്ട് ജന്മിമാർക്കെതിരെ കർഷക സംഘത്തിന്റെ നേതൃത്വത്തിൽ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കപ്പെട്ടു. ഈ പ്രക്ഷോഭങ്ങൾക്ക് പിൻകാലത്ത് കമ്യൂണിസ്റ്റുകാരായി മാറിയ ശങ്കരൻ നമ്പ്യാർ, എൻ.വി. കുങ്കൻ നായർ എന്നിവരും കെ.കെ. ചാത്തു ചെട്ടിയാർ, കെ.വി. നാണുമാരാർ, എൻ.കെ. ഗോവിന്ദൻ നമ്പ്യാർ തുടങ്ങിയവരും നേതൃത്വം നല്കി. ഇതിന്റെ

ഫലമായി 100 സേർവാരം 60 സേർ ആയി കുറച്ചു. മാത്രമല്ല പാട്ടത്തിന് മാനദണ്ഡം നിശ്ചയിച്ചു. ഇതിന്റെ ഭാഗമായി കൃഷിയിടം ഒന്നാംനമ്പർ നിലം, രണ്ടാംന മ്പർ നിലം മൂന്നാം നമ്പർ നിലം എന്നിങ്ങനെ തരംതി രിച്ചു.


1939-ൽ യുദ്ധഫണ്ടിലേക്ക് നിർബന്ധപ്പിരിപ്പ് ബ്രിട്ടീഷ് സർക്കാർ ഏർപ്പെടുത്തിയപ്പോൾ കേരളാ പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ ആഹ്വാനപ്രകാരം സപ്തംബർ 15-ന് മട്ടനൂരിൽ ചേർന്ന മർദ്ദക പ്രതിഷേധ പൊതുയോഗത്തിൽ നമ്മുടെ പഞ്ചായത്തിലെ പയ്യാട ക്കൻ ശങ്കരൻ നമ്പ്യാർ, എൻ.കെ. ഗോവിന്ദൻ നമ്പ്യാർ, എൻ. വി. കുങ്കൻ നായർ എന്നിവർ പങ്കെടുക്കുകയും ക്രൂരമർദ്ദനത്തിനിരയായി അറസ്റ്റു വരിക്കുകയും ചെയ്തു.

ഈ രാഷ്ട്രീയ-സാമൂഹിക നായകർക്കു പുറമേ വ്യവസായ പ്രമുഖനായ എ.കെ. കാദർകുട്ടിയും ജസ്റ്റിസ് ഇ.കെ. മൊയ്തുവും നമ്മുടെ പഞ്ചായത്തിൽ ജനിച്ചു വളർന്നുവരാണെന്നത് അഭിമാനകരമായ വസ്തുതകളാണ്.

1955-ൽ കീഴൂരും ചാവശ്ശേരിയുമെന്ന് പ്രത്യേകം പ്രത്യേകം പഞ്ചായത്തുകളായി രൂപീകരിക്കപ്പെട്ടു എങ്കിലും കേവലം 7 വർഷക്കാലം മാത്രമേ നിലനി ന്നുള്ളു. ആദ്യകാലത്ത് നിശ്ചിത വരുമാനക്കാർക്കു മാത്രമേ വോട്ടവകാശമുണ്ടായിരുന്നുള്ളൂ. അന്ന് കൈപൊക്കി വോട്ടായിരുന്നു നിലനിന്നിരുന്നതെങ്കിലും സ്ത്രീകൾക്ക് വോട്ടവകാശമുണ്ടായിരുന്നില്ല. അന്നത്തെ പഞ്ചായത്തുകൾക്ക് ഭരണരംഗത്ത് സിവിൽകോടതിയുടെ അധികാരമുണ്ടായിരുന്നെങ്കിലും വരുമാനത്തിന്റെ അപര്യാപ്തതമൂലം നിർമ്മാണ പ്രവർത്തനങ്ങളിൽ വേണ്ടത്ര ശ്രദ്ധചെലുത്താൻ കഴി ഞ്ഞിട്ടില്ല. എങ്കിലും പരിമിതികൾക്കകത്ത് നിന്നുകൊണ്ട് ഗ്രാമപ്രദേശങ്ങളിൽ റോഡുകളും പാലങ്ങളും നിർമ്മി ക്കുന്നത് പ്രത്യേകം ശ്രദ്ധ ചെലുത്തിയിട്ടുണ്ട് എന്ന കാര്യം പ്രസ്താവ്യമാണ്.

കീഴൂർ പഞ്ചായത്തിന്റെ ആദ്യപ്രസിഡണ്ട് കെ. കുഞ്ഞിമാധവൻ വാഴുന്നവരും വൈസ് പ്രസിഡണ്ട് കോറോത്താൻ അനന്തനുമായിരുന്നു. ചാവശ്ശേരി പഞ്ചായത്തിന്റെ ആദ്യപ്രസിഡണ്ട് വി.കെ. അച്ചുതനും വൈസ് പ്രസിഡണ്ട് എം.കെ.കുഞ്ഞിക്കണ്ണൻ നമ്പ്യാ രുമായിരുന്നു. 1961-ലെ കേരളസർക്കാർ വിജ്ഞാപന പ്രകാരം 1963-ൽ ഇരുപഞ്ചായത്തുകളെയും കൂട്ടി ച്ചേർത്ത് കീഴൂർ-ചാവശ്ശേരി പഞ്ചായത്ത് നിലവിൽ വന്നു. പഞ്ചായത്തിന്റെ ആദ്യത്തെ പ്രസിഡണ്ട് എ.കെ.അബ്ദു റഹ്മാനും വൈസ് പ്രസിഡണ്ട് എൻ.വി. കുങ്കൻ നായരുമായിരുന്നു. എന്നാൽ, ഒന്നരവർഷക്കാലത്തിനുശേഷം പ്രസിഡണ്ട്, സ്ഥാനം ഒഴിഞ്ഞതിനെ തുടർന്ന് കോയ്യോടൻ കുഞ്ഞിക്കണ്ണൻ മ്പ്യാർ പ്രസിഡണ്ടായി തീർന്നു. കാലാവധി തീർന്നെങ്കിലും 1979വരെ കേരളത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെര ഞ്ഞെടുപ്പ് നടന്നില്ല. അതുകൊണ്ട് പ്രസ്തുത ഭരണ സമിതി 16 വർഷക്കാലം ഭരണം നടത്തി. 1979-ൽ നടന്ന തെരഞ്ഞെടുപ്പിനെ തുടർന്ന് കെ.കെ. ഗോവി ന്ദൻ വൈദ്യർ പ്രസിഡണ്ടായുള്ള ഭരണ സമിതി നിലവിൽ വന്നു. പി.കെ. മുഹമ്മദലി ആയിരുന്നു വൈസ് പ്രസിഡണ്ട്. '84-85 കാലയളവിൽ ഉദ്യോ ഗസ്ഥഭരണമായിരുന്നു നിലനിന്നിരുന്നത്. 1988-ലെ തെരഞ്ഞെടുപ്പിൽ ഇ.എം. പത്മനാഭൻ നമ്പ്യാർ പ്രസിഡണ്ടായും പി.കെ. മുഹമ്മദലി വൈസ് പ്രസി ഡണ്ടായും ഭരണ സമിതി നിലവിൽ വന്നു. പഞ്ചാ യത്ത് രാജ് നിലവിൽ വന്നതിനുശേഷം നടന്ന തെരഞ്ഞെടുപ്പിൽ എ.കെ. രാമദാസൻ മാസ്റ്റർ പ്രസി ഡണ്ടായും എം.പി. അബ്ദുറഹ്മാൻ വൈസ് പ്രസി ഡണ്ടുമായുള്ള പതിമൂന്നംഗ ഭരണസമിതി 1995 ഒക്ടോബർ 2-ന് നിലവിൽ വന്നു. ❐

കീഴൂർ - ചാവശ്ശേരി ഗ്രാമ പഞ്ചായത്ത്




# ഭൂപ്രകൃതിയും വിഭവങ്ങളും

കുന്നുകളും വയലുകളും പുഴകളും അരുവികളും ഇടകലർന്ന ഹരിതാഭയാർന്ന പ്രദേശമാണ് കീഴൂർ–ചാവശ്ശേരി ഗ്രാമപഞ്ചായത്ത്. ഉത്തരകേരളത്തിൽ കണ്ണൂർ ജില്ലയുടെ കിഴക്കൽ മലയോര മേഖലയിൽ വളപട്ടണം പുഴയുടെ ഭാഗമായ ഇരട്ടി പുഴയുടെ തെക്കുഭാഗത്തായി 45.65 ചകി.മീ. വിസ്തൃതിയിൽ പഞ്ചായത്ത് കിടക്കുന്നു. കീഴൂർ, ചാവശ്ശേരി എന്നീ വില്ലേജുകളും പായം വില്ലേജിന്റെ എടക്കാനം ദേശവും ഇതിൽ ഉൾപ്പെടുന്നു. പഞ്ചായത്തിന്റെ മധ്യഭാഗത്തുകൂടി അന്തർസംസ്ഥാനങ്ങളെ യോജിപ്പിക്കുന്ന തലശ്ശേരി –കൂർഗ് റോഡ് കടന്നുപോവുന്നു. വടക്ക് ഇരിട്ടി പുഴയും തെക്ക് മുഴുക്കുന്ന് –തില്ലങ്കേരി പഞ്ചായത്തുകളും കിഴക്ക് പായം പഞ്ചായത്തും പടിഞ്ഞാറ് മട്ടന്നൂർ മുനിസിപ്പാലിറ്റിയും നമ്മുടെ പഞ്ചായത്തിന് അതിരിടുന്നു. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളും ജനവാസയോഗ്യമാണ്.


## ഭൂപ്രകൃതി

ഉയർന്ന കുന്നിൻ തട്ടുകളും അവയുടെ ചെരിവുകളും നെൽവയലുകളുമടങ്ങുന്ന സമതലപ്രദേശങ്ങളും തെങ്ങ് കശുമാവ്, കുരുമുളക്, റബ്ബർ, കവുങ്ങ് തുടങ്ങിയ ദീർഘകാല വിളവുകളും മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും നെല്ല്, മരച്ചീനി നേന്ത്രവാഴ, വാഴ, ഇഞ്ചി, മഞ്ഞൾ തുങ്ങിയ ഹ്രസ്വകാല വിളകളും കൃഷി ചെയ്തു വരുന്നു. ഭൂമിയുടെ കിടപ്പനുസരിച്ച് അഞ്ചു ഭാഗങ്ങളായി തരംതിരിക്കാം.

| ക്രമനമ്പർ | ഭൂമിയുടെ കിടപ്പ് | വിസ്തൃതി | പ്രധാനവിളവുകൾ |
|---|---|---|---|
| 1. | കുന്നിൻതട്ട് | 273 ഹെ | കശുമാവ്, റബ്ബർ |
| 2. | നല്ല ചെരിവുള്ള പ്രദേശം | 786ഹെ | കശുമാവ്, റബ്ബർ, കുരുമുളക്, തെങ്ങ്. |
| 3. | ചെരിഞ്ഞപ്രദേശം | 1125 ഹെ | തെങ്ങ്, കവുങ്ങ്, കുരുമുളക്ക്, റബ്ബർ, കശുമാവ് |
| 4. | താഴ്വാരം | 1798ഹെ | തെങ്ങ്, കവുങ്ങ്, കുരുമുളക്, റബ്ബർ, മരച്ചീനി, ഇഞ്ചി, മഞ്ഞൾ. |
| 5. | സമതലം | 538ഹെ | തെങ്ങ്, കവുങ്ങ്, നെല്ല്, മരച്ചീനി, വാഴ, പച്ചക്കറികൾ, പയറ്, ഇഞ്ചി, മഞ്ഞൾ. |

മുൻകാലങ്ങളിൽ വളോര, കാളാന്തോട്, കാറാട്, വട്ടഞ്ജാലിൽ (പയഞ്ചേരി) മുതലായസ്ഥലങ്ങൾ ചതുപ്പുനിലങ്ങളായിരുന്നുവെങ്കിലും ക്രമേണ ഭൂമിയിലുണ്ടായ മാറ്റംകാരണം ഇന്ന് ഈ പ്രദേശങ്ങൾക്ക് ചതുപ്പുനിലങ്ങളുടെ യാതൊരു ലക്ഷണങ്ങളുമില്ല. 1964–65 കാലങ്ങളിൽ നെൽകൃഷിക്ക് അനുയോജ്യമാക്കിത്തീർത്ത് 320.94 ഹെക്ടർ ഭൂമി യാതൊരു ദീർഘവീക്ഷണവുമില്ലാതെ നാണ്യവിളകൾക്കും മറ്റുമായി മാറ്റിയതുകാരണം 155 ഹെക്ടർ ആയി ചുരുങ്ങി. ഇത്തരം സ്ഥലങ്ങളിലലേക്ക് വ്യാപിപ്പിച്ച നാണ്യവിളകളാകട്ടെ ചുരുങ്ങിയ കാലത്തിനുശേഷം ഉത്പാദനക്ഷമത കുറഞ്ഞും രോഗകീടബാധയേറ്റും നശിച്ചുകൊണ്ടിരിക്കുന്നു. മറ്റ് കരപ്രദേശങ്ങൾ ഏറിയപങ്കും സമ്മിശ്രവിളകളാൽ നിറഞ്ഞിരിക്കുന്ന കാഴ്ചകാണാൻ കഴിയും. ചില തോട്ടങ്ങളിൽ ഉൾക്കൊള്ളാൻ കഴിയുന്നതിലും കൂടുതൽ വിളവുകൾ കൃഷി ചെയ്തതായും കാണാം. ഇതിൽനിന്നും കുറച്ചൊരുമാറ്റം കശുമാവിൻ തോട്ടങ്ങളും റബ്ബർ തോട്ടങ്ങളുമാണ്. ചുരുക്കം ചില ജലസേചന സൗകര്യം കുറഞ്ഞ തെങ്ങിൻ തോപ്പുകളും ഇതിൽപ്പെടുന്നു.

രേഖാചിത്രം I




നിലവിലുള്ള തോട്ടങ്ങളിൽ സാധ്യമായവയിൽ ഇട വിള കൃഷിയെ പ്രോത്സാഹിപ്പിച്ചും കൃഷി ഉപയോഗ്യ മായ തരിശുസ്ഥലങ്ങളിൽ വ്യാപിപ്പിച്ചും കൃഷിയുടെ വിസ്തൃതി കൂടാൻ കഴിയും. കൃഷിയോഗ്യമായ സ്ഥല ങ്ങൾ ഉപയുക്തമാകാതെയുള്ള സ്ഥലങ്ങളിൽ ഏറിയ പങ്കും മിച്ചഭൂമി പതിച്ചുകിട്ടിയ പട്ടികജാതി/പട്ടിക വർഗ്ഗക്കാരിൽപ്പെടുന്നവരും കർഷത്തൊഴിലാളികളു മാണ്. ചാവശ്ശേരിപറമ്പ് പെരിയത്തിൽ, മലമ്മക്കാവ് തുടങ്ങിയ മിച്ചഭൂമി കേന്ദ്രങ്ങൾ ഇതിൽ പെടുന്നു.

## മണ്ണിന്റെ ഘടന

ഭൂരിഭാഗവും ചെങ്കൽ കലർന്ന മണ്ണാണ് കുന്നിന്റെ നെറുകയിൽ ഫലപുഷ്ടി കുറഞ്ഞ ചരൽമണ്ണും ചെങ്കൽപാളികളുമാണ്. തൊട്ടുതാഴെ ചെരിവ് കൂടിയ സ്ഥലങ്ങളിലും അതിവൃഷ്ടി കാരണം മേൽമണ്ണ് നഷ്ട പ്പെട്ട ജൈവാംശം കുറഞ്ഞ മണ്ണാണ്. ചെരിവ് കുറഞ്ഞ സ്ഥലങ്ങളിൽ വേണ്ടത്രയില്ലെങ്കിലും ജൈവാംശമുള്ള ചരൽമണ്ണാണ് മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ കുറച്ചൊക്കെ നടത്തിയതു താഴ്വാരങ്ങളിലാണ്. ഇവിടെ ചരൾകുറഞ്ഞതും അടിഞ്ഞുചേരുന്ന മണ്ണോടുകൂടിയും കാണും. സമതലങ്ങളാൽ മണൽ കലർന്ന കളിമണ്ണും കാണപ്പെടുന്നു. നടുവനാട്, പയഞ്ചേരി തുടങ്ങിയസ്ഥ ലങ്ങളിൽ കരിങ്കൽ പ്രദേശങ്ങളുമുണ്ട്. സമതല പ്രദേ ശങ്ങളിൽ വയലുൾപ്പെട അമ്ലസ്വഭാവമുള്ള മണ്ണാണ് ഉള്ളത്. ഇത് PH 4.8–6.3നുമിടയിലാണ്. അമ്ലത്വം നിർവീ ര്യമാക്കുന്ന കുമ്മായം ഡോളോമേറ്റ് തുടങ്ങിയ പദാർത്ഥങ്ങൾ മണ്ണുപരിശോധനയുടെ അടിസ്ഥാന ത്തിൽ ചേർത്ത് ഉൽപാദനക്ഷമത കൂട്ടാവുന്നതാണ്. പൊതുവെ ഫലപുഷ്ടി കുറഞ്ഞുവരുന്ന മണ്ണിൽ ജൈവാംശം ചേർത്തുകൊടുക്കേണ്ടത് മണ്ണിന്റെ ഘടന നിലനിർത്തുന്നതിന് അത്യന്താപേക്ഷിതമാണ്. ഈ രംഗത്ത് യുദ്ധകാലാടിസ്ഥാനത്തിലുള്ള പദ്ധതി അനി വാര്യമാണ്.

രേഖാചിത്രം –2



## ജലലഭ്യത

ജനസംഖ്യാ വർദ്ധനവിനനുസരിച്ച് പാർപ്പിടസൗകര്യം വർദ്ധിപ്പിക്കുന്നതിനും ഭക്ഷണം പാകം ചെയ്യുന്നതിന് ഇന്ധനമായും കൂടാതെ ലാഭക്കൊതിയന്മാരുടെ നുഴഞ്ഞുകയറ്റവും ഒരു കാലത്ത് വനനിബിഡമായിരുന്ന കുന്നിൻ പ്രദേശങ്ങൾ ഇന്ന് കാട്ടുമരങ്ങൾപോലും കാണാനില്ലാത്ത അവസ്ഥയിലേക്കെത്തിച്ചു. കരിയാടി, പാലത്തംകുഴി, മഞ്ഞക്കാഞ്ഞിരം, മാവുള്ളകുന്ന്, മലമ്മക്കാവ് തുടങ്ങിയ സ്ഥലങ്ങൾ ഉദാഹരണങ്ങൾ മാത്രം. ഇതിനുപുറമെ റബ്ബർ, കശുമാവ് തുടങ്ങിയ തോട്ടവിളകൃഷിയും മാറ്റത്തിനുകാരണമായി. ഇതിൻെറയെല്ലാം പരിണതഫലമായി ജലാശയങ്ങൾ വറ്റിയും നീരുറവ വരണ്ടും തോടുകളുടെയും പുഴകളുടെയും ആഴംകുറഞ്ഞ് ജലസംഭരണശേഷിയും കുറഞ്ഞു. ഇതിന്റെ ഫലം തന്നെയാണ് പഞ്ചായത്തിന്റെ പലഭാഗങ്ങളിലുമുള്ള മൂപ്പൂവ് കൃഷിയിടങ്ങൾ രണ്ടാംവിളക്കുപോലും ആവശ്യമുള്ള വെള്ളം ലഭ്യമാകാത്ത നിലയിലേക്കു മാറിയത് പ്രകൃത്യാ നേരിയ ഉറവിടങ്ങൾ പഞ്ചായത്തിനകത്തുള്ള ഉളിയിൽ–വെളിയമ്പ്രത്തോട്, മണ്ണോറ–ആവട്ടി, കാളാന്തോട്, അത്തപ്പുഞ്ച, പയഞ്ചേരി, മഞ്ഞക്കാഞ്ഞിരം കൈത്തോടുകളാണ്. കേരളത്തിലെ പ്രധാനപ്പെട്ട ജലസേചന പദ്ധതികളിലൊന്നായ പഴശ്ശി പ്രൊജക്ടിന്റെ ജലസംഭരണി പഞ്ചായത്തിൻെറ വലിയൊരുഭാഗം കൃഷിഭൂമി വെള്ളത്തിനടിയിലാക്കി നിർമ്മിച്ചുവെങ്കിലും ഒരു തുള്ളിവെള്ളം പോലും കാർഷികാവശ്യത്തിനോ കുടിവെള്ളത്തിനോ നമുക്ക് ലഭിക്കുന്നില്ല. മുൻകാലങ്ങളിൽ ക്ഷേത്രപരിസരത്തു നിർമ്മിച്ചകുളങ്ങളും പഴയതറവാട്ടുവളപ്പിലുള്ള കുളങ്ങളും വേണ്ടത്ര സംരക്ഷണം നല്കാത്തതുകാരണം മണ്ണിടിഞ്ഞുനേന്നുവന്നു. പൊതുഉടമസ്ഥതയിലുള്ള കുളങ്ങൾ ഇല്ലെന്നുതന്നെപറയാം. വട്ടക്കയത്ത് ഉളിയിൽ തോടിന് കെട്ടിയ തട്ടയണയും കാളന്തോടിൽ കെട്ടിയ തടയണയും ആണ് ജലസേചനത്തിന് പഞ്ചായത്തിലുള്ള ഇന്നത്തെ ഉറവിടം. തോടുകളിലും കൈതോടുകളിലും ആവശ്യമുള്ള സ്ഥലങ്ങളിൽ തടയണകെട്ടി അമിതമായി ഒഴുകിപ്പോകുന്ന വെള്ളത്തെ കൃഷിക്ക് ഉപയുക്തമാക്കാൻ കഴിയും. പഞ്ചായത്തിലുള്ള 5187 കുടുംബങ്ങളിൽ ഭൂരിഭാഗത്തിനും കുടിവെള്ളത്തിനുള്ള കിണറുകളില്ലെന്നതാണ് സത്യം.

## ഭൂവിനിയോഗം

പഞ്ചായത്തിൽ വിവിധ വിളകളുടെ വിസ്തൃതി 5450 ഹെക്ടറാണ്. കുടുംബതർക്കങ്ങളിൽപ്പെട്ടും പഞ്ചായത്തിന് പുറത്ത് ഉടമസ്ഥവകാശമുള്ളതുമായ കൃഷിയോഗ്യമായ തരിശ് പലഭാഗങ്ങളിലായി 11.8 ഹെക്ടർ വരും. കൃഷിയോഗ്യമല്ലാത്ത 40.5 ഹെക്ടറും റോഡ്, പുറമ്പോക്ക് മുതലായവയിൽ 342.58 ഹെക്ടറും ഉണ്ട്.

**രേഖാചിത്രം –2**

| വിളവ് | വിസ്തൃതി | വിളവ് | വിസ്തൃതി |
|---|---|---|---|
| നെല്ല് ഒന്നാംവിള | 155 ഹെ | കുരുമുളക് | 600 ഹെ |
| നെല്ല് രണ്ടാംവിള | 110 ഹെ | പ്ലാവ് | 10 ഹെ |
| നെല്ല് മൂന്നാംവിള | 8 ഹെ | കശുമാവ് | 1550 ഹെ |
| പയറ് | 63 ഹെ | മാവ് | 26 ഹെ |
| എള്ള് | 2 ഹെ | റബ്ബർ | 114 ഹെ |
| പച്ചക്കറികൾ | 35 ഹെ | കവുങ്ങ് | 380 ഹെ |
| തെങ്ങ് | 1545 ഹെ | പൈനാപ്പിൾ | 15 ഹെ |
| വാഴ | 760 ഹെ | ഇഞ്ചി | 12 ഹെ |
| മരച്ചീനി | 40 ഹെ | മഞ്ഞൾ | 25 ഹെ |

## കാലാവസ്ഥ 16

കാലവർഷം ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലാണ് ലഭിക്കുന്നത്. ഇവടപ്പാതിയും തുലാ വർഷവുമാണ് പ്രധാനപ്പെട്ട് കാലവർഷങ്ങൾ. ഒക്ടോബർ മുതൽ ജനുവരിവരെ ശൈത്യകാലമാണ്. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ കടുത്ത ചൂടിനെയും നേരിടുന്നു. 1995ൽ നമ്മുടെ പ്രദേശത്ത് ലഭിച്ചിട്ടുള്ള മഴയുടെ അളവ് 4418 മീ. ആണെന്ന് കണക്കാക്കപ്പെടുന്നു. മ്മുടെ പ്രദേശത്ത് അനുഭവപ്പെടുന്ന കൂടിയ ചൂട് 40 ഡിഗ്രി സെൽഷ്യസ് ആണ്. കുറഞ്ഞ ചൂട് 20 ഡിഗ്രി സെൽഷ്യസും.

## ജനപ്രകൃതി

1991ലെ സെൻസസ് പ്രകാരം 33737 ആണ് പഞ്ചായത്തിന്റെ ജനസംഖ്യ. ഇതിൽ 16993 പുരുഷന്മാരും 16744 സ്ത്രീകളും ഉൾപ്പെടുന്നു. 723 ആണ് ജനസാന്ദ്രത. 1000 പുരഷന്മാർക്ക് 985 എന്നതാണ് സ്ത്രീപുരുഷാനുപാതം. പട്ടികജാതി വിഭാഗത്തിൽ 381 പുരുഷന്മാരും 371 സ്ത്രീകളുമുള്ളപ്പോൾ പട്ടികവർഗ്ഗത്തിൽ 360 പുരുഷന്മാരും 380 സ്ത്രീകളുമാണുള്ളത്. ആകെ സാക്ഷരത 89.24 ആണ്. ഇതിൽ പുരുഷസാക്ഷരത 94.59 ആയപ്പോൾ സ്ത്രീ സാക്ഷരത 83.84 ആയി മാറി. 9725 ആണ് മൊത്തം വർക്കേഴ്സ് ഉള്ളത്. ഇതിൽ 7374 പേർ പുരുഷന്മാരും 2351 പേർ സ്ത്രീകളുമാണ്. മെയിൻ വർക്കേഴ്സ് ആയ 7050 പുരുഷന്മാരും 1839 സ്ത്രീകളുമുള്ളിടത്ത് മാർജിനൽ വർക്കേഴ്സ് ആയി 324 പുരുഷന്മാരും 512 സ്ത്രീകളുമുണ്ട്.

ജനസംഖ്യാ വിവരങ്ങൾ പട്ടിക രൂപത്തിൽ താഴെ കൊടുക്കുന്നു.

| പുരുഷന്മാർ | സ്ത്രീകൾ | ആകെ | | പട്ടികജാതി | | പട്ടികവർഗ്ഗം | |
|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആൺ | പെൺ |
| 16993 | 16744 | 33737 | | 381 | 371 | 366 | 380 |

വിഭവങ്ങളുടെ നിധി കുംഭമായ നമ്മുടെ പഞ്ചായത്തിൽ സമഗ്രമായ വികസന പ്രക്രിയ ആരംഭിക്കേണ്ടതുതന്നെ വിഭവ ഭൂപടത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം. ആയതിനാൽ നമ്മുടെ പഞ്ചായത്തിന്റെ സമഗ്രമായ വിഭവ ഭൂപടം നിർമ്മിക്കേണ്ടത് ഇനിയങ്ങോട്ടുള്ള വികസന പരിപാടികൾക്ക് അത്യന്താപേക്ഷിതമാണ്.



# കൃഷിയും ജലസേചനവും

ഭൂപ്രകൃതികൊണ്ട് വിവിധ വിളകൾക്ക് അനുഗ്രഹീതമാണ് നമ്മുടെ പഞ്ചായത്ത്. ചാവശ്ശേരിപറമ്പ് ആട്ട്യലം, വെണ്ണക്കല്ല്, മലമക്കാവ്, കരിയാടി, പാലത്താൻകുഴി, വീരൻകുന്ന്, കായ്യപ്പറമ്പ്, മഞ്ഞക്കാഞ്ഞിരം, മുത്തപ്പൻകരി, കലശപ്പറമ്പ്, തുടിക്കാട്ട്കുന്ന്, പുല്ലമ്പിക്കുന്ന്, ആക്കാംപറമ്പ, വയലാറമ്പ്, പെരുന്തറച്ചാൽ, കല്ലാക്കുന്ന്, വളോരക്കുന്ന്, കീഴൂർകുന്ന്, എടക്കാനം, അത്തിയിൽ, കുളിചെമ്പ്ര മുതലായ ഉയർന്ന പ്രദേശങ്ങളും പഞ്ചായത്തിന്റെ വടക്ക് ഭാഗത്തുകൂടി ഒഴുകുന്ന ഇരിട്ടിപുഴ, തെക്ക് പടിഞ്ഞാറ് കൂടി ഒഴുകുന്ന കളറോഡ് തോട്, തെക്ക് ഭാഗത്തുള്ള അത്തപുഞ്ചതോട്, ഉളിയിൽ -വെളിയമ്പ്രതോട്, കാളാന്തോട്, നിടിയഞ്ഞരം, മണ്ണോറ, ആവട്ടി, കീഴൂർ പയിഞ്ചേരി എന്നീ കൈത്തോടുകളും, ആട്ട്യലം, നെല്ല്യാട്ട്കുളം, മണ്ണോറ, കുണ്ടറഞ്ഞി, കുറുവേരി, മുവാട്ട്, ആലക്കാട്, വട്ടക്കയം, കുളിക്കുണ്ട്, നൊസ്സൻകുണ്ട്, മലമക്കാവ്, ചെറുവയൽ, കോട്ടുറുഞ്ഞാൽ, പുന്നാട്, എടക്കാനം, അത്തിയിൽ തുടങ്ങിയ കുളങ്ങളും പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സുകളായിരുന്നു.

വീട്ടാവശ്യത്തിനും ഇന്ധനമായും സാമ്പത്തിക പ്രയാസം തരണം ചെയ്യുന്നതിനും മരങ്ങൾ വെട്ടിമാറ്റിയപ്പോൾ പരിസ്ഥിതിക്കുണ്ടായ മാറ്റം മേൽപ്പറഞ്ഞ ജലസമ്പത്ത് നിലവിലുള്ള വിളവുകൾക്കുതന്നെ ജലസേചനത്തിന് അപര്യാപ്തമായി.

19-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടങ്ങളിൽ കേരളത്തിൽ നിലനിന്നിരുന്ന ജാതിവ്യവസ്ഥിതിയും ജന്മികുടിയാൻ വ്യവസ്ഥിതിയും നമ്മുടെ പഞ്ചായത്തിലും കാര്യമായ സ്വാധീനം ചെലുത്തിയിരുന്ന ഈ വ്യവസ്ഥിതിക്കെതിരെ ധീരമായി പൊരുതി ത്യാഗം സഹിച്ച ഒരുകൂട്ടം കർഷകജനത ഈ പ്രദേശങ്ങളിൽ അധിവസിച്ചിരുന്നു. കൃഷിചെയ്യുന്നതിനു വാരത്തിനും പാട്ടത്തിനും ഭൂമി ജന്മിമാരിൽനിന്നും ഏറ്റുവാങ്ങി കാടുകൾ തെളിച്ച് തെങ്ങ്, കവുങ്ങ്, കശുമാവ് തുടങ്ങിയവ കൃഷിചെയ്തുവന്നു. അതേഘട്ടത്തിൽ തന്നെ നെൽകൃഷിക്ക് മതിയായ ഊന്നൽ നൽകിയിരുന്നു. താഴ്ന്ന പ്രദേശം വെട്ടിനരിപ്പാക്കി പാടങ്ങളാക്കി ഒന്നും രണ്ടും മൂന്നും വിളകൾ കൃഷിചെയ്തു. കരപ്പറമ്പുകളിൽ കാട് വെട്ടിമാറ്റി ആദ്യം പുനംകൃഷിയായി നെല്ല് കൃഷി ചെയ്ത

പട്ടിക 1 ഭൂമി കൈവശ വിവരങ്ങൾ

| പഞ്ചായത്ത് ഭാഗങ്ങൾ | നാമമാത്ര കർഷകർ | ചെറുകിട കർഷകർ | വൻകിട കർഷകർ |
|---|---|---|---|
| ഏടക്കാണം [പായം വില്ലേജ്] | 270 | 294 | 12 |
| കീഴൂർ വില്ലേജ് | 1978 | 1722 | 97 |
| ചാവശ്ശേരി വില്ലേജ് | 2025 | 2135 | 114 |
| ആകെ | 4273 | 4151 | 223 |

പട്ടിക 1A നെൽകൃഷി പാടെ ഉപേക്ഷിച്ച വിവരങ്ങൾ

| പഞ്ചായത്തിന്റെ ഭാഗങ്ങൾ | നെൽകൃഷി പാടെ ഉപേക്ഷിച്ച വയലുകൾ |
|---|---|
| പായം വില്ലേജ് | വെള്ളോട്ടുചാൽ, പുതിയകണ്ടം |
| ചാവശ്ശേരി | പുള്ളഞ്ഞോൽ, കാഞ്ഞിരംകരി തെളയം മേൽഭാഗം, കരക്കാട്ട് കുരുകളം, ബിബിൻകൂട്ടം കൂവേരിക്കണ്ടം |
| കീഴൂർ | കീഴൂർ, പായഞ്ചേരി |

പട്ടിക 1 B നെൽകൃഷിഭൂമിയുടെ മാറ്റങ്ങൾ

| വിളവ് | 1965 വിസ്തീർണ്ണം (ഹെ.) | 1995 വിസ്തീർണ്ണം (ഹെ.) | കുറവ് % |
|---|---|---|---|
| ഒന്നാം വിള | 320.94 | 155.0 | 51.70 |
| രണ്ടാം വിള | 211.20 | 110.00 | 47.92 |
| മൂന്നാംവിള | 27.00 | 8.00 | 70.37 |

ശേഷമാ രുന്നു ദീർഘകാല വിളകൾക്ക് പ്രാധാന്യം നൽകിയ ിരുന്നത്. സമതല പ്രദേശങ്ങളിൽ വരമ്പുകളിട്ടും അ തോട് ചേർന്ന ചരിവുകൾ തട്ടുകളാക്കിയും വയലി ന്റ വിസ്തൃതി വ്യപിപ്പിച്ച് നെൽകൃഷിക്ക് പ്രാധാ ്യം നൽകിയിരുന്നു. ഇത് 1965 വരെ തുടർന്നു.

കേ രളത്തിൽ ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയശേഷം പാട്ടഭൂമികൾ സ്വന്തമായി കിട്ടിയ കർഷകർ കടു കൃഷി സമ്പ്രദായം അവലംബിച്ച് വരുമാനം കൂട്ടാൻ ശ്രമിച്ചു. ക്രമേണ തെങ്ങിൻ തോപ്പുകളിലും പ്രധാനപ്പെട്ട മറ്റു കൃഷിയിടങ്ങളിലും ഇടവിളകൾ ധാരാളമായി കൃഷി ചെയ്തു വരികയും വിളവിസ്തൃതി കൂടുകയും ഉത്പാദനരംഗത്ത് മാറ്റം ഉണ്ടാവുകയും ചെയ്തു. പഞ്ചവത്സര പദ്ധതികളിൽ കൃഷിക്ക് പ്രാധാന്യം നൽകുകയും ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ വികാസത്തോടെ ഉത്പാദനക്ഷമത കൂടിയ വിളകളുടെയും നടീൽ വസ്തുക്കളുടെയും വിതരണവും കാർഷിക യന്ത്രവത്കരണവും സാങ്കേതിക വിദ്യയുടെ കൈമാറ്റവും വിള ഉത്പാദനത്തെ ഗണ്യമായി ഉയർത്തി. ഇത് നമ്മുടെ പഞ്ചായത്തിനകത്തും പ്രതിഫലിച്ചു. കൃഷിസ്ഥലത്തിന്റെ വിസ്തൃതി വർദ്ധിച്ചില്ലെങ്കിലും പെരുകിക്കൊണ്ടിരുന്ന ജനതക്ക് ഭക്ഷണം പ്രദാനം ചെയ്യാൻ കഴിഞ്ഞു.

പട്ടിക–1

1965–നുശേഷം ഉണ്ടായ ജനസംഖ്യാ വർദ്ധനയും ധാന്യവിളകളെ അപേക്ഷിച്ച് ദീർഘകാലവിളകൾക്ക് മുൻതൂക്കം നൽകിയതും നെൽവയലുകൾ പാർപ്പിടത്തിനും പുരയിടത്തിനുമായി മാറ്റി കൊണ്ടേയിരുന്നു. ഈ പ്രക്രിയ ഇന്നും തുടരുന്നു. ദീർഘകാലവിള വർദ്ധിച്ചെങ്കിലും നെല്ല്യാട്, മണ്ണോറ, ആവട്ടി, ചോലക്കരി, മന്ദ്യലം, തുമ്പിക്കോട്, പെരിയത്തിൽ, ഒളയം, കുറങ്കളം, കരക്കാട്, കട്ടേകണ്ടം, കുറുവേരി, മോച്ചേരി, ബിമ്പിൻകൂട്ടം, വട്ടക്കയം, കല്ലരിക്കൽ, കൂവേരി, നടുവനാട്, കാളാന്തോട്, ഉളിയിൽ, വളോര, കാറാട്ട്, അത്തപുഞ്ച, മീത്തലപുന്നാട്, പയഞ്ചേരി, കീഴൂർ, എടക്കാനം, വയക്കളം തുടങ്ങിയ പാടശേഖരങ്ങളുടെ വിസ്തൃതി ഗണ്യമായി കുറഞ്ഞു. കൂടാതെ പഴശ്ശി പ്രോജക്ടിനു വേണ്ടി ഏറ്റെടുത്ത മഞ്ഞകാഞ്ഞരം, എടക്കാനം, വള്ള്യാട്, വട്ടജഞാലിൽ, നേരംപോക്ക് തുടങ്ങിയ പാടശേഖരങ്ങളിലും നെൽകൃഷി പാടേ ഉപേക്ഷിച്ചു.

പട്ടിക–1A – നെൽകൃഷി പാടേ ഉപേക്ഷിച്ച സ്ഥലം

പട്ടിക –1B – നെൽകൃഷി മാറ്റങ്ങൾ

കടുംകൃഷിയിലൂടെ കുറഞ്ഞുവന്ന മണ്ണിന്റെ ഫലപുഷ്ടിയും അതിവൃഷ്ടി മൂലവും അസാസ്ത്രീയമായ ഭൂവിനിയോഗം മൂലവും ഉണ്ടായ മേൽമണ്ണിന്റെ ചോർച്ചയും ദീർഘകാലവിളകളുടെ ഉത്പാദനത്തെ ഗണ്യമായി ബാധിച്ചിട്ടുണ്ട്. ഇതുപോലെ അനിയന്ത്രിത രാസവളപ്രയോഗംകൊണ്ട് ഹ്രസ്വകാല വിളവിന് താത്കാലിക വർദ്ധനവ് ഉണ്ടായെങ്കിലും പിന്നീട് ജൈവവളത്തിന്റെ ദൗർലഭ്യം മണ്ണിന്റെ ഘടനയെ പ്രതികൂലമായി ബാധിച്ച് ഉത്പാദന തോതിൽ വർദ്ധന ഉണ്ടാക്കാൻ കഴിഞ്ഞില്ല.

ശരിയായ രീതിയിൽ മണ്ണ്സംരക്ഷണ പ്രവർത്തനം നടക്കാത്തതുകൊണ്ടും പുറമ്പോക്കുകൾക്ക് മേൽനോട്ടം ഇല്ലാത്തതുകൊണ്ടും തോടുകളുടെയും കൈത്തോടുകളുടെയും കരകളും പുഴയോരങ്ങളും ഇടിഞ്ഞ് ജലാശയത്തിന്റെ ആഴം കുറഞ്ഞത് കൃഷിഭൂമിയുടെ വിസ്തൃതി കുറയുന്നതിനു കാരണമായിട്ടുണ്ട്.

പട്ടിക–2

| നീരൊഴുക്ക് | മണ്ണിടിച്ചിൽ ബാധിച്ച സ്ഥലങ്ങൾ |
|---|---|
| ഇരിട്ടി പുഴ | ഇരിട്ടി, മാടംപള്ളി, എടക്കാനം, വെളിയമ്പ്ര |
| ഉളിയിൽ –വെളിയമ്പ്ര തോട് | ഉളിയിൽ വട്ടക്കയം, മോച്ചേരി, കുറുങ്കളം, കൈതക്കുണ്ട്, മന്ദ്യലം, കലേരിക്കൽ, കാരാമ്പേരി, നുള്ളിയംപഴശ്ശി, അയ്യപ്പൻകണ്ടി, കൊടക്കയം. |
| കളറോഡ് തോട് | കളറോഡ്, മണലിൽ, അടുവാരി |
| പയഞ്ചേരി തോട് | അത്തിയിൽ മുതൽ ഇരിട്ടി പുഴവരെ |
| കല്ലംതൊടി തോട് | കല്ലംതൊടി |
| വളോര–കാറാട്ട് തോട് | |
| വളോര–കാറാട് പാടിയിൽ–മഞ്ഞ കാഞ്ഞിരംതോട് | പാടിയിൽ, മഞ്ഞകാഞ്ഞിരം. |

## വിവിധ വിളകളിലേക്ക് ഒരെത്തിനോട്ടം

**നെല്ല്:** ഭൂരിഭാഗം വയലുകളിലും ഒന്നാംവിള കൃഷി ചെയ്യുന്നു. ജലസേചനം മെച്ചപ്പെടുത്തിയാൽ 45 ഹെക്ടർ സ്ഥലത്തുകൂടി രണ്ടാംവിളയും 125 ഹെക്ടറോളം സ്ഥലത്ത് മൂന്നാം വിളയും സാധ്യമാകും. ഇത് ഇന്ന് കൃഷിചെയ്യുന്ന കൃഷി സ്ഥലത്തിന്റെ 60 ശതമാനത്തിലധികം വരും ശരാശരി ഉത്പാദനം ഹെക്ടറിനു 2680 കിലോ ഗ്രാം ആണ്. ഇത് നമ്മുടെ ഉപഭോഗത്തിന്റെ 10% മാത്രമാണ്.

**തെങ്ങ്:** നാണ്യവിളകളിൽ പ്രധാന ഇനമാണിത്. ഒരു തെങ്ങിൽനിന്നും ശരാശരി ഉത്പാദനം 38 തേങ്ങയാണ്. പഞ്ചായത്തിലെ ആവശ്യത്തിന് ഇന്നത്തെ വിളവ് അപര്യാപ്തമാണ്. മാരകരോഗങ്ങൾ ഉത്പാദന

പട്ടിക 3 വിളവിസ്തൃതിയും ഉല്പാദനക്ഷമതയും

| ക്രമനമ്പർ | വിളവിന്റെ പേര് | വിസ്തീർണ്ണം | ഉല്പാദനക്ഷമത |
|---|---|---|---|
| 1 | നെല്ല് 1-ാംവിള | 155 ഹെ. | 2720 kg |
| 2 | നെല്ല് രണ്ടാംവിള | 110 ഹെ. | 2900 kg. |
| 3 | നെല്ല് മൂന്നാംവിള | 8 ഹെ | 2420 kg. |
| 4 | പയർ | 63 ഹെ. | 300 kg. |
| 5 | എള്ള് | 2 ഹെ. | 120 kg. |
| 6 | പച്ചക്കറികൾ | 35 ഹെ. | 2650 kg. |
| 7 | തെങ്ങ് | 1545 ഹെ | 6690 /H. |
| 8 | വാഴ | 760 ഹെ | 5.2 kg/വാഴ |
| 9 | മരച്ചീനി | 40 ഹെ. | 24 ടൺ/ഹെ. |
| 10 | കുരുമുളക് | 600 ഹെ. | 340 kg/ഹെ. |
| 11 | പ്ലാവ് | 10 ഹെ. | 12.75 ടൺ |
| 12 | കശുമാവ് | 1550 ഹെ. | 530 kg/H |
| 13 | മാവ് | 26 ഹെ. | 7.5 MT |
| 14 | റബ്ബർ | 114 ഹെ. | 780 kg/H |
| 15 | കവുങ്ങ് | 380 ഹെ. | 1 ലക്ഷം/ഹെ. |
| 16 | പൈനാപ്പിൾ | 15 ഹെ. | 25 ടൺ/H |
| 17 | ഇഞ്ചി | 12 ഹെ. | 8 ടൺ/H |
| 18 | മഞ്ഞൾ | 25 ഹെ. | 6 ടൺ/H |

തോത് കുറയാൻ കാരണായിട്ടുണ്ട്.

**കുരുമുളക്**:പഞ്ചായത്തിനകത്ത് ഇതിന്റെ ഉപഭോഗം തീരെ ഇല്ലെന്നുതന്നെ പറയാം. പ്രധാനവിളയായും ഇടവിളയായും കൃഷിചെയ്യുന്നു. വിലയുടെ ഏറ്റക്കുറവ്, മാരകമായ വാട്ടരോഗം എന്നിവകാരണം ഈ കൃഷി കടുത്ത പ്രതിസന്ധി നേരിടുന്നു.

**കശുമാവ്**: പഞ്ചായത്തിന്റെ ഉയർന്ന പ്രദേശത്ത് അനുയോജ്യമായ കൃഷിയാണിത്. 1990 വരെ കശുമാവ് കൃഷിയുടെ വിസ്തൃതി വർദ്ധിച്ചുകൊണ്ടിരുന്നു. റബറിനുണ്ടായ വിലവർദ്ധന കശുമാവിൻ തോട്ടത്തിന്റെ വിസ്തൃതി ഗണ്യമായി കുറച്ചിട്ടുണ്ട്. ഫലപുഷ്ടി കുറഞ്ഞ മണ്ണിലും വളരുമെന്നതിനാലും ചെലവും വരുമാനവും താരതമ്യപ്പെടുത്തിയാലും കശുമാവ് കൃഷിക്ക് ഇവിടെ വളരെ സാധ്യത ഉണ്ട്.

**റബർ**: അനുദിനം പുരോഗതി നേടിക്കൊണ്ടിരിക്കുന്ന പ്രധാന നാണ്യവിളയാണ് റബർ. 1985നുശേഷം വിസ്തൃതി ഇരട്ടിയിലധികമായിട്ടുണ്ട്. ഉചിതമായ പരിചരണം കൊടുക്കാൻ നിർബന്ധിതരാകുന്നതുകൊണ്ട് നിർദേശിച്ച രാസവളം കീടനാശിനി എന്നിവ മുഴുവനായും കർഷകർ അംഗീകരിക്കുന്നതുകൊണ്ടും സാമാന്യം ഭേദപ്പെട്ട സാമ്പത്തിക സഹായം നല്കുന്നത് കൊണ്ടും വിളവിൽ വൻ വർദ്ധന ഉണ്ടായിട്ടുണ്ട്. ഈ രംഗത്ത് റബർ ഉത്പാദക സമിതി ഫലപ്രദമായി പ്രവർത്തിച്ചു വരുന്നു.

പട്ടിക – 3

**പയർവർഗ്ഗം**: ഒന്നാംവിള, രണ്ടാംവിള, നെൽകൃഷിക്ക് ശേഷം വയലുകളിലാണ് പ്രധാനമായും ഇത് കൃഷിചെയ്യുന്നത്. ചെറുപയർ വൻപയർ, ഉഴുന്ന്, കുറഞ്ഞ തോതിൽ തുവര എന്നിവ കൃഷിചെയ്തുവരുന്നു. പച്ചക്കറികൃഷിയിൽ പച്ചപയർ (കോട്ടപയർ, വള്ളിപയർ) ഒരു പ്രധാന വിളയായും കൃഷിചെയ്യുന്നുണ്ട്. നമുക്കാവശ്യമായ അളവിലുള്ള പയർവർഗ്ഗങ്ങളിൽ 90% പഞ്ചായത്തിലേക്ക് കൊണ്ടുവരേണ്ടിയിരിക്കുന്നു. നെൽകൃഷിക്കുശേഷം വെറുതെയിടുന്ന ഭൂമിയിൽ കൃഷി വ്യാപിപ്പിച്ചും ശരിയായ പരിചരണം നൽകി ഉത്പാദനക്ഷമത വർധിപ്പിച്ചും നമുക്കാവശ്യമായതിന്റെ പകുതി ഭാഗത്തിനു പരിഹാരം കാണാവുന്നതാണ്.

**പച്ചക്കറി**: വളരെയധികം വികസന–തൊഴിൽ സാധ്യതകളുള്ള ഒരു വിളയാണിത്. മൊത്തം ആവശ്യമായതിന്റെ 5%മാത്രമാണ് ഇപ്പോൾ നാം ഉത്പാപ്പിക്കുന്നത്. നെൽകൃഷിക്കുശേഷം വയലുകളിലും ജലസേചന സൗകര്യമുള്ള പറമ്പുകളിലും പച്ചക്കറികൃഷി വ്യാപിപ്പിച്ച് സ്വയം പര്യാപ്തി കൈവരിക്കാവുന്നതാണ്.

**പഴവർഗ്ഗങ്ങൾ**: കർഷകർ വളരെ താത്പര്യപൂർവ്വം കിട്ടാവുന്ന ജലസേചന സൗകര്യം ഉപയോഗിച്ച് കൃഷി ചെയ്യുന്ന വിളയാണ് വാഴ. മറ്റുവിളകളെ അപേക്ഷിച്ച് ഉയർന്ന സാമ്പത്തികനേട്ടം ഇതിലൂടെ ലഭിക്കുന്നു. പഞ്ചായത്തിലെ ഉപഭോഗത്തെക്കാൾ ഇരട്ടി വെളിയിലേക്ക് കയറ്റിയയക്കുന്നു. പരിചരണത്തിന്റെ പോരായ്മ നാടൻ ഇനങ്ങൾ കുറയാൻ കാരണമായിട്ടുണ്ട്.

വളരെയേറെ വികസന സാധ്യത ഉള്ളതും എന്നാൽ മറ്റു വിളകളെ അപേക്ഷിച്ച് വളരെ കുറച്ചുമാത്രം കൃഷി ചെയ്യുന്ന ഒരു വിളയാണ് പൈനാപ്പിൾ. വിപണന സൗകര്യത്തിന്റെ പോരായ്മയാണ് പൈനാപ്പിൾ കൃഷിക്ക് മേൽപ്പറഞ്ഞ സ്ഥിതി ഉണ്ടാക്കിയത്. മാമ്പഴത്തിനു വളരെ വിപണനസാധ്യത ഉണ്ടെങ്കിലും കാലാവസ്ഥ ഉത്പാദനത്തിൽ ഉണ്ടാക്കുന്ന മാറ്റം കൊണ്ടാകാം ഇത് പഞ്ചായത്തിനകത്ത് വ്യാപകമല്ല. വളരെയേറ സാധ്യത ഉള്ള മറ്റൊരു ഇനമാണ് പേര. ഒരു വർഷത്തിൽ നമ്മുടെ പഞ്ചായത്തിൽ മറ്റുപ്രദേശത്തുനിന്നും 3 ടണ്ണിലധികം പേരക്ക ഇറക്കുമതി ചെയ്യുന്നു. നമ്മുടെ നാട്ടിൽ സുലഭമായി കിട്ടുന്ന ചക്കപ്പഴത്തിന്റെ ഏറിയ പങ്കും ഉപയോഗിക്കാതെ നഷ്ടപ്പെട്ടുപോകുന്നു. പാകമാകുന്നതോടെ വിളവെടുത്ത് സംസ്കരിച്ച് (ഉദാ; ചിപ്സ്) വിപണനം ചെയ്യാൻ കഴിഞ്ഞാൽ ഈ രംഗത്ത് കൂടുതൽ തൊഴിൽ സാധ്യതകൾ ഉണ്ടാക്കുവാൻ കഴിയുന്നതാണ്.

പട്ടിക –4

**ഔഷധ കൃഷി**: ഇന്നത്തെ പരിതസ്ഥിതിയിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ് ഔഷധകൃഷി. പാഴായി പോകുന്ന സ്ഥലങ്ങളെ ഉപയോഗപ്പെടുത്തി ഔഷധ നിർമ്മാണരംഗത്ത് ധാരാളം ആവശ്യമായി വരുന്നവർക്ക് മുൻതൂക്കം നൽകിയും അപൂർവ്വമായവ നട്ടുവളർത്തിയും വിപണി കൈയടക്കാവുന്നതാണ്.

**കൂൺകൃഷി**: വളരെയധികം തൊഴിൽ സാധ്യത ഉള്ളതും പ്രത്യേകിച്ച് സ്ത്രീകൾക്ക് ഗൃഹാന്തരീക്ഷത്തിൽ കൃഷിചെയ്യാൻ സാധിക്കുന്നതും ആണ് ഭക്ഷ്യവസ്തുക്കളിൽ രുചിയേറിയതും പോഷകമൂല്യങ്ങളുടെ കലവറയും പ്രമേഹം, രക്തസമ്മർദം, കാൻസർ തുടങ്ങിയ രോഗമുള്ളവർക്കും ഹൃദ്രോഗികൾക്കും പാർശ്വഫലമില്ലാതെ ഭക്ഷിക്കാവുന്ന ഒന്നാണിത്. പഞ്ചായത്തിനകത്തുതന്നെ ഇതു പ്രോത്സാഹിപ്പിക്കുന്നതിന് കൂൺ വിത്തുകൾ ശേഖരിച്ച് വിതരണം ചെയ്യാൻ കഴിയേണ്ടതാണ്. കൂൺ വിത്തിന്റെ ലഭ്യതകുറവും, വേണ്ടത്ര പരിജ്ഞാനമില്ലായ്മയുമാണ് ഇത് പഞ്ചായത്തിൽ വ്യാപിക്കാതിരിക്കാൻ കാരണം. ശരിയായ വിജ്ഞാനം നൽകുന്നതിന് ക്ലബുകളുടെയും കർഷക

പടിക - 4

കീഴൂർ പഞ്ചായത്തിലെ പ്രധാന വിളവുകളുടെ ഉദ്പാദനവും ഉപഭോഗവും

| ക്രമ നമ്പർ | വിളകൾ | ഉദ്പാദനം (മെ. ടൺ) | ആവശ്യം (മെ. ടൺ) | പഞ്ചായത്തിലേക്ക് വരുന്നത് | പഞ്ചായത്തിൽ നിന്നും പോകുന്നത് (മെ. ടൺ) |
|---|---|---|---|---|---|
| 1 | നെല്ല് | 732.5 | 6157 | 5424.5 | — |
| 2 | പയറ് | 18.9 | 1872 | 1853.1 | — |
| 3 | പച്ചക്കറികൾ | 92.7 | 2462.8 | 2370.1 | — |
| 4 | വാഴപ്പഴം | 4550 | 1847.1 | — | 2702.9 |
| 5 | പൈനാപ്പിൾ | 375 | 5.1 | — | 369.9 |
| 6 | മരച്ചീനി | 960 | 637 | — | 323 |
| 7 | മാമ്പഴം | 195 | 202 | 7.0 | — |
| 8 | ചക്ക | 127.5 | 103.5 | — | — |
| 9 | ഇഞ്ചി | 96 | 3.8 | — | 92.2 |
| 10 | മഞ്ഞൾ | 150 | 25.5 | — | 124.5 |
| 11 | നാളികേരം * | 108 ലക്ഷം | 103.74 ല. 28.4 ല. | 24.14 ലക്ഷം | — |
| 12 | എള്ള് | 0.24 | 1.1 | 0.86 | — |
| 13 | കുരുമുളക് | 204 | 2.6 | 201.4 | — |
| 14 | കശുവണ്ടി | 821.6 | 1.0 | 820.6 | — |
| 15 | അടയ്ക്ക | 380 ലക്ഷം | 13 ലക്ഷം | 367 ലക്ഷം | — |
| 16 | റബ്ബർ | 88.92 | — | 88.92 | — |
| | * വെളിച്ചെണ്ണ ഉപഭോഗം ഉൾപ്പെടെ. | ~ | ~ | ~ | ~ |

സമിതിയുടെയും മറ്റു സംഘടനകളുടെയും സഹായത്തോടെ സെമിനാറുകൾ സംഘടിപ്പിക്കുകയും പരിശീലനം നൽകുകയും ചെയ്യേണ്ടതാണ്.

**വെറ്റിലകൃഷി:** നമ്മുടെ ആവശ്യത്തിന്റെ 96% അന്യപ്രദേശത്തുനിന്നും നാം ഇറക്കുമതി ചെയ്യുകയാണ്. ചുരുങ്ങിയ സ്ഥലത്ത് കൃഷിചെയ്ത് വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന കൃഷിയാണിത്. അതിനാൽതന്നെ കർഷകർക്കെന്നല്ല താത്പര്യമുള്ള ആർക്കും ഉപതൊഴിലായി സ്വീകരിക്കാവുന്നതാണ്. നല്ലയിനം നടീൽ വസ്തുക്കൾ വിതരണം ചെയ്തും പരിചരണമുറകൾ കൈമാറിയും ഇത് വികസിപ്പിക്കേണ്ടതാണ്.

**പുഷ്പകൃഷി:** ആധുനിക സമൂഹത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒരിനമായി പുഷ്പകൃഷി വ്യാപിച്ചിരിക്കുന്നു. ഓർക്കിഡ്, ആന്തൂറിയം എന്നിവയ്ക്ക് വൻ വിപണിയാണ് ഇന്നുള്ളത്. തമിഴ്നാട്ടിലെ നാടോടി സ്ത്രീകൾ ഒരുനേരത്തെ ഭക്ഷണത്തിനായി വിൽപ്പനക്ക് എത്തിക്കുന്ന പൂക്കൾ തങ്ങളുടെ സൗന്ദര്യ വർദ്ധനവിനായി മാത്രം ഉപയോഗിക്കുന്ന കേരളീയ സ്ത്രീകളുടെ ഇടയിൽ പൂക്കൃഷി വളരെ അടിയന്തരമായും വ്യാപിപ്പിക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തിന്റെ പല ഭാഗത്തും സാധ്യതയുള്ള ഒന്നാണിത്. ഇതിൽ കൃഷിഭവന്റെ സഹായം ലഭ്യമാണ്.

## വിവിധ വിളകളുടെ പ്രശ്നങ്ങൾ പരിഹാരമാർഗ്ഗങ്ങൾ

**തെങ്ങ്:** കൂമ്പുചീയൽ, ചെന്നീരൊലിപ്പ്, കാറ്റുവീഴ്ച തുടങ്ങിയവ തെങ്ങിന്റെ പ്രധാന പ്രശ്നങ്ങളാണ്. ജൈവവളത്തിന്റെ അഭാവം, ജലസേചനത്തിന്റെ പോരായ്മ, നല്ലയിനം വിത്തുകളുടെ അഭാവം, വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ എന്നിവ വൻ പ്രതിസന്ധി ഉണ്ടാക്കുന്നു. സമഗ്രമായ സർവ്വേ നടത്തി കാറ്റുവീഴ്ചയുള്ള മുഴുവൻ തെങ്ങും മുറിച്ചു മാറ്റി രോഗം പടരാതിരിക്കാനുള്ള നടപടി സ്വീകരിക്കണം. മതിയായ നഷ്ടപരിഹാരം നൽകുകയും കൂമ്പുചീയൽ രോഗം ഉള്ള പ്രദേശങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങൾക്കായി കേര സംരക്ഷണ സമിതി സജീവമാക്കുകയും സൗജന്യമായി മരുന്നുതളിക്കുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.

പട്ടിക–5

പഞ്ചായത്തിലെ മിക്ക സ്ഥലത്തും ചെന്നീരൊലിപ്പിന്റെ കാഠിന്യം കാണുന്നതിനാൽ മുഴുവൻ തെങ്ങു



കൃഷിക്കാർക്ക് പ്രതിരോധ നടപടി എന്ന നിലയിൽ സൗജന്യമായി വേപ്പിൻ പിണ്ണാക്ക് വിതരണം ചെയ്യുക, ജലസേചനസൗകര്യം വർദ്ധിപ്പിക്കാൻ കിണറും പമ്പ് സെറ്റും ഡ്രിപ്പ് ഇറിഗേഷനും സബ്സിഡിയോടെ അനുവദിക്കുക. ഇവ ലഭിക്കുന്നതിനുള്ള ഭൂപരിധി 10 തെങ്ങും 15 സെന്റും എന്നാക്കുക.

ആധുനിക യന്ത്രസാമഗ്രികളായ തെങ്ങുകയറ്റയന്ത്രം. തേങ്ങാപൊതിയന്ത്രം, സ്പ്രേയറുകൾ, കൊപ്രഡ്രയറുകൾ മുതലായവ 50 ശതമാനം സൗജന്യ നിരക്കിൽ വിതരണം ചെയ്യുക

**കവുങ്ങ്:** മഞ്ഞളിപ്പ്, മഹാളി തുടങ്ങിയ രോഗങ്ങളും അത്യുത്പാദനശേഷിയുള്ള വിത്തുകളുടെ അഭാവവും ജലസേചന സൗകര്യത്തിന്റെ അപര്യാപ്തതയുമാണ് കവുങ്ങ് കൃഷി നേരിടുന്ന പ്രധാന പ്രശ്നം.

മഞ്ഞളിപ്പ് രോഗം ബാധിച്ചവ വെട്ടിമാറ്റി പുതിയവ നടാൻ സഹായം നൽകുക. അനുയോജ്യമായസ്ഥലത്ത് മാത്രം കൃഷിചെയ്യാൻ പ്രോത്സാഹനം നൽകുക, ജലസേചന സൗകര്യം, സസ്യസംരക്ഷണ ഉപകരണം, കീടനാശിനി, കുമിൾ നാശിനി എന്നിവ വേണ്ടവിധം ലഭ്യമാക്കുക.

**കശുമാവ്:** രോഗ–കീട ഉപദ്രവം, അത്യുത്പാദനശേഷിയുള്ള നടീൽ വസ്തുക്കളുടെ അഭാവം മണ്ണൊലിപ്പ്, വളത്തിന്റെ അഭാവം തുടങ്ങിയവയാണ് കശുമാവ് കൃഷി നേരിടുന്ന പ്രധാനവെല്ലുവിളികൾ.

അത്യുത്പാദനശേഷിയുള്ള നടീൽവസ്തുക്കളുടെ വിതരണം, സൗജന്യനിരക്കിലുള്ള കീടനാശിനി –കുമിൾ നാശിനി എന്നിവയുടെ വിതരണം, മണ്ണുസംരക്ഷണപ്രവർത്തനം, വളംചേർക്കൽ എന്നിവ പ്രധാന ഘടകമാണെന്ന് കർഷകരുടെയിടയിൽ ബോധവൽക്കരണം, സൗജന്യ രാസവളവിതരണം ഈ മാർഗ്ഗത്തിലൂടെ കശുമാവ് കൃഷിയെ നമുക്ക് അഭിവൃദ്ധിപ്പെടുത്താം.

**കുരുമുളക്:** വാട്ടരോഗം, അത്യുത്പാദനശേഷിയുള്ള കൊടികളുടെ അഭാവം. പരിചരണക്കുറവ്, വിലയിലുള്ള വ്യതിയാനം, കീട–കുമിൾ നാശിനികളുടെ അമിതവില, മണ്ണൊലിപ്പ് എന്നിവ 'കറുത്തപൊന്ന് നേരിടുന്ന പ്രധാന വെല്ലുവിളികളാണ്.

• പ്രധാന രോഗമായ വാട്ടരോഗത്തെയും, പൊള്ള് കീടത്തെയും നിയന്ത്രിക്കുന്നതിനാവശ്യമായ രാസവളങ്ങൾ മിതമായ തോതിൽ സമയാസമയങ്ങളിൽ സൗജന്യമായി ലഭ്യമാക്കുക. അത്യുത്പാദനശേഷിയുള്ള നടീൽ വസ്തുക്കൾ, ജൈവവളം, മണ്ണ് സംരക്ഷണ പ്രവർത്തനത്തിനാവശ്യമായ സഹായം ഇത്തരം മാർഗ്ഗത്തിലൂടെ കുരുമുളക് കൃഷി മെച്ചപ്പെടുത്താം.

**പച്ചക്കറി:** നിത്യജീവിതത്തിൽ പച്ചക്കറിയുടെ പ്രാധാ

## പട്ടിക 5

### തെങ്ങ് രോഗങ്ങളുടെ വിവരം

| | |
|---|---|
| കാറ്റുവീഴ്ച | 2041 എണ്ണം |
| ചെന്നീരൊലിപ്പ് | 4100 എണ്ണം |
| കൂമ്പു ചീയൽ | 2360 എണ്ണം |

## പട്ടിക 6

### പാടശേഖരങ്ങളിൽ തരിശ് ഇടുന്ന ഭൂമികളുടെ വിവരം

| നമ്പർ | പാടശേഖരത്തിന്റെ പേര് | സ്ഥലത്തിന്റെ വിസ്തീർണം |
|---|---|---|
| 1 | കാരാട്ട് | 1.0 ഹെ. |
| 2 | ആപട്ടിവയൽ | 1.2 ഹെ. |
| 3 | ആവിലാട് | 0.56 ഹെ. |
| 4 | മീത്തലെ പുന്നാട് | 0.5 ഹെ. |
| 5 | കീഴൂർ | 1.5 ഹെ. |

ന്യത്തെക്കുറിച്ച് നാം ഇനിയും ബോധവാൻമാരായി ട്ടില്ല: 300 ഗ്രാം ഒരു ദിവസം ഉപഭോഗം ചെയ്യേണ്ട നാം കേവലം 55 ഗ്രാം മാത്രമാണ് ഉപഭോഗം ചെയ്യുന്നത്.

നിലവിലുള്ള കൃഷി 28 മടങ്ങ് വർദ്ധിപ്പിച്ചാലെ നമുക്ക് ആവശ്യത്തിനു തികയുകയുള്ളൂ. നടീൽ വസ്തുക്കൾ തീരെലഭ്യമല്ല എന്നതാണ് ഈ കൃഷി യുടെ വികസനത്തെ തടയുന്ന പ്രധാന ഘടകം.

വിത്തുകൾ യഥാസമയത്ത് സൗജന്യമായി കർഷ കർക്ക് എത്തിക്കുക അതിനായി പഞ്ചായത്തിൽ രണ്ട്,മൂന്ന് സ്ഥലത്ത് എങ്കിലും വിത്ത് ഉത്പാദനകേന്ദ്രം സ്ഥാപിക്കുക. സ്വകാര്യമേഖലയിൽ വിത്തുകേന്ദ്രം തുട ങ്ങാൻ സഹായം നൽകുക.

**കുരങ്ങ് ശല്യം:** നമ്മുടെ പഞ്ചായത്തിൽ ഒന്ന്, രണ്ട് വാർഡിൽ മൊത്തം പ്രദേശത്തിന്റെ മുക്കാൽ ഭാഗത്തും കുരങ്ങ് ശല്യം വ്യാപകമാണ്. തെങ്ങ്, കവുങ്ങ് എന്നിവയിൽനിന്നും യാതൊരു വരുമാനവും കിട്ടാത്തതിനാൽ കർഷകർ ഫലപുഷ്ടിയുള്ള തെങ്ങിൻ തോപ്പുകളും കവുങ്ങിൻ തോട്ടങ്ങളും ഉപേക്ഷിച്ചിരി ക്കയാണ്. ഈ പ്രശ്നത്തിൽ അടിയന്തര ശ്രദ്ധ പതിപ്പി ക്കണം.

കച്ചേരി ആലകളുടെ അഭാവം ഉള്ളതിനാൽ കൃഷി നാശം പഞ്ചായത്തിന്റെ പലഭാഗത്തും ഉണ്ടാകുന്നു. ഇത് അടിയന്തരമായും പരിഹരിക്കണം.

## നെൽകൃഷി നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

1. ജലക്ഷാമമാണ് നമ്മുടെ പഞ്ചായത്തിനകത്ത് നെൽകൃഷിനേരിടുന്ന പ്രധാന പ്രശ്നം. ഏതാണ്ട് എല്ലാ വാർഡുകളിലും ഈ പ്രശ്നം അനുഭവപ്പെടുന്നു. നില വിലുള്ള വിവിധ ജല സ്രോതസ്സുകൾ വേണ്ടവിധം സംരക്ഷിക്കപ്പെടുന്നില്ല എന്നതാണ് പ്രധാന ന്യൂനത. ഇതിന്റെ ഫലമായി മുപ്പൂവിളകൾ പലതും ഒരുപൂ വിള കളായിമാറിക്കഴിഞ്ഞു.

2. പഞ്ചായത്തിനകത്തെ വിവിധ തോടുകളുടെ അരിക് ഭിത്തികെട്ടി സംരക്ഷിക്കാത്തതിനാൽ വെള്ള ക്കുത്തലിന്റെ ഫലമായി വയലുകൾ പലതും വ്യാപക മായ മണ്ണൊലിപ്പിനു വിധേയമാകുന്നു.

3. തെങ്ങുകൃഷി പഞ്ചായത്തിലെ വയലിന്റെ വിസ്തൃതി ഗണ്യമായി കുറച്ചുകൊണ്ടിരിക്കുന്നു. ഇത് സമീപത്തുള്ള നെൽവയലിൽ ജലക്ഷാമം സൃഷ്ടി ക്കുന്നു.

4. വീട്, കെട്ടിടം ഇവയുടെ നിർമ്മാണം നെൽവയ ലിന്റെ വിസ്തൃതി കുറച്ചുകൊണ്ടിരിക്കുന്ന മറ്റൊരു പ്രധാന കാരണമാണ്.

5. വെള്ളപ്പൊക്കം നെൽകൃഷി നേരിടുന്ന മറ്റൊരു പ്രശ്നമാണ്.

6. ആവശ്യാനുസരണം കർഷക തൊഴിലാളികളെ ലഭിക്കുന്നില്ല എന്നത് അതീവഗുരുതരമായ പ്രശ്ന മാണ്.

7. കാർഷിക പ്രവർത്തനത്തിനു വൈദ്യുതിലഭിക്കു ന്നില്ല എന്നതും മറ്റൊരു ന്യൂനതയാണ്.

8. രാസവളത്തിന്റെ അമിതവില, അത് മണ്ണിനുണ്ടാ ക്കുന്ന ഫലപുഷ്ടികുറവ്, ജൈവവളത്തിന്റെ അഭാവം.

9. പാടശേഖരകമ്മിറ്റി പ്രവർത്തനം കാര്യക്ഷമമല്ല.

10. മണ്ണിലെ അമ്ലാംശം നെല്ലുൽപാദനം കുറയാൻ കാരണമാകുന്നു.

11. കൃഷിചെയ്യാതെ വയലുകൾ തരിശായിടുന്നത് നെൽകൃഷിക്ക് കടുത്ത ദ്രോഹം സൃഷ്ടിക്കുന്നു. ഒന്നാം വാർഡിൽ ഇത് രൂക്ഷമാണ്.

പട്ടിക-6

12. ചാവശ്ശേരിപറമ്പിൽനിന്നും ഒഴുകി വരുന്ന മല വെള്ളം 19-ാം മൈൽ പ്രദേശത്തെ കൃഷിക്ക് വൻ നാശമുണ്ടാക്കുന്നു.

## നെൽകൃഷി നേരിടുന്ന പ്രശ്നത്തിനുള്ള പരിഹാര മാർഗ്ഗങ്ങൾ

1. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം കാര്യക്ഷമമായി നട പ്പിലാക്കുക.

2. നെൽകൃഷിയുമായി ബന്ധപ്പെടുന്ന മുഴുവൻ ഘടകങ്ങൾക്കും ഉയർന്ന തോതിലുള്ള സബ്സിഡി നൽകുക.

3. കൃഷിഭവന്റെ പ്രവർത്തനം കർഷകരുടെയിട യിൽ സാർവത്രികമാക്കുക.

4.ജൈവവളം പരമാവധി ലഭ്യമാക്കുക.

5. ആവശ്യമായ തോതിൽ യന്ത്രവത്ക്കരണം (സഹായം വ്യക്തികൾക്കും സമിതികൾക്കും നൽകുക)

6. നെൽവയൽ നികത്തുന്ന പ്രവണത കർശന മായി തടയുക.

7. കമ്പോസ്റ്റ് നിർമ്മാണം പ്രോത്സാഹിപ്പിക്കുക.

8. വിള ഇൻഷ്വറൻസ് വ്യാപകമാക്കുക.

9. അമ്ലാംശം മാറ്റുന്നതിനു സൗജന്യനിരക്കിൽ കുമ്മായം വിതരണം ചെയ്യുക.

10 വിത്ത്, വളം, കീടനാശിനി, എന്നിവ ആവശ്യ മായ സമയത്ത് കൃഷിഭവൻ മുഖേന ലഭ്യമാക്കുക.

11. ജലസേചന സൗകര്യം മെച്ചപ്പെടുത്തുക. ചാവ ശ്ശേരിപറമ്പിൽനിന്നും വരുന്ന ജലം ആവട്ടിയിൽ ബണ്ടു

പട്ടിക 7

കുരുമുളക് സംരക്ഷണ സമിതികൾ

| ക്രമ നമ്പർ | സമിതിയുടെ പേര് | അംഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | ചാവശ്ശേരി | 182 |
| 2 | വെളിയമ്പ്ര | 196 |
| 3 | കീഴ്ത്തു കണ്ടം | 112 |
| 4 | നടുവനാട് | 129 |
| 5 | വട്ടക്കയം | 126 |
| 6 | ഉളിയിൽ | 132 |
| 7 | പുന്നാട് | 118 |
| 8 | എടക്കാനം | 155 |
| 9 | പയഞ്ചേരി | 110 |

കെട്ടി നിർത്തിയാൽ 100 ഏക്കറോളം സ്ഥലത്ത് പ്രയോജനം കിട്ടും.

12. പഴശ്ശി പദ്ധതിയിൽനിന്നും ആവശ്യമായ ജലം ലഭ്യമാക്കുക.

13. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പമ്പ് ഹൗസ് വിവിധ സ്ഥലത്ത് സ്ഥാപിക്കുക.14. കാമയാട് തോട് മൈനർ ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 300 മീറ്റർ അകലെ എന്ന ക്രമത്തിൽ 3 ഭാഗങ്ങളായി ബണ്ടു കെട്ടുക.

15. പവർ ടില്ലറുകൾക്ക് പകരമായി ഭാരം കുറഞ്ഞ ടില്ലറുകൾ പഞ്ചായത്തിലെ കർഷകർക്ക് ലഭ്യമാക്കുക.

## നമ്മുടെ കൃഷിഭവൻ

കാർഷിക വികസനരംഗത്ത് കർഷകരുടെ ഏക ആശ്രയമെന്ന നിലയിൽ പ്രവർത്തിക്കുന്നത് കൃഷിഭവനാണ്. കേരളത്തിലെ ഒട്ടുമിക്ക വിളകളും കൃഷിചെയ്യുന്ന 45.65 ച.കി.മീ. വിസ്തൃതിയുള്ള നമ്മുടെ പഞ്ചായത്തിലെ 8,647 കൈവശക്കാരുടെ കാർഷിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നത് ഒരു കൃഷി ഓഫീസറും മൂന്ന് കൃഷി അസിസ്റ്റന്റുമാരും ഉൾപ്പെട്ട കൃഷിഭവനാണ്. കീഴൂർ, ചാവശ്ശേരി എന്നീ വില്ലേജുകളും പായം വില്ലേജിലെ എടക്കാനം ദേശവും ഇതിൽ ഉൾപ്പെടുന്നു. 13 വാർഡുകളിലെ ജോലിഭാരം ഏറ്റെടുക്കുമ്പോൾ കൃഷിഭവന്റെ സേവനം പഞ്ചായത്തിലെ മുഴുവനാളുകൾക്കും ലഭിക്കണമെങ്കിൽ ജീവനക്കാരുടെ എണ്ണം ഇരട്ടിയാക്കേണ്ടതുണ്ട്.

വിവിധ വിളകളെ അടിസ്ഥാനപ്പെടുത്തി രൂപംകൊടുത്തിട്ടുള്ള കർഷക സമിതികളുടെ സഹായം കാർഷിക വ്യാപന രംഗത്ത് ഉപയോഗപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിനകത്ത് 9 കുരുമുളക് സംരക്ഷണ സമിതിയും 10 പാടശേഖര നെല്ലുൽപാദക സമിതിയും പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന ഒരു കേരകർഷക സമിതിയും രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു.

പട്ടിക-7

പട്ടിക-8

പട്ടിക-9

നഴ്സറി: - പഞ്ചായത്തിലെ നടീൽ വസ്തുക്കൾ കൃഷിവകുപ്പ് മുഖേന വിതരണം ചെയ്യുന്നത് കൃഷിഭവനിലൂടെയാണ്. എന്നാൽ മിക്കപ്പോഴും ആവശ്യത്തിന് തികയാറില്ല.

പട്ടിക-10

ഇതിനുപുറമേ ഒരംഗീകൃത നഴ്സറിയും പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. കൃഷിഭവനിൽ നടീൽ വസ്തുക്കളും വിത്തുകളും കേടുകൂടാതെ സൂക്ഷിക്കാനുള്ള സംവിധാനം ഉണ്ടാക്കുകയും ആവശ്യമായവ കൃഷി ഭവനിൽ എത്തിക്കുകയും ചെയ്യുക.

**ഉത്പാദന ഉപാധികൾ**: രാസവളം, കീടനാശിനി എന്നിവ സ്വകാര്യ- സഹകരണമേഖലകളിൽ കൂടി വിപണനം ചെയ്യുക.

പട്ടിക -11

**കാർഷിക ഉപകരണങ്ങൾ:**

മുൻകാലങ്ങളിൽ ഉപയോഗിച്ചുകൊണ്ടിരുന്ന നാടൻ കലപ്പ മുതൽ ആധുനിക ഉഴവ് യന്ത്രം ആയ പവർ ടില്ലർവരെ പഞ്ചായത്തിനകത്ത് ഉപയോഗപ്പെടുത്തുന്നു.

പട്ടിക-12

**വളം ഉപയോഗം**: രാസവളങ്ങൾ ഏറ്റവും കൂടുതൽ ഉപയോഗപ്പെടുത്തുന്നത് നേന്ത്രവാഴ, റബർ, നെല്ല്, തെങ്ങ് മുതലായവയ്ക്കാണ്. ഹ്രസ്വകാലവിളയ്ക്കുള്ള അമിതമായ രാസവള പ്രയോഗം കാരണം മണ്ണിന്റെ ഘടനയിൽതന്നെ മാറ്റം ഉണ്ടായിട്ടുണ്ട്. ഇതിന് ഒരു മാറ്റം നമുക്ക് അനിവാര്യമാണ് ജൈവവളത്തിന്റെ ഉപയോഗം. ഉത്പാദനം, ഉത്പാദനത്തിനാവശ്യമായ സഹായങ്ങൾ യാതൊരു സങ്കോചവും കൂടാതെ ഏർപ്പെടുത്തിയേ പറ്റൂ.

പട്ടിക -13

**കീടനാശിനി, കുമിൾ നാശിനി**

പഞ്ചായത്തിൽ വർദ്ധിച്ചുവരുന്ന കീടനാശിനികളുടെയും കുമിൾ നാശിനികളുടെയും ഉപയോഗം പരമാവധി കുറയ്ക്കുകയും ജൈവ കീടനാശിനികൾക്ക് മുൻഗണന നൽക്കുകയും വേണം. വയലുകളിൽ കണ്ടുവരുന്ന കർഷകമിത്രങ്ങളായ നൊയ്ച്ചി, മണ്ണിര, തവള എന്നിവയുടെ വംശനാശംതന്നെ സംഭവിച്ചു എന്നുപറയാം. കൂടാതെ പഞ്ചായത്തിനകത്ത് ഉപജീവനം കണ്ടെത്തിയ ഏതാനും കർഷകരുടെ തേനീച്ചകളെ കൊന്നൊടുക്കിയതും രാസകീടനാശിനികളുടെ പ്രയോഗംതന്നെയാണ്. ഇത് ഗൗരവമായി കൈകാര്യം ചെയ്യേണ്ടതാണ്.

പട്ടിക -14

**വിപണനരംഗം**: കിഴക്കൻ മലയോരമേഖലകളുടെ

പട്ടിക 8 കീഴൂർ ചാവശ്ശേരി പഞ്ചായത്ത്
പാടശേഖര നെല്ലുല്പാദക സമിതി

| ക്രമ നമ്പർ | പാടശേഖര നെല്ലുല്പാദക സമിതിയുടെ പേര് | പാടശേഖരത്തിന്റെ വിസ്തൃതി | അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | ചെറുവയൽ | 8 ഹെ. | 44 |
| 2 | വളോര-പുന്നാട് | 28 " | 99 |
| 3 | കീഴൂർ | 8 " | 44 |
| 4 | അത്തപ്പുഞ്ച | 10 " | 50 |
| 5 | പായത്തൊടി | 5 " | 20 |
| 6 | മീത്തലെ പുന്നാട് | 30 " | 110 |
| 7 | വെളിയമ്പ്ര | 8 " | 33 |
| 8 | കീഴൂരിത്തോട് | 5 " | 17 |
| 9 | ആവട്ടി മണ്ണോറ | 35 " | 113 |
| 10 | കല്ലൂരിഞ്ഞാൽ | 8 " | 47 |

പട്ടിക 9

| കേര കർഷക സമിതിയുടെ വിവരം | | | |
|---|---|---|---|
| ക്രമ നമ്പർ | സമിതിയുടെ പേര് | ആസ്ഥാനം | അംഗങ്ങളുടെ എണ്ണം |
| 1 | കീഴൂർ-ചാവശ്ശേരി പഞ്ചായത്ത് കേര കർഷക സമിതി | പുന്നാട് | 843 |

കാർഷിക വിപണനരംഗത്ത് സിരാകേന്ദ്രമായ ഇരിട്ടിപട്ടണം നമ്മുടെ പഞ്ചായത്തിലെയും കാർഷിക ഉത്പന്നങ്ങളുടെ വിൽപ്പന കേന്ദ്രമാണ്. ചാവശ്ശേരി ഭാഗത്തുള്ള ജനത വിപണന സൗകര്യം കണ്ടെത്തുന്നത് തൊട്ടടുത്തുള്ള മട്ടന്നൂർ പട്ടണത്തിലാണ്. എന്നാൽ, സഹകരണസർക്കാർ മേഖലകളിൽ നിന്നും കാര്യമായ സംഭവാനകൾ ഉണ്ടായിട്ടില്ല. എന്നാൽ 3 വർഷമായി പ്രവർത്തനമാരംഭിച്ച പുന്നാട് കോ-ഓപ്പറേറ്റീവ് റബർ ശേഖരണത്തിൽ മാത്രം ഒതുങ്ങുന്ന തലശ്ശേരി താലൂക്ക് റബ്ബർ മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും ചെറിയ ഒരു ആശ്വാസം പകരുന്നുണ്ട്. ഈ രംഗത്ത് ഇനിയും സഹകരണമേഖല എത്രയോ മുന്നോട്ട് പോകേണ്ടിയിരുക്കുന്നു.

**വായ്പാ സൗകര്യം**: പഞ്ചായത്തിലുള്ള കർഷകർക്ക് വായ്പ ലഭിക്കുന്നതിനുള്ള മതിയാ സൗകര്യം ഇന്ന് ലഭ്യമല്ല. സഹകരണ മേഖലയിൽ ഇരിട്ടി കോ-ഓപ്പറേറ്റീവ് റുറൽ ബാങ്ക്, കാർഷിക വികസന ബാങ്ക് ഇരിട്ടിശാഖ, പുന്നാട് സർവീസ് സഹകരണ ബാങ്ക്, ചാവശ്ശേരി സർവീസ് സഹകരണ ബാങ്ക് മട്ടന്നൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് ഉളിയിൽ ശാഖ എന്നിവയും നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക്, ചാവശ്ശേരി, ഇരിട്ടി ശാഖകളും, എസ്.ബി.ടി. പുന്നാട്, ഇരിട്ടി ശാഖകളും, കാനറാ ബാങ്ക് ഇരിട്ടി, നെടുങ്ങാടി ബാങ്ക്, ഇരിട്ടി എന്നിവയുണ്ടെങ്കിലും ഈ രംഗത്ത് മതിയായ സേവനം ലഭ്യമല്ല.

കുലിവിവരം:

പട്ടിക-15

## നടപ്പുപദ്ധതികളുടെ അവലോകനം

മിക്കവിളകളെയും വിപുലപ്പെടുത്താനുള്ള പദ്ധതികൾ നിലവിലുണ്ടെങ്കിലും പഞ്ചായത്തിലെ വിളകൾക്ക് വിസ്തൃതിക്കനുസരിച്ച് വേണ്ടത്ര പ്രാതിനിധ്യം ലഭിക്കുന്നില്ല.

പട്ടിക -16

**വിള ഇൻഷ്വറൻസ്**: പ്രകൃതിക്ഷോഭം കൊണ്ട് വിള നാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ പദ്ധതികൾ ഉണ്ടെങ്കിലും സാമ്പത്തിക പ്രയാസം കാരണം പദ്ധതികൾ ശുപാർശ ചെയ്യുന്ന ആനുകുല്യം നൽകാൻ മിക്കപ്പോഴും കഴിയാറില്ല. മാത്രമല്ല പദ്ധതിയിൽ വിഭാവനം ചെയ്യുന്ന നഷ്ടപരിഹാരതുക അപര്യാപ്തവുമാണ്. ഉദാ: ഒരു നേന്ത്രവാഴക്ക് 25 രൂപ കുലക്കാത്തതിനു 12.50, ഒരു കുരുമുളക് വള്ളിക്ക് 7 രൂപ, കശുമാവിന് 40 രൂപ. എന്നാൽ, മതിയായ നഷ്ടപരിഹാരം കൊടുക്കാൻ ഉതകുന്ന പദ്ധതി എന്ന നിലയിൽ വിള ഇൻഷൂറൻസിനു വളരെയധികം പ്രാധാന്യം ഉണ്ട്. നിശ്ചിതതുക പ്രീമിയമായി അടച്ചാൽ കർഷകരുടെ വിളവിനു സംരക്ഷണം നൽകുന്നു എന്നുമാത്രമല്ല, പ്രകൃതിക്ഷോഭം കൊണ്ട് വിള നഷ്ടപ്പെടുകയാണെങ്കിൽ സാമ്പത്തികപ്രയാസത്തിൽ നിന്നു രക്ഷനേടാനും കഴിയുന്നു.

**സമഗ്രനാളികേര വികസന പദ്ധതി**: നാളികേര കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ ചുരുങ്ങിയത് 30 സെന്റ് തെങ്ങ് കൃഷിയുള്ള കർഷകന് ജലസേചനത്തിനായി 2500 രൂപവീതം സബ്സിഡിയായി കിണർ കുഴിക്കുന്നതിനും പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും 1,000രൂപ സബ്സിഡിയായി സസ്യ സംരക്ഷണ ഉപകരണം വാങ്ങിക്കുന്നതിനും 500 രൂപ സബ്സിഡിയായി തെങ്ങുകയറ്റ യന്ത്രം വാങ്ങുന്നതിനും നൽകുന്നു.

**കുരുമുളക് വികസന പദ്ധതി**: കുരുമുളകിന്റെ മാരകമായ വാട്ടരോഗത്തെ നിയന്ത്രിക്കുന്നതിനുവേണ്ടി കുമിൾ നാശിനികൾ രണ്ട് വർഷമായി കുരുമുളക് കർഷകർക്ക് സൗജന്യമായി നൽകി വരുന്നു. ഈ പദ്ധതി ഇപ്പോഴും നടന്നുവരുന്നു.

കുരുമുളക് പുനരുദ്ധാരണ പ്രവർത്തന പദ്ധതി പ്രകാരം ആവശ്യമായ ഘടകങ്ങൾക്ക് 3 വർഷങ്ങളിലായി 6,400 രൂപ സബ്സിഡി നൽകുന്നു. കുരുമുളക് വികസനപദ്ധതി പ്രകാരം പുതുതായി കുരുമുളക് കൃഷി ചെയ്യുന്നതിനു 3 വർഷത്തേക്ക് 10,000 രൂപ സഹായധനം അനുവദിക്കുന്നു. കൂടാതെ സസ്യസംരക്ഷണ ഉപകരണം വാങ്ങുന്നതിനും 750 രൂപയും സഹായധനം നൽകുന്നു. കുരുമുളക് തോട്ടത്തിൽ മണ്ണ് സംരക്ഷണ പ്രവർത്തനം നടത്താൻ ഹെക്ടറിനു 3500 രൂപ സഹായധനം നൽകുന്ന പദ്ധതിയും ഈ വർഷം നടപ്പിലാക്കി വരുന്നു.

**നെൽകൃഷി വികസനപദ്ധതി**: നെൽകൃഷി വികസന രംഗത്ത് ഒട്ടേറെ പദ്ധതികൽ നടപ്പിലാക്കി വരുന്നു. ചെറുകിട നെൽകൃഷി യന്ത്രവൽക്കരണ പദ്ധതി പ്രകാരം പവർടില്ലർ, പവർ സ്പ്രെയറുകൾ, കാറ്റാടി യന്ത്രം (വിന്നോവർ) മുതലായവ 50% സബ്സിഡി നിരക്കിൽ നെല്ലുൽപാദക സമിതിക്ക് വിതരണം ചെയ്യുന്നു. ഓരോ വിളവിനും ഹെക്ടറിനു 250 രൂപ വച്ച് ഉൽപാദക ബോണസായി നൽകുന്നു. യഥാസമയത്ത് വിത്ത് കർഷകർക്ക് ലഭ്യമാക്കുന്നതിനു പഞ്ചായത്ത് തലത്തിൽ വിത്ത് ഉത്പാദിപ്പിക്കുന്നതിനുവേണ്ടി

പട്ടിക 10. നടീൽ വസ്തുക്കളുടെ വിതരണം.

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 1187 | 837 | 880 |
| കശുമാവ് | 4808 | 2400 | 8120 |
| കുരുമുളക് | 2800 | 10500 | 18700 |
| കവുങ്ങ് | 250 | — | 700 |
| നെൽവിത്ത് | 1180 കി. | 1708 കി | 167 കി. |
| പയറുവിത്ത് | 416 കി. | 272 കി. | 236 കി. |
| പച്ചക്കറിവിത്ത് | 1507 പാ. | 1182 പാ. | 1963 പാ. |
| ഫലവൃക്ഷത്തൈകൾ | 323 | 1228 | 907 |

പട്ടിക – 11

രാസവളം കീടനാശിനി വില്പന ഡിപ്പോകളുടെ വിവരം

| ക്രമ നമ്പർ | വിവരം | സഹകരണ മേഖല | സ്വകാര്യ മേഖല |
|---|---|---|---|
| 1 | രാസവളം | 4 | 5 |
| 2 | കീടനാശിനി | 1 | 4 |

പട്ടിക.12

| കാർഷികോപകരണങ്ങളുടെ വിവരം | |
|---|---|
| ട്രാക്ടർ .... | 00 |
| ടില്ലർ .... | 08 |
| നാടൻ കലപ്പ .. | 19 |


| മരുന്നുതളി ഉപകരണങ്ങൾ | |
|---|---|
| റോക്കർ സ്പ്രേയർ .... | 172 |
| നാപ്സാക്ക് സ്പ്രേയർ .... | 36 |
| പവ്വർ സ്പ്രേയർ ... | 07 |

| മറ്റു യന്ത്രോപകരണങ്ങൾ | |
|---|---|
| വിന്നോവർ (കാറ്റുയന്ത്രം) | 01 |
| തെങ്ങുകയറ്റ യന്ത്രം | 17 |
| പോർട്ടബിൾ പമ്പുസെറ്റ് | 222 |


# പട്ടിക. 13

കീഴൂർ - ചാവശ്ശേരി പഞ്ചായത്തിലെ രാസവളത്തിന്റെ ഉപയോഗം.

32




# പട്ടിക 14.



കർഷകർക്ക് സഹായം നൽകി പ്രോത്സാഹിപ്പിക്കുന്നു.

മേൽപറഞ്ഞവ കൂടാതെ കശുമാവ് വികസനപദ്ധതി, മഹാളി രോഗനിയന്ത്രണം, കവുങ്ങ് കൃഷി വികസനം, കണിക ജലസേചന പദ്ധതി, പട്ടികജാതി പട്ടികവർഗ്ഗ പ്രത്യേക വികസന പദ്ധതി മണ്ണ് സംരക്ഷണ പദ്ധതി, സൗജന്യമണ്ണ് പരിശോധനാപദ്ധതി തുടങ്ങിയവയും നടപ്പിലാക്കി വരുന്നു.

കൃഷിഭവൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ കാര്യക്ഷമമാക്കുന്നതിനും കൃഷിഭവൻ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനും പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും കൃഷിഓഫീസർ കൺവീനറുമായി പഞ്ചായത്തുതല കാർഷിക വികസന സമിതിയും സർക്കാരിന്റെ സഹായത്തോടെ പ്രവർത്തിച്ചുവരുന്നു.

## ജലസേചനം

പ്രാദേശിക വാദമെന്ന് പറഞ്ഞ് ഞങ്ങളെ കല്ലെറിയരുത്. സത്യം തുറന്നുപറയാതിരിക്കാൻ ഞങ്ങൾക്ക് കഴിയില്ല...

മലബാറിന്റെ ദാഹം തീർക്കുമെന്ന മോഹന വാഗ്ദാനവുമായി വന്ന പഴശ്ശി പ്രോജക്ട് നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളെ കീറിമുറിച്ചുപൊന്ന് വിളഞ്ഞുനിന്ന നെൽവയലുകൾ ഇന്ന് ശ്മശാനഭൂമിപോലെ, ലക്ഷങ്ങൾ ലഭിച്ചുകൊണ്ടിരുന്ന കശുമാവിൻ തോപ്പുകൾ അപ്രത്യക്ഷമായി. തിങ്ങിവിളഞ്ഞുനിന്ന തെങ്ങിൻ തോപ്പുകൾ നമുക്കിന്ന് ഓർമ്മകൾ മാത്രം... എല്ലാം നഷ്ടപ്പെട്ടു ഞങ്ങളാഗ്രഹിച്ചിരുന്നത് നമ്മുടെ മണ്ണിന്റെ ദാഹശമനമായിരുന്നു.

എന്നാൽ അണകെട്ടി വെള്ളം സംഭരിച്ച് ഭൂമികീറിമുറിച്ച് ഒഴുക്കിക്കൊണ്ടുപോയ പാത കോൺക്രീറ്റ് ചെയ്തില്ലായിരുന്നെങ്കിൽ മാത്രം ലഭിക്കുമായിരുന്ന വെള്ളം മതിയായിരുന്നു പഞ്ചായത്തലെ 1/3 ഭാഗങ്ങളിലെ മിക്ക വിളകൾക്കും നൽകാൻ.

ജലസാക്ഷരതയിൽ നമ്മുടെ ജനങ്ങൾ വളരെ പിന്നോക്കമാണ്. 4565 ഹെക്ടർ വിസ്തൃതിയുള്ള നമ്മുടെ പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള ജലസേചന സംവിധാനംകൊണ്ട് കേവലം 133 ഹെക്ടർ സ്ഥലത്ത് മാത്രമാണ് ഉപകരിക്കുന്നത്. നമ്മുടെ പ്രദേശത്തെ വിവിധ തോടുകളിലൂടെ ഒഴുകുന്ന വെള്ളത്തിന്റെ 14% നിയന്ത്രിച്ചാൽ അഥവാ ഒഴുകുന്ന വെള്ളത്തെ നടത്തിച്ചാൽ കീഴൂർ-ചാവശ്ശേരിയെ നിത്യഹരിതമാക്കാൻ കഴിയും.

തോടുകളുടെ ഇരുവശം കെട്ടി സംരക്ഷിച്ചും കുന്നിൻചെരുവിൽ കോണ്ടൂർ നിരയിൽ ബണ്ട് നിർമ്മിച്ചും തട്ടുകൾ നിരത്തിയും കുന്നിനു കുറുകെ ചാലുകൾ (നീളമുള്ള കുഴി) നിർമ്മിച്ചും മഴക്കാലത്ത് ഒഴുകിപ്പോകുന്ന വെള്ളം ഭൂമിയിലേക്ക് ഇറങ്ങാൻ അനുവദിച്ചാൽ കിണർ, തോട്, കുളം ഇവ വേനൽക്കാലത്ത് വരണ്ട് വരുന്നത് ഒഴിവാക്കാം.

ജലസേചന പ്രക്രിയക്ക് പമ്പ് സെറ്റുകളുടെ ഉപയോഗം ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭൂപ്രകൃതി അനുസരിച്ച് പ്രകൃതിദത്തമായ നീരുറവ് വിളകൾക്ക് ജലസേചനത്തിനു അപര്യാപ്തമാണ്. ഇതിനു പരിഹാരമെന്ന നിലയിൽ ജലസേചനം കാര്യക്ഷമമാക്കാൻ പമ്പ് സെറ്റുകളുടെ വിതരണം ലളിതമാക്കണം. സാധ്യമായ സ്ഥലങ്ങളിലെല്ലാം കാർഷിക ആവശ്യത്തിന് മുൻഗണന നൽകി വൈദ്യുത കണക്ഷൻ നൽകാൻ കഴിയണം. കൂടാതെ ടാങ്ക് കെട്ടുന്നതിനും കുളം, കിണർ മുതലായവ നിർമ്മിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം ഭൂപരിധി വിളകൾക്ക് അനുസരിച്ച് മാറ്റം വരുത്തി നൽകേണ്ടതാണ്.

(പമ്പ് സെറ്റ് പ്രവർത്തിക്കാനാവശ്യമായ മണ്ണെണ്ണ, ഡീസൽ തുടങ്ങിയവ ആവശ്യമായ തോതിൽ സബ്സിഡി അനുവദിച്ചു നൽകേണ്ടതാണ്.)

പട്ടിക -17

**തോട് സംരക്ഷണത്തിനും ജലസേചന സൗകര്യം വർധിപ്പിക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ**

1. (a) മാമ്പാറ പാലം മുതൽ പരിയാരം വരെ തോടിന്റെ രണ്ട് ഭാഗത്തും കല്ലുകൊണ്ട് ഭിത്തി കെട്ടുക. (b) നടുത്തോടിന് ഭിത്തി കെട്ടുക. (c) നെല്ല്യാട് - അടവാരിതോടിന് ഭിത്തി കെട്ടുക.

2. ഉളിയിൽ - വെളിയമ്പ്ര തോടിന് ഭിത്തി കെട്ടുക. (ഉളിയിൽ മുതൽ വെളിയമ്പ്ര വരെ)

3. തലച്ചങ്ങാട് - കരിമ്പിയിൽതോടിന് ആഴവും ഭിത്തിയും (b) കാറാട് വയലിലെ നീർക്കെട്ട് ഒഴിവാക്കുക.

4. വളോര പ്രദേശത്തെ ആണിത്തോടിനു വീതി കൂട്ടുക. (b) ചെങ്കൂനി വയലിലെ നീർകെട്ട് ഒഴിവാക്കുക.

5. ചോല വയലിലെ ആണി തോടിനു വി.സി.ബി നിർമിക്കുക.

6. ചിറക്കടവ് - അത്തം പുഞ്ചതോടിന് ആഴം കൂട്ടുക, മേൽതോടിന് കരിങ്കൽ ഭിത്തി കെട്ടുക.

7.കൂറ്റേമ - നല്ലാമ്പേരി, ഇടങ്ങഴിക്കുണ്ട്, കുനിക്കരി, നല്ലാമ്പേരി താഴെ പടിക്കൽ തോടിന് ഭിത്തി.

8. അത്തിയിൽ തോട്, കാവിൻമൂലത്തോട് ഉള്ളറം

പള്ളിത്തോട്, ആനക്കുഴിത്തോട് എന്നിവ സംരക്ഷിക്കുക. 34

9. പഴശ്ശി പ്രോജക്ടിലെ കനാൽജലം പൈപ്പ് ഉപയോഗിച്ച് സമീപ തോപ്പുകളിൽ എത്തിക്കുക.

ചെറുകിട ജലസേചനത്തിന് തടയണകൾ ആവശ്യമായ സ്ഥലങ്ങൾ

| വാർഡ് | സ്ഥലം |
|---|---|
| III | കൈതക്കുണ്ടിൽ |
| VI | കുണ്ടറഞ്ഞി |
| XII | അത്തിയിൽ നേതാജി റോഡിനടുത്ത് |
| IV | കട്ടേങ്കണ്ടം, കാരാമ്പേരി |
| IX | കിളിയാരത്ത് |
| II | അരിഞ്ചുരി |
| VI | വയക്കളം |
| | ചോലവയൽ |

വി.സി.ബി ആവശ്യമായിട്ടുള്ളത് ആറാംവാർഡിൽ കല്ലേരിക്കലിൽ വട്ടക്കയം വി.സി.ബിക്ക് അടിയന്തരമായി ഷട്ടർ ഇടണം. കൂടാതെ നാലാം വാർഡിൽ വാച്ചാലിൽ ബണ്ടിനു ചീപ്പിടുക.

ജലസേചനത്തിനായി താഴെ പറയുന്ന പ്രദേശങ്ങളിലെ കുളങ്ങൾ ഉപയോഗപ്രദമാക്കുക – പുതിയവ നിർമിക്കുക.

പട്ടിക 18

## വനസംരക്ഷണം

ഈ ഭൂമുഖത്ത് ജീവൻ ആദ്യമായി രൂപംകൊണ്ടത് കടലിലാണെന്ന് പറയുന്നവരും അല്ലെന്ന് പറയുന്നവരും ഉണ്ട്. എന്നാൽ, മനുഷ്യൻ രൂപമെടുത്തത് കാട്ടിലാണെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. മനുഷ്യന്റെ ഈറ്റില്ലമാണ് കാട്, കളിത്തൊട്ടിലുമാണത്. അവൻ മൃഗങ്ങളെ വേട്ടയാടി ഭക്ഷണം നേടി. പോരാത്ത ഭക്ഷണം ഫലമൂലാദികൾ നൽകി, ശാഖപത്രാദികൾ വെളിച്ചവും ചൂടു നൽകി. പിന്നീട് കൃഷിചെയ്യാൻ പഠിച്ചപ്പോൾ മരങ്ങൾ വെട്ടിവീഴ്ത്താൻ തുടങ്ങി. തുടർന്നങ്ങോട്ട്.....

പരിസ്ഥിതിക്ക് കോട്ടം തട്ടാതെ ജൈവ വൈവിധ്യം നിലനിർത്തുന്നതിന് നിലവിലുള്ള ഭൂവിസ്തൃതിയുടെ മൂന്നിൽ ഒരു ഭാഗത്തെങ്കിലും വനം നിലനിർത്തണമെന്ന ലോകപരിസ്ഥിതി പഠനകേന്ദ്രത്തിന്റെ നിർദേശം നടപ്പിലാക്കാൻ സാധിക്കുന്ന ഒരു പ്രധാന പഞ്ചായത്താണ് കീഴൂർ – ചാവശ്ശേരി. നിർഭാഗ്യകരമെന്നു പറയട്ടെ വനനശീകരണം വ്യാപകമാകുന്നതും ഈ മണ്ണിൽ തന്നെ.

ഒരുകാലത്ത് നിബിഡവനമെന്ന് വിശേഷിപ്പിക്കപ്പെട്ട എടക്കാനം – മഞ്ഞക്കാഞ്ഞരം, കരിയാടി പ്രദേശത്ത് ഇന്ന് വനവൃക്ഷത്തിൽ പെടുന്ന ഒരിനം പോലും കാണാനില്ല.

നമ്മുടെ പഞ്ചായത്തിനകത്ത് പഴശ്ശി പദ്ധതിക്കു വേണ്ടി ഏറ്റെടുത്തിട്ടുള്ള 400 ഏക്കറോളം ഭൂമി ഇരിട്ടി മുതൽ പ്രോജക്ട് വരെ തരിശ്ശായി കിടക്കുന്നു. ഇവിടെ മണ്ണിന് കോട്ടം തട്ടാതെ പ്രകൃതി രമണീയമായ വൃക്ഷത്തൈകൾ (മെയ്ഫ്ളവർ, റൈൻട്രീ മുതലായവ) നട്ടു വളർത്തി വനസമ്പത്തിന് മുതൽ കൂട്ടാക്കാം. കൂടാതെ ഈ പ്രദേശം വിനോദസഞ്ചാര കേന്ദ്രമാക്കാനും സാധിക്കും. മരം വച്ചുപിടിപ്പിക്കുന്ന പുൽമൈതാനങ്ങളിൽ ആകർഷകവും ഈടുനിൽക്കുന്നതുമായ വിശ്രമ സ്ഥലങ്ങൾ നിർമിച്ച് സന്ദർശകരെ പഞ്ചായത്തിലേക്ക് ആകർഷിക്കാൻ കഴിയും.

**വനവൽക്കരണ – വനസംരക്ഷണ മാർഗ്ഗങ്ങൾ**

പുറമ്പോക്ക് ഭൂമിയിലും റോഡുവക്കിലും വൃക്ഷതൈകൾ വച്ച് പിടിപ്പിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്യുക.

വനപരിപാലനത്തിന് അതത് പ്രദേശത്ത് ജനകീയ സമിതികൾ രൂപീകരിക്കുക.

വിവിധ പ്രദേശത്ത് വളർത്തുവൃക്ഷത്തൈ സംരക്ഷിക്കുന്നതിന് ക്ലബ്ബുകൾ, സന്നദ്ധ സംഘങ്ങൾ എന്നിവരെ ചുമതലപ്പെടുത്തുകയും ആവശ്യമായ സാമ്പത്തിക സഹായം നൽകുകയും ചെയ്യുക.

## പട്ടിക - 15
## നിലവിലുള്ള കൂലിവിവരം

| കിളക്കുന്നതിന് | നടീൽകൂലി | മരംകൊത്ത് | കുരുമുളകു പറിക്കൽ | വയക്കൽ | തേങ്ങാ പറിക്കൽ | ഉഴവിന് | കൊയ്ത്തിന് |
|---|---|---|---|---|---|---|---|
| പു | സ്ത്രീ | പു | പു | സ്ത്രീ | പു | പു | സ്ത്രീ |
| 40 രൂപ മുതൽ 45 രൂപ വരെ (ഉച്ചവരെ) | 30 രൂപ മുതൽ 35 രൂപ വരെ (വൈകുന്നേരം വരെ) | 50 രൂപ മുതൽ 60 രൂപ വരെ (ഉച്ചവരെ) | 90 രൂപ മുതൽ 100 രൂപവരെ (വൈകുന്നേരംവരെ) | 25 രൂപ മുതൽ 30 രൂപ വരെ (ഉച്ചവരെ) | 50 രൂപയും 7 തേങ്ങയും (ഉച്ചവരെ) | 100 രൂപ (ഉച്ചവരെ) | 10 പൂട്ട് (20) ന് 1 പൂട്ട് (2) കറ്റകൂലി |

## പട്ടിക - 16

| ക്രമനമ്പ്ര് | വർഷം | നിലവിലുള്ള കുരുമുളക് വിസ്തൃതി | പദ്ധതിയുടെ പേര് | ടാർജറ്റ് |
|---|---|---|---|---|
| 1 | 1994 | 600ഹെ. | കുരുമുളക് പുനരുദ്ധാരണപദ്ധതി | 25 ഹെ. |
| 2 | 1995 | 600 ഹെ. | ,, | 50 ഹെ. |
| 3 | 1996 | 600 ഹെ. | ,, | 15 ഹെ. |

## 11.8 CCS for SF/MF പരിപാടി അനുസരിച്ച് ഉണ്ടായ ആസ്തികളുടെ വിവരം

From - 90-95 പട്ടിക 17

| ക്രമ നമ്പർ | പരിപാടി നടപ്പിലാക്കിയ കാലയളവിൽ നിർമ്മാണം പൂർത്തിയാക്കിയ ആസ്തികൾ | വാർഡ് ആസ്തികളുടെ എണ്ണം-അളവ് | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | I | II | III | IV | V | VI | VII | VIII | IX | X | XI XII ആകെ XIV |
| 1. | കിണറുകൾ | 2 | 1 | 2 | 4 | 3 | 5 | 8 | 5 | 8 | 8 | 3 |
| 2. | കുളങ്ങൾ | — | — | 1 | 2 | — | — | 2 | 1 | 1 | 1 | — |
| 3. | വാട്ടർ ടാങ്കുകൾ | — | — | — | 1 | — | | 4 | 1 | 3 | 2 | 1 |
| 4. | പമ്പ് ഹൗസുകൾ | 2 | 1 | 2 | 4 | 3 | 5 | 4 | 1 | 3 | 2 | 1 |
| 5. | പമ്പ് സെറ്റുകൾ | 2 | 1 | 2 | 4 | 3 | 5 | 8 | 5 | 8 | 8 | 3 |
| | ജലസേചനം നടത്തിയ കൃഷിഭൂമിയുടെ അളവ് | Acre 3 | 2 | 6 | 9 | 6 | 12 | Acre 15 | 4 | 18 | 17 | 6 |

ജലസേചനത്തിനായി താഴെ പറയുന്ന പ്രദേശങ്ങളിലെ കുളങ്ങൾ ഉപയോഗപ്രദമാക്കുക — പുതിയവ നിർമ്മിക്കുക. 35 37

പട്ടിക – 18

| വാർഡ് | സംരക്ഷിക്കേണ്ടവ | പുതിയവ നിർമ്മിക്കേണ്ട സ്ഥലം |
|---|---|---|
| I | ആവിട്ടി കുളം, പാറപ്പൊയിൽ കുളം | കായല്ലൂർ- പോസ്റ്റോഫീസ് റോഡിന താഴെ |
| II | മഞ്ഞോറ കുളം, അമ്പല കുളം ഇവയിൽ പമ്പ്സെറ്റ് സ്ഥാപിക്കുക. പറയനാട്ടെ സ്വകാര്യകുളം പഞ്ചായത്ത് ഏറ്റെടുക്കുക | |
| III | ആട്യലം കുളം, നൊസ്സൻ കണ്ട് | കുളിച്ചി, പുല്ലയിൽ, പാറം, പാലക്കടവ് മന്ദലം, മൂലയിൽ |
| IV | | ചെറുവയലിൽ |
| V | കാറാട്ട് നികത്തപ്പെട്ടകുളം കൊട്ടാണൊലിൽ, വെളപ്പൊയിലിൽ | പുച്ചക്കണ്ടി, നടുവനാട് വയൽ |
| VI | കുളം, കുറുവേരി, ആലക്കോട്, [illegible] വട്ടക്കയം | ആവിലാട് |
| VII | | കാറാട് വയലിൽ |
| VIII | അമ്പലകുളം, പാടിയിൽ, കാട്ടിടക്കാനം, കിരിയോട്, കണക്കോട്, ഉപ്പുകണ്ട് | |
| IX | കാനാട്ട് നിരാവ | കാരായി കുളം |
| X | മഠത്തിലെ പറമ്പ, കളിക്കണ്ട്, നരോവ്വാട് വയൽ, കാറളത്ത് താൻ, ഇടഞ്ഞാഴി കണ്ട്, ചെലപ്പുറ നരസിംഹ | |
| XI | | കീഴൂർ വയലിൽ, |
| XII | അരത്തിത്തട്ട് നൂറായിലെ കുളം | അരക്കി, കക്കിത്തട്ട് പ്രദേശം, വികസനത്തിന് മുമ്പെ റോഡിന്റെ ഉയർന്ന ഭാഗങ്ങൾ പഞ്ചായത്തിനെ [illegible] ഭാഗത്തിന്റെ [illegible] |
| XIII | കുളിച്ചെന്ന്യയിൽ ശങ്കരൻ പെട്ടതട കുളം | |



# മൃഗസംരക്ഷണം - മത്സ്യബന്ധനം

### മൃഗസംരക്ഷണം:

ഒരു കാർഷിക ഗ്രാമമായ കീഴൂർ–ചാവശ്ശേരി പഞ്ചായത്തിൽ ഇന്ന് റബർ സ്ഥാനം പിടിച്ച കുന്നിൽ പ്രദേശങ്ങളിൽ സുലഭമായിരുന്ന മേച്ചിൽ പുറങ്ങൾ ഉപയോഗപ്പെടുത്തിയായിരുന്നു പണ്ടുകാലത്ത് കന്നുകാലി വളർത്തൽ നടന്നിരുന്നത്. നെൽവയലുകളിൽ നിന്ന് ആവശ്യത്തിന് വൈക്കോലും ലഭിച്ചിരുന്നു. കന്നുകാലികളെ അഴിച്ചുവിട്ട് മേ  ുന്ന സമ്പ്രദായമാണ് അന്ന് ഉണ്ടായിരുന്നത്. തുച്ഛമായ പണം കൊടുത്താൻ വീടുകളിൽ നിന്നും പശുക്കളെ മേയ്ക്കുന്നതിനായി രാവിലെ അഴിച്ചുകൊണ്ടുപോയി വൈകുന്നേരം തിരിച്ചെത്തിക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ആ രീതി മാറുകയും പശുക്കളെ തീറ്റുവാനുള്ള സ്ഥലങ്ങൾ തന്നെ ദുർലഭമാവുകയും ചെയ്തു.

സാമ്പത്തിക ശേഷി കുറഞ്ഞവർക്ക് കന്നുകുട്ടികളെ (കടച്ചി)പോറ്റാൻ കൊടുക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നു. ആദ്യപ്രസവത്തിലെ കറവയും കുഞ്ഞും പോറ്റുന്നവർക്കുള്ളതാണ്. രണ്ടാമത്തെ പ്രസവത്തോടെ തള്ള പശുവിനെയും കിടാവിനെയും ഉടമസ്ഥന് തിരികെ നൽകുന്നു. ആടിനെയും ഈ രീതിയിൽ പോറ്റാൻ കൊടുക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നു. കന്നുകാലികൾ പെട്ടെന്ന് അപകടത്തിൽ പെടുമ്പോഴും പ്രസവസമയത്തെ അപകടം ഒഴിവാക്കാനും വേണ്ടി കന്നുകുട്ടികളെ വഴിപാടായി ക്ഷേത്രത്തിൽ നൽകുന്ന സമ്പ്രദായം (നടകെട്ടൽ) നിലവിലുണ്ടായിരുന്നു. ഇത് ഇന്നു ചിലയിടങ്ങളിൽ നിലവിലുണ്ട്.

പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ പശു, ആട് എന്നിവയാണ്. നാമമാത്രമായി എരുമകളെയും വളർത്തുന്നു. നെൽവയലുകൾ മറ്റുകൃഷികൾക്ക് ഉപയോഗിക്കാൻ തുടങ്ങിയതും കാർഷിക രംഗത്തെ യന്ത്രവത്ക്കരണവും കാരണം കാളകളെ അപൂർവമായി മാത്രമേ ഇപ്പോൾ വളർത്തുന്നുള്ളൂ. ഭൂരിപക്ഷം വീടുകളിലും പശുക്കളെ വളർത്തു സമ്പ്രദായം ഉണ്ട്. അവയിലധികവും നാടൻ പശുക്കളാണ്. നാമമാത്രമായ വീടുകളിൽ ലൗബേർഡ്സ്, തത്ത എന്നിവയെയും വളർത്തുന്നു. പട്ടികളെ വർത്തുന്ന സമ്പ്രദായവും ഉണ്ട്

എന്നാൽ നല്ല പരിചരണത്തോടെ നല്ല ഇനം പട്ടികളെ വളർത്തുന്ന സമ്പ്രദായം സമ്പന്ന ഗൃഹങ്ങളിൽ ഒതുങ്ങുന്നു. 1987 ലെ കന്നുകാലി സെൻസസ്സ് അനുസരിച്ചു പഞ്ചായത്തിലെ കന്നുകാലികളുടെ എണ്ണം.

പട്ടിക 1.

| | നാടൻ | സങ്കര ഇനം |
|---|---|---|
| പശു | 1959 | 353 |
| എരുമ | 19 | -- |
| കോഴി | 11512 | -- |

1996 -ലെ കണക്ക് ലഭ്യമല്ല

മുൻപ് പശു വളർത്തുന്നവരിൽ ഭൂരിഭാഗവും നാടൻ പശുക്കളെ വളർത്തുന്നവരാണെന്ന് പട്ടിക പരിശോധിച്ചാൽ കാണാൻ കഴിയും. എന്നാൽ ഇന്ന് 90ശതമാനം അത്യുത്പാദന ശേഷിയുള്ള സങ്കരഇനം പശുക്കളാണ് പഞ്ചായത്തിലുള്ളത്. മേച്ചിൽ പുറങ്ങളുടെ അഭാവവും തീറ്റപ്പുല്ല് വൈക്കോൽ എന്നിവയുടെ ലഭ്യത കുറവും വേണ്ടത്ര ചികിത്സാ സൗകര്യം ഇല്ലാത്തതും കന്നുകാലി വളർത്തലിനെ നിരുത്സാഹപ്പെടുത്തുന്ന ഘടകങ്ങളാണ്. വൈക്കോൽ പഞ്ചായത്തിനു പുറത്തുനിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യേണ്ടനിലയാണ്. എല്ലാ വാർഡുകളിലും പാൽ സംഭരണ കേന്ദ്രങ്ങൾ ഇല്ലാത്തതു കാരണം ചെറുകിട കർഷകർക്ക് കുറഞ്ഞ അളവിലുള്ള പാൽ നിലവിലുള്ള കേന്ദ്രങ്ങളിൽ എത്തിക്കുന്നത് ലാഭകരമാകുന്നില്ല. നാട്ടിൻപുറങ്ങളിലെ കടകളിൽ പാൽ നൽകുന്ന പതിവുണ്ട്. ഇത് ഉദ്പാദനത്തിന്റെ വളരെ കുറഞ്ഞ അളവ് മാത്രമാണ് ഉൽപാദന ചെലവിന് ആനുപാതികമായി വില ലഭിക്കാത്തതിനാൽ ലാഭകരമായി പശുവളർത്തൽ നടത്താൻ കഴിയുന്നില്ല.

പട്ടിക 2

**കൃത്രിമ ബീജസങ്കലന വിവരങ്ങൾ**

| ഇനം | ബീജസങ്കലനനടത്തിയത് | ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം നടത്തിയവ | ആകെ |
|---|---|---|---|
| പശു | 1168 | 44 | 1212 |
| കിടാരി | 296 | 15 | 311 |
| എരുമ | 60 | -- | 60 |

പഞ്ചായത്തിൽ ഇരിട്ടിയിൽ ഒരു വെറ്ററിനറി പോളിക്ലിനിക്കും മേഖലാ ബീജദാനകേന്ദ്രവും, കാലിവസന്ത നിർമാർജന പദ്ധതി ഓഫീസും ചാവശേരിയിലും പുന്നാടുമായി ഒരോ ഐ.സി.ഡി.പി സബ് സെന്ററും നിലവിലുണ്ട്. 1-1-58 ൽ ഇരിട്ടിയിലെ മൃഗാശുപത്രി ആരംഭിച്ചു. 19-10- 83-ൽ ഇതിനെ പോളിക്ലിനിക്കായി ഉയർത്തി. ഇവിടെ ഒരു സീനിയർ വെറ്ററിനറി ഡോക്ടറും ഏഴ് മറ്റ് ഓഫീസ് ജീവനക്കാരും ഉണ്ട്.

ഇരിട്ടി വെറ്ററിനറി പോളിക്ലിനിക്കുവഴി ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ.

1.പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി.

2.പേവിഷ നിയന്ത്രണ പദ്ധതി

3.കാലി വസന്ത നിർമാർജന പദ്ധതി

4.കാലിരോഗ നിയന്ത്രണ പദ്ധതി

ആശുപത്രിക്ക് സ്വന്തമായി കെട്ടിടം ഇല്ലാത്തതും ലബോറട്ടറി സൗകര്യം ഇല്ലാത്തതും ബീജസങ്കലനം നടത്താൻ ഇടക്കെണിയില്ലാത്തതും പ്രധാന പ്രശ്നങ്ങളാണ്. ഐ.സി.ഡി.പി.സെന്ററിൽ മുഴുവൻ സമയവും ഉദ്യോഗസ്ഥർ ഇല്ലാത്തതിനാൽ പ്രവർത്തനം കാര്യക്ഷമം ആകുന്നില്ല.

അകിടുവീക്കം കുളമ്പുരോഗം ഉദരരോഗം വീരശല്യം എന്നിവയാണ് പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ.

കർഷകർ ഇന്ന് അനുഭവിക്കുന്ന പ്രധാന പ്രശ്നം കാലികളുടെ വന്ധ്യതയാണ്. അതുകൊണ്ടുതന്നെ ഗർഭധാരണത്തിന് കാലതാമസം നേരിടുകയും തൽഫലമായി പശുപരിപാലന ചെലവ് വർധിക്കുകയും ചെയ്യുന്നു.

പട്ടിക 3

പണ്ടുകാലങ്ങളിൽ തേക്കിൽ നിന്നും നിർമിക്കുന്ന എണ്ണ (ജാതി എണ്ണ) കുളമ്പുരോഗത്തിന് ഔഷധമായി ഉപയോഗിച്ചിരുന്നു. പഞ്ചായത്ത് പ്രദേശത്ത് വ്യാപകമായി കണ്ടുവരുന്ന ആനതൊട്ടാവാടി കന്നുകാലികളുടെ ജീവന് വലിയ ഭീഷണി ഉയർത്തുന്നു.

പഞ്ചായത്ത് പ്രദേശത്ത് രണ്ട് പാൽ ഉദ്പാദക സഹകരണ സംഘങ്ങളാണ് ഉള്ളത്. വെളിയമ്പ്രയിലും ഇരിട്ടിയിലും. ഉളിയിൽ പുന്നാട്, നടുവനാട്, ചാവശ്ശേരി എന്നിവിടങ്ങളിൽ വെളിയമ്പ്ര സൊസൈറ്റിയുടെ സംഭരണ കേന്ദ്രവും കീഴൂരിൽ ഇരിട്ടി സൊസൈറ്റിയുടെ സംഭരണകേന്ദ്രവും ഉണ്ട്. കൂടാതെ മിൽമയുടെ 5 ബൂത്തുകൾ വഴിയും പാൽ വിതരണം നടത്തുന്നുണ്ട്. സൊസൈറ്റികൾ സംഭരിക്കുന്ന പാൽ പൂർണ്ണമായും

പഞ്ചായത്തിൽ തന്നെ വിറ്റഴിക്കുന്നു.

**ക്ഷീരസംഘങ്ങളുടെ പ്രവർത്തനം - വർഷത്തിൽ**

| സംഘത്തിന്റെ പേര് | സംഘത്തിൽ എത്തുന്ന പാൽ | സംഘം വിൽപന നടത്തുന്ന പാൽ |
|---|---|---|
| ഇരിട്ടി | 164250 ലി. | 16425 ലി. |
| വെളിയമ്പ്ര | 77462.800 ലി. | 77462.800 ലി. |

ഗ്രാമപ്രദേശങ്ങിൽ മിക്കവാറും എല്ലാ വീടുകളിലും കോഴികളെ വളർത്തുന്ന പതിവുണ്ട്. നാടൻ കോഴികളെയും ഗിരിജ തുടങ്ങിയ സങ്കര ഇനം കോഴികളെയും വളർത്തിവരുന്നുണ്ട്. എന്നാൽ ഇത് വാണിജ്യാടിസ്ഥാനത്തിൽ നടക്കുന്നില്ല. പഞ്ചായത്തിലെ ഇറച്ചിയുടെ ആവശ്യം നിറവേറ്റാൻ മൂണ്ടയാട്ട് നിന്നും മറ്റും ഇറച്ചിക്കോഴികളെ ഇറക്കുമതി ചെയ്യാറാണ് പതിവ്. കോഴി വസന്ത, കോഴി വസൂരി, പരാദരോഗങ്ങൾ, ത്വക്ക് രോഗങ്ങൾ എന്നിവയാണ് സാധാരണയായി കോഴികളിൽ കണ്ടുവരുന്ന രോഗങ്ങൾ. അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന കോഴികുഞ്ഞുങ്ങളെ പ്രതിരോധ കുത്തിവെപ്പിന് വിധേയമാക്കാതെ വഴിയോരങ്ങളിൽ വിൽപന ചെയ്യുന്നതിനാൽ അവയിൽ നിന്നും നാടൻ കോഴികൾക്ക് രോഗം പകരുന്നതായി കണ്ടുവരുന്നു. കോഴി ഇറച്ചി ദിവസേന വലിയ അളവിൽ വിൽപന നടക്കുന്നുണ്ടെങ്കിലും കോഴി വളർത്തുകേന്ദ്രങ്ങൾ പഞ്ചായത്തിൽ ഒന്ന് മാത്രമേയുള്ളു. നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഇരിട്ടി മൃഗാശുപത്രി നടത്തിയ പഠനമനുസരിച്ച് പ്രതിവർഷം ലക്ഷക്കണക്കിന് രൂപയുടെ കോഴികൾ ചത്തൊടുങ്ങുന്നതായി കാണാൻ കഴിഞ്ഞു.

പട്ടിക 4

| | |
|---|---|
| അറവിനു വിധേയമാക്കുന്ന ഉരുക്കളുടെ കാള, പോത്ത് പ്രതിദിനം | 14 |
| ഇറച്ചി 1 കി.ഗ്രാം | 40 |
| പ്രതിദിന വരുമാനം | 56000 |

പഞ്ചായത്തിൽ 11 ഇറച്ചിക്കടകൾ പ്രവർത്തിക്കുന്നുണ്ട്. കർണാടകത്തിൽ നിന്നാണ് അറവിനുള്ള ഉരുക്കളെ കൊണ്ടുവരുന്നത്. ശരാശരി 2,500 രൂപയുടെ മാംസം പ്രതിദിനം ഓരോ കടയിലും വിൽപന നടക്കുന്നുണ്ട്. പട്ടിക നോക്കുക. പഞ്ചായത്തിൽ അറവുശാല നിലവിലില്ലാത്തതിനാൽ ഗുണനിലവാരമുള്ളതും രോഗമില്ലാത്തതുമായ ഉരുക്കളുടെ മാംസമാണ് വിതരണം ചെയ്യുന്നത് എന്ന് ഉറപ്പു വരുത്താൻ കഴിയുന്നില്ല. അതുകൊണ്ട് ബ്ലോക്ക് തലത്തിൽ ഒരു അറവുശാല സ്ഥാപിക്കണം. കൂടാതെ പഞ്ചായത്തിൽ മാംസോല്പാദന വിപണന സഹകരണ സംഘങ്ങൾ സ്ഥാപിക്കുകയും അതോടനുബന്ധിച്ചുള്ള വിപണനശാലകളിൽ യുവതീ യുവാക്കൾക്ക് തൊഴിൽ നൽകാനും കഴിയും.

ആടുവളർത്തൽ വ്യാപകമല്ലാത്തതിനാൽ ആട്ടിറച്ചിക്ക് ദൗർലഭ്യം അനുഭവപ്പെടുകയും ഉയർന്ന് വില കാരണം സാധാരണക്കാർക്ക് അന്യമാവുകയും ചെയ്യുന്നു. പന്നിയിറച്ചി വിപണനം നടക്കുന്നില്ല.

അലഞ്ഞു തിരിയുന്ന പട്ടികൾ പഞ്ചായത്തിൽ എല്ലാ പ്രദേശത്തും വ്യാപകമായിട്ടുണ്ട്. പട്ടികളെ കെട്ടിയിട്ട് വളർത്തുന്ന സമ്പ്രദായം ചുരുക്കമാണ്. അലഞ്ഞുതിരിയുന്ന പട്ടികൾ ആട്ടിൻകുട്ടികളെയും മറ്റും കടിച്ച് കൊന്ന് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. പേവിഷത്തിനെതിരെയുള്ള വാക്സിനേഷൻ പഞ്ചായത്തിൽ എല്ലാ പ്രദേശത്തും വാർഡു തലത്തിൽ നടത്തിയാൽ മാത്രമേ ഫലപ്രദമാവുകയുള്ളൂ.

**പേവിഷത്തിനെതിരായും വാക്സിനേഷൻ സംബന്ധിച്ച വിവരം - 1996**

| പ്രതിരോധ കുത്തിവെയ്പ്പ് നടത്തിയവയുടെ എണ്ണം | |
|---|---|
| പട്ടികൾ | 206 |

പഞ്ചായത്തിൽ ആയിരക്കണക്കിന് പട്ടികളുണ്ടെങ്കിലും നാമമാത്രമായേ പട്ടികളെ പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കുന്നുള്ളൂ എന്ന് പട്ടിക പരിശോധിച്ചാൽ മനസിലാകും.

**പ്രശ്നങ്ങൾ**

1.അനേക വർഷങ്ങളായി പല സ്കിമുകളിലായി ധാരാളം ലോൺ നൽകിയിട്ടുണ്ടെങ്കിലും അത് ഒന്നും തന്നെ ഫലപ്രദമായി ഉപയോഗപ്പെടുത്തിയതായി കാണുന്നില്ല.

2.കാലിത്തീറ്റയുടെ അമിതമായ വിലക്കയറ്റം

3.ഐ.സി.ഡി.പി സെന്ററുകളും ക്യാമ്പ് ഡിസ്പെൻസറികളും എല്ലാ വാർഡിലും നിലവിലില്ല. ഐ.സി.ഡി.പി.സെന്ററുകൾ ഉച്ചവരെ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ.

4.കന്നുകാലികൾ മരിക്കുമ്പോൾ നഷ്ടപരിഹാരം ലഭിക്കുന്നില്ല.

5.കർണാടകത്തിൽ നിന്നും കൊണ്ടുവരുന്ന കാലി

കൾ രോഗം പരത്തുന്നു. വളരെ ക്രൂരമായ രീതിയിൽ, എഴുന്നേൽക്കാനോ അനങ്ങാൻ പോലുമോ കഴിയാത്ത വിധത്തിൽ ലോറികളിൽ കയറ്റിയും, അവശനിലയി ലായതിനെയും മുറിവേറ്റതിനേയും ക്രൂരമായി മർദിച്ച് റോഡിലൂടെ നടത്തിക്കൊണ്ടു പോകുന്നു.

6.കന്നുകുട്ടികൾക്ക് ശാസ്ത്രീയ പരിചരണം ലഭി ക്കുന്നില്ല

7.എല്ലാ രോഗങ്ങൾക്കും മരുന്ന് ആശുപത്രിയിൽ നിന്നും നൽകുന്നില്ല.

8.മൃഗാശുപത്രിക്ക് സ്വന്തം കെട്ടിടവും ലബോറട്ട റിയും ഫോൺസൗകര്യവും ഇല്ല.

9.പഞ്ചായത്തിൽ ആട് വളർത്തൽ കൃഷി വ്യാപക മല്ല.

10.പട്ടികൾ യഥേഷ്ടം അലഞ്ഞുതിരിയുന്നത് പേപ്പട്ടി ശല്യം ഉണ്ടാക്കുന്നു.

11.അത്യുൽപ്പാദനശേഷിയുള്ള കോഴിക്കുഞ്ഞു ങ്ങളെ ലഭിക്കുന്നില്ല.

12.പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ കോഴി വളർത്തൽ ഇല്ല.

13.കൃത്രിമ ബീജസങ്കലനം ഒന്നിൽ കൂടുതൽ തവണ നടത്തിയാൽ മാത്രമേ ഗർഭധാരണം നടക്കുന്നുള്ളു.

14.പഞ്ചായത്തിൽ പന്നിവളർത്തൽ വ്യാപകമായ തോതിൽ ഇല്ല.

**സാധ്യതകൾ - നിർദേശങ്ങൾ**

1.പഞ്ചായത്ത് തലത്തിൽ ഒരു സമിതി രൂപീകരിച്ച് ലോൺ ഉപയോഗിച്ച് വാങ്ങുന്ന പശുക്കൾക്ക് യഥാർത്ഥ ഗുണനിലവാരം ഉള്ളവയാണെന്ന് ഉറപ്പു വരുത്തിയശേഷം ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുക.

2. ഗുണനിലവാരമുള്ള കാലിത്തീറ്റ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിന് പ്രദേശികമായി ലഭിക്കുന്ന ചക്കക്കുരു, കശുമാങ്ങ, മരച്ചീനി പിണ്ണാക്ക് തുടങ്ങി യവ ശേഖരിച്ച് ചെറുകിട കാലിത്തീറ്റ യൂണിറ്റ് ആരം ഭിക്കാം.

2.തരിശു ഭൂമികളിലും തെങ്ങിൻ തോപ്പിലും പഴശ്ശി ജലസേചന പദ്ധതിയുടെ അക്വയർ ചെയ്തതും വെള്ളം കയറാത്തതുമായ സ്ഥലങ്ങളിൽ തീറ്റപ്പുല്ല് കൃഷി നടത്താം. കാലവർഷാരംഭത്തിൽ തന്നെ മുഴുവൻ കർഷ കർക്കും വിത്തും വളവും സൗജന്യമായി വിതരണം നടത്തുക.

3.ഐ.സി.ഡി.പി സെന്ററോ, ക്യാമ്പ് ഡിസ്പെൻസ റികളോ എല്ലാ വാർഡിലും ആരംഭിക്കുക. ഐ.സി.ഡി.പി.സെന്ററിൽ മുഴുവൻ സമയവും ഉദ്യോ ഗസ്ഥരെ നിയമിക്കുക.

4.കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിന് പഞ്ചാ യത്ത് മുഖേന പ്രീമിയം സബ്സിഡി ഏർപ്പെടുത്തി യാൽ അതുവഴി കൂടുതൽ പശുക്കളെ ഇൻഷ്വർ ചെയ്യാൻ സാധ്യതയുണ്ട്.

5.എസ്.പി.സി.എ സെന്റർ ഇരിട്ടിയിൽ സ്ഥാപിക്കുക

6.പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിയിൽ എല്ലാ കന്നുകുട്ടികളേയും കാലാകാലം ഉൾപ്പെടുത്താ നുള്ള സാധ്യത പരിശോധിക്കണം.

7.ആശുപത്രിക്ക് വികസന സമിതികൾ രൂപീകരി ക്കുക.

8.മൃഗാശുപത്രിക്ക് സ്വന്തം കെട്ടിടവും ലബോറട്ടറി സൗകര്യവും ഏർപ്പെടുത്തുകയും ശസ്ത്രക്രിയയും രോഗ ഗവേഷണത്തിനുമുള്ള സൗകര്യം ഏർപ്പെടു ത്തുകയും ചെയ്യുക.

9.ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതായി വാർഡുകളിലെ കുടുംബങ്ങൾക്ക് സൗജന്യ നിരക്കിൽ ആടുകളെ വിതരണം ചെയ്യുക.

10.പഞ്ചായത്തിലെ മുഴുവൻ പട്ടികളെയും, പേവിഷ നിർമാർജന പരിപാടിയിൽ ഉൾപ്പെടുത്തുകയും കുത്തി വെയ്പ്പ് നടത്തി ലൈസൻസ് നൽകുകയും വേണം. പട്ടിയെ വളർത്തുന്നവർ അവയെ കെട്ടിയിട്ടുതന്നെ വളർത്തുന്നു എന്ന് ഉറപ്പുവരുത്തണം. അലഞ്ഞു തിരി യുന്ന പട്ടികളെ നശിപ്പിക്കണം.

11.അടുക്കള മുറ്റത്ത് കോഴിവളർത്തലിന് ഓരോ വീടിനും അഞ്ച് വീതം കോഴികളെ വിതരണം ചെയ്യുന്ന പദ്ധതി പഞ്ചായത്തുതലത്തിൽ നടപ്പാക്കുക.

12.സഹകരണാടിസ്ഥാനത്തിൽ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായത്തോടെ കോഴി വളർത്തുന്നതിനുള്ള സംവി ധാനം നടപ്പിലാക്കുക.

13.പഞ്ചായത്ത് തലത്തിൽ പ്രത്യേക സ്കീമുകൾ തയാറാക്കി സ്കൂളുകളിൽ വിദ്യാർഥികൾക്ക് കോഴി ക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാവുന്നതാണ്.

14.സ്കൂൾ പൗൾട്രി ക്ലബുകൾ രൂപീകരിക്കുകയും കുട്ടികൾക്ക് വേണ്ടുന്ന പരിശീലനം നൽകുകയും ചെയ്യുക.

15.ശാസ്ത്രീയ രീതിയിലുള്ള തൊഴുത്ത് നിർമിക്കു ന്നതിന് ഉദാര വ്യവസ്ഥയിൽ വായ്പ ലഭ്യമാക്കുക.

16.പഞ്ചായത്ത് തലത്തിൽ നല്ലയിനം കോഴികളുടെ മുട്ടകൾ ശേഖരിച്ച് വിരിയിച്ച് ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ വിതരണം ചെയ്യുക.

17.നിലവിലുള്ള പഞ്ചായത്ത് ആലകളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുക

18.പേ വിഷത്തിന് എതിരെയുള്ള പ്രതിരോധ മരുന്നിന് വേണ്ടി വരുന്ന തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും ലഭ്യമാക്കുക.

19.പഞ്ചായത്തിലെ മൂരിക്കുട്ടികളെ പോത്തിൻകുട്ടികളെ വളർത്തി പഞ്ചായത്തിലേക്ക് ആവശ്യമായ മാംസം വിതരണത്തിനായി ഉപയോഗപ്പെടുത്തണം

20.പഞ്ചായത്തിലെ 8, 11 വാർഡുകളിൽ താറാവിനെ വളർത്താൻ സ്ഥല സൗകര്യങ്ങൾ ധാരാളമുണ്ട്. അത് ഉപയോഗപ്പെടുത്തണം

21.പഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട അഭ്യസ്ത വിദ്യരായ യുവതീ യുവാക്കൾക്ക് കോഴികളിൽ കാണപ്പെടുന്ന പകർച്ച വ്യാധികൾക്ക് എതിരെയുള്ള പ്രതിരോധ കുത്തിവെപ്പിനു വേണ്ടിയുള്ള പരിശീലനം നൽകുകയാണെങ്കിൽ ഒരു പരിധി വരെ രോഗം നിയന്ത്രിക്കാവുന്നതാണ്.

22.വനിതാ സഹകരണ സംഘങ്ങൾ മുഖേന ചെറിയതോതിലുള്ള ഇറച്ചിക്കോഴി വളർത്തുകേന്ദ്രങ്ങൾ പഞ്ചായത്തുതലത്തിൽ ഉണ്ടാക്കാവുന്നതാണ്.

23.മേഖലാടിസ്ഥാനത്തിൽ വന്ധ്യതാ നിവാരണത്തിന് ക്ലിനിക്ക് ആധുനിക സംവിധാനത്തോടെ സ്ഥാപിക്കുകയാണെങ്കിൽ മൃഗങ്ങളിൽ കണ്ടുവരുന്ന വന്ധ്യത ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും.

24.മൃഗ പരിപാലന രംഗത്ത് ഇന്ന് അനുഭവിക്കുന്ന പല പ്രധാന പ്രശ്നങ്ങൾക്കും കാരണം ഈ രംഗത്ത് ജനങ്ങൾ അനുവർത്തിക്കുന്ന അശാസ്ത്രീയ പരിചരണമുറകളാണ്. ഇതിനൊരു പരിഹാരം എന്ന നിലയിൽ മൃഗസംരക്ഷണരംഗത്ത് ഇന്നുള്ള നൂതന സങ്കേതങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി മൃഗാശുപത്രിയോട് അനുബന്ധിച്ച് ഒരു ലൈബ്രറിയും സെമിനാർ ഹാളും തുടങ്ങണം.

25.ഇന്ന് പഞ്ചായത്തിലുള്ള ഏക എഗ്ഗർ നേഴ്സറി പോലെയുള്ള ഒന്നോ, രണ്ടോ, സ്ഥാപിക്കുകയാണെങ്കിൽ പഞ്ചായത്തിലേക്ക് ആവശ്യമായ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ കഴിയും.

26.പഞ്ചായത്തിൽ ഇരുപതിലേറെ ഹോട്ടലുകൾ ഉണ്ട്. ഇവയിൽ നിന്നുള്ള അവശിഷ്ടങ്ങൾ പരിസരമലിനീകരണത്തിന് കാരണമായി തീരുന്നു. എന്നാൽ ഈ അവശിഷ്ടങ്ങൾ പന്നിവളർത്തലിനായി ഉപയോഗപ്പെടുത്തുകയാണെങ്കിൽ മലികരണം ഒരു അളവോളം കുറയ്ക്കുവാനും പഞ്ചായത്തിലെ മാംസ ലഭ്യത കൂട്ടുവാനും കഴിയും.

27.ഇന്ന് സർവകലാശാലയിൽ മൃഗഗവേഷണരംഗത്ത് ഉരുത്തിരിയുന്ന നിർദേശങ്ങളും ഗവേഷണ ഫലങ്ങളും ജനങ്ങളിലേക്ക് എത്തിക്കുന്നില്ല. അതുകൊണ്ട് വിജ്ഞാന വ്യാപനത്തിന് ആവശ്യമായ സൗകര്യം മൃഗാശുപത്രിയിൽ ഏർപ്പെടുത്തുക.

## മത്സ്യബന്ധനം

പഞ്ചായത്ത് അതിർത്തിയായി ഒഴുകുന്ന വളപട്ടണം പുഴയും അനേകം ചെറുതും വലുതുമായ തോടുകളും പഞ്ചായത്ത് പ്രദേശത്തുണ്ട്. ഉപജീവന മാർഗമായി മത്സ്യബന്ധനം തൊഴിലാക്കിയവർ തീരെയില്ല. ചൂണ്ടകൾ വീശുവല, കോരുവല എന്നിവയുപയോഗിച്ച് സ്വന്തം ആവശ്യത്തിന് മീൻ പിടിക്കുന്ന രീതി ചെറിയതോതിൽ ഉണ്ട്. എല്ലാകാലത്തും ഇത് കണ്ടുവരുന്നില്ല. കാലവർഷാരംഭം പോലുള്ള സമയങ്ങളിൽ മത്സ്യം ധാരാളം ഉണ്ടാകുന്ന സമയങ്ങളിൽ ഈ രീതിയിൽ മത്സ്യം പിടിക്കാറുണ്ട്. പഴശ്ശി ജലസംഭരണിയിൽ വെള്ളം നിറയുമ്പോൾ അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന നാടോടികൾ വല ഉപയോഗിച്ച് വളപട്ടണം പുഴയിൽ നിന്നും മീൻ പിടിക്കാറുണ്ട്. ഇതിനായി അവർ സ്വയം നിർമിക്കുന്ന വട്ടത്തോണിയും ഉപയോഗിക്കുന്നു. ചേറുമീൻ, പട്ടേൽ, കൂര്, പ്രാച്ചി കയിച്ചൽ, മലഞ്ഞിൽ, ആരൽ, കടുങ്ങാലി, കൊയല, കൊളോൻ, ചെമ്പല്ലി എന്നിവയാണ് സാധാരണയായി കണ്ടുവരാറുള്ള മത്സ്യങ്ങൾ. മത്സ്യങ്ങളെ ഇരിട്ടി പട്ടണത്തിലും പരിസര പ്രദേശത്തും അവർ നേരിട്ട് വിപണനം നടത്തുന്നു. പുഴയിലെ മത്സ്യങ്ങൾക്ക് ചില പ്രത്യേകകാലങ്ങളിൽ മാരകരോഗം കാണാറുണ്ട്. ഇത് മത്സ്യസമ്പത്ത് നശിക്കാൻ കാരണമാകുന്നു. കൂടാതെ പുഴയിൽ വ്യാപകമായ തോട്ടയിടൽ നടക്കുന്നതിനാലും മത്സ്യത്തിന്റെ വംശനാശം സംഭവിക്കുന്നു. അന്യപ്രദേശങ്ങളിൽ നിന്നും കൊണ്ടുവരുന്ന കടൽ മത്സ്യങ്ങളാണ് പഞ്ചായത്തിൽ ദൈനംദിനം വിൽപന നടക്കുന്നത്. ദിവസവും ലോറിയിൽ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഇങ്ങനെ മത്സ്യം എത്തിച്ച് വിപണനം നടക്കുന്നുണ്ട്. തലച്ചുമടായി വീടുകളിൽ എത്തിച്ച് വിപണനം നടത്തുന്ന സമ്പ്രദായവും ഉണ്ട്. എന്നാൽ പഞ്ചായത്തിനകത്ത് ഒറ്റ മത്സ്യമാർക്കറ്റും ഇല്ല.

### മത്സ്യകൃഷി

കീഴൂർ ചാവശേരി പഞ്ചായത്തിലെ എട്ടും, പതിനൊന്നും വാർഡുകളിൽ പഴശ്ശി ജലസേചന വകുപ്പിന്റെ സ്ഥലങ്ങളിൽ കണ്ണൂർ മാപ്പിളബേ മത്സ്യ കർഷക വികസന ഏജൻസിയുടെ സാങ്കേതിക സഹായത്തോടെ നാലു ഗ്രൂപ്പുകൾ മത്സ്യകൃഷി നടത്തിവരുന്നു. സംഘത്തിന് ജലസേചന വകുപ്പ് അഞ്ച് വർഷത്തേക്ക് സബ്ലീസ് കൊടുത്തിട്ടുണ്ട്. പതിനൊന്നാം വാർഡിൽ കുഞ്ഞിന്താർ വയലിൽ പത്ത് ഏക്കർ

സ്ഥലത്തും അതേ വാർഡിൽ ചെറുവോട് വയലിൽ പത്ത് ഏക്കർ സ്ഥലത്തും. എട്ടാം വാർഡിൽ വള്ള്യാട് വയലിൽ പത്ത് ഏക്കർ സ്ഥലത്തുമായി ആകെ മുപ്പത് ഏക്കർ സ്ഥലത്ത് ഇപ്പോൾ മത്സ്യകൃഷി നടത്തുന്നുണ്ട്. ആകെയുള്ള മുപ്പത് ഏക്കറിൽ പത്ത് പട്ടികജാതിക്കാർ അടങ്ങിയ ഗ്രൂപ്പും, മറ്റൊരു പത്ത് പട്ടികവർഗക്കാർ അടങ്ങിയ ഗ്രൂപ്പുമാണ് നടത്തുന്നത്. മത്സ്യക്കുഞ്ഞുങ്ങൾക്ക് തീറ്റകൊടുക്കലും മറ്റു പരിപാലനവും ഗ്രൂപ്പ് അംഗങ്ങൾ കൂട്ടമായി നല്ല രീതിയിൽ ചെയ്തു വരുന്നു. കറ്റ്ല, ശോഹു, മുഗാൾ, സൈപ്രീനസ് എന്നീ ഇനം മത്സ്യങ്ങളാണ് ഇപ്പോൾ ഉള്ളത്. ഈ ഗ്രൂപ്പുകാർ നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ടെങ്കിലും വളരെ താത്പര്യത്തോടെ മത്സ്യകൃഷി ചെയ്യുന്ന കാഴ്ച ആരെയും അത്ഭുതപ്പെടുത്തും.

**സാധ്യതകൾ:**

1.പഞ്ചായത്തിലെ രണ്ട് വാർഡുകളിൽ മത്സ്യകൃഷി നടത്താൻ സ്ഥലങ്ങൾ ധാരാളം ഉണ്ട്. അത്തരം സ്ഥലങ്ങൾ ഉപയോഗപ്പെടുത്തുക.

2.കോഴി വളർത്തൽ മത്സ്യകൃഷിയോടനുബന്ധിച്ച് തുടങ്ങിയാൽ മത്സ്യകുഞ്ഞുങ്ങൾക്ക് തീറ്റക്കുള്ള വിഭവം ലഭ്യമാകും.

3.പഴശ്ശി ജലസേചന പദ്ധതിയുടെ ജലസംഭരണികളിൽ ധാരാളം സ്ഥലങ്ങളിൽ മത്സ്യകൃഷി നടത്താനുള്ള സാധ്യതയുണ്ട്.

**നേരിടുന്ന പ്രശ്നങ്ങൾ:**

1.ജലചേനവകുപ്പ് ഏജൻസികൾക്ക് എൻ.ഒ.സി. കൊടുക്കാത്തതിനാൽ സബ് ലീസ് പൂർത്തീകരിച്ചിട്ടില്ല.

2.ലീസ് അനുവദിക്കാനുള്ള സഹായം സർക്കാർ തലത്തിൽ ചെയ്യുക. 3.കൃഷിചെയ്യുന്ന വയലിൽ ഒക്ടോബർ മാസം തന്നെ വെള്ളം കെട്ടി നിർത്താനുള്ള സംവിധാനം ഉണ്ടാക്കുക.


4.ഓരോ ഗ്രൂപ്പിന് ചെയ്ത പ്രവർത്തനം നോക്കി അതിന് അനുസൃതമായ സബ്സിഡി അനുവദിക്കുക.

5.മത്സ്യതീറ്റയുടെ സബ്സിഡി വർധിപ്പിക്കുക

6.മാസത്തിൽ ഒരു തവണ എങ്കിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മത്സ്യകൃഷി ചെയ്യുന്ന സ്ഥലം സന്ദർശിച്ച് കാര്യക്ഷമത ഉറപ്പ് വരുത്തുക.

7.മത്സ്യക്കുഞ്ഞുങ്ങൾക്ക് കണ്ടുവരുന്ന വിവിധതരം രോഗങ്ങൾ ഇല്ലായ്മ ചെയ്യുന്നതിന് വേണ്ട പ്രതിരോധ മാർഗങ്ങൾ അവലംബിക്കുക. □

കീഴൂർ - ചാവശ്ശേരി ഗ്രാമ പഞ്ചായത്ത്



# വ്യവസായം


നമ്മുടെ പഞ്ചായത്തിലെ മൊത്തം തൊഴിൽ മേഖല പരിശോധിച്ചാൽ വ്യവസായ മേഖലയുടെ അവസ്ഥ വളരെ മോശമാണ്. പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ വൻകിട വ്യവസായങ്ങൾ ഒന്നുതന്നെ ഇല്ല. ചെറുകിട വ്യവസായത്തിന്റെ കാര്യത്തിലും കാര്യമായ മുന്നേറ്റം ഉണ്ടായിട്ടില്ല. 1991-ലെ സെൻസസ് പ്രകാരം 9725 വരുന്ന തൊഴിൽസേനയുടെ 10% മാത്രമാണ് വ്യവസായമേഖലയിൽ പണിയെടുക്കുന്നത്. (രേഖാചിത്രം 1)

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽതന്നെ കൈത്തറി, കള്ള്ചെത്ത്, അവൽഇടി, എണ്ണയാട്ട് തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളും മൺപാത്ര നിർമ്മാണം, ഓലക്കുട, പായ, കുട്ട, മുറം തുടങ്ങിയവ നിർമ്മിക്കുന്ന കുടിൽവ്യവസായങ്ങളും നിലനിന്നിരുന്നു. യന്ത്രവത്കരണത്തോടുകൂടി അവൽ ഇടിപോലുള്ള പരമ്പരാഗത വ്യവസായങ്ങൾ പൂർണ്ണമായും നശിക്കുകയും കൈത്തറി, മൺപാത്രനിർമ്മാണം തുടങ്ങിയവ രൂക്ഷമായ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. ദശാബ്ദങ്ങൾക്ക് മുമ്പുതന്നെ നമ്മുടെ പഞ്ചായത്തിൽ കല്ലുകൊത്ത് നില നിന്നിരുന്നുവെങ്കിലും വ്യാവസായികാടിസ്ഥാനത്തിൽ വികസിച്ചത് പതിനഞ്ച് വർഷങ്ങൾക്കിപ്പുറമാണ്. കരിങ്കൽ വ്യവസായത്തിന്റെ ചരിത്രവും ഇതുതന്നെയാണ്. ഇന്ന് ഈ പഞ്ചായത്തിലെ തൊഴിൽ ശക്തിയുടെ ഗണ്യമായ വിഭാഗം പണിയെടുക്കുന്ന വ്യവസായമായി ചെങ്കൽ-കരിങ്കൽ വ്യവസായം വളർന്നിരിക്കുന്നു. ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ എണ്ണത്തിന്റെ പകുതിയോളം പേർക്കുകൂടി ഗതാഗതം, കയറ്റിറക്ക്, വിന്പന ഏജന്റുമാർ എന്നീ നിലകളിൽ പരോക്ഷമായി തൊഴിൽ ലഭിക്കുന്നുണ്ട്.


'70കളിൽ ഉണ്ടായ ഗൾഫ് പണത്തിന്റെ സ്വാധീനം വൻതോതിലുള്ള കെട്ടിടനിർമാണ പ്രവർത്തികൾ ആരംഭിക്കാൻ ഇടയായി. ഇതിന്റെ ഫലമായി കെട്ടിട നിർമാണ സാമഗ്രികൾ, ഫർണിച്ചർ യൂണിറ്റുകൾ, എന്നിവ വ്യാപകമായി വളർന്നുവന്നു. ഷാപ്പുകൾ വഴിയുള്ള ഉപഭോഗത്തിനുമാത്രമാണ് നമ്മുടെ പഞ്ചായത്തിൽ കള്ള് ഉത്പാദിപ്പിക്കപ്പെടുന്നത്. മുമ്പ് 'ചക്കരച്ചെത്ത്' ആയിരുന്ന നിലവിലിരുന്നത്. കള്ള് അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന വ്യവസായം ഒന്നുംതന്നെ ഇവിടെയില്ല.

കീഴൂർ-ചാവശ്ശേരി ഗ്രാമപഞ്ചായത്തിലെ

രേഖാചിത്രം – 1




രേഖാചിത്രം – 2



ചെറുകിട വ്യവസായങ്ങളുടെ വിവരം.

(പട്ടിക-1)

ചെറുകിട വ്യവസായ മേഖലയുടെ അസംഘടിത സ്വഭാവം വേതനനിരക്കിൽ ഗണ്യമായ അന്തരത്തിന് കാരണമായിട്ടുണ്ട്. ഒരേ തൊഴിൽ ചെയ്യുന്നവരിൽ തന്നെ ലിംഗവ്യത്യാസം മാനദണ്ഡമാക്കി വേതന വിവേചനം നിലനിൽക്കുന്നു. മാത്രമല്ല പഞ്ചായത്തിന്റെ വ്യത്യസ്ത പ്രദേശങ്ങളിൽ വേതന നിരക്കിൽ ഏറ്റകുറച്ചിലും അനുഭവപ്പെടുന്നു.

പഞ്ചായത്തിലെ പരമ്പരാഗത കുടിൽ വ്യവസായങ്ങളുടെ വിവരം.

(പട്ടിക-2)

സഹകരണ മേഖലയിലെയും ഡി.ഡബ്ല്യു.സി.ആർ.എ.യിലെയും ചെറുകിട വ്യവസായ സ്ഥാപനങ്ങൾ.

(പട്ടിക-3)

കുടിൽ വ്യവസായമായ മൺപാത്ര നിർമ്മാണവും പനമ്പുനെയ്തും പുതുതായി ഈ രംഗത്തേക്ക് ആളുകൾ കടന്നുവരാത്തതുകാരണം പ്രതിസന്ധിയെ നേരിടുന്നു. നമ്മുടെ പഞ്ചായത്തിൽ വ്യവസായ രംഗത്ത് സഹകരണ മേഖലയുടെ സ്വാധീനം തീരെയില്ല. ഏക വ്യവസായ സഹകരണ സംഘമായ ഇരിട്ടി യന്ത്രവത്കൃത ചകിരി വ്യവസായ യൂണിറ്റ് വൈദ്യുതി ലഭിക്കാത്തതിനാൽ ഉദ്പാദനം തുടങ്ങിയിട്ടില്ല.

## വ്യവസായ മേഖലയിലെ വനിതാ പങ്കാളിത്തം

നമ്മുടെ പഞ്ചായത്തിൽ തൊഴിൽ എടുക്കുന്നവരുടെ എണ്ണത്തിൽ 25 % മാത്രമാണ് സ്ത്രീകളുള്ളത്. ഇതിൽ സ്ത്രീ-പുരുഷ അനുപാതം 1:4 ആണ്. എന്നാൽ, വ്യവസായ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം 11% മാണെന്ന് കാണാം. കാർഷികരംഗത്തു പണിയെടുക്കുന്ന സ്ത്രീകൾ കുറഞ്ഞ കൂലനിരക്കും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും കാരണം കെട്ടിട നിർമ്മാണത്തിലേക്കും ചെങ്കൽ വ്യവസായത്തിലേക്കും വ്യാപകമായി കടന്നുവരുന്നു.

വ്യവസായ മേഖലയിൽ വനിതകളും പുരുഷന്മാരും

(രേഖാ ചിത്രം -2)

പഞ്ചായത്തിലെ വ്യവസായ സ്ഥാപനങ്ങളിലെ നിലവിലുള്ള പ്രശ്നങ്ങൾ

(പട്ടിക -4)

നിലവിലുള്ള വ്യവസായ സ്ഥാപനങ്ങൾ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, വിദഗ്ദ തൊഴിലാളികളുടെ അഭാവം പരിസ്ഥിതി പ്രശ്നം എന്നിവയാണ് അനുഭവിക്കുന്നതെങ്കിൽ ഇംപീരിയിൽ വുഡ് ഇൻഡസ്ട്രീസ് നരയമ്പാറ മാനേജ്മെന്റിന്റെ കെടുകാര്യസ്ഥതമൂലം പൂട്ടിക്കിടക്കുന്നു. നാനൂതിലധികം തൊഴിലാളികൾ ജോലി ചെയ്തിരുന്നു. നല്ല രീതിയിൽ പ്രവർത്തിച്ച ഈ സ്ഥാപനത്തിന്റെ നിർജ്ജീവത തൊഴിൽമേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

ഗ്രാമസഭയിൽ ഉയർന്ന പ്രശ്നങ്ങൾ സാധ്യതകൾ

1. പുതിയ വൈദ്യുതി കണക്ഷനുകൾ ലഭിക്കുന്നില്ല. വോൾട്ടേജ് കുറവും ലോഡ് ഷെഡിംഗും.

2. വ്യവസായ സംരഭങ്ങൾക്ക് ആവശ്യമായ ലൈസൻസുകൾ ലഭിക്കാൻ താമസം നേരിടുന്നു.

3. പുതുതായി കടന്നുവരുന്നവർക്ക് പരിശീലനം ലഭിക്കാനുള്ള സൗകര്യമില്ല.

4. സംരംഭകർക്കാവശ്യമായ നിർദ്ദേശങ്ങളും സ്ഥിതിവിവരകണക്കുകളും ലഭിക്കുന്നില്ല.

5. ധനകാര്യ സ്ഥാപനങ്ങളുടെ സഹായം യഥാസമയം ലഭിക്കുന്നില്ല.

6. മുഖ്യ കാർഷികോന്നമായ കശുവണ്ടി, തേങ്ങ, റബ്ബർ, പഴവർഗ്ഗങ്ങൾ എന്നിവ വ്യവസായ രംഗത്ത് ഉപയോഗപ്പെടുത്തുന്നില്ല.

സാധ്യതകൾ:

1. ജലസേചന വകുപ്പിന്റെ കീഴിലുള്ള ചാവശ്ശേരി പറമ്പിൽ വ്യവസായ എസ്റ്റേറ്റിന് സാധ്യത.

2. വ്യവസായ വികസന സമിതിയുടെ രൂപീകരണം.

3. വനിതാ ഗാർമെന്റ്സിന്റെ ചെറുകിട വ്യവസായ യൂണിറ്റുകളുടെ സമൂഹം സ്ഥാപിക്കുക.

4. കുട നിർമ്മാണവും ഗോതമ്പ് പൊടി നിർമ്മാണ-വിതരണ യൂണിറ്റ്.

കാർഷികോല്പന്നങ്ങൾക്ക് അനുയോജ്യമായ വ്യവസായ പദ്ധതികളുടെ സാധ്യത

(പട്ടിക-5)

47

## പട്ടിക -1

| ക്രമ നമ്പർ | ഇനം | യൂണിറ്റുകളുടെ എണ്ണം |
|---|---|---|
| 1. | മരം/പ്ലൈവുഡ് വ്യവസായം | 11 |
| 2. | സ്റ്റോൺ ക്രഷർ, ഹോളോബ്രിക്സ് | 4 |
| 3. | റൈസ് ഫ്ളവർ ഓയിൽ മിൽ | 9 |
| 4. | അച്ചടി വ്യവസായം | 7 |
| 5. | ഗ്രിൽസ് ഷട്ടർ എഞ്ചിനിയറിംഗ് | 7 |
| 6. | ബേക്കറി നിർമ്മാണം | 11 |
| 7. | മെഴുകുതിരി | 2 |
| 8. | വർക്ക്ഷോപ്പ്/ടയർ റീ-സോളിംഗ് | 21 |
| 9. | സോഡ നിർമ്മാണം | 4 |
| 10. | അപ്പോൾസ്റ്ററി | 5 |
| 11. | സ്പ്രേ പെയിന്റിംഗ് /ബേറ്ററി | 7 |
| 12. | സിമന്റ് കട്ട നിർമ്മാണം | 1 |
| 13. | കുമ്മായ നിർമ്മാണം | 1 |
| 14. | റഡിമെയ്ഡ് ഗാർമെന്റ്സ് | 4 |

## പട്ടിക -2

| നമ്പ്ര് | ഇനം | എണ്ണം |
|---|---|---|
| 1. | കൈത്തറി | 5 |
| 2. | കരിങ്കൽ/ചെങ്കൽ യൂണിറ്റ് | 46 |
| 3. | പനമ്പ് നെയ്ത് | 40 കുടുംബങ്ങൾ |
| 4. | മൺപാത്ര നിർമ്മാണം | 23 കുടുംബങ്ങൾ |
| 5. | കള്ള് ചെത്ത് | - |

## പട്ടിക-3


| നമ്പ്ര് | പേര് | ഉൽപന്നം | മറ്റുവിവരം |
|---|---|---|---|
| 1. | ഇരിട്ടി യന്ത്രവത്കൃത ചകിരി വ്യവസായ സഹകരണസംഘം നടുവനാട് | ഫൈബർ, വളം | വൈദ്യുതി ലഭിക്കാത്തതിനാൽ ഉൽപാദനം തുടങ്ങിയില്ല. |
| 2. | ഡി.ഡബ്ല്യൂ.സി.ആർ.എ. വനിതാ പ്രസ് ഇരിട്ടി | അച്ചടി, ബുക്ക് ബൈന്റിംഗ്. | |

## പട്ടിക -4

| നമ്പ്ര് | ഇനം | നിലവിലിരിക്കുന്ന പ്രശ്നങ്ങൾ |
|---|---|---|
| 1. | മരവ്യവസായം | അസംസ്കൃത വസ്തുകളുടെ (സോഫ്റ്റ് വുഡ്) ദൗർലഭ്യത. |
| 2. | സ്റ്റോൺ ക്രഷർ | പരിസ്ഥിതി പ്രശ്നം. |
| 3. | കരിങ്കൽ ചെങ്കൽ വ്യവസായം | യന്ത്രവത്കരണം, ഇടത്തട്ടുകാരുടെ ചൂഷണം, പരിസ്ഥിതി പ്രശ്നം. |
| 4. | മെഴുകുതിരി | അസംസ്കൃത വസ്തുവിന്റെ ദൗർലഭ്യം. |
| 5. | കൈത്തറി | വിദഗ്ധ തൊഴിലാളികളുടെ അഭാവം, നൂൽ, ചായം, എന്നിവയുടെ വിലക്കയറ്റം, കുറഞ്ഞ കൂലിനിരക്ക്. |
| 6. | പനമ്പ് നെയ്ത് | മുള പനമ്പ് എന്നിവയുടെ ദൗർലഭ്യം, സംഘടിത ശ്രമങ്ങൾ ഇല്ലായ്മ. |
| 7. | മൺപാത്ര നിർമ്മാണം | കളിമണ്ണ്, വെള്ളം, സംഘടിത ശ്രമങ്ങൾ ഇല്ലായ്മ. |

## പട്ടിക-5

| സ്വഭാവം | മേഖല | സാധ്യതകൾ | ഉൽപന്നങ്ങൾ |
|---|---|---|---|
| വൻകിട | സഹകരണം | റബ്ബർ ഫാക്ടറി | ടയർ ഉന്നന്നങ്ങൾ, കുഷ്യനുകൾ, ബഡ്ഡുകൾ |
| | ജോയിന്റ് സ്റ്റോക് കമ്പനി | കോക്കനട്ട് കോംപ്ലക്സ് | റീ റിഫൈൻസ് വെളിച്ചെണ്ണ, പെർഫ്യൂംസ്, ഹെയർ ഓയിൽ, സോൾമെന്റ് എക്സ്ട്രാക്ഷൻ, തേങ്ങപ്പൊടി, ക്രീം, ചോക്കലേറ്റ്, പിണ്ണാക്ക്, കാലി– കോഴി തീറ്റകൾ, ഫർണ്ണിച്ചർ, കയർ മാറ്റ്സ്, ഫൈബർ, ഇളനീർ പാനിയങ്ങൾ. |
| | പാർട്ടണർഷിപ്പ് വ്യവസ്ഥ | ക്രംപ് റബ്ബർ | റബ്ബർ ബാന്റ്, ഗ്ലൗസ്, ബലൂൺ, കളിപ്പാട്ടം, ചെരിപ്പ്, ഓട്ടോ മൊബൈൽ കംപോണന്റ്. |
| ചെറുകിടം | സഹകരണം | കശുവണ്ടി | പരിപ്പ് |
| | സഹകരണം | പഴം സംസ്കരണം (കശുമാങ്ങ, മാങ്ങ, ചക്ക, കൈതച്ചക്ക) | അച്ചാർ, ജാം, സ്ക്വാഷ്, ജല്ലി. |
| | സഹകരണം | പാൽ സംസ്കരണം | ഹലുവ, കേക്ക്, ഐസ്ക്രീ, നെയ്യ്, തൈര്, മസാലമോര്. |
| | സഹകരണം | തീപ്പെട്ടി | |
| | സഹകരണം | സ്പൈസസ് (കുരുമുകളക്, ചുക്ക്, മഞ്ഞൾ) | ഗ്രീൻ പെപ്പർ, വൈറ്റ് പെപ്പർ മുതലായവ |
| | സഹകരണം | കളിമണ്ണ്, പനമ്പ് നെയ്ത് | മൺപാത്ര നിർമ്മാണം, കൊട്ട, വട്ടി മുതലായവ |
| | ഖാദി–ഗ്രാമ വ്യവസായം | നൂൽനൂൽപ്പ്, മറ്റുള്ളവ | |
| കുടിൽ | | മുള, വാഴനാര് | കരകൗശ വസ്തുകൾ. |




# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## ഗതാഗതം

നാടിന്റെ സ്പന്ദനങ്ങൾ വിവിധ പ്രദേശങ്ങളിൽ ധ്രുതഗതിയിൽ എത്തിക്കാനുള്ള നാഡീവ്യൂഹമാണ് ഗതാഗതമെന്ന് പൊതുവെ നമുക്ക് വിവക്ഷിക്കാം. മനുഷ്യശരീരത്തിലെ വിവിധ ഭാഗങ്ങളെ ബന്ധപ്പെടാനും അറിയാനും നാഡീവ്യാഹത്തിനുള്ള പ്രാധാന്യംപോലെ തന്നെ ഗതാഗതത്തിനും സ്ഥാനമുണ്ടെന്ന് കണ്ടറിഞ്ഞ വരാണ് നമ്മുടെ മുൻഗാമികൾ. സാഹസികത നിറഞ്ഞ അവരുടെ അന്വേഷണങ്ങൾ പുതിയ തലമുറയുടെ വളർച്ചയ്ക്ക് ഏറെ സംഭാവനകൾ നല്കിയിട്ടുണ്ട്. ആദ്യകാലങ്ങളിൽ കാളവണ്ടികളിലും തോണികളിലുമായിരുന്നു യാത്ര ചെയ്തിരുന്നത്. മൈലുകളോളം തലച്ചുമടായി സാധനങ്ങൾ കൊണ്ടു പോകുന്നവർക്ക് ആശ്വാസം നല്കിയിരുന്ന 'ചുമടുതാങ്ങികൾ' അടുത്തകാലം വരെ പഞ്ചായത്തിൽ അസ്ഥികൂടങ്ങളായെങ്കിലും നിലനിന്നിരുന്നു. മരവ്യവസായ കേന്ദ്രമായ വളപട്ടണത്തേക്ക് മരംകൊണ്ടു പോകുന്നതിന് പാണ്ടികളായിരുന്നു ആശ്രയമെന്ന് ചരിത്രവസ്തുതകൾ നമുക്ക് മനസ്സിലാക്കിത്തരുന്നു. ഇതിലൂടെ, ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ ഇരിട്ടി, പാണ്ടിക്കാരുടെയും കാളവണ്ടിക്കാരുടെയും കേന്ദ്രമായിരുന്നു എന്ന് പറയാം.


വ്യവസായ പ്രമുഖനായിരുന്ന എ.കെ. കുഞ്ഞിമ്മായൻ ഹാജിയുടെ 'പൊക്കാസ്' കാറും കീഴൂരിടത്തിലെ വാഴുന്നവരുടെ കാറും ആയിരുന്നു നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ കാറുകൾ.

കുടകിലെയും കിഴക്കൻ മലയോര മേഖലയിലെയും കൂപ്പിൽനിന്നും മരവിഭവങ്ങൾ വിദേശങ്ങളിലേക്ക് കയറ്റി അയക്കാൻ 'ഉരു'വിലെത്തിക്കുന്നതിനുവേണ്ടി പഞ്ചായത്തിലെ പുന്നാട് നരയമ്പാറ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് ബലിയപട്ടം ടിമ്പർ ട്രാൻസ്പോർട്ട് കമ്പിനിയും യൂണൈറ്റഡ് ട്രാൻസ്പോർട്ട് കമ്പിനിയും പ്രവർത്തിച്ചിരുന്നു. പഞ്ചായത്തിന്റെ ഗതാഗത ചരിത്രത്തിലെ നാഴികക്കല്ലുകളായിരുന്നു ഇവ.

നമ്മുടെ പഞ്ചായത്തിന്റെ വിരിമാറിലൂടെ കടന്നു പോകുന്ന തലശ്ശേരി – കുടക് റോഡാണ് ഗതാഗത ഭൂപടത്തിലെ പ്രഥമ പാത. നമ്മുടെ പ്രദേശത്തിന്റെ സമഗ്ര പുരോഗതി കൈവരിക്കുന്നതിൽ ഈ റോഡിന്റെ സ്ഥാനം ഒരനുഗ്രഹമാണ്. 1932ൽ നിർമ്മിച്ച ഇരിട്ടി പാലം മുതൽ കളറോഡ് പാലം വരെ നീണ്ടു കിടക്കുന്ന ഈ പാത ടാർ ചെയ്ത് ഗതാഗതം സുഗമമാക്കുന്നത് 1933ലാണ്. കർണ്ണാടക സംസ്ഥാനവുമായി ബന്ധിപ്പിക്കുന്ന ഈ പാത ദേശീയ നിലവാരത്തിലേക്ക് ഉയർത്തപ്പെടേണ്ടതാണെങ്കിലും ഒരു സാധാരണ ജില്ലാ നിലവാരം പോലുമില്ല. അപകടകരമായ വളവുകളും അനുദിനം വളർന്നുകൊണ്ടിരിക്കുന്ന വാഹനങ്ങളും ഈ പാതയുടെ അപകട ഭീഷണി വർധിപ്പിക്കുന്നു. വടക്കേ മലബാറിലെ പുരാതനക്ഷേത്രമായ കൊട്ടിയൂരുമായി ബന്ധിപ്പിക്കുന്ന ഇരിട്ടി–പേരാവൂർ റോഡാണ് നമ്മുടെ പഞ്ചായത്തിലെ ഏക ജില്ലാ റോഡ്. പഴശ്ശി ജലസേചന പദ്ധതിയുടെ 19–ാം മൈൽ പി.ആർ നഗർ റോഡാണ് മറ്റൊന്ന്.

## കീഴൂർ - ചാവശ്ശേരി ഗ്രാമ പഞ്ചായത്ത്


### പ്രധാന റോഡും സ്ഥലവും




രേഖാ ചിത്രം - 1

കീഴൂർ ചാവശ്ശേരി ഗ്രാമപഞ്ചായത്ത്

## രേഖാചിത്രം - 2.




A – പൊതുമരാമത്ത്
B – വിദ്യാഭ്യാസം
C – കുടിവെള്ളം – ആരോഗ്യം
D – തെരുവു വിളക്ക്.

52

## പഞ്ചായത്തിൽ നിലവിലുള്ള റോഡുകളുടെ വിവരം.

പട്ടിക 1

| നമ്പ്ര് | ഉടമസ്ഥത | എണ്ണം | ടാർ ചെയ്തത് കി.മീ. | ടാർ ചെയ്യാത്തത് കി.മീ | ആകെ കി.മീ. |
|---|---|---|---|---|---|
| 1. | പി.ഡബ്ല്യൂ.ഡി/ ഇറിഗേഷൻ | 5 | 26.200 | 4.250 | 30.450 |
| 2. | പഞ്ചായത്ത് | 111 | 15.04 | 89.475 | 104.515 |
| | ആകെ | 116 | 41.240 | 93.725 | 134.965 |

46.65 ച.കി.മീ വിസ്തീർണ്ണമുള്ള പഞ്ചായത്തിന് മൊത്തം 134.965 കി.മീ റോഡുണ്ട്. അതായത് ചതുരശ്ര കിലോമീറ്ററിന് 2.89കി.മി. റോഡുണ്ട് എന്നർത്ഥം റോഡുകളുടെ നീളത്തിന്റെ കാര്യത്തിൽ നമ്മളൊട്ടും പിന്നിലല്ല. എന്നാൽ, ഇവയുടെ ഗുണനിലവാരത്തിന്റെ കാര്യത്തിൽ അഭിമാനിക്കാൻ വകയൊന്നമില്ല.

ജലഗതാഗതത്തിന് പഞ്ചായത്തിൽ പ്രത്യേക സംവിധാനങ്ങൾ ഒന്നുംതന്നെയില്ലെങ്കിലും എടക്കാനം ,വള്ള്യാട്, ഇരിട്ടി, പായം പ്രദേശങ്ങളിലെ ജനങ്ങൾ അന്യസ്ഥലങ്ങളുമായി ബന്ധപ്പെടാൻ കടവുടകളെ ആശ്രയിക്കാറുണട്.

പഞ്ചായത്തിൽ ടാർ ചെയ്ത റോഡുകളുടെ സ്ഥിതി വിവരപ്പട്ടിക.

പട്ടിക – 2

പഞ്ചായത്തിലെ നിലവിലുള്ള റോഡുകളുടെ ഇനം തിരിച്ചുള്ള പട്ടിക.

പട്ടിക 3

1989 മുതൽ '94 വരെ പഞ്ചായത്തിന്റെ പദ്ധതിയുടെ സിംഹഭാഗവും റോഡുകൾക്കും പാലങ്ങൾക്കും കലുങ്കുകൾക്കുമായിരുന്നു ചെലവഴിച്ചത്. ഇതിൽ ജെ.ആർ.വൈ ഫണ്ട് ഇനത്തിൽ 13,33,932 രൂപയും ഉപാധിരഹിത ഫണ്ടിനത്തിൽ 6,00,300 രൂപയും മാത്രം ലഭിച്ചപ്പോൾ 36,95,961 രൂപ റോഡുകൾക്കുവേണ്ടി ചെലവഴിച്ചു.

1995–96ൽ പൊതുമരാമത്തിലും മറ്റു സേവനതുറകളിലും ചെലവഴിച്ച തുക.

രേഖാ ചിത്രം 2

ഗ്രാമസഭയിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ.

പട്ടിക 4

**സാധ്യതകൾ:**

1. ടൂറിസ്റ്റ് കേന്ദ്രമായി വികസിച്ചുവരുന്ന പഴശ്ശി പദ്ധതിയുമായി ബന്ധിപ്പിക്കുന്ന ഇരിട്ടി–എടക്കാനം–പ്രോജക്ട് റോഡ് വികസിപ്പിച്ച് ഗതാഗതയോഗ്യമാക്കിയാൽ ഇരിട്ടിയുടെയും അതുവഴി നമ്മുടെ പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് മുതൽക്കൂട്ടായിരിക്കും.

2. ചാവശ്ശേരി – കൊട്ടാരം റോഡ് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കുകയാണെങ്കിൽ ഇവിടങ്ങളിലെ യാത്രാസൗകര്യം മെച്ചപ്പെടും.

3. പത്തായകോറ – അത്തിക്കോളനി –മീത്തലെ പുന്നാട് – തില്ലങ്കേരി റോഡ് വികസിപ്പിച്ച് ഗതാഗത സൗകര്യം ഏർപ്പെടുത്തിയാൽ തില്ലങ്കേരിയിലേക്കും അതുവഴി തലശ്ശേരിയിലേക്കും ഇരിട്ടിയിൽനിന്ന് ഗണ്യമായ ദൂരം കുറഞ്ഞുകിട്ടും.

3. പുന്നാട് – കാക്കയങ്ങാട് – ആറളം ഫാം റോഡ് വികസിപ്പിക്കുന്നതിലൂടെ സൗകര്യപൂർണമായ യാത്രക്ക് സാധ്യതയാകുന്നു. 4. കീഴൂർ – കൂളിച്ചെമ്പ്ര – പയഞ്ചേരി ബൈപാസും ടി.സി. റോഡ് – പഴയ പാലം – പുതിയ ബസ് സ്റ്റാന്റ് ബൈപാസും ഗതാഗത കുരുക്കിൽ വീർപ്പുമുട്ടുന്ന ഇരിട്ടിക്ക് ആശ്വാസമാണ്.

5. എടക്കാനം, വള്ള്യാട്, ഇരിട്ടി, പായംമുക്ക് ഇവിടങ്ങളിൽ കടവുമാർഗ്ഗമുള്ള ജലഗതാഗതത്തിന് ഏറെ സാധ്യതകൾ കാണുന്നു.

6. ട്രാഫിക് നിയമങ്ങൾ കർശനമായി പാലിക്കുന്നതിലൂടെ ട്രാഫിക് ജാം ഒഴിവാക്കാൻ സാധിക്കും. ട്രാഫിക് ഐലന്റ് സ്ഥാപിക്കുന്നത് ഇതിന് ഏറെ സഹായകരമാണ്.

7. റോഡുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണിയും സന്നദ്ധ സേവനങ്ങളിലൂടെ നടത്താനുള്ള സാധ്യത.

## ഊർജ്ജം

ചാവശ്ശേരിയിൽ സ്ഥിതി ചെയ്യുന്ന 66 കെ.വി. സബ് സ്റ്റേഷനിൽ നിന്നാണ് പഞ്ചായത്തിലേക്കാവശ്യ

മായ വൈദ്യുതി ലഭിക്കുന്നത്. ഇരിട്ടി, മട്ടന്നൂർ എന്നീ രണ്ടു സെക്ഷൻ ഓഫീസുകളാണ് വൈദ്യുതി വിതരണം നടത്തുന്നത്. നമ്മുടെ പഞ്ചായത്തിലെ പതിമൂന്ന് വാർഡുകളിലും വൈദ്യുതി എത്താത്ത പ്രദേശങ്ങൾ ധാരാളമുണ്ട്. 4,158 വൈദ്യത ഉപഭോക്താക്കളിൽ 66% ഗാർഹിക ഉപഭോക്താക്കളാണ്. 32% വ്യാപാര ഉപഭോക്താക്കളും കാർഷിക വ്യാവസായിക ഉപഭോക്താക്കൾ 1% വീതവുമാണ്. കെ.എസ്.ഇ.ബി.യുടെ കണക്കുകൾ പ്രകാരം പഞ്ചായത്തിൽ കണക്ഷൻ നൽകാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം ഓർഡിനറി, ഒ.ടി.പി, ഒ.വൈ.ഇ.സി. വിഭാഗങ്ങളിലായി 249 ആണ്. പഞ്ചായത്തിൽ 25 സോഡിയം വേപ്പർ ലാമ്പും 182 ബൾബുകളും നമ്മുടെ സ്ട്രീറ്റ് ലൈറ്റുകളുടെ പട്ടികയിൽ വരുന്നു. പതിനൊന്ന് പട്ടികജാതി – പട്ടികവർഗ്ഗ കോളനികളിൽ അഞ്ചേണ്ണം മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളൂ.

പഞ്ചായത്തുതലത്തിൽ വൈദ്യുതി വിതരണം ചെയ്യുന്ന എൽ.ടി. ട്രാൻസ്ഫോർമറുകൾ

പട്ടിക 4

പഞ്ചായത്തിൽ 28 ട്രാൻസ്ഫോർമറുകളുണ്ടെങ്കിലും ഉപഭോക്താക്കളിൽ ഭൂരിഭാഗവും വോൾട്ടേജ് ക്ഷാമത്തെ അഭിമുഖീകരിക്കുന്നു. പഴയ ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കുകയും ഇവയുടെ ദൂരം ക്രമീകരിക്കുകയും ചെയ്യുന്നതിലൂടെ ഇത് ഏറെക്കുറെ പരിഹരിക്കാൻ കഴിയും.

പഞ്ചായത്തിലെ ഭൂരിപക്ഷം വീടുകളും പാചകത്തിന് ഉപയോഗിക്കുന്നത് വിറകാണ്. ദക്ഷത കൂടിയ വിറക് അടുപ്പുകൾ ഉപയോഗിക്കുന്ന വീടുകളുടെ എണ്ണം നാമമാത്രമായേ ഉള്ളൂ. ഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി ഇവ ഉപയോഗിച്ച് പാചകം ചെയ്യുന്നവർ 5 ശതമാനത്തിൽ കുറവേ വരൂ. വിറകുക്ഷാമം, വിറകിന്റെ വിലവർധനവ് എന്നിവ ഗൗരവമായ പ്രശ്നങ്ങളാണ്. അതിനാൽ, വിറകിന്റെ ഉപയോഗം പരമാവധി കുറയ്ക്കാനാവശ്യമായ മാർഗ്ഗങ്ങൾ പ്രാവർത്തികമാക്കണം. പരിഷത്തടുപ്പിന്റെ വ്യാപനത്തിലൂടെ പകുതിയിലേറെ വിറക് ലാഭിക്കാൻ കഴിയും.

1995–96 വർഷത്തിൽ പഞ്ചായത്തിൽ വിവിധ റേഷൻ കടകളിലൂടെ വിതരണം ചെയ്ത മണ്ണെണ്ണയുടെ വിവിരം.

പട്ടിക 5

മേൽ പട്ടികയിൽനിന്നും പഞ്ചായത്തിലെ മണ്ണെണ്ണയുടെ ഉപഭോഗത്തിൽ 50%ത്തിനു മുകളിൽ വെളിച്ചത്തിനു വേണ്ടിയാണ് ഉപയോഗിക്കുന്നതെന്ന് കാണാം. ഇതിൽനിന്നും പഞ്ചായത്തിലെ വൈദ്യുതീകരിക്കാത്ത വീടുകളുടെ ബാഹുല്യം വ്യക്തമാകുമല്ലോ. പെർമിറ്റുകൾ വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണയിൽ തുച്ഛമായ കാർഷിക ഉപഭോഗം കുറച്ചാൽ ശിഷ്ഠഭാഗം പാചക ഇന്ധനമായാണ് ഉപയോഗിക്കുന്നത്.

ഗ്രാമസഭയിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ

പട്ടിക 6

**സാധ്യതകൾ**

1. സാധാരണ വിറകടുപ്പുപോയഗിക്കുന്ന മുഴുവൻ വീടുകളും പരിഷത്തടുപ്പ് സ്ഥാപിക്കാനുള്ള കർമ്മ പദ്ധതി. ഇതിനാവശ്യമായ മോൾഡുകൾ കളിമൺ വ്യവസായ യൂണിറ്റുകൾവഴി നിർമ്മിക്കാവുന്നതാണ്. പഞ്ചായത്തിൽ വനിതകളുൾപ്പെടെ 25 പേരെയങ്കിലും അടുപ്പു ഫിറ്റർമാരായി പരിശീലിപ്പിക്കാം.

2. പഞ്ചായത്തലി ഉച്ചക്കഞ്ഞി വിതരണം ചെയ്യുന്ന 14 സ്കൂളുകളിലും കമ്മ്യൂണിറ്റി അടുപ്പുകൾ സ്ഥാപിക്കണം.

3. നാലോ അഞ്ചോ കന്നുകാലികളുള്ള വീടുകളിൽ ബയോഗ്യാസ് ഉന്പാദിപ്പിക്കൽ.

4. സൗരോർജ്ജവിളക്കുകൾ, ദക്ഷത കൂടിയ വൈദ്യുതോപകരണങ്ങൾ, പ്രഷർകുക്കറുകൾ, കച്ചിപ്പെട്ടി എന്നിവയുടെ സാധ്യത.

5. സമഗ്ര ഊർജ്ജാസൂത്രണ പദ്ധതി നടപ്പിലാക്കൽ.

6. വൈദ്യുത വിതരണം ത്വരിതപ്പെടുത്തൽ.

7. മന്ദ്യലം പാലത്തിനു സമീപമുള്ള കോമത്ത്കുണ്ടിൽ ചെറുകിട ജലവൈദ്യുത പദ്ധതിക്ക് സാധ്യത.

# പട്ടിക 2

| നമ്പ്ര് | വാർഡ് | പേര് | ഉടമസ്ഥത | നീളം കി.മീ | വീതി മീ | ബസ് ഗതാഗതം |
|---|---|---|---|---|---|---|
| 1. | – | തലശ്ശേരി-കുടക് | പി.ഡബ്ല്യൂ.ഡി | 13.000 | 13 | ഉണ്ട് |
| 2. | XII-XIII | ഇരിട്ടി-പേരാവൂർ | „ | 2.900 | 13 | ഉണ്ട് |
| 3. | VII | ഉളിയിൽ-കൂട്ടിമാവിൻ കീഴിൽ | „ | 0.300 | 6 | ഉണ്ട് |
| 4. | V | ഉളിയിൽ-ശിവപുരം | „ | 3.000 | 8 | ഉണ്ട് |
| 5. | IV | ചാവശ്ശേരി – നടുവനാട് | പഞ്ചായത്ത് | 1.000 | 4 | ഇല്ല |
| 6. | II | ചാവശ്ശേരി-ഹരിജൻ | „ | 1.000 | 6 | ഇല്ല |
| 7. | IV | വളോര-മോച്ചേരി | „ | 1.000 | 4 | ഇല്ല |
| 8. | V | നടുവനാട്-കാളന്തോട് | „ | 1.250 | 8 | ഉണ്ട്. |
| 9. | VII | ഉളിയിൽ-പിടിക്കവ്വാൽ | „ | 1.000 | 6 | ഇല്ല. |
| 10. | IX, X | പുന്നാട്-കാക്കയങ്ങാട് | „ | 4.000 | 8 | ഉണ്ട്. |
| 11. | VIII | കീഴൂർ തെരു – എടക്കാനം | „ | 1.000 | 5 | ഇല്ല |
| 12. | XI | കീഴൂർ-പാലമുക്ക് | „ | 1.000 | 6 | ഇല്ല |
| 13. | XIII, XI | ഇരിട്ടി-എടക്കാനം | „ | 3.000 | 8 | ഇല്ല. |
| 14. | XIII, XI | ഗാന്ധിറോഡ്-കാലുകുന്ന് | „ | 0.260 | 3 | ഇല്ല. |
| 15. | II, III | 19-ാം മൈൽ-പഴശ്ശി പദ്ധതി | ഇറിഗേഷൻ | 7.000 | 10 | ഉണ്ട് |
| 16. | IX | പഞ്ചായത്ത് ഓഫീസ് | | 0.30 | 3.5 | |

പട്ടിക 3

## പഞ്ചായത്തിൽ നിലവിലുള്ള റോഡ് പട്ടിക

| ക്രമനമ്പർ | റോഡിന്റെ പേര് | വാർഡ് | നീളം കി.മീ | വീതി മീ. | തരം |
|---|---|---|---|---|---|
| 1. | ഇരിട്ടി എടക്കാനം | | 4.050 | 7.00 | ടാറ് |
| 2. | പയഞ്ചേരി പായം കടവ് | | 0.500 | 2.00 | ചരൽ |
| 3. | ഉളിയിൽ വട്ടക്കയം | | 0.960 | 5.00 | ചരൽ |
| 4. | വട്ടക്കയം ഒളയം | | 1.500 | 4.00 | ചരൽ |
| 5. | വട്ടക്കയം പന്തലങ്ങാടി | | 2.000 | 4.5 | ചരൽ |
| 6. | നരയൻപാറ കല്ലേരിക്കൽ (മുത്തപ്പൻകരി) | | 1.950 | 4.00 | ചരൽ |
| 7. | വളോര മോച്ചേരി | | 2.500 | 4.00 | ടാറ് |
| 8. | നടുവനാട് തലച്ചങ്ങാട് | | 0.800 | 4.00 | ടാറ് |
| 9. | ചാവശ്ശേരി വെളിയമ്പ്ര | | 1.500 | 4.00 | ചരൽ |
| 10. | ചാവശ്ശേരി നടുവനാട് | | 2.500 | 4.00 | ടാറ് |
| 11. | ചാവശ്ശേരി പ്രോജക്ട് | | 3.000 | 8.00 | ചരൽ |
| 12. | മന്ദ്യലം പെരിത്തിൽ | | 3.000 | 8.00 | ചരൽ |
| 13. | ചാവശ്ശേരി കോളാലി ശിവപുരം | | 600 | 4.5 | ചരൽ |
| 14. | കീഴൂർതെരു എടത്താനം | | 2465 | 5 | ടാർ |
| 15. | ഇരിട്ടി ഹൈസ്കൂൾ റോഡ് (ഗാന്ധി റോഡ്) | | 800 | 3.5 | ചരൽ |
| 16. | ഉളിയിൽ എടക്കാനം | | 1020 | 7 | ചരൽ |
| 17. | ഉളിയിൽ കുട്ടിമാവൻകീഴിൽ | | 300 | 6 | ടാർ |
| 18. | പായഞ്ചേരി മീത്തലെ പുന്നാട്(കോറ) | | 2000 | 4 | ചരൽ |
| 19. | കീഴൂർ കളിച്ചെമ്പ | | 1750 | 3 | ചരൽ |
| 20. | ഉളിയിൽ പടിക്കച്ചാൽ | | 1000 | 6 | ടാർ |
| 21. | കീഴൂർ പടിയിൽതാഴെ(ലക്ഷംവീട്) | | 1500 | 4 | ചരൽ |
| 22. | നെടുവനാട് മുണ്ടഞ്ചേരി | | 550 | 3 | ചരൽ |
| 23. | പുന്നാട് നരയംവയൽ നമ്പർ 1 | | 520 | 3 | ചരൽ |
| 24. | പുന്നാട് നരയംവയൽ നമ്പർ 2 | | 1200 | 3 | ചരൽ |
| 25. | കീഴൂർ പാലമുക്ക് | | 1200 | 3 | ചരൽ |
| 26. | സ്വാമിമഠം പടിയിൽതാഴെ | | 400 | 3 | ചരൽ |
| 27. | എടക്കാനം വായനശാല | | 500 | 3 | ചരൽ |
| 28. | ചാവശേരി കുളത്തുംപുറം | | 1200 | 3 | ചരൽ |
| 29. | കാഞ്ഞിരംകരി | | 830 | 5 | ചരൽ |
| 30. | പുന്നാട് കോട്ടോത്ത് കുന്ന് | | 1250 | 3 | ചരൽ |
| 31. | നടുവങ്ങാട് കാളന്തോട് | | 1250 | 5 | ടാർ |
| 32. | ഇടക്കാനം ശിവ ടെമ്പിൾ | | 500 | 3 | ചരൽ |
| 33. | പ്രോജക്ട് റോഡ് കല്ലേറ്റ് പറമ്പ് റോഡ് | | 250 | 3 | ചരൽ |
| 34. | പുന്നാട് പടിഞ്ഞാറേമൂല | | 1500 | 3 | ചരൽ |
| 35. | മയിലാടുംപാറ അത്തിയിൽ | | 2500 | 4 | ചരൽ |
| 36. | മീത്തലെ പുന്നാട് ഇല്ലംമൂല | | 1230 | 4 | ചരൽ |
| 37. | വെള്ളാരപന്നി മൂല | | 230 | 2.5 | ചരൽ |
| 38. | പ്രോജക്ട് കരിയാടി | | 750 | 4 | ചരൽ |
| 39. | എഴുപത്തഞ്ച് മുരിക്ക് അത്തിയിൽ | | 600 | 6 | ചരൽ |
| 40. | പുന്നാട് കോറപ്പാറ | | 470 | 3 | ചരൽ |
| 41. | പുന്നാട് കക്കയങ്ങാട് | | 4000 | 8 | ടാർ |
| 42. | ഉളിയിൽ ശിവപുരം | | 3000 | 8 | ടാർ |
| 43. | ഗാന്ധിറോഡ് കാലുകുന്ന് | | 260 | 3 | ടാർ |
| 44. | ഇരിട്ടി പഴയപാലം | | 125 | 4 | ചരൽ |
| 45. | കുട്ടേങ്കണ്ടം കറുങ്കളം | | 750 | 3 | ചരൽ |
| 46. | നരിക്കണ്ടം നേരമ്പോക്ക് റോഡ് | | 690 | 3 | ചരൽ |
| 47. | ഇരിട്ടി ബസാർ എ.എൽ.പി. സ്കൂൾ റോഡ് | | 510 | 3 | ചരൽ |
| 48. | അള്ളോ പെരിങ്ങാട് വയൽ | | 715 | 4 | ചരൽ |
| 49. | പുന്നാട് പറയങ്ങാട് | | 1250 | 4 | ചരൽ |
| 50. | മുത്തപ്പൻ കരികുളത്തൂർ | | 1380 | 5 | ചരൽ |
| 51. | പുന്നാട് അത്തപ്പുഴ | | 540 | 3 | ചരൽ |
| 52. | പുന്നാട് പഴയനിരത്ത് | | 470 | 4 | ചരൽ |
| 53. | കീഴൂർ ചാലക്കര മടപ്പുര | | 490 | 3 | ചരൽ |
| 54. | എളമ്പ്ര കാരന്തേരി | | 360 | 2.5 | ചരൽ |
| 55. | ആഢില്യം പഴശ്ശി പ്രോജക്ട് | | 770 | 4 | ചരൽ |
| 56. | മണ്ടഞ്ചേരി പഴവഞ്ചാൽ | | 180 | 3 | ചരൽ |

| ക്രമനമ്പർ | റോഡിന്റെ പേര് | വാർഡ് | നീളം കി.മീ | വീതി മീ.. | തരം |
|---|---|---|---|---|---|
| 57. | മണ്ടഞ്ചേരി കാളാന്തോട് | | 180 | 3 | ചരൽ |
| 58. | പടിയിൽതാഴെ നടപ്പുര | | 200 | 3 | ചരൽ |
| 59 | കൂവേരിക്കണ്ടം പാടത്തുപാറ ഹരിജൻകോളനി | | 1215 | 3 | ചരൽ |
| 60. | ചാവശേരി പരിയാരം | | 435 | 3.5 | ചരൽ |
| 61. | പുന്നാട് പാലപ്പറമ്പ് | | 975 | 6 | ചരൽ |
| 62. | ചാവുശേരി ആറാട്ടുപാറ | | 140 | 2 | ചരൽ |
| 63. | ചാവുശേരി കായലൂർ | | 265 | 1.5 | ചരൽ |
| 64. | ആശാരികോട്ടം മണ്ണോറ | | 200 | 1.5 | ചരൽ |
| 65. | പറമ്പിൽ കാഞ്ഞിരം കുറ്റി | | 700 | 5 | ചരൽ |
| 66. | നടുവങ്ങാട് വള്ളങ്ങോട്ട് ഞാർ | | 420 | 3 | ചരൽ |
| 67. | ചാവുശേരി ഹരിജൻ കോളനി | | 1000 | 6 | ടാർ |
| 68. | പെരുന്തറച്ചാൽ പാടിയിൽ | | 1850 | 8 | ചരൽ |
| 69. | ഉളിയിൽ വളവിൽ കല്ലേരിക്കൽ | | 200 | 3 | ചരൽ |
| 70. | പൂവേരിക്കണ്ടം ഹരിജൻ കോളനി | | 500 | 3 | ചരൽ |
| 71. | വട്ടക്കയം സ്കൂൾ റോഡ് | | 100 | 3 | ചരൽ |
| 72. | പയഞ്ചേരി മീത്തലെ പുന്നാട് | | 1000 | 5 | ചരൽ |
| 73. | മീത്തലെ പുന്നാട് പൊതിയോടം | | 620 | 3 | ചരൽ |
| 74. | മീത്തലെ പുന്നാട് ഊർപ്പള്ളി | | 900 | 4 | ചരൽ |
| 75. | നേതാജി സുഭാഷ് റോഡ് | | 1630 | 3.5 | ചരൽ |
| 76. | വായനശാല കല്ലന്തൊടി | | 860 | 3 | ചരൽ |
| 77. | വടഞ്ചേരി മടച്ചാൽ | | 1000 | 3 | ചരൽ |
| 78. | പഴഞ്ചേരി പ്രിയദർശിനി | | 790 | 3 | ചരൽ |
| 79. | ചാവശേരി ചെറുവയൽ | | 100 | 3 | ചരൽ |
| 80. | വള്ള്യാട് ചെറുവോട്ട് റോഡ് | | 750 | 4 | ചരൽ |
| 81. | പഞ്ചായത്ത് ആപ്പീസ് റോഡ് | | 30 | 3.5 | ടാർ |
| 82. | കീഴൂർ ദേവസ്വം ഫുട്പാത്ത് | | 1000 | 2.5 | ചരൽ |
| 83. | ആട്യലം ഇടവഴി | | 1000 | 2.5 | ചരൽ |
| 84. | കാല്കുന്ന്കാട് നേതാജി റോഡ് | | 425 | 4 | ചരൽ |
| 85. | പുന്നാട് എൽ.പി.എസ് ഫുട്പാത്ത് | | 150 | 2 | ചരൽ |
| 86. | വണ്ടിമാവ് മൊട്ടമ്മൽ | | 500 | 3 | ചരൽ |
| 87. | പുന്നാട് ഒ.എൽ.എച്ച്. കോളനി | | 150 | 4 | ചരൽ |
| 88. | കീരിക്കട് കലശപ്പറമ്പ് | | 1500 | 3 | ചരൽ |
| 89. | ബീച്ചുംകൂട്ടം പെരുന്തറച്ചാൽ റോഡ് | | 800 | 4 | ചരൽ |
| 90. | അണ്ടിക്കമ്പനി ആനപ്പാറ മീത്തലെ പുന്നാട് | | 1500 | 4 | ചരൽ |
| 91. | ചാവശ്ശേരി കായല്ലൂര് | | 400 | 4 | ചരൽ |
| 92. | അള്ളോം കീച്ചേരി | | 300 | 4 | ചരൽ |
| 93. | പെരിയത്ത് ചാത്തോത്ത്പടി | | 2430 | 4 | ചരൽ |
| 94. | കൂലോത്ത്കണ്ടി കല്ലിക്കണ്ടി | | 850 | 4 | ചരൽ |
| 95. | പുന്നാട് തൈപറമ്പ് പടത്തുപാറ ഹരിജൻകോളനി | | 550 | 3 | ചരൽ |
| 96 | ചാവശ്ശേരി ചെറുവയൽ | | 300 | 5 | ചരൽ |
| 97. | എടക്കാനം പുഴ റോഡ് | | 700 | 5 | ചരൽ |
| 98. | ഊരോത്തുംകണ്ടി കല്ലിക്കണ്ടി | | 225 | 3 | ചരൽ |
| 99. | കർക്കടകാട്ടിൽ ആട്യലം | | 600 | 4 | ചരൽ |
| 100. | പഞ്ചായത്ത് നേഴ്സറി സ്കൂൾ റോഡ് | | 60 | 3 | ചരൽ |
| 101. | ശ്രീ ദുർഗ്ഗാ റോഡ് | | 650 | 3.5 | ചരൽ |
| 102. | നടുവനാട് കായല്ലൂർ റോഡ് | | 1000 | 4 | ചരൽ |
| 103. | എടക്കാനം കൃസ്ത്യൻ പള്ളി റോഡ് | | 500 | 4 | ചരൽ |
| 104. | ചാവശ്ശേരി മണ്ണോറ ഹരിജൻ കോളനി | | 320 | 4 | ചരൽ |
| 105. | നടുവനാട് ചാവശ്ശേരി കരിയിൽ | | 750 | 4 | ചരൽ |
| 106. | ചാവശ്ശേരി പൊള്ളന്തടം | | 1100 | 3.2 | ചരൽ |
| 107. | പുന്നാട് ലക്ഷം വീട് കോളനി റോഡ് | | 150 | 3 | ചരൽ |
| 108. | നരോമ്പാറ കാറാട് റോഡ് | | 100 | 5 | ചരൽ |
| 109. | ആമക്കുഴി പര്യാരം റോഡ് | | 4060 | 3.6 | ചരൽ |
| 110. | താവിലാകുറ്റി – കുനിക്കരി | | 950 | 3.0 | ചരൽ |
| 111. | പൊള്ളൻതട്ടം ആക്കൽ വയൽ റോഡ് | | 400 | 3.6 | ചരൽ |
| 112. | എടക്കാനം –പഴശ്ശി പദ്ധതി | | 1550 | 8 | ടാർ |
| 113. | ഉളിയിൽ – ശിവപുരം | | 5000 | 8 | ടാർ |
| 114. | 19–ാം മൈൽ – പഴശ്ശി പദ്ധതിറോഡ് | | 7000 | 10 | ടാർ |
| 115. | ഇരിട്ടി പേരാവൂർ | | 2900 | 13 | ടാർ |
| 116. | തലശ്ശേരി – കൂർഗ്ഗ് | | 13000 | 13 | ടാർ |

## പട്ടിക 4
## വാർഡ് XIII

| പുതിയ റോഡുകൾ | വികസിപ്പി ക്കേണ്ടത് | അറ്റകുറ്റപ്പണി നടത്തേണ്ടത് | ടാർ ചെയ്യേണ്ട റോഡുകൾ | ഷെൽട്ടർ | പാലം/സ്ലാബ് | നടപ്പാത |
|---|---|---|---|---|---|---|
| ഇരിട്ടി ശ്രീകൃഷ്ണ ടാക്കീസ് പുതിയ സ്റ്റാന്റ് പയഞ്ചേരിമുക്ക് ഹൈസ്കൂൾ റോഡ് | കീഴൂർ കൂളി ചെമ്പ്ര, പയഞ്ചേരി റോഡ് 24 KM പയഞ്ചേരിമുക്ക് എൽ.പി.സ്കൂൾ റോഡ് പയഞ്ചേരിമുക്ക് മുതൽ ഇരിട്ടി പാലം വരെ നിലവിലുള്ള റോഡ് ഇരട്ട ലയിനാക്കുക. ഫുട്പാത്ത് കെട്ടുക. വേലി കെട്ടുക. ഇരിട്ടി എടക്കാനം റോഡ് പഴയ ബസ് സ്റ്റാന്റ് വിപുലീകരിക്കുക. | പയഞ്ചേരിമുക്ക് ഇരിട്ടി ഹൈസ്കൂൾ റോഡ് ഇരിട്ടി മെയിൻ റോഡ് ഡ്രെയിനേജ് | ഇരിട്ടി ടൗൺ പഴയ പാലം റോഡ് ടാർ ചെയ്യണം | പുതിയ ബസ് സ്റ്റാന്റ് ഡിൽ ഷെൽട്ടർ പയഞ്ചേരിമുക്ക് | ടൗണിൽ ഡ്രെയിനേജിനു മുകളിൽ സ്ലാബ് | KCP XII 61ാം നമ്പർ വീട്ടിൽ താമസിക്കും എ. ലക്ഷ്മി നടപ്പാത കൂളി ചെമ്പ്രയിൽ 25 വീട്ടുകാർക്ക് നടപ്പാത പയഞ്ചേരിമുക്ക് ഇരിട്ടിപാലം വരെ ഫുട്പാത്ത് നിർമ്മാണം കൃസ്ത്യൻപള്ളി ഹൈസ്കൂൾ വഴി |

## വാർഡ് X11

| വികസിപ്പിക്കേണ്ടത് | ടാർ ചെയ്യേണ്ട റോഡുകൾ | ഷെൽട്ടർ | പാലം/സ്ലാബ് |
|---|---|---|---|
| പയഞ്ചേരി, കൂളിചെമ്പ്ര റോഡ്, പായംകടവ് റോഡ് പായംമുക്ക് മൊടച്ചാൽ റോഡ്, വായനശാല നീറ്റുകുണ്ട്. സുഭാഷ് റോഡ് പയഞ്ചേരി വായനശാല കല്ലംതൂടി റോഡ് വികാസ് നഗർ കീഴൂർ റോഡ് (പ്രിയദർശിനി) ഉപ്പാപള്ളി അത്തി റോഡ് വായനശാല അത്തിക്കാട് റോഡ് | ടാർ ചെയ്യേണ്ട റോഡുകൾ മയിലാടുപാറ അത്തി റോഡ് വികാസ് നഗർ, പത്തായ കോറ, മീത്തലെ പുന്നാട് റോഡുകൾ | പയഞ്ചേരി വായനശാല പായംമുക്ക് പത്തായകോറ ജംഗ്ഷൻ | മൊടച്ചാൽ റോഡ് പായംകടവ് റോഡ് വായനശാല കല്ലും തൂടി റോഡ് വായനശാല അത്തിത്തട്ട് റോഡ് പ്രിയദർശനി കീഴൂർ റോഡ് സുഭാഷ് അത്തി റോഡ് സ്ലാബ് പഴഞ്ചേരി കടവിൽ പാലം നിർമിക്കുക. |

## വാർഡ് – X

| പുതിയ റോഡുകൾ | വികസിപ്പിക്കേണ്ടത് | ടാർ ചെയ്യേണ്ട റോഡുകൾ | ഷെൽട്ടർ | പാലം/സ്ലാബ് | നടപ്പാത |
|---|---|---|---|---|---|
| കൂളികുന്ന് – അത്താഴപ്പുറം റോഡ്<br>മീത്തലെ പുന്നാട് മഹാത്മാ ഗാന്ധി കോളജ് റോഡ്<br>ഐത പൊയിൽ പാടൃത്തു മല പൂങ്ങോട് റോഡ്<br>ഐത പൊയിൽ പോതിയോടെ റോഡ്<br>കോട്ടത്തെക്കുന്ന് ചാമ്പോറ മഹാത്മാ ഗാന്ധി കോളജ് റോഡ് | താവിലാക്കുറ്റി – കുനിക്കരി റോഡ് | പുന്നാട് – കാക്കയങ്ങാട് റോഡ് റീ ടാറിംഗ്<br>മീത്തലെ പുന്നാട് മയിലാടുംപാറ റോഡ്<br>പുന്നാട് – കല്ലങ്ങോട് – പയഞ്ചേരി റോഡ്<br>പുന്നാട് തില്ലങ്കേരി റോഡ് | മീത്തലെ പുന്നാട് യു.പി. സ്കൂളിനു സമീപം. | പുന്നാട് കല്ലങ്ങോട് റോഡിൽ കാറളത്തുഞാൺ തോടിനു സമീപം(പീടികമുക്ക്) | കാളെത്തുഞാൽ പീടിക മുതൽ മാഞ്ഞാലാറ ഹരിജൻ കോളനിയിലേക്ക് ഫുട്പാത്ത്<br>ചെലപ്പുരമ്പലം മുക്ക് കൂനിക്കരി റോഡിലേക്ക് തോടരിക് വഴി നടപ്പാത<br>താവിലാക്കുറ്റി – ചമ്പോറ ഭാഗത്തേക്ക് നടപ്പാത. |

## വാർഡ് – IX

| പുതിയ റോഡുകൾ | വികസിപ്പിക്കേണ്ടത് | അറ്റകുറ്റപ്പണി നടത്തേണ്ടത് | ടാർ ചെയ്യേണ്ട റോഡുകൾ | ഷെൽട്ടർ | പാലം/സ്ലാബ് | നടപ്പാത |
|---|---|---|---|---|---|---|
| പുന്നാട് പടിഞ്ഞാറെ മൂല – തട്ട് പറമ്പ് റോഡ്<br>പുന്നാട് പള്ളി – വയൽ പാലാപറമ്പ് റോഡ്<br>പഞ്ചായത്ത് കിണർ – പാലാപറമ്പ് റോഡ്<br>പുതുക്കുടിഞാൽ – എടുപ്പിലെ കുന്ന് റോഡ്<br>മെയിൻ റോഡ് കുന്ന് – പടിഞ്ഞാറെമൂല റോഡ്<br>മീത്തലെ പുന്നാട് റോഡ് – പുറപ്പാറ റോഡ്<br>അണ്ടിക്കമ്പനി – ആനപ്പാറ – അത്തി റോഡ്<br>പുന്നാട് – കീഴൂർ കുന്ന് പഴയതിരത്ത് – പാലാപറമ്പ് റോഡ്<br>പുറപ്പാറ – അണ്ടിക്കമ്പനി – ആനപ്പാറ റോഡ് | പുന്നാട് – കോട്ടത്തെക്കുന്ന് – പാറങ്ങാട് റോഡ്<br>പുന്നാട്ടപ്പൻ – കഴുമ്പിലമ്പലം – മെയിൻ റോഡ്<br>പുന്നാട് അത്തപ്പുന്നട – കാരക്കുന്ന് റോഡ്<br>പുറപ്പാറ – ആനപ്പാറ റോഡ്<br>കുഴുമ്പിലമ്പലം – തില്ലങ്കേരി റോഡ്<br>പുന്നാട് – പടിഞ്ഞാറൻമൂല – പാലാപറമ്പ് റോഡ്<br>പുന്നാട് കിഴക്കൻമൂല – പാലാപറമ്പ് റോഡ്<br>കിഴക്കൻ മൂല – പാലാപറമ്പ് – കൂലോത്തും കണ്ടി റോഡ്<br>പടിഞ്ഞാറൻമൂല – പാലാപറമ്പ് – കൂലോത്തും കണ്ടി റോഡ്. | മീത്തലെ പുന്നാട് റോഡ്<br>ലക്ഷം വീട് കോളനി റോഡ്<br>പഞ്ചായത്ത് കിണർ – അണ്ടിക്കമ്പനി റോഡ് | പുന്നാട് – പുറപ്പാറ റോഡ്<br>പഞ്ചായത്ത് കിണർ – കീഴൂർ കുന്ന് റോഡ് | പുന്നാട് ടൗണിൽ അരയാലിന്റെകീഴിൽ ഷെൽട്ടർ | കുഴുവിലമ്പലം തോട്ടിൽ പാലം – മീത്തലെ പുന്നാട് – ലക്ഷം വീട് കോളനി റോഡിൽ കൾവർട്ട്<br>അത്തൂപ്പുഞ്ചവയൽ തോടിൽ പാലം<br>മഠംപൊയിൽ തോട്ടിൽ പാലം<br>വലിയ പറമ്പ് – പൂമരം റോഡിൽ പാലം | മെയിൻ റോഡ് – ചെങ്കുനി വയലിന്റെ വടക്കുഭാഗത്തുകൂടി നടപ്പാത.<br>പഞ്ചായത്ത് കിണർ – കയമ്പീക്കണ്ടി മൂല. |

## വാർഡ് – VIII

| പുതിയ റോഡുകൾ | അറ്റകുറ്റപ്പണി നടത്തേണ്ടത് | ടാർ ചെയ്യേണ്ട റോഡുകൾ | ഷെൽട്ടർ | പാലം/സ്ലാബ് | നടപ്പാത |
|---|---|---|---|---|---|
| വള്ള്യാട് – മാടമ്പള്ളി റോഡ്<br>ചേളത്തൂർ – പാടിയിൽ<br>എടക്കാനം വായനശാല – എടയിക്കുന്നിൽ – ചെളത്തൂർ റോഡ്<br>താഴെ എടക്കാനം – നെല്ലാറം റോഡ് | ഇരിട്ടി എടക്കാനം പഴശ്ശി പ്രോജക്ട്<br>പുളിമുക്ക് – ചെറുവോട് പാലാപറമ്പ്<br>മുത്തപ്പൻകരി –ചേളത്തൂർ റോഡ്<br>കീരിയോട് കണങ്ങോട് പൊലാറമ്പ്<br>കീഴൂർകുന്ന് ലക്ഷം വീട് കോളനി പടിയിൽതാഴെ റോഡ്<br>സ്കൂൾ – വായനശാല റോഡ് | ഇരിട്ടി എടക്കാനം പഴശ്ശി പ്രോജക്ട് റോഡ്<br>കീഴൂർ കുന്ന് എടക്കാനം റോഡ് | എടക്കാനം സ്കൂളിന് സമീപം<br>എടക്കാനം വായനശാലക്ക് സമീപം<br>മണലേൽ ജംഗ്ഷൻ കപ്പണക്കുന്ന്<br>ചേളന്നൂർ | കീഴൂർകുന്ന് എടക്കാനം റോഡിൽ കൈമുക്കിൽ കൾവർട്ട്<br>പുതിയകണ്ടം തോടിന് നടപ്പാലം<br>കണങ്ങോട് തോടിന് കൾവർട്ട് | പാലാപറമ്പ് എടക്കാനം ക്ഷേത്രം. |

## വാർഡ് – XI

| പുതിയ റോഡുകൾ | വികസിപ്പിക്കേണ്ടത് | അറ്റകുറ്റപ്പണി നടത്തേണ്ടത് | ടാർ ചെയ്യേണ്ട റോഡുകൾ | ഷെൽട്ടർ | പാലം/സ്ലാബ് | നടപ്പാത |
|---|---|---|---|---|---|---|
| | നരിക്കണ്ടം –നെരമ്പോക്ക് റോഡ്<br>ഇരിട്ടി – ഗാന്ധി റോഡ്<br>കീഴൂർ – ഹൈസ്കൂൾ റോഡ്<br>കീഴൂർ – പാളക്കര മഠപ്പുര റോഡ് – അരയാൽ മുക്ക്<br>കീഴൂർ ദേവസ്വം ഫുട്പാത്ത് റോഡ്<br>കല്യത്ത് മഠപ്പുര റോഡ്<br>കരിയിൽ റോഡ്<br>മഠപ്പുര – പടിയിൽതാഴെ അമ്പലം – അരയാൽമുക്ക് | ഗാന്ധി റോഡ് കാലുകുന്ന് റോഡ് | നരിക്കണ്ടം – നെരമ്പോക്ക് റോഡ്<br>ഇരിട്ടി – ഗാന്ധി റോഡ്<br>കീഴൂർ – ഹൈസ്കൂൾ റോഡ്<br>കീഴൂർ – പാളക്കര മഠപ്പുര റോഡ് | | കീഴൂർ – പാളക്കര [illegible] റോഡിൽ [illegible] കൾ<br>കീഴൂർ [illegible] ഫുട്പാത്തിൽ [illegible] | |

## വാർഡ് – VII

| പുതിയ റോഡുകൾ | വികസിപ്പിക്കേണ്ടത് | അറ്റകുറ്റപ്പണി നടത്തേണ്ടത് | ടാർ ചെയ്യേണ്ട റോഡുകൾ | ഷെൽട്ടർ | പാലം/സ്ലാബ് | നടപ്പാത |
|---|---|---|---|---|---|---|
| അക്കരാൽ – കൂരംമുക്ക് റോഡ്<br>ഉപ്പിലേരിപ്പാറ കാറാട് പടിക്കച്ചാൽ റോഡ്<br>വണ്ടിമാവ് – മട്ടമ്മൽ റോഡ്<br>മുത്തപ്പൻ കരി ആവിലാട് | ഉളിയിൽ കൂവേരി റോഡ്<br>നരേമ്പാറ – കാറാട് റോഡ്<br>നരേമ്പാറ തൂതോറ്റക്കാട് റോഡ് | പടിക്കച്ചാൽ റോഡ് റീടാറിംഗ്<br>കൂവേരിക്കണ്ടം മുതൽ പടത്തുപാറ കോളനി പാലാപറമ്പ് | വണ്ടിമാവ് – എളമ്പയിൽ റോഡ്<br>നരേമ്പാറ – കാറാട് റോഡ്<br>ആവിലാട് – കൂവേരി റോഡ് | ഉളിയിൽ ടൗണിൽ നിലവിലുള്ള ഷെൽട്ടറിന് മുൻവശം | ഉളിയിൽ – ആവിലാട് റോഡിൽ ഓവുപാലം | ആവിലാട് – പാറയുള്ള പറമ്പ് വരെ |

## വാർഡ് - VI

| പുതിയ റോഡുകൾ | വികസിപ്പിക്കേണ്ടത് | അറ്റകുറ്റപ്പണി നടത്തേണ്ടത് | ടാർ ചെയ്യേണ്ട റോഡുകൾ | പാലം/സ്ലാബ് | നടപ്പാത |
|---|---|---|---|---|---|
| പന്തലങ്ങാടി - ആവിലങ്ങാട് റോഡ് ഉളിയിൽ<br>ആവിലാട് - മുത്തപ്പൻകരി റോഡ്<br>ഇല്ലംമൂല - കോളിയോട് വയൽ - കുറുവേരി റോഡ്<br>കരക്കാട് - പുതുക്കുടി ആക്കാംപറമ്പ് റോഡ്<br>ആലക്കാട് മീന്തേരി കണ്ടറിഞ്ഞി റോഡ്<br>താഴെ പീടിക - മൂവാട് റോഡ് | വട്ടക്കയം - പന്തലങ്ങാടി<br>വട്ടക്കയം - ഒളയം ആക്കാം പറമ്പ്<br>കല്ലേരിക്കൽ - കണ്ണങ്ങോട് റോഡ്<br>കുറുംകുളം ആക്കാമ്പറമ്പ് റോഡ്<br>കട്ടേങ്കണ്ടം - കുറുവേരി പെരുന്തറച്ചാൽ റോഡ്<br>പന്തലങ്ങാടി - ആവിലാട് റോഡ് - കുന്നുകുറക്കൽ | കല്ലേരിക്കൽ - കണ്ണങ്ങോട് റോഡ് കുന്ന് കുറച്ച് സോളിംഗ്<br>പെരുന്തറച്ചാൽ - എടക്കാനം റോഡ് സോളിംഗ് | വട്ടക്കയം - പന്തലങ്ങാടി<br>വട്ടക്കയം - ഒളയം - ആക്കാംപറമ്പ് | കുറുംകുളം തടയണക്ക് മുകളിൽ പാലം<br>എരുന്തച്ചാൽ - എടക്കാനം റോഡിൽ ഓവുപാലം<br>കല്ലേരിക്കൽ വി.സി.ബി<br>പാറേമ്മൽ വീടിനു സമീപം സ്ലാബ്<br>വയക്കുളം വയൽ കൈത്തോട്ടിൽ സ്ലാബ്<br>ചീളുപറമ്പത്ത് സ്ലാബ്<br>ഒളയം വയൽ സ്ലാബ്<br>ചോലയിൽ ഭാഗത്ത് സ്ലാബ്<br>കണ്ടറഞ്ഞിയിൽ സ്ലാബ് | കല്ലേരി മുതൽ ആവിലാട് വയൽ വഴി. |

## വാർഡ് V

| പുതുതായി നിർമ്മിക്കേണ്ട റോഡുകൾ | വികസിപ്പിക്കേണ്ടത് | അറ്റകുറ്റപ്പണി നടത്തേണ്ടത് | ടാർ ചെയ്യേണ്ട റോഡുകൾ | പാലം/സ്ലാബ് | നടപ്പാത |
|---|---|---|---|---|---|
| കാളാന്തോട് - മണ്ടച്ചേരി - കരിമ്പേരിക്കണ്ടം തലച്ചങ്ങാട് റോഡ്<br>ചാളക്കണ്ടി - കൊട്ടിയൂർ ഞാൽ റോഡ്<br>കാറാട് - കാളാന്തോട് റോഡ്<br>കാറാട് - ഉപ്പിലേരിപ്പാറ റോഡ്<br>ചാളക്കണ്ടി - നടുപ്പാറ - കുറുവന്തേരി - വലിയവീടുക്കാവ് റോഡ്<br>നടുവനാട് റൈസ് മിൽ - കരിമ്പേരിക്കണ്ടം റോഡ്<br>വളോരകുന്ന് - കൊട്ടിയൂർ ഞാൽ ജിപ്പ് റോഡ് | കൊട്ടിയൂർ - കുറുവന്തേരി - നിടിയാഞ്ഞിയം റോഡ് വീതി കൂട്ടുക. | നടുവനാട് - കാളാന്തോട് റോഡ് റീടാറിംഗ് | ചാവശ്ശേരി - നടുവനാട് റോഡിൽ ശേഷിക്കുന്ന ഭാഗം<br>നടുവനാട് - തലച്ചങ്ങാട് റോഡ് | നടുവനാട് - മണ്ടച്ചേരി റോഡിൽ തോടിന് (കാളാംതോട്) പാലം.<br>പയമ്പാച്ചാൽ - മണ്ടച്ചേരി റോഡിൽ സ്ലാബ്<br>ഉപ്പിലേരി - കാറാട് റോഡിൽ നടുപ്പാറയിൽ പാലം | നടുവനാട് - വേളപ്പൊയിൽ - ഹരിജൻ കോളനി<br>നടുവനാട് - വിളങ്ങോട്ട് ഞാൽ<br>നടുവനാട് - കുറുവന്തേരി അമ്പലം. |

## വാർഡ് – IV

| പുതിയ റോഡുകൾ | വികസിപ്പിക്കേണ്ടത് | ടാർ ചെയ്യേണ്ട റോഡുകൾ | പാലം/സ്ലാബ് |
|---|---|---|---|
| നരേമ്പാറ – പഴയനിരത്ത് വഴി പള്ളിമുക്ക് റോഡ്<br>കല്ലേരിക്കൽ – പാച്ചിലാളം റോഡ് (ഉളിയിൽ)<br>ഈ റോഡിൽ നിന്ന് വളവിൽ ഓവുപാലത്തിലേക്ക് റോഡ് നിർമിക്കുക.<br>വയലാപറമ്പ് എളമ്പ | നരേമ്പാറ – കല്ലേരിക്കൽ വീതികൂട്ടുക. | ചാവശ്ശേരി – കുറുകളം – കട്ടേങ്കണ്ടം(വികസിപ്പിച്ചത്) റോഡ് വളോര കട്ടേങ്ങം റോഡിൽ ശേഷിക്കുന്ന ഒന്നര കി.മീറ്റർ<br>കൂരംമുക്ക് – വട്ടക്കയം റോഡ്<br>നരേമ്പാറ – കല്ലേരിക്കൽ റോഡ് | കല്ലേരിക്കൽ –പാച്ചിലാളം വഴിയിൽ 3 സ്ലാബുകൾ<br>ചെറുവയലിന്റെ താഴെ ഭാഗത്ത് ആണിതോട്ടിൽ സ്ലാബ്<br>ചെക്ക് ഡാമിന് മുകളിൽ വാഹന സൗകര്യമുള്ള പാലം.<br>കാരാമ്പേരി തോടിന് പാലം.<br>മോച്ചേരി നടപ്പാലം. |

## വാർഡ് – III

| പുതിയ റോഡുകൾ | വികസിപ്പിക്കേണ്ടത് | അറ്റകുറ്റപ്പണി നടത്തേണ്ടത് | ടാർ ചെയ്യേണ്ട റോഡുകൾ | ഷെൽട്ടർ | പാലം/സ്ലാബ് | നടപ്പാത |
|---|---|---|---|---|---|---|
| നിഡ്യാളം – പറയനാട് കൊടക്കയം വരെ<br>ഹരിജൻ കോളനി – വലിയപറമ്പ് – പാറയനാട് വഴി റോഡ്<br>മന്യാലം – കരക്കാട് റോഡ് | പറമ്പ് – കരിമ്പാലംകണ്ടി റോഡ്<br>പുളിന്തോൽ, കാര്യപറമ്പ് – എലിപറമ്പ് റോഡ് കൊട്ടാരം പെരിയത്ത് റോഡിലേക്ക് നീട്ടുക.<br>ആട്ട്യാലം – പറയനാട്. | മന്ദ്യലം – പൊള്ളതടം റോഡ്<br>പുളിന്തോൽ – കാര്യപറമ്പ് – എലിപറമ്പ് റോഡ്. | പഴശ്ശി പ്രോജക്ട് – എടക്കാനം റോഡ്<br>ആട്ടിലം – പറയനാട് റോഡ്<br>പറയനാട് – മന്ദ്യലം – പഴശ്ശി പ്രോജക്ട് റോഡ്<br>കൊട്ടാരം – പെരിയംറോഡ്<br>പെരുവാട് – പഴശ്ശി പ്രോജക്ട് റോഡ് | കൊട്ടാരം<br>എലിപറമ്പ് സ്കൂൾ<br>പഴശ്ശി പ്രോജക്ട് | ആട്ടിലം – പറയനാട് റോഡിൽ 2 ഓവുപാലം<br>കൈതക്കുണ്ട് തോടിന് പാലം<br>പാൽകടവ് തോടിന് പാലം<br>മുക്കാട് കനാലിന് കുറുകെ പാലം<br>കുണ്ടുകടവ് പാലം<br>കൊട്ടാരം പെരിയത്ത് റോഡിൽ 3 ഓവുപാലം<br>പുളിന്തോൽ കാര്യപ്പറമ്പ് എലിപ്പറമ്പ് റോഡിൽ 3 ഓവുപാലം<br>പെരുവാട്, ആട്ട്യലം പറയനാട് എന്നീ പ്രദേശങ്ങളിൽ 3 വീതം സ്ലാബ്<br>കൊട്ടാരം, പാര്യം എന്നീ പ്രദേശത്ത് 4 വീതം സ്ലാബ്<br>കാരിങ്കീൽ പ്രദേശത്ത് 5 സ്ലാബ്<br>തുമ്പിക്കോട് പുളിന്തോൽ എന്നീ പ്രദേശത്ത് 2 വീതം സ്ലാബ് | പറയനാട് ചപ്പിലപ്പറമ്പ് കൊടക്കയം തോട് വരെ. |

## വാർഡ് – II

| അറ്റകുറ്റപ്പണി നടത്തേണ്ട റോഡുകൾ | ടാർ ചെയ്യേണ്ട റോഡുകൾ | പാലം/സ്ലാബ് | നടപ്പാത |
|---|---|---|---|
| ചാവശ്ശേരി ഹരിജൻകോളനി റോഡ്<br>ചാവശ്ശേരി – കുളത്തുപുറം പറമ്പ് റോഡ്<br>ചാവശ്ശേരി – മണ്ണോറ പറമ്പ് റോഡ്<br>പറമ്പിൽ – മഞ്ഞ റോഡ്<br>പറമ്പ് – അള്ളോം റോഡ്<br>കരുവാന്റെമൂല – കുറുംകുളം റോഡ് | ചാവശ്ശേരി – പഴശ്ശി പ്രോജക്ട് റോഡ്<br>കൊട്ടാരം – കഞ്ഞിരംകരി റോഡ് | കാഞ്ഞിരങ്കരി – പൊറോറ റോഡ് 3 ഓവുപാലം<br>മണ്ണോറ റോഡിന് 2 ഓവു പാലം<br>കാഞ്ഞിരങ്കണ്ടി അമ്പലം റോഡ് സ്ലാബ്<br>അക്കൽവയൽ 3 സ്ലാബ് | ചാവശ്ശേരി ഹൈസ്കൂൾ മുതൽ പ്രോജക്ട് റോഡ് വരെ |

## വാർഡ് I

| പുതിയ റോഡുകൾ | വികസിപ്പിക്കേണ്ടത് | അറ്റകുറ്റപ്പണി നടത്തേണ്ടത് | ടാർ ചെയ്യേണ്ട റോഡുകൾ | ഷെൽട്ടർ | പാലം/സ്ലാബ് | നടപ്പാത |
|---|---|---|---|---|---|---|
| ആവട്ടി ചാവശ്ശേരി ഹൈസ്കൂൾ റോഡ്<br>ആവട്ടി കല്ലാക്കുന്ന് വഴി കായലൂർ റോഡ്<br>വളോര, കുന്നിറക്കം വഴി, ആവട്ടി നടുവനാട് വരെ | 19ാം മൈൽ അടുവാറി മുണ്ടയോട് അപ്രോച്ച് റോഡ് വീതി കൂട്ടുക<br>കാശിമുക്ക് റോഡ് കായലൂൽ റോഡിന് മുട്ടിക്കുക<br>ആവട്ടി കായലൂർ റോഡ് അമ്പലം വഴി കുൽപയിലെ താഴെ മുട്ടിക്കുക.<br>ചാവശ്ശേരി വളിഞ്ഞം കോട്ട റോഡ് | 19ാം മൈൽ ആമക്കുണ്ട് പരിയാരം | പോസ്റ്റോഫീസ് കായലൂർ റോഡ് | പഴയ പോസ്റ്റോഫീസ്<br>ചാവശ്ശേരി ഹൈസ്കൂൾ<br>ചാവശ്ശേരി ടൗൺ | അടുവാരി മുണ്ടയോട് പാലം<br>19ാം മൈൽ ആമക്കുണ്ട് പരിയാരം റോഡിൽ സ്ലാബിടുക<br>കാശിമുക്ക് കായലൂർ റോഡിൽ കൊല്ലം കണ്ടി തോടിന് പാലം.<br>കൊല്ലംകണ്ടി നടുത്തോടിന് സ്ലാബിടുക.<br>ആവടി പാലം പുതുക്കി പണിയുക<br>കണ്ടോത്ത് താഴെ റോഡിൽ സ്ലാബ്. | കുളറോഡ് മാവിൻ കീഴിൽ നിന്നും നടപ്പാത G.H.S ആവട്ടി – നെല്ല്യാട് വയലിലൂടെ 19ാം മൈൽ വരെ. |

## പട്ടിക – 5

| നമ്പ്ര് | പേര് | കപ്പാസിറ്റി |
|---|---|---|
| 1 | നാസ് വുഡ് നരയമ്പാറ | 100 KVA |
| 2 | കട്ടേങ്കണ്ടം | 63KVA |
| 3 | ഇംപീരിയൽ നരയമ്പാറ | 160KVA |
| 4 | നടുവനാട് | 100 KVA |
| 5 | തലച്ചങ്ങാട് | 63 KVA |
| 6 | ചാവശ്ശേരി | 100 KVA |
| 7 | 19ാം മൈൽ | 63 KVA |
| 8 | അർഷാദ് 19ാം മൈൽ | 63 KVA |
| 9 | ശാന്തി 19ാം മൈൽ | 100KVA |
| 10 | കോണിക്കൽ 19ാം മൈൽ | 100 KVA |
| 11 | ഹരിജൻ കോളനി ചാവശ്ശേരി പറമ്പ് | 25 KVA |
| 12 | KWA പറമ്പ് | 100 KVA |
| 13 | ട്രീറ്റ്മെന്റ് പ്ലാന്റ് പറമ്പ് | 100 KVA |
| 14 | വെളിയമ്പ്ര | 100 KVA |
| 15 | കുരൻമുക്ക് | 100 KVA |
| 16. | പള്ളിമുക്ക് ജംഗ്ഷൻ | 100 KVA |
| 17. | ഉളിയിൽ | 100 KVA |
| 18. | പുന്നാട് II | 63 KVA |
| 19. | പുന്നാട് I | 160 KVA |
| 20. | കീഴൂർ | 63 KVA |
| 21. | ഫൈവ് സ്റ്റാർ | 100 KVA |
| 22. | കീഴൂർ | 63 KVA |
| 23. | പയഞ്ചേരി | 160 KVA |
| 24. | ആയിഷബീബി | 100 KVA |
| 25. | ഇരിട്ടി ടൗൺ | 160 KVA |
| 26. | നേരമ്പോക്ക് റോഡ് | 100 KVA |
| 27. | എടക്കാനം | 63 KVA |
| 28. | ഇരിട്ടിപ്പാലം | |

## പട്ടിക 6

| ആകെ കാർഡുകൾ | പെർമിറ്റുകൾ | പെർമിറ്റുവഴി വിതരണം ചെയ്യുന്ന അളവ് ലി. ആകെ. ലി. | കാർഡുവഴി വിതരണം ചെയ്യുന്ന അളവ് ലി. | ആകെ |
|---|---|---|---|---|
| 5324 | 436 | 45,580 | 1,65,053 | 2,10,633 |

## പട്ടിക - 6

| വൈദ്യുതി എത്തിക്കേണ്ട പ്രദേശം | സ്ട്രീറ്റ് ലൈറ്റ് വേണ്ട പ്രദേശം | ട്രാൻസ്ഫോർമർ |
|---|---|---|
| | **വാർഡ് XIII** | |
| കീഴൂർ - ക്വാറ റോഡ്<br>കുളിച്ചമ്പ്ര<br>പയഞ്ചേരി മാപ്പിള സ്കൂൾ പ്രദേശം | ബസ് സ്റ്റാൻഡ് - പഴയപാലം റോഡ്<br>കളിച്ചമ്പ്ര റോഡ്<br>ആശുപത്രി റോഡ് ഹൈസ്കൂൾ | |
| | **വാർഡ് XII** | |
| പായംകടവ്<br>അതിതത്തട്ട്<br>അത്തി ഉവ്വാപ്പള്ളി<br>വായനശാല - മുടച്ചാൽ<br>സുഭാഷ് റോഡ്<br>വായനശാല - കല്ലംതിട<br>നീറ്റുകുണ്ട്<br>നാല്സെന്റ് ലക്ഷംവീട് കോളനി<br>2 ഹരിജൻ കോളനി | വായനശാല - പായംമുക്ക് മയിലാടുംപാറ<br>പത്തായക്കോറം | |
| | **വാർഡ് XI** | |
| മറപ്പുര പ്രദേശം<br>മയാട് പ്രദേശം<br>കാരക്കാട് ലക്ഷംവീട്<br>വള്ള്യാട് മേഖല | കീഴൂർ ഇരിട്ടി ഹൈസ്കൂൾ റോഡ്<br>ചാളക്കര മറപ്പുര റോഡ്<br>കീഴൂർ ദേവസ്വം ഫുട്പാത്ത് റോഡ്<br>കീഴൂർ - പടിയിൽ താഴെ അമ്പലം റോഡ്<br>ഇരിട്ടി എടക്കാനം റോഡ്<br>കാലുകുന്നുകാട് നരിക്കുണ്ടം റോഡ്<br>കീഴൂർ അമ്പലം റോഡ്<br>നരിക്കണ്ടം നേരമ്പോക്ക് റോഡ്. | |
| | **വാർഡ് X** | |
| വൈദ്യുതി എത്തിക്കേണ്ട പ്രദേശം<br>മീത്തലെ പുന്നാട് ചന്ദ്രോത്ത് മൂല<br>കല്ലങ്ങോട്<br>ഇല്ലത്തെ മൂല<br>പറപ്പാടി<br>ചമ്പോറ<br>പാറങ്ങാട്<br>അത്തിക്കുന്ന്<br>കന്യാർകാവ്<br>പോതിയോടെ<br>കുനിക്കരി | സ്ട്രീറ്റ് ലൈറ്റ് വേണ്ട പ്രദേശം<br>ചെലപ്പുരമ്പലം - മാടമ്പറം താവിലാക്കുറ്റി | |
| | **വാർഡ് IX** | |
| വൈദ്യുതി എത്തിക്കേണ്ട പ്രദേശം<br>ലക്ഷംവീട് കോളനി വീടുകൾ<br>പുന്നാട് പടിഞ്ഞാറൻമൂല<br>പുന്നാട് കിഴക്കൻമൂല പാലാപറമ്പ് | സ്ട്രീറ്റ് ലൈറ്റ് വേണ്ട പ്രദേശം<br>ലക്ഷംവീട് കോളനി റോഡ്<br>പഞ്ചായത്ത് കിണർ കീഴൂർകുന്ന് റോഡ്<br>കുന്നിൻെറ കീഴിൽ കോളനി റോഡിലേക്കുള്ള സ്ഥലം.<br>പുന്നാട് പുറപ്പാറ റോഡ്<br>പുന്നാട് പാറേങ്ങാട് റോഡ് | പുന്നാട് നരയംവയൽ<br>ഉളിയിലെ ട്രാൻസ്ഫോർമർ (പുന്നാട് സപ്ലൈ) പവ്വർ കൂട്ടുക. |

## വാർഡ് – VIII

| വൈദ്യുതി എത്തിക്കേണ്ട പ്രദേശം | സ്ട്രീറ്റ് ലൈറ്റ് വേണ്ട പ്രദേശം | ട്രാൻസ്ഫോർമർ |
|---|---|---|
| ചേളത്തൂർ പാടിയിലേക്ക്<br>എടയിൽകുന്ന് ഭാഗം<br>മോച്ചേരി<br>താഴെ എടക്കാനം<br>പാലാപറമ്പ്<br>വള്ള്യാട് ഭാഗം<br>ചെറുവോട് ഭാഗം | ഇരിട്ടി – എടക്കാനം റോഡ്<br>കീഴൂർകുന്ന് – എടക്കാനം റോഡ്<br>എടക്കാനം – പഴശ്ശി പ്രോജക്ട് റോഡ്<br>സ്കൂൾ വായനശാല റോഡ്<br>എടക്കാനം അമ്പലം റോഡ് | |
| | **വാർഡ് VII** | |
| കാറാട് പ്രദേശം | ഉളിയിൽ പടിക്കച്ചാൽ റോഡ്<br>നരേമ്പാറയിൽ സോഡിയം വേപ്പർ ലാമ്പ്<br>ഉളിയിൽ സ്കൂൾ പരിസരം<br>നരേമ്പാറ വളവിൽ പ്രദേശം<br>ഉളിയിൽ – ആവിലാട് റോഡ്<br>മട്ടമ്മൽ വിണ്ടിമാവ് | |
| | **വാർഡ് VI** | |
| വട്ടക്കയം<br>കറുവേരി | കല്ലേരിക്കൽ – പന്തലങ്ങാടി<br>എളമ്പ വട്ടക്കയം<br>കട്ടേങ്കണ്ടം – പെരിയത്ത്<br>ആക്കാംപറമ്പ് – പെരുന്തറച്ചാൽ<br>വട്ടക്കയം – മീന്തേരി ലൈനിൽ | വട്ടക്കയം<br>മുത്തപ്പൻകരി<br>കല്ലേരിക്കൽ നരേമ്പാറ റോഡിലെ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുക<br>പെരിയത്തിൽ |
| | **വാർഡ് V** | |
| കാളാന്തോട്<br>ഉപ്പിലേരി പാറ പൊമ്പറ<br>കരിമ്പേരികണ്ടം<br>നടുവനാട് ലക്ഷംവീട് കോളനി<br>നിടിയാണിരം കോളനി, കോട്ടൂർ ഞാൽ കോളനി<br>നടുവനാട് എസ്.ടി. കോളനി | നടുവനാട് തലച്ചങ്ങാട്<br>നടുവനാട് കാളാന്തോട്<br>നടുവനാട് ചാവശ്ശേരി<br>ഉളിയിൽ ശിവപുരം | |
| | **വാർഡ് IV** | |
| കല്ലേരിക്കൽ<br>പാച്ചിലാളം<br>പള്ളിക്കയിൽ<br>കാരാമ്പേരി<br>മീത്തലെ കാരാമ്പേരി<br>വയലാപറമ്പ്<br>ചെറുവയൽ<br>പന്നിമൂല | എളമ്പ<br>വളോര<br>വളവിൽ<br>കട്ടേങ്കണ്ടം<br>വട്ടക്കയം പാലം വരെ<br>നരേമ്പാറ<br>കല്ലേരിക്കൽ<br>കൂരൻമുക്ക് | |

| | | |
|---|---|---|
| **വാർഡ് III** | | |
| **വൈദ്യുതി എത്തിക്കേണ്ട പ്രദേശം**<br>ആട്ട്യാലം<br>നിഡ്യാളം(ക്ഷേത്രം)<br>മന്ദ്യാലം<br>തേർക്കാടി<br>പേരുവാട്<br>കമ്പിവേലി കുശവകോളനി | **സ്ട്രീറ്റ് ലൈറ്റ് വേണ്ട പ്രദേശം**<br>കൊട്ടാരം<br>പ്രോജക്ട്<br>ആട്യാലം പറമ്പ്<br>പറയനാട്<br>കരിങ്കയിൽ<br>തുമ്പിക്കോട് | **ട്രാൻസ്ഫോർമർ**<br>പറയനാട്<br>തുമ്പിക്കോട് |
| **വാർഡ് II** | | |
| **വൈദ്യുതി എത്തിക്കേണ്ട പ്രദേശം**<br>കരുവാന്റെ മൂല പ്രദേശം<br>പറമ്പ് – ലക്ഷംവീട് കോളനി പ്രദേശം<br>അള്ളോാം പ്രദേശം<br>മണ്ണോറ കുളത്തുപുറം പ്രദേശം<br>കുറുകുളം പ്രദേശം<br>പൊള്ളന്തടം<br>കാഞ്ഞിരംകരി പറമ്പിൽ | **സ്ട്രീറ്റ് ലൈറ്റ് വേണ്ട പ്രദേശം**<br>ഹരിജൻ കോളനി റോഡ്<br>പറമ്പ് മഞ്ച റോഡ്<br>ചാവശ്ശേരി ഉളിയമ്പ്ര റോഡ്<br>അടുപാറി. | |
| **വാർഡ് I** | | |
| ആവട്ടി ത്രീഫേസ് ലൈൻ പൂർത്തീകരിക്കുക<br>ചാവശ്ശേരി കരട്ടാൽ – ആവടി, കല്ലാക്കുന്ന് | 19ാംമൈൽ – കള റോഡ്<br>19ാംമൈൽ – അടുപാറി മുണ്ടയോട് തോട്<br>19ാം മൈൽ – ആമരുന്ന് – പരിയാരം റോഡ്<br>പോസ്റ്റോഫീസ് – കായലൂർ റോഡ്<br>വളിഞ്ചം കോട്ടം റോഡ് | |

## മാർക്കറ്റ്

മറ്റേതു പ്രദേശങ്ങളെയും പോലെ തന്നെ നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിന്റെ പാതയിലും മാർക്കറ്റുകൾ തനതും വേറിട്ടതുമായ ഒരു പങ്ക് വഹിച്ചിട്ടുണ്ട് എന്നു കാണാം. വളരെ വർഷങ്ങൾക്കു മുമ്പേതന്നെ നമ്മുടെ പഞ്ചായത്തിലെ വ്യാപാരങ്ങളുടെ വൈവിധ്യത കണ്ടറിഞ്ഞവരാണ് നമ്മുടെ പൂർവ്വികർ. ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ, ഇന്ന് കാണുന്ന വളർച്ച പ്രാപിച്ചില്ലെങ്കിൽപോലും ഇരിട്ടി പ്രധാനപ്പെട്ട ഒരു വ്യാപാരകേന്ദ്രമായിരുന്നു. അത്ര തന്നെ പ്രാധാന്യം അവകാശപ്പെടാൻ കിഴയുന്ന ഒരു വ്യാപാരകേന്ദ്രമായിരുന്നു ഉളിയിൽ. എന്നാൽ, കച്ചവട മാർഗങ്ങളിലും സംസ്കാരത്തിലും നൂതന മാനങ്ങൾ കടന്നുവന്നതോടെ ഉളിയിൽ മാർക്കറ്റിന് മങ്ങലേൽക്കുകയും ഇരിട്ടി പ്രധാന വ്യാപാരകേന്ദ്രമാവുകയും ചെയ്തു. 1940കളിൽ തിരുവിതാകൂറിൽനിന്നും കുടുയേറിവന്ന ഒരു വലിയ സമൂഹം ഇരിട്ടിയുടെ വ്യാപാര മുഖച്ഛായ മാറ്റുന്നതിൽ നിർണ്ണായക പങ്കു വഹിച്ചിട്ടുണ്ട്. ആദ്യകാലഘട്ടങ്ങളിൽ ഇവിടെനിന്നും തോണി, പാണ്ടി, കാളവണ്ടി, തലച്ചുമട് തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ വളപട്ടണത്തെ പ്രധാന വ്യാപാര കേന്ദ്രങ്ങളിലേക്ക് ഉത്പന്നങ്ങളെത്തിക്കുകയായിരുന്നു പതിവ്.

മരങ്ങളും മറ്റ് മര ഉരുപ്പടികളും പാണ്ടിമാർഗ്ഗം വളപട്ടണത്ത് എത്തിച്ച് ഉപജീവനം കഴിഞ്ഞിരുന്ന ഒരു വലിയ സമൂഹം തന്നെ ഈ പ്രദേശങ്ങളുമായി ബന്ധപ്പെട്ടു കിടന്നിരുന്നു.

ഇന്ന് ഇരിട്ടി, ഉത്തര മലബാറിലെ പ്രധാന വ്യാപാര കേന്ദ്രം എന്നു മാത്രമല്ല, കിഴക്കൻ മലയോര മേഖലയുടെ പ്രധാന ആശ്രയവുമാണ്. നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാന മാർക്കറ്റ് ഇരിട്ടിയാണെങ്കിൽ പോലും പഞ്ചായത്തിലെ ജനസംഖ്യയുടെ പകുതിയോളം ആശ്രയിക്കുന്നത് മട്ടന്നൂരിനെയാണ്. പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പും മട്ടന്നൂരുമായി ഈ പ്രദേശത്തുകാർക്ക് എളുപ്പത്തിൽ ബന്ധപ്പെടാനുള്ള സൗകര്യവും ഈ പ്രവണതയ്ക്ക് ആക്കം കൂട്ടുന്നു. എങ്കിലും അന്യമലയോര പഞ്ചായത്തുകളിൽനിന്നും കടന്നുവരുന്ന വലിയ ജനത ഇരിട്ടിയെ എന്നും സജ്ജീവമാക്കുന്നു. തന്മൂലം പരാധീനതകൾ ഏറെ അനുഭവിക്കുന്ന ഒരു മാർക്കറ്റാണ് ഇരിട്ടി.

റബ്ബർ, കശുവണ്ടി, കുരുമുളക്, കൊപ്ര, അടയ്ക്ക, ചുക്ക് തുടങ്ങിയവയാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാന നാണ്യവിളകൾ. മലഞ്ചരക്ക് കടയുടെ ബാഹുല്യംകൊണ്ടു തന്നെ(അനുബന്ധ പട്ടിക) ഇത് എത്ര മാത്രം വിപുലവും സാധ്യതകൾ നിറഞ്ഞതുമാണെന്ന് മനസ്സിലാക്കാം. ആദ്യകാലങ്ങളിൽനിന്നും വ്യത്യസ്തമായി ഇന്ന് വർധിച്ചുവന്ന ഗതാഗത സൗകര്യത്തിന്റെ ഫലമായി, ഈ ഉത്പന്നങ്ങളെല്ലാം കൊല്ലം, കോട്ടയം ജില്ലകളിലേക്ക് വിപണനത്തിനായി കൊണ്ടു പോവുകയാണ് ചെയ്യുന്നത്. പഞ്ചായത്തിലോ, ഇതിനോടനുബന്ധിച്ച പ്രദേശങ്ങളിലോ ഈ ഉത്പന്നങ്ങളെ സംസ്കരിക്കുകയും ഉപഭോഗോത്പന്നങ്ങളാക്കി മാറ്റുകയും ചെയ്യാനുള്ള സംവിധാനങ്ങളൊന്നും തന്നെ ഇല്ലാത്തതുകൊണ്ട് നമ്മുടെ പഞ്ചായത്തിലെ കാർഷികോത്പന്നങ്ങൾ കൊണ്ടുള്ള പരോക്ഷ വിപണന സാധ്യതകളും അനുബന്ധ തൊഴിൽ സാധ്യതകളും നമുക്ക് നഷ്ടപ്പെടുകയാണ്.

ഇതിനെല്ലാം പുറമെ പലചരക്ക്–പഴം–പച്ചക്കറി സാധനങ്ങളുടെ വിപുലമായ കച്ചവട കേന്ദ്രമാവുന്നു ഇരിട്ടി. അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികളും മറ്റുത്പന്നങ്ങളും മൊത്തക്കച്ചവത്തിലൂടെ ഇരിട്ടി കേന്ദ്രമായി വിതരണം ചെയ്യപ്പെടുകയാണ്. എന്നാൽ, പഴം–പച്ചക്കറി ഉത്പന്നങ്ങളുടെ കാര്യത്തിൽ അന്യസംസ്ഥാനത്തെ ആശ്രയിക്കേണ്ടുന്ന അവസ്ഥ നമ്മുടെ പഞ്ചായത്തിൽ നിലനിൽക്കുകയാണ്. ഈ മേഖലയിൽ നമ്മൾ സ്വയം പര്യാപ്തത അതിവേഗം നേടേണ്ടിയിരിക്കുന്നു. എങ്കിലും ഈ മേഖലയിൽ ഒരു പൊതു മാർക്കറ്റിന്റെ അഭാവം ഏറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. മലയോര വ്യാപാര സിരാകേന്ദ്രത്തിൽ ഒരു മത്സ്യമാർക്കറ്റ് ഇല്ലാത്തതിന്റെ ദുരിതങ്ങൾ അനുഭവിക്കുകയാണ് ഇവിടങ്ങളിലെത്തുന്നവർ. നിലവിലുള്ള അപക്വമായ മത്സ്യവിത്പന കേന്ദ്രങ്ങളിൽ നിന്നും മറ്റ് ഇതര കച്ചവട സ്ഥാപനങ്ങളിൽ നിന്നും പുറത്തുകളയുന്ന മാലിന്യങ്ങൾ സംസ്കരിക്കാനാവശ്യമായ സൗകര്യങ്ങളില്ലാതെ രൂക്ഷമായ മാലിന്യ പ്രശ്നത്തിലും പരിസ്ഥിതി പ്രതിസന്ധിയിലും വീർപ്പു മുട്ടുകയായിരുന്നു ഈ അടുത്തകാലം വരെ ഇരിട്ടി. എന്നാൽ, ഈ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള ഒരു സ്ഥലം ഇപ്പോൾ പഞ്ചായത്തിന് സ്വന്തമായുണ്ട്. എന്നാൽ, ഈ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കാത്തതുമൂലം പരിസ്ഥിതി പ്രശ്നം ഉയർന്നു വരികയാണ്.

മഴക്കാലം കഴിയുന്നതോടെ പഞ്ചായത്തിൽ പ്രത്യേകിച്ചും ഇരിട്ടിയിൽ വഴിവാണിഭങ്ങൾ വർധിക്കുന്നതു കാണാം. വഴിവാണിഭശാലകളിലൂടെ ഒട്ടുമിക്ക സാധനങ്ങളെല്ലാം ലഭ്യമാകുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. എന്നാൽ, ഇതു വഴിയുണ്ടാകുന്ന ഗതാഗതകുരുക്കും തന്മൂലമുള്ള യാത്രാക്ലേശവും ഏറെയാണ്.

## കീഴൂർ - ചാവശ്ശേരി പഞ്ചായത്തിലെ മാർക്കറ്റുകളുടെ സ്ഥിതിവിവരപ്പട്ടിക

| ക്രമനമ്പ്ര് | ഇനം | എണ്ണം |
|---|---|---|
| 1. | മലഞ്ചരക്ക് | 28 |
| 2. | പലചരക്ക് | 140 |
| 3. | ഹോട്ടൽ - ചായ | 125 |
| 4. | വസ്ത്രം | 44 |
| 5. | സ്റ്റേഷനറി - ഫൂട്ട്‌വേർ | 94 |
| 6. | ഫർണ്ണിച്ചർ | 15 |
| 7. | പഴം-പച്ചക്കറി | 18 |
| 8. | ഹാർഡ്‌വേർസ് | 10 |
| 9. | രാസവളം | 9 |
| 10. | ജ്വല്ലറി | 15 |
| 11. | ഹോം അപ്ലയൻസ് | 14 |
| 12. | മാംസം വിൽപന-മൃഗത്തോൽ സംഭരണം | 13 |
| 13. | മെഡിക്കൽ ഷോപ്പ് | |
| | അലോപ്പതി | 14 |
| | ആയുർവ്വേദം | 21 |
| | ഹോമിയോ | 4 |
| 14 | സ്പെയർ പാർട്സ് | 18 |
| 15. | ഇലക്ട്രിക്കൽസ് | 7 |
| 16. | പൊതുവിതരണ കേന്ദ്രം | 14 |
| 17. | മറ്റുള്ളവ | 44 |

**ഗ്രാമസഭയിൽ ഉയർന്നു വന്ന നിർദേശങ്ങൾ**


1. ഇരിട്ടി, പുന്നാട്, ഉളിയിൽ, ചാവശ്ശേരി എന്നിവിടങ്ങളിൽ മത്സ്യ-മാംസ മാർക്കറ്റുകൾ സ്ഥാപിക്കണം
2. ഇരിട്ടി, ചാവശ്ശേരി എന്നിവിടങ്ങളിൽ ആഴ്ച ചന്തകൾ ആരംഭിക്കണം.

സാധ്യതകൾ

വിപണന രംഗത്ത് നിലനിൽക്കുന്ന അസന്തുലിതാവസ്ഥ പരിഹരിക്കാൻ ഇരിട്ടി ആസ്ഥാനമായി ഒരു സൂപ്പർ മാർക്കറ്റിനുള്ള സാധ്യതകൾ ഏറെയാണ് സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിൽ പഴം-പച്ചക്കറി സംഭരണ-വിതരണ കേന്ദ്രം സ്ഥാപിക്കുകയാണെങ്കിൽ കർഷകർക്ക് മാന്യമായ വിലയും ഉപഭോക്താക്കൾക്ക് മിതമായ നിരക്കിൽ ഉൽപന്നങ്ങൾ ലഭ്യമാവുകയും ചെയ്യും.

നിലവിലുള്ള 'ക്ലീൻ ഇരിട്ടി' പദ്ധതി ത്വരിതപ്പെടുത്തുന്നതിലൂടെ പഞ്ചായത്തിന്റെ മാലിന്യ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കപ്പെടും. പദ്ധതിയുടെ ഭാഗമായി അത്തിത്തട്ടിൽ നിക്ഷേപിക്കപ്പെടുന്ന മാലിന്യങ്ങൾ സംസ്കരണം നടത്തി ജൈവവളങ്ങളാക്കി മാറ്റേണ്ടിയിരിക്കുന്നു. ദ്രവമാലിന്യങ്ങൾ ഒഴുകിപ്പോകാനുള്ള ശരിയായ ഓടകൾ നിർമ്മിക്കുകയും ഖരമാലിന്യങ്ങൾ നിക്ഷേപിക്കാനാവശ്യമായ 'ചവറുശേഖര വീപ്പ'കൾ സ്ഥാപിക്കുകയും ചെയ്യുന്നതിലൂടെ ശുചിത്വ പരിപാലന രംഗത്ത് നാം ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കും.

കീഴൂർ - ചാവശ്ശേരി ഗ്രാമ പഞ്ചായത്ത്





# വിദ്യാഭ്യാസം

സാമ്പത്തിക ശേഷിയുള്ള ഉയർന്ന ജാതിക്കാരും ജൻമിമാരും എഴുത്താശാൻമാരെ നിയമിച്ച് കുട്ടികളെ എഴുത്തിനിരിത്തിയാണ് നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ആരംഭം. കീഴൂരിടത്തിലെ സംസ്കൃതപണ്ഡിതനും പിൽക്കാലത്ത് രാമേശ്വരാനന്ദ പുരി എന്ന പേരിൽ സന്യാസം സ്വീകരിച്ച കെ.സി.എൻ.വാഴുന്നവരും ചില നാടക ഗ്രന്ഥങ്ങളുടെ കർത്താവായ കൊച്ചുണ്ണി വാഴുന്നവരും നാട്ടെഴുത്തച്ഛൻമാരെ വെച്ച് സംസ്കൃതവും, മറ്റും പഠിപ്പിച്ചവരായിരുന്നു. 'ഭാഷാ പഞ്ചദശി' എന്ന പേരിൽ എഴുതപ്പെട്ട ഗ്രന്ഥം കെ.സി.എൻ.വാഴുന്നവരുടേതായിരുന്നു എന്നുകൂടി പരാമർശിക്കട്ടെ. എങ്കിലും കീഴൂർ, പയഞ്ചേരി, പുന്നാട്, ചാവശ്ശേരി എന്നീ പ്രദേശങ്ങളിലെ ന്യൂനപക്ഷത്തിന് മാത്രമേ വിദ്യാഭ്യാസം കിട്ടിയിരുന്നുള്ളു. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലെ വിദ്യാഭ്യാസ തൽപരരും പണ്ഡിതൻമാരുമായ രാമൻ ഗുരുക്കൾ, കുഞ്ഞമ്പു ഗുരുക്കൾ കണ്ണൻ ഗുരുക്കൾ ചാത്തുക്കുട്ടി ഗുരുക്കൾ തുങ്ങിയവർ വിദ്യാഭ്യാസ രംഗത്തെ ആദ്യകാല സാരഥികളായിരുന്നു. അവരുടെ സേവനങ്ങളെ ഇവിടെ നന്ദിയോടെ സ്മരിക്കട്ടെ.

കീഴൂർ–ചാവശ്ശേരി പഞ്ചായത്തിൽ ഔപചാരിക വിദ്യാഭ്യാസത്തിന് നാന്ദിക്കുറിച്ചത് 1911–ൽ രാമൻ ഗുരുക്കൾ ഹിന്ദു എലിമെന്ററി സ്കൂൾ എന്ന പേരിൽ പുന്നാട് ഒരു വിദ്യാലയം സ്ഥാപിച്ചതോടെയാണ്. ഈ സ്കുളാണ് പിന്നീട് പുന്നാട് എൽ.പി.സ്കൂളായി മറിയത്. 1929ൽ കീഴൂരിലെ ഒരു പീടികയിൽ വെച്ച് നടത്തപ്പെട്ട മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിലുള്ള ഒരു സ്കുളായിരുന്നു ഇരിട്ടിയിലെ ആദ്യ വിദ്യാഭ്യാസ സ്ഥാപനം. എന്നാൽ ഈ വിദ്യാലയത്തിന് കുറഞ്ഞ ആയുസേ ഉണ്ടായിരുന്നുള്ളു. ഇങ്ങനെ സ്ഥാപിക്കപ്പെട്ട വിദ്യാലയത്തിന്റെ നടത്തിപ്പ് മോശമായപ്പോൾ അതേ വിദ്യാലയം കീഴൂരിടം വക സ്ഥലത്ത് വ്യക്തിഗത മേൽനോട്ടത്തിൽ പ്രവർത്തിച്ചു തുടങ്ങി. കീഴൂരിടം കാരണവരും കൈകാര്യ കർത്താവുമായിരുന്ന കുഞ്ഞികൃഷ്ണൻ വാഴുന്നവരായിരുന്നു ആദ്യ മാനേജർ.

1933ൽ സ്ഥാപിക്കപ്പെട്ട ഈ വിദ്യാലയമാണ് ഇന്നത്തെ കീഴൂർ വി.യു.പി.സ്കൂൾ.

ഏതാണ്ട് ഇതേ കാലത്ത് തന്നെയാണ് മീത്തലെ പുന്നാട് ഒരു വിദ്യാലയം സ്ഥാപിച്ചത്. വിദ്യാഭ്യാസ



1. വി.കെ.കെ.എം.എൽ.പി.എസ്സ്. ചാവശ്ശേരി
2. ജി. എച്ച്. എസ്സ് ചാവശ്ശേരി
3. വെളിയമ്പ്ര എൽ. പി. സ്കൂൾ, വെളിയമ്പ്ര
4. ബാഫക്കി മെമ്മോറിയൽ എൽ. പി. എസ്സ്
5. ഉളിയിൽ സൗത്ത് എൽ പി. എസ്സ് നടുവനാട്
6. ഉളിയിൽ സെൻട്രൽ എൽ. പി. എസ്സ് വട്ടക്കയം
7. ജി. യു. പി. എസ്സ്, ഉളിയിൽ.
8. എടക്കാനം എൽ. പി. എസ്സ്
9. പുന്നാട് എൽ. പി. സ്കൂൾ
10. മീത്തലെ പുന്നാട്. യു. പി. എസ്സ്
11. വയലഞ്ചേരി എൽ. പി. എസ്സ്
12. ഐ. ഐ. എം. എൽ. പി. എസ്സ്, ഇരിട്ടി.
13. ഇരിട്ടി ഹൈസ്കൂൾ, ഇരിട്ടി.
14. വി. യു. പി. എസ്സ്. കീഴൂർ.

തൽപരനും ജ്യോതിഷ പണ്ഡിതനുമായിരുന്ന കണ്ണൻ ഗുരുക്കൾ പ്രസ്തുത വിദ്യാലയത്തിന് ആദ്യകാല സാരഥ്യം നൽകി. എ.കെ.ഗോപാലൻ നമ്പ്യാർ എടക്കാനത്തും 1952-ൽ കോരൻ മൂപ്പൻ എന്ന വ്യക്തി പയഞ്ചേരിയിലും ഓരോ എൽ.പിസ്കൂളും സ്ഥാപിച്ചു. കൂത്തുപറമ്പിലും മട്ടന്നൂരിലും പേരാവൂരിലും ഹൈസ്കൂൾ സ്ഥാപിക്കപ്പെട്ടപ്പോൾ ഇരിട്ടിയിലെ വിദ്യാഭ്യാസ തനുരരായ ചില വ്യക്തികൾ മുൻകൈയടുത്ത് 1956-ൽ ഇരിട്ടി ഹൈസ്കൂൾ സ്ഥാപിക്കുകയും ചെയ്തു. കീഴൂരംശത്തിലെ ഇരിട്ടിയിലുള്ള ഐ.ഐ.എം.പി,ചാവശ്ശേരി വില്ലേജിലുള്ള ബാഫക്കി മെമ്മോറിയൽ എൽ.പി എന്നിവ ഒഴിച്ചുള്ള എല്ലാ വിദ്യാലയങ്ങളും കേരളപ്പിറവിക്കു മുമ്പ് സ്ഥാപിക്കപ്പെട്ടതാണ്.

ഉന്നത വിദ്യാഭ്യാസ രംഗത്തുള്ള പരാധീനത പരിഹരിക്കുന്നതിനുവേണ്ടി പഞ്ചായത്തിലെ വിദ്യാഭ്യാസ തനുരരായ ചിലർ ചേർന്ന് ഒരു കലാലയം സ്ഥാപിക്കുന്നതിനു വേണ്ടി 1985 മുതൽ തന്നെ പരിശ്രമിച്ചു വരികയായിരുന്നു. 1995-ൽ ഇരിട്ടി പട്ടണത്തിൽ നിന്നും 3 കി.മീ അകലെ കീഴൂർകുന്നിൽ രാഷ്ട്രപിതാവിന്റെ നാമധേയത്തിൽ ഒരു കോളജ് സ്ഥാപിക്കപ്പെട്ടു. സാങ്കേതിക വിദ്യാഭ്യാസത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള കോഴ്സുകളാണ് ഇവിടെയുള്ളത്. ബി.എസ്സി. മാത്സ്, സ്റ്റാറ്റിസ്റ്റിക്സ്, ബി.കോം, ടൂറിസം ആൻഡ് ട്രാവലിംഗ് എന്നീ ബിരുദ കോഴ്സുകളാണ് ഇവിടെ നടത്തുന്നത്.

പഞ്ചായത്തിലെ മറ്റൊരു വില്ലേജായ ചാവശ്ശേരി വില്ലേജിൽ ഏഴു സ്കൂളുകൾ പ്രവർത്തിക്കുന്നു. ഔപചാരിക വിദ്യാഭ്യാസം ആരംഭിക്കുന്നതിന് മുമ്പുതന്നെ ചാവശേരിയിലെയും പരിസര പ്രദേശങ്ങളിലേയും കുട്ടികളെ അക്ഷരാഭ്യാസമുള്ളവരാക്കി മാറ്റുന്നതിന് ശ്രീ ചാത്തുക്കുട്ടി ഗുരുക്കൾ ഒരു എഴുത്ത് പള്ളിക്കുടം ചാവശേരിയിൽ സ്ഥാപിച്ചിരുന്നു. 1919-ൽ ഈ സ്ഥാപനം മലബാർ ഡിസ്ട്രിക്ട് ബോർഡ് ഏറ്റെടുക്കുകയും അഞ്ചാംതരം വരെയുള്ള സ്കൂളായി ഉയർത്തുകയും ചെയ്തു. ശ്രീ നമ്പ്രഞ്ചേരി കുഞ്ഞിരാമൻ നമ്പ്യാർ ആയിരുന്നു ഈ സ്കൂളിന്റെ ആദ്യത്തെ പ്രധാനാധ്യാപകൻ. ഇതാണ് പിന്നീട് ചാവശേരി യു.പി.സ്കൂളും പിന്നീട് ഹൈസ്കൂളായും ഉയർന്നത്. 1933-ൽ ചാവശേരിയിൽ തന്നെ മാപ്പിള സ്കൂൾ എന്ന പേരിൽ (പി.കെ.കെ.എം. എൽ.പി) മറ്റൊരു എൽ.പി.സ്കൂൾ സ്ഥാപിക്കപ്പെട്ടു. ശ്രീ.എ.കെ.കുഞ്ഞിമായൻ ഹാജി ഡിസ്ട്രിക്ട് ബോർഡ് പ്രസിഡന്റായിരുന്ന കാലത്ത് 1932-ൽ ഉളിയിൽ പള്ളിക്ക് സമീപം മൺകട്ടകൾകൊണ്ട് നിർമിച്ച ഒരു കെട്ടിടത്തിൽ എൽ.പിസ്കൂൾ ആരംഭിച്ചു. ശ്രീ ഭാസ്കര പണിക്കർ, മട്ടന്നൂർ തങ്ങൾ തുടങ്ങിയവരായിരുന്നു പ്രസ്തുത സ്കൂളിന്റെ സംരക്ഷകർ. ഈ സ്കൂളാണ് പിന്നീട് ഉളിയിൽ ഗവൺമെന്റ് യു.പി.സ്കൂളായി ഉയർന്നത്.

1940-ൽ ഉളിയിൽ പാലത്തിനു സമീപം സ്ഥാപിച്ച ഉളിയിൽ സെൻട്രൽ എൽ.പി.സ്കൂളാണ് പിന്നീട് ഇതേ പേരിൽ വട്ടക്കയത്ത് പ്രവർത്തിച്ചു വരുന്നത്. ഉളിയിൽ സൗത്ത് എൽ.പി.സ്കൂൾ എന്ന പേരിൽ നടുവനാട് മറ്റൊരു സ്കൂൾ പ്രവർത്തിക്കുന്നു. വെളിയമ്പ്ര, കൊട്ടാരം, പറയനാട് എന്നീ പ്രദേശങ്ങളിലെ കുട്ടികൾ പ്രാഥമിക വിദ്യാഭ്യാസത്തിന് ആശ്രയിക്കുന്ന സ്കൂളാണ് വെളിയമ്പ്ര എൽ.പിസ്കൂളും ബാഫക്കി മെമ്മോറിയൽ എൽ.പിസ്കൂളും. ഇത്തരം സ്കൂളുകളെ കൂടാതെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മതപഠനത്തിനായുള്ള നിരവധി മദ്രസ്സകളും പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ ജനസംഖ്യയുമായി താരതമ്യപ്പെടുത്തുമ്പോൾ സ്കൂളുകളുടെ എണ്ണം ഏറെക്കുറെ തൃപ്തികരമാണെങ്കിലും രണ്ട്, IV വാർഡുകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളേ ഇല്ല എന്നകാര്യം പ്രത്യേകം സൂചിപ്പിക്കട്ടെ. പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിനനുസരിച്ച് പഠന നിലവാരത്തിൽ ഉയർച്ച ഉണ്ടായിട്ടില്ല. ഗുണനിലവാരം ഉയർത്തുന്നതിനായി വിദ്യാഭ്യാസ പ്രവർത്തകരുടേയും അധ്യാപകരുടെയും നാട്ടുകാരുടെയുമെല്ലാം കൂട്ടായ പ്രവർത്തനം അനിവാര്യം.

34000-ത്തോളം ജനസംഖ്യയുള്ള പഞ്ചായത്തിലെ 14 സ്കൂളുകളിലായി 8549 വിദ്യാർഥികൾ പഠിക്കുന്നു. ഇതിൽ 2414 കുട്ടികൾ എൽ.പിവിഭാഗത്തിലും 2542 കുട്ടികൾ യു.പി. വിഭാഗത്തിലും ഉൾപ്പെടുന്നു. ഇതിൽ എൽ.പി. വിഭാഗത്തിൽ 48.39 ശതമാനം ഉം യു.പി വിഭാഗത്തിൽ 48.23 ശതമാനവും ഹൈസ്കൂളിൽ 50.79 ശതമാനവും പെൺകുട്ടികളാണ്. 14 സ്കൂളുകളിലായി 288 അധ്യാപകർ ജോലി ചെയ്യുന്നു. ഇതിൽ 94 പേർ ഗവൺമെന്റ് സ്കൂളുകളിൽ സേവനമനുഷ്ഠിക്കുന്നവരാണ്. അധ്യാപകരുടെ 32.64 ശതമാനവും മൊത്തം വിദ്യാർഥികളുടെ 37.22 ശതമാനവും രണ്ട് ഗവൺമെന്റ് സ്കൂളുകളിലാണ് എന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. ഇവ പട്ടിക 1(a) 1(b) 1(c) ഇവ വ്യക്തമാക്കുന്നു.

70

# പട്ടിക I (ഞ)

## വിദ്യാർത്ഥികൾ - അദ്ധ്യാപകർ

| ക്രമനമ്പർ | സ്കൂളിന്റെ പേര് | | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | ചാവശ്ശേരി ഗവ: ഹൈസ്കൂൾ | L.P | സർക്കാർ | 111 | 114 | 225 | 38 | 26 | 64 |
| | | U.P | | 461 | 460 | 921 | | | |
| | | H.S | | 546 | 544 | 1090 | | | |
| 2 | ഇരിട്ടി ഹൈസ്കൂൾ | U.P | എയിഡഡ് | 75 | 59 | 134 | 27 | 31 | 58 |
| | | HS | | 710. | 787 | 1497 | | | |
| 3 | ഉളിയിൽ ഗവ: യു.പി.സ്കൂൾ | LP | സർക്കാർ | 200 | 171 | 371 | 17 | 13 | 30 |
| | | UP | | 271 | 304 | 575 | | | |
| 4 | മീത്തലെപുന്നാട് യു.പി.സ്കൂൾ | LP | എയിഡഡ് | 163 | 148 | 311 | 8 | 16 | 24 |
| | | UP | | 187 | 159 | 346 | | | |
| 5 | വാഴുന്നവേഴ്സ് യു.പി.സ്കൂൾ | LP | എയിഡഡ് | 203 | 164 | 367 | 10 | 20 | 30 |
| | | UP | | 292 | 280 | 572 | | | |
| 6 | പി.ടി.ഐ.എം.എൽ.പി. സ്കൂൾ ചാവശ്ശേരി | LP | എയിഡഡ് | 125 | 128 | 253 | 3 | 8 | 11 |
| 7 | വെളിയമ്പ്ര എൽ.പി. സ്കൂൾ | LP | എയിഡഡ് | 132 | 159 | 291 | 4 | 5 | ~~10~~ 9 |
| 8 | ബാഫഖി മെമ്മോറിയൽ എൽ.പി സ്കൂൾ | LP | എയിഡഡ് | 89 | 85 | 174 | 4 | 3 | 7 |
| 9 | ഉളിയിൽ സെൻട്രൽ എൽ.പി സ്കൂൾ | LP | എയിഡഡ് | 109 | 107 | 216 | 5 | 4 | 9 |
| 10 | ഉളിയിൽ സനാതന എൽ.പി.സ്കൂൾ | | എയിഡഡ് | 184 | 160 | 344 | 5 | 7 | 12 |
| 11 | പുന്നാട്. എൽ.പി. സ്കൂൾ. | LP | എയിഡഡ് | 142 | 136 | 278 | 4 | 7 | 11 |
| 12 | എടക്കാനം എൽ.പി. സ്കൂൾ | LP | എയിഡഡ് | 88 | 87 | 175 | 5 | 2 | 7 |
| 13 | പയഞ്ചേരി എൽ.പി.സ്കൂൾ | LP | എയിഡഡ് | 118 | 119 | 237 | 5 | 2 | 7 |
| 14 | ഐ. ഐ. എം എൽ.പി.സ്കൂൾ | | എയിഡഡ് | 98 | 74 | 172 | 4 | 5 | 9 |
| | Total | | | 4304 | 4245 | 8549 | | | |

പട്ടിക 1 (A)

പട്ടിക 1(B)

പട്ടിക 1 (D)

പട്ടിക 1(E)

**പഠനം നിർത്തിയവരുടെ കണക്ക്**

| SC/ST | | | മറ്റുള്ളവർ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 12 | 9 | 21 | 81 | 48 | 129 |

പട്ടിക I (C)

പഞ്ചായത്തിലെ ആകെ വിദ്യാർഥികളിൽ 2.10%മാത്രമാണ് പട്ടികജാതി പട്ടികവർഗ വിദ്യാർഥികൾ. എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗത്തിലെ ഇവരുടെ കണക്ക് പട്ടിക D വ്യക്തമാക്കുന്നു.

പട്ടിക 1 (D)

വിവിധ പട്ടികവർഗ കോളനികളിൽ നിന്നും വിദ്യാർഥികൾ ഇന്നും സ്കൂളിൽ പോകാത്ത അവസ്ഥയുണ്ട്. ഇതു മാറ്റിയെടുക്കണമെങ്കിൽ ശക്തമായ ജനകീയ ഇടപെടലുകളും ബോധവൽക്കരണവും ആവശ്യമാണ്.

പഠനം നിർത്തിയവരുടെ കണക്ക്

പട്ടി 1 (E)

**ഭൗതിക സൗകര്യങ്ങൾ:**

പഞ്ചായത്തിലെ ഭൂരിഭാഗം സ്കൂകളിലും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഇല്ല. പല സ്കൂളിലും കളിസ്ഥലം, മൂത്രപ്പുര, കക്കൂസ് തുടങ്ങിയവ ഇല്ല എന്നു തന്നെ പറയാം. ആവശ്യമായ കെട്ടിട സൗകര്യങ്ങൾ പോലും ഇല്ലാത്ത സ്കൂളുകൾ ഉണ്ട്. 96 വിദ്യാർഥികൾ പഠിക്കുന്ന ഉളിയിൽ ഗവൺമെന്റ് യു.പി.സ്കൂളിൽ 9 ക്ലാസുകൾ ഓല ഷെഡിലാണ് പ്രവർത്തിക്കുന്നത്. പുതിയ കെട്ടിടത്തിന്റെ പണി തുടങ്ങിയെങ്കിലും യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല. കളിസ്ഥലമാണെങ്കിൽ നിന്നുതിരിയാൻ ഇടമില്ലാത്തത്ര ചെറുതാണ്. പഞ്ചായത്തിലെ മിക്കവാറും എൽ.പി.സ്കൂളിൽ തെളിഞ്ഞ Black Board പോലും ഇല്ലാത്ത അവസ്ഥയാണ്. ചാവശേരി പി.കെ.കെ.എം. എൽ.പി.സ്കൂൾ, പുന്നാട് എൽ.പി.സ്കൂൾ എന്നിവയ്ക്കു കളിസ്ഥലം ഇല്ല. ഇരിട്ടി H.S-ൽ ശുദ്ധജലം തീരെ ലഭ്യമല്ല. കുന്നിൽ മുകളിലുള്ള സ്കൂൾ ആയതിനാൽ കിണർ കുഴിച്ചെങ്കിലും വെള്ളം ലഭ്യമല്ല.

കക്കൂസ്, മൂത്രപ്പുര എന്നിവയുടെ കാര്യത്തിലാണെങ്കിൽ പഞ്ചായത്തിലെ ശരാശരി വളരെ താഴ്ന്നതാണ്. മൂത്രപ്പുരയില്ലാത്ത 2 സ്കൂളുകളിലും കക്കൂസില്ലാത്ത സ്കൂളുകളും കുടിവെള്ളം ലഭ്യമല്ലാത്ത 4 സ്കൂകളും വൈദ്യുതി ഇല്ലാത്ത 5 സ്കൂളും പഞ്ചായത്തിലുണ്ട്. ശരാശരി 475 കുട്ടികൾക്കും 1 മൂത്രപ്പുര എന്ന തോതിലും 212 പേർക്ക് 1 കക്കൂസുമാണ് ഉള്ളത്.

പട്ടിക 2

**പഠനനിലവാരം**

പഞ്ചായത്തിലെ മിക്ക സ്കൂളിലെയും പഠനനിലവാരം സംസ്ഥാന ശതമാനത്തേക്കാൾ താഴ്ന്നതാണ്. മൊത്തം വിദ്യാർഥികളിൽ 35.84%വും 30% മാർക്കിനു താഴെ വാങ്ങുന്നവരാണ്. 30%നും 40%നും ഇടയിൽ മാർക്കു വാങ്ങുന്നവർ 26.84%വും 40%നും 50%നും ഇടയിൽ മാർക്കു ലഭിക്കുന്നവർ 17.015%വും 50% നും 60%നും മാർക്കു ലഭിക്കുന്നവർ 11.38%വും 60% മാർക്കു ലഭിക്കുന്നവർ 8.91% വും ആണ്. ഇക്കാര്യം വ്യക്തമാക്കുന്ന പട്ടിക താഴെക്കൊടുക്കുന്നു.

പട്ടിക 3

| ക്ലാസുകൾ | 30%താഴെ മാർക്കു ലഭിച്ചവർ | 30%നും 40%നും ഇടയിൽ | 50 നും 60% ഇടയിൽ | 40% to 50 % മാർക്ക് ലഭിച്ചവർ | 60%നു മുകളിൽ |
|---|---|---|---|---|---|
| III | 15 | 120 | 151 | 180 | 180 |
| IV | 190 | 167 | 197 | 138 | 206 |
| V | 246 | 156 | 176 | 96 | 95 |
| VI | 326 | 229 | 216 | 115 | 46 |
| VII | 341 | 278 | 188 | 128 | 46 |
| VIII | 396 | 426 | 180 | 47 | 21 |
| IX | 320 | 390 | 62 | 44 | 17 |
| X | 385 | 143 | 85 | 58 | 20 |
| Total | 2538 | 1901 | 1205 | 806 | 631 |
| % | 35.84 | 26.84 | 17.01 | 11.38 | 8.91 |

അവലംബം: Secondary data.

പഞ്ചായത്തിലെ 2 ഹൈസ്കൂൾകളിലേയും എസ്.എസ്.എൽ.സി. വിജയശതമാനം കഴിഞ്ഞ അനവധി വർഷങ്ങളിലായി കുറഞ്ഞു വരുന്നതായാണ് കണക്കുകൾ കാണിക്കുന്നത്. ഇത് അധ്യാപകരും വിദ്യാർഥികളും രക്ഷിതാക്കളും സമഗ്രമായി പരിശോധിക്കേണ്ടതാണ്. 1991-92 വർഷം മുതൽ 95-96 വരെയുള്ള

## പട്ടിക 1(B)

LP, UP, HS വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

| ആകെ വിദ്യാർത്ഥികൾ | LP | | | UP | | | HS | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| | 1762 | 1652 | 48.3[illegible] | 1316 | 1226 | 48.23 | 1903 | 1964 | 50.79 |

## പട്ടിക I C

ഗവൺമെന്റ് സ്കൂളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്.

| ആകെ അദ്ധ്യാപകർ | ഗവൺമെന്റ് അദ്ധ്യാപകർ | ഗവൺമെന്റ് അദ്ധ്യാപകരുടെ ശതമാനം | പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം | ഗവൺമെന്റ് സ്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണം | ഗവൺമെന്റ് സ്കൂളിലെ വിദ്യാർത്ഥികളുടെ ശതമാനം |
|---|---|---|---|---|---|
| 288 | 94 | 32.64% | 8549 | 3182 | 37.22% |

## പട്ടിക 1(D) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

| LP | | | UP | | | HS | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 3414 | 27 | 0.79 | 2542 | 62 | 2.44 | 3867 | 91 | 2.35 |
| | | | | | | | | |

## പട്ടിക 2

### ഭൗതിക സൗകര്യങ്ങളുടെ ലഭ്യത

| നമ്പർ | സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1. | ചാവശ്ശേരി ഹൈസ്കൂൾ | 2236 | 64 | 1 | 2 | ഉണ്ട് | ഉണ്ട് |
| 2. | ഇരിട്ടി ഹൈസ്കൂൾ | 1631 | 58 | 4 | 2 | ഇല്ല | ഉണ്ട് |
| 3. | ഉളിയിൽ ഗവ. യു.പി. സ്കൂൾ | 946 | 30 | 2 | 2 | ഉണ്ട് | ഉണ്ട് |
| 4. | മീത്തലെ പുന്നാട് യു.പി. സ്കൂൾ | 657 | 24 | 1 | 2 | ഉണ്ട് | ഉണ്ട് |
| 5. | വാഴുന്നവേഴ്സ് യു.പി. സ്കൂൾ | 939 | 30 | 2 | 1 | ഉണ്ട് | ഉണ്ട് |
| 6 | പി.കെ.കെ.എം.എൽ.പി. സ്കൂൾ | 253 | 11 | 1 | ഇല്ല | ഉണ്ട് | ഉണ്ട് |
| 7. | വെളിയമ്പ്ര എൽ.പി. സ്കൂൾ | 291 | 9 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 8. | ബാഫക്കി മെമ്മോറിയൽ എൽ.പി. സ്കൂൾ | 174 | 7 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 9 | ഉളിയിൽ സെൻട്രൽ എൽ.പി. സ്കൂൾ | 216 | 9 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 10. | ഉളിയിൽ സൗത്ത് എൽ.പി. സ്കൂൾ | 344 | 12 | 1 | ഇല്ല | ഇല്ല | ഇല്ല |
| 11. | പുന്നാട് എൽ.പി. സ്കൂൾ | 278 | 11 | 1 | 1 | ഇല്ല | ഇല്ല |
| 12 | ഓടക്കാനം എൽ.പി. സ്കൂൾ | 175 | 7 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 13 | പയഞ്ചേരി എൽ.പി. സ്കൂൾ | 237 | 7 | 2 | 1 | ഉണ്ട് | ഉണ്ട് |
| 14. | ഐ.ഐ.എം.എൽ.പി. | 172 | 9 | 1 | 1 | ഉണ്ട് | ഉണ്ട് |

അവലംബം : സെക്കൻഡറി ഡാറ്റ.

വിജയശതമാനത്തിന്റെ പട്ടിക താഴെക്കൊടുക്കുന്നു

പട്ടിക 3A

| സ്കൂൾ | 1991-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| G.H.S ചാവശ്ശേരി | 18.76 | 19.94 | 19.8 | 20.86 | 16.6 |
| ഇരിട്ടി ഹൈസ് കൂൾ | 30.5 | 27 | 31 | 19.5 | 23 |

നിലവിലുള്ള അക്കാദമിക് സൗകര്യങ്ങളുടെ വിവരം താഴെകൊടുക്കുന്നു. പഠനനിലവാരം ഉയർത്തുന്നതിന് അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത ഒരു പ്രധാന ഘടകമാണ് (പട്ടിക 4) പഞ്ചായത്തിലെ 2 സ്കൂളുകളിൽ ലൈബ്രറിയും 6 സ്കൂളുകളിൽ Map, chart, Glob എന്നിവയും ഇല്ല എന്നു കാണാം. മറ്റുള്ള സൗകര്യങ്ങളുടെ ലഭ്യതയും പരിമിതമാണെന്ന് കാണാം.

പട്ടിക 4

കണക്ക്, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിലാണ് ഭൂരിഭാഗം കുട്ടികളും തോൽക്കുന്നത്.

സ്കൂളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും നിലവിലുള്ള ബോധന രീതികളുടെ വൈകല്യങ്ങളും അനാവശ്യമായ വിദ്യാർഥിസമരങ്ങളും പഠനനിലവാരതകർച്ചയ്ക്ക് ഇടയാക്കിയിട്ടുണ്ടെന്ന് വസ്തുതകൾ വ്യക്തമാക്കുന്നു. നിലവിലുള്ള ഓൾ പ്രൊമോഷൻ സമ്പ്രദായവും രക്ഷിതാക്കളുടെ ശ്രദ്ധയില്ലായ്മവും ദൃശ്യശ്രാവ്യ മാധ്യമങ്ങളുടെ സ്വാധീനവും കൂടിയാവുമ്പോൾ ചിത്രം പൂർണ്ണമാവുന്നു. ദേശവ്യാപകമായുള്ള ഒരു സവിശേഷതയുടെ ഭാഗമായി നമ്മുടെ പഞ്ചായത്തിലും കുട്ടികൾ ക്രിക്കറ്റിന് പഠനത്തേക്കാൾ പ്രാധാന്യം കൊടുത്തുകാണുന്നു. ടെലിവിഷൻ, മറ്റു നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവും കുട്ടികളെ സ്വാധീനിക്കുന്നു. ഇത് മാറ്റിയെടുക്കണമെങ്കിൽ രക്ഷിതാക്കളുടേയും സന്നദ്ധ സംഘടനകളുടെയും മറ്റു സാമൂഹ്യപ്രവർത്തകരുടെയും കൂട്ടായ യത്നം ആവശ്യമാണ്.

**പാഠ്യേതര പ്രവർത്തനങ്ങൾ**

പഞ്ചായത്തിലെ ചുരുക്കം ചില സ്കൂളുകളൊഴിച്ചാൽ മറ്റു പല സ്കൂളുകളും പഠന നിലവാരത്തെപ്പോലെതന്നെ പാഠ്യേതര പ്രവർത്തനങ്ങളുടെ കാര്യത്തിലും പിറകിലാണ്. ശാസ്ത്ര-ഗണിതശാസ്ത്ര പ്രവൃത്തി പരിചയമേളകളിലും കലാരംഗത്തും പഞ്ചായത്തിലെ ചുരുക്കം ചില സ്കൂളുകൾ മികവ് പുലർത്തുന്നുണ്ടെങ്കിലും കായികരംഗത്ത് മുഴുവൻ സ്കൂളുകളുടേയും സ്ഥിതി ശോചനീയമാണ്. കുട്ടികൾക്ക് കായികപരിശീലനം നൽകുന്നതിനാവശ്യമായ കളിസ്ഥലങ്ങൾ പല സ്കൂളുകളിലും ഇല്ല എന്നതാണ് സ്ഥിതി.

**ഉന്നതവിദ്യാഭ്യാസം:**

ഉന്നതവിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ പഞ്ചായത്തിൽ കുറവാണ്. എസ്.എസ്.എൽ.സി. കഴിഞ്ഞ് സർവകലാശാലാ വിദ്യാഭ്യാസത്തിനായി മട്ടന്നൂർ കോളജിനേയും കൂത്തുപറമ്പ് നിർമലഗിരി കോളേജിനേയുമാണ് വിദ്യാർഥികൾ ആശ്രയിക്കുന്നത്. എന്നാൽ ഈ കോളേജുകളിൽ സീറ്റുകൾ പരിമിതമായതിനാൽ ഭൂരിഭാഗം വിദ്യാർഥികളും ആശ്രയിക്കുന്നത് പാരലൽ കോളേജുകളെയാണ്. പഞ്ചായത്തിലെ ഏക ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ ഇരിട്ടി മഹാത്മാഗാന്ധി കോളജ് 1995-ലാണ് പ്രവർത്തനമാരംഭിച്ചത്. എന്നാൽ ഈ കേളേജിലാവട്ടെ പരിമിതമായ സീറ്റും സൗകര്യങ്ങളും മാത്രമേ ഉള്ളൂ. പഞ്ചായത്തിലെ ഉന്നതവിദ്യാഭ്യാസത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കണമെങ്കിൽ നിലവിലുള്ള ഹൈസ്കൂളിൽ പ്ലസ് ടൂ കോഴ്സ് അനുവദിക്കുകയും ഇരിട്ടി എം.ജി. കോളേജിൽ കൂടുതൽ കോഴ്സുകൾ ആരംഭിക്കുകയും വേണം.

സാങ്കേതിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ കീഴൂർ-ചാവശ്ശേരി പഞ്ചായത്ത് അത്യന്തം പിന്നോക്കാവസ്ഥയിലാണ്. ഇതു പരിഹരിക്കണമെങ്കിൽ പഞ്ചായത്തിൽ പോളിടെക്നിക്ക്, ഐ.ടി.ഐ, ഐ.ടി.സി തുടങ്ങിയ സ്ഥാപനങ്ങൾ പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ ആരംഭിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിൽ ഇരിട്ടി, പുന്നാട്, ചാവശ്ശേരി എന്നീ പ്രദേശങ്ങളിൽ ഏഴോളം ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നുണ്ട്.

സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ

പഞ്ചായത്തിലെ ഭൂരിഭാഗം വിദ്യാർഥികളും ഉപരിപഠനത്തിനായി ആശ്രയിക്കുന്നത് പാരലൽ കോളജുകളെയാണ്. എസ്.എസ്.എൽ.സി മുതൽ ബിരുദാനന്തര ബിരുദ കോഴ്സുകൾവരെ നടത്തുന്ന ഇത്തരം സ്ഥാപനങ്ങൾ പഞ്ചായത്തിലുണ്ട്. ഇരിട്ടി, പുന്നാട്, ചാവശ്ശേരി എന്നിവിടങ്ങളിലായി എട്ട് സമാന്തരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. 1838 വിദ്യാർഥികൾ ഈ സ്ഥാപനങ്ങളിൽ അധ്യയനം നടത്തുന്നു.

97-ഓളം അധ്യാപകർ ജോലി ചെയ്യുന്നു. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ അനുമെങ്കിലും പരിഹരിക്കപ്പെടുന്നത് ഇത്തരം സ്ഥാപനങ്ങളാണ്.

അനൗപചാരിക വിദ്യാഭ്യാസം:- അനൗപചാരിക വിദ്യാഭ്യാസം നല്ല രീതിയിൽ നടന്നുവന്നിരുന്ന പഞ്ചായത്താണിത്. കാൻഫെഡിന്റെ നേതൃത്വത്തിൽ പഞ്ചാ

പട്ടിക 3   95-96 കാൽപാദ പരീക്ഷ

| ക്ലാസ്സുകൾ | 30% താഴെ മാർക്ക് ലഭിച്ചവർ | 30% നും 40% നും ഇടയിൽ മാർക്ക് ലഭിച്ചവർ | 40% to 50% മാർക്ക് ലഭിച്ചവർ | 50% to 60% മാർക്ക് നേടിയവർ | 60% ന് മുകളിൽ മാർക്ക് ലഭിച്ചവർ |
|---|---|---|---|---|---|
| III | 154 | 120 | 151 | 180 | 180 |
| IV | 190 | 167 | 107 | 138 | 206 |
| V | 246 | 156 | 176 | 96 | 95 |
| VI | 326 | 229 | 216 | 115 | 46 |
| VII | 341 | 278 | 188 | 128 | 46 |
| VIII | 396 | 426 | 180 | 47 | 21 |
| IX | 320 | 390 | 62 | 44 | 17 |
| X | 385 | 143 | 85 | 58 | 20 |
| Total | 2538 | 1901 | 1205 | 806 | 631 |
| % | ~~24.58~~ 35.84 | ~~22.29~~ 26.84 | ~~17.09~~ 17.01 | ~~9.43~~ 11.38 | ~~7.38~~ 8.91 |

പട്ടിക 4

<u>അക്കാദമിക് സൗകര്യങ്ങളുടെ പ്രാപ്യത</u>

| പ്രാപ്യത | ലൈബ്രറി | ലാബ് | പഠനോപകരണങ്ങൾ (ബ്ലാക്ക്ബോർഡ്, ചാർട്ട്, ഗ്ലോബ്) | റേഡിയോ | ടേപ്പ് റിക്കാർഡർ | ടി.വി./വിസിആർ | സിനിമാ പ്രൊജക്ടർ | ഓവർഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ |
|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 12 | 7 | 8 | 8 | 8 | 0 | 1 | 1 | 0 |
| ഇല്ലാത്തത് | 2 | 7 | 6 | 6 | 6 | 14 | 13 | 13 | 14. |

യത്തിൽ VI–ാം വാർഡിലെ ആക്കാംപറമ്പിലും XII – ാം വാർഡിലെ പയഞ്ചേരിയിലും അനൗപചാരിക വിദ്യാഭ്യാസം സ്തുത്യർഹമായ രീതിയിൽ നടന്നിട്ടുണ്ട്. 1990–ൽ സാക്ഷരതാ പ്രസ്ഥാനത്തിന്റെ പ്രവർത്തനഫലമായി പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും സാക്ഷരതാ ക്ലാസുകൾ നടന്നു. അതിന്റെ ഫലമായി പഞ്ചായത്തിലെ ഭൂരിഭാഗം ആളുകളേയും സാക്ഷരരാക്കാൻ കഴിഞ്ഞു. 1991–ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിലെ സാക്ഷരതാനിരക്ക് 89.29% ആണ്. ഇത് കേരളത്തിന്റെ മൊത്തം സാക്ഷരാ നിരക്കിനേക്കാൾ താഴെയാണെന്ന് പറയേണ്ടതില്ലല്ലോ. 1991ന് ശേഷം തുടർവിദ്യാഭ്യാസ പരിപാടി അവസാനിപ്പിച്ചതിനാൽ അനൗപചാരിക വിദ്യാഭ്യാസം ഇന്ന് ഏറെക്കുറെ നിലച്ചമട്ടാണ്. ഇത് മാറ്റിയെടുത്ത് പഞ്ചായത്തിൽ നൂറ് ശതമാനം സാക്ഷരത കൈവരിക്കേണ്ടതുണ്ട്. അതിനാൽ തുടർ വിദ്യാഭ്യാസ പ്രക്രിയ തന്നെ തുടരണം.

വരുന്ന അഞ്ചു വർഷങ്ങളിൽ വിദ്യാഭ്യാസ രംഗത്ത് പഞ്ചായത്തിൽ നടപ്പാക്കേണ്ട പദ്ധതികളെക്കുറിച്ച് ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദേശങ്ങൾ താഴെ പറയുന്നവയാണ്.

1.എയിഡഡ് സ്കൂളിലെ അധ്യാപക നിയമനം സർക്കാർ ഏറ്റെടുക്കണം

2.ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന L.P, U.P സ്കൂളുകളിൽ പഠനോപകരണങ്ങൾ ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

3.വിദ്യാലയങ്ങളില്ലാത്ത നാലാം വാർഡിലെ നരകം പാറയിലും ഒന്നാം വാർഡിലെ പത്തൊൻപതാംമൈൽ എന്ന പ്രദേശത്തും ഓരോ എൽ.പി.സ്കൂൾ സ്ഥാപിക്കുക.

4.പഞ്ചായത്തിൽ നിലവിലുള്ള ഹൈസ്കൂളുകളിൽ പ്ലസ്ടു കോഴ്സുകൾ ആരംഭിക്കുക.

5.പഞ്ചായത്തിലെ മുഴുവൻ എൽ.പി.സ്കൂളുകളോടും അനുബന്ധിച്ച് ശാസ്ത്രീയമായ രീതിയിൽ പ്രീ–പ്രൈമറി വിഭാഗം ആരംഭിക്കുക.

6.അധ്യാപകർക്ക് അതത് വിഷയങ്ങളിൽ മെച്ചപ്പെട്ട പരിശീലനം നൽകി വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക.

7.പഞ്ചായത്തിലെ പല സ്കൂളുകളും പഴകിയ കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇവ പൊളിച്ചുമാറ്റി പുതിയ കെട്ടിടങ്ങൾ നിർമിക്കുക.

8.'ചെറുപ്പത്തിൽ തന്നെ പിടികൂടുക' എന്നതന്ത്രം എൽ.പി.സ്കൂളിൽ ആരംഭിച്ച് കായിക പ്രതിഭകളെ കണ്ടെത്തുകയും പരിശീലനം നൽകുകയും ചെയ്യുക. അതിനാൽ ഓരോ സ്കൂളിലും പ്രത്യേകം അധ്യാപകരെ നിയമിക്കുക.

9.പി.ടി.എ, മദർ പി.ടി.എ എന്നിവ സജീവമാക്കുക

10.കലാരംഗത്ത് താത്പര്യമുള്ള കുട്ടികളെ കണ്ടെത്തി പാവപ്പെട്ടവരാണെങ്കിൽ സാമ്പത്തിക സഹായങ്ങളടക്കമുള്ള സൗകര്യങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുക.

11.സ്കൂളുകളിലെ ഓൾപ്രമോഷൻ രീതി കുട്ടികളുടെ അക്ഷരജ്ഞാനത്തെ പ്രതികൂലമായി ബാധിക്കുന്നു. ഇക്കാരണത്താൽ പഞ്ചായത്തിൽ സാക്ഷരരുടെ ഇടയിൽ നിരക്ഷരർ കൂടുകയാണ്. ഇത് പഠനവിധേമാക്കുകയും പരിഹരിക്കപ്പെടേണ്ടതുമാണ്.


12.എസ്.എസ്.എൽ.സി.ക്ക് ഉയർന്ന് മാർക്ക് വാങ്ങുന്ന പഞ്ചായത്തിലെ ഹൈസ്കൂളുകളിൽനിന്നുള്ള വിദ്യാർഥികൾക്ക് സമ്മാനങ്ങളും മറ്റും നൽകി പ്രോത്സാഹിപ്പിക്കണം.

13.പഞ്ചായത്തിലെ ഏറ്റവും നല്ല അധ്യാപകനെ തെരഞ്ഞെടുത്ത് അവാർഡ് നൽകണം.

14.ബഹുജന പങ്കാളിത്തത്തോടുകൂടി പഞ്ചായത്തിലെ സ്കൂളുകളിൽ കളിസ്ഥലങ്ങളും മറ്റും നിർമിക്കുക.

15.ഉളിയിൽ സെൻട്രൽ എൽ.പി., ബി.എം.എൽ.പി. വെളിയമ്പ്ര പുന്നാട് എൽ.പി. പയഞ്ചേരി എൽ.പി. എടക്കാനം എൽ.പി. എന്നീ സ്കൂളുകൾ യു.പി ആയി ഉയർത്തുന്നു.

16. പുന്നാട് പ്രവർത്തിക്കുന്ന ബധിര–മൂക വിദ്യാലയത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുക.




# കുടിവെള്ളം – ആരോഗ്യം പരിസരശുചിത്വം

"വെള്ളം വെള്ളം സർവ്വത്ര
തുള്ളി കുടിപ്പാൻ ഇല്ലത്രെ''

എന്ന ചൊല്ലിനെ അന്വർഥമാക്കുന്ന രീതിയിലാണ് നമ്മുടെ പഞ്ചായത്തിന്റെ സ്ഥിതി. ഇവിടെ എല്ലാ വാർഡുകളിലും നീരുറവയുള്ള പ്രദേശങ്ങൾ ഉണ്ടെങ്കിലും ഉപയുക്തമാക്കാൻ പറ്റുന്ന കാര്യക്ഷമമായ പദ്ധതികൾ ഒന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല.

നമ്മുടെ പഞ്ചായത്തിൽ അതിരൂക്ഷമായി അനുഭവപ്പെടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ് കുടിവെള്ള പ്രശ്നം. തീവ്രമായ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കിയാൽ മാത്രമേ മേൽപറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കാൻ പറ്റുകയുള്ളൂ.


ഇവിടെ ഭൂരിഭാഗം ജനങ്ങളുടെയും മുഖ്യകുടിവെള്ള സ്രോതസ് കിണറുകളാണ്. ഏകദേശം 3882 കുടുംബങ്ങളും കുടിനീരിനായി സ്വന്തം കിണറുകളെയും 1668 കുടുംബങ്ങൾ അയൽവീടുകളെയും മറ്റുള്ളവർ പൊതു ടാപ്പ്, കുഴൽ കിണറുകൾ എന്നിവയെയും ആശ്രയിക്കുന്നു.


വേനൽ ശക്തിപ്രാപിക്കുന്നതിന് മുമ്പുതന്നെ മിക്ക കിണറുകളുടെയും ജലനിരപ്പ് ഗണ്യമായി കുറയുന്നു. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളോടെ കൂടുതൽ കിണറുകളും വരണ്ടു പോകുന്നു. പിന്നെ വെള്ളം അന്വേഷിച്ചുകൊണ്ടുള്ള യാത്രയാണ്. കിലോമീറ്ററുകൾ താണ്ടി പോലും കുടിവെള്ളം ശേഖരിക്കേണ്ടിവരുന്നു. പഞ്ചായത്തിലെ മൊത്തം കിണറുകളെ സ്വഭാവത്തിനനുസരിച്ച് സുലഭം, മിതം, ദുർലഭം എന്നിങ്ങനെ മൂന്നായി തരം തിരിക്കാം. നമ്മുടെ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും നീരുറവയുള്ള സ്ഥലങ്ങളുണ്ട്. പഠനപര്യടനത്തിലൂടെ വ്യക്തമായ കാര്യമാണിത്. നീരുറവയുള്ള പ്രദേശങ്ങളിൽ കിണർ കുഴിച്ച് ടാങ്ക് കെട്ടി വെള്ളം ഉപയുക്തമാക്കാൻ കഴിയും. ഈ പ്രശ്നത്തിൽ സർക്കാരിന്റെ സത്വര നടപടികൾ കൈക്കൊള്ളേണ്ട പഞ്ചായത്തുകളിൽ ഒന്നാണ് കീഴൂർ – ചാവശ്ശേരി പഞ്ചായത്ത്.

വാട്ടർ അതോറിറ്റി പദ്ധതികൾ:

കാര്യക്ഷമമായ കുടിനീർ പദ്ധതികൾ ഒന്നുംതന്നെ നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല. ഇതേ പഞ്ചായത്തിൽ III-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന കുളച്ചേരി പദ്ധതിയുടെ ഒരു തുള്ളി വെള്ളംപോലും

# കുടിവെള്ളം






Not scale

കുടിവെള്ള ക്ഷാമ പ്രദേശങ്ങൾ

തലശ്ശേരി-കുടക് റോഡ്

**കുടിവെള്ള ക്ഷാമ പ്രദേശങ്ങൾ**

| വാർഡ് | പ്രദേശങ്ങൾ |
|---|---|
| I | ① പോസ്റ്റാഫീസ് കാഞ്ഞൂർ റോഡ് |
| II | ① ലക്ഷം വീട് ② ഹരിജൻ കോളനി |
| III | ① പാറയിൽ ② പറയനാട് ③ അമ്പലം ④ കൊടുരം ⑤ വമ്പലം |
| IV | ① വാഴയിൽ ② വട്ടോറ കുന്ന് ③ ഏച്ചൂര് ④ കാരാഞ്ചേരി |
| V | ① മഞ്ഞങ്ങോട് ② ഉപ്പിലേരി ③ കൊട്ടൂർ തായിൽ ④ വിളക്കോട് തായിൽ ⑤ കാമ്പാറോയ് |
| VI | ① നരിക്കോം പറമ്പ് |
| VII | ① കാറാട്, ② നരയമ്പാറ, ③ ഉളിയിൽ ടൗൺ ④ കുരുവേരി ⑤ നാവിയാട് |
| VIII | ① കീരിയോട് ② മേലെ എടക്കാനം ③ മൂത്തപ്പൻ കരി ④ [illegible] |
| IX | ① പടറപ്പാറ ② ലക്ഷം വീട് ③ കോട്ടത്തെക്കുന്ന് ④ കീഴൂർകുന്ന് ⑤ പുന്നാട് ടൗൺ ⑥ [illegible] ഭാഗം ⑦ [illegible] കുന്ന് |
| X | ① പാറേങ്ങാട്. ② പറമ്പാടി, ③ അത്തിത്തോട് ④ ചമ്പോറ ⑤ [illegible] ചേരി |
| XI | ① ഹിന്ദി ഹൈസ്കൂൾ ② വയ്യാട് ലക്ഷം വീട്, നരിക്കുണ്ടം, കീഴൂർ കുന്ന് ⑤ [illegible] |
| XII | ① അത്തി, അത്തിത്തട്, കുഴിച്ചാൽ ഭാഗം, |
| XIII | ① മാപ്പിള സ്കൂൾ പടനേരിപ്പാൽ |

79

നമുക്ക് ലഭിക്കുന്നില്ല. ആ പദ്ധതി നമ്മുടെ പഞ്ചായത്തിൽകൂടി പ്രാവർത്തികമാക്കിയാൽ കുടിവെള്ള പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും.

**പൊതു ടാപ്പുകൾ:**

രണ്ടു വില്ലേജിന്റെ പ്രവർത്തനപരിധി ഉൾക്കൊള്ളുന്ന നമ്മുടെ പഞ്ചായത്തിൽ കീഴൂർ വില്ലേജിലെ ഹൈസ്കൂൾ പരിസരത്തും ഇരിട്ടിയിലും മീത്തലെ പുന്നാട് കോളനിയിലും മാത്രമാണ് ശുദ്ധജല വിതരണ പദ്ധതി ഉള്ളത്. ഇതുതന്നെ കാര്യക്ഷമതയില്ല. വാർഡുകൾ കേന്ദ്രീകരിച്ച് നീരുറവയുള്ള സ്ഥലങ്ങളിൽ കിണറുകൾ കുഴിച്ച് ടാങ്ക് കെട്ടി പൊതു ടാപ്പുകളും പൈപ്പ് വെള്ള കണക്ഷനും ഉണ്ടെങ്കിൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരമാവുകയുള്ളൂ.

**പട്ടിക – 1**

| പട്ടിക വാർഡ് നമ്പർ | നീരുറവയുള്ള പ്രദേശങ്ങൾ | ഉപയുക്തമാക്കുന്ന വിധം |
|---|---|---|
| I | മണലിൽ ഭാഗം, ആവട്ടി അമ്പലത്തിനു താഴെയും വയലിൽ മേൽ ഭാഗത്തും. | (a)വയലിൽ കിണർ കുഴിച്ച് ടാങ്ക് കെട്ടി പൈപ്പ് ലൈൻ വഴി മട്ടന്നൂർ മുനിസിപ്പാലിറ്റിയിലെ ചാളകുന്ന് ഭാഗത്ത് വിതരണം ചെയ്യാം. |
| II | (a) 19ാം മൈൽ പഴയകോറ, ലക്ഷം വീട് കോളനി (b) അള്ളോം, മണ്ണോറ കുളം ഭാഗം (c) കൂലോത്ത് കുളം പുത്തൻകുളം ഭാഗം (d) കാവുംമൂല – പറയനാട് ഇല്ലംഭാഗം. | (a) നിലവിലുള്ളവ ശുദ്ധീകരിച്ച് സൈഡ് കെട്ടി സംരക്ഷിക്കുക. (b) കുളം വൃത്തിയാക്കി കുടിവെള്ളത്തിനും കൃഷിക്കും ഉപയോഗിക്കാം. (c)കിണർ കുഴിക്കുക. |
| III | (a)കൂളികുണ്ട്,(ആട്യലം) പായ്യം. (b)മൂലയിൽ, കൈതക്കുണ്ട്, നൊസ്സൻകുണ്ട് – കൂളികുണ്ട്(പെരിയത്തിൽ) | (a) കിണർ കുഴിക്കുക. (b) ചെക്ക് ഡാം കെട്ടുക. |
| IV | (a) മീത്തലെ കാരാമ്പേരി, പന്നിമൂല, (b) ചെറുവയൽ | (a) കിണർ കുഴിക്കുക (c) കുളം ആഴം കൂട്ടികെട്ടുക. |
| V | കൊട്ടൂർഞ്ഞാൽ, കാളാന്തോട് വയൽ, ഉപ്പിലേരി പാറ | തടയണ നിർമ്മിക്കുക. കിണർ കുഴിക്കുക. |
| VI | കുണ്ടറഞ്ഞി, എക്കോന, കോമ്പിൽ, വയക്കളം, ഒളയം, പുഞ്ചവയൽ, പെരുന്ത്രച്ചാൽ, മൂവ്വാട്ട്(വട്ടക്കയം) | കുളം കുഴിക്കുക. |
| VII | പടത്തുപാറ – കാറാട്കുളം | കിണർ കുഴിക്കുക. |
| VIII | എടക്കാനം, ചേളത്തൂർ, കരിയാടികുന്നിൽ, കാട്ടിടക്കാനം മഞ്ഞകാഞ്ഞിരം കോളനി. | കിണർ കുഴിക്കുക. |
| IX | കാറാട്ട്കുന്ന്(വട്ടോളി) പടത്തുപാറ ഹരിജൻ കോളനിക്കു സമീപം. | കിണർ കുഴിക്കുക. |
| X | (a) മീത്തലെ പുന്നാട് (b)അത്തി പ്രദേശം | കിണർ കുഴിക്കുക. |
| XI | കാമയാട് കുന്നിന്റെ ചെരുവിൽ ഭൂഗർഭജലം | ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയ്യുക. |
| XII | അത്തിത്തട്ടിൽ ഗുഹക്ക് ഉള്ളിൽനിന്നും വരുന്നത്. അത്തികരിമ്പാറമൂല നീറ്റുംകുണ്ട്. | ചെക്ക് ഡാം നിർമ്മിക്കുക. ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയ്യുക. |
| XIII | കൂളിച്ചെമ്പ്ര പ്രദേശം എൽ.പി സ്കൂൾ | തടയണ കെട്ടുക. പൈപ്പ് ലൈൻ |

**കുഴൽ കിണറുകൾ:**

ഇപ്പോൾ ഉള്ള കുഴൽകിണറുകൾ മിക്കതും ജനങ്ങൾക്ക് പ്രയോജനപ്പെടുന്നതോ ഉപയോഗക്ഷമതയുള്ളതോ അല്ല. കിണറുകളിൽ നിന്ന് വെള്ളം ലഭിക്കുന്നുവെങ്കിൽ ഇരുമ്പിന്റെ ചുവകാരണം കുടിക്കാൻ ഉപയോഗിക്കുന്നില്ല. ഇത് മാറ്റിയെടുക്കാൻ നിലവിലുള്ളവ ശുദ്ധീകരിക്കുക. ഇനി കുഴിക്കുന്ന കുഴൽ കിണറുകൾക്ക് പി.വി.സി. പൈപ്പ് ഉപയോഗിച്ചാൽ വെള്ളം പൂർണമായും ഉപയുക്തമാക്കാം. ഈ രീതിയിൽ ആവശ്യമുള്ള സ്ഥലത്ത് കുഴൽകിണർ കുഴിക്കുകയും മേൽപറഞ്ഞ കാര്യങ്ങൾ തീവ്രമായി നടപ്പിലാക്കുകയും ചെയ്താൽ നമ്മുടെ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണാൻ കഴിയും.

| വാർഡ് നമ്പർ | കിണർ കുഴിക്കേണ്ട സ്ഥലങ്ങൾ | കുഴൽ കിണർ കുഴിക്കേണ്ട സ്ഥലങ്ങൾ |
|---|---|---|
| I | ഹരിജൻ കോളനി, ചാവശ്ശേരി കായലൂർ റോഡ്, എറമുള്ളന്റെ വീടിനടുത്ത്. | – |
| II | ഹരിജൻ കോളനി, മഞ്ചമുക്ക്. | പറയനാട്, പറമ്പ് |
| III | ആട്യലം, പറയനാട്, പറമ്പ് | പറയനാട്, കൊട്ടാരം |
| IV | വളയിൽ, എളമ്പ, കാരാച്ചേരി, വളോരകുന്ന് | എളമ്പ, കട്ടേങ്കണ്ടം, കൂരൻമുക്ക് |
| V | കാളാന്തോട്, ഉപ്പിലേരി, കരിയിൽ, കൊട്ടൂർഞ്ഞാൽ കോളനി, നിടിയാഞ്ഞിരംകോളനി. | പാളക്കണ്ടി |
| VI | ആക്കാംപറമ്പ്, വട്ടക്കയം, കല്ലേരിക്കൽ മീന്തേരി. | – |
| VII | കാറാട്, നരയമ്പാറ, മട്ടമ്മൽ. | നരയംമ്പാറ |
| VIII | മുത്തപ്പൻകരി, മേലെ എടക്കാനം, കീരിയോട്. | മുത്തപ്പൻകരി, ചെറുവോട് |
| IX | വട്ടോളി, കീഴൂർ കുന്ന്, പുറപ്പാറ, കുന്നിന്റെ കീഴിൽ. | – |
| X | പാറേങ്ങാട്, പുറപ്പാടി, കുനിക്കരി, പോതിയോടം. | – |
| XI | വള്ള്യാട്, ലക്ഷംവീട്, നരിക്കുണ്ടം, മറപ്പുര, കീഴൂർകുന്ന് ഭാഗം. | – |
| XII | കൂളിപ്പാറ, സുധർമ്മ കോളനി, അത്തിത്തട്ട്, വികാസ് നഗർ. | – |
| XIII | പാനേരിച്ചാൽ, ചെക്ക്കുന്ന് കോളനി. | – |

## ശുദ്ധജല സ്രോതസ്സുകൾ

| കിണറുകൾ | | | | പൊതു ടാപ്പുകൾ | കുഴൽ കിണറുകൾ | മൊത്തം കിണറുകൾ |
|---|---|---|---|---|---|---|
| സ്വകാര്യ കിണർ 3882 | | പൊതു കിണർ 20 | | | | |
| വെള്ളമുള്ളത് | വെള്ളമില്ലാത്തത് | വെള്ളമുള്ളത് | വെള്ളമില്ലാത്തത് | | | |
| 1952 | 1930 | 12 | 8 | 25 | 50 | 3952 |

## KWA പദ്ധതികൾ

| വാർഡ് നമ്പർ | പദ്ധതികൾ |
|---|---|
| X | മീത്തലെ പുന്നാട് കോളനിയിൽ കിണർ കുഴിച്ച് പൈപ്പ് ലൈൻ വഴി കോളനി നിവാസികൾക്ക് വെള്ളം നൽകുന്നു. |
| XIII | പഴഞ്ചേരി മുക്ക്, കീഴൂർ ഹൈസ്കൂൾ റോഡ്, ഇരിട്ടി ടൗൺ, നേരമ്പോക്ക് റോഡ് എന്നിവിടങ്ങളിൽ പൊതു ടാപ്പ് വഴി വെള്ളം നൽകുന്നു. |

**ഗ്രാമസഭകളിൽ ഉയർന്നുവന്ന പൊതു നിർദേശങ്ങൾ:**

1. കുളച്ചേരി പദ്ധതിയിൻകീഴിൽ നമ്മുടെ പഞ്ചായത്തിനെ ഉൾപ്പെടുത്തുക.

2. നിലവിലുള്ള കിണറുകൾ ആഴം കൂട്ടാൻ സാമ്പത്തിക സഹായം നൽകുക.

## പട്ടിക - 3
## കുടിവെള്ള പ്രശ്നങ്ങളും പരിഹാര നിർദേശങ്ങളും.

| വാർഡ് നമ്പർ | പ്രശ്നങ്ങൾ | പരിഹാര നിർദേശങ്ങൾ |
|---|---|---|
| I | (a) 19-ാം മൈൽ കാശിമുക്ക് പോസ്റ്റോഫീസ്, പള്ളിക്കുസമീപം ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്നു. (b) ചാവശ്ശേരി ടൗൺ കിണർ, പട്ടാള കിണർ ഉപയോഗശൂന്യം. | (a) പുതുതായി കിണർ കുഴിക്കുക. (b) പൊതു കിണറുകൾ റിപ്പേർ ചെയ്യുക. |
| II | ചാവശ്ശേരി പറമ്പിൽ, ഹരിജൻ കോളനി, ലക്ഷംവീട് പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം. | പൊതു കിണറുകൾ ഉപയോഗപ്രദമാക്കുക. |
| III | (a) ആട്യലം, കൊട്ടാരം, മന്ദ്യലം, പറമ്പിൽ, പറയനാട് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. (b) പഴശ്ശി ഡാം സന്ദർശിക്കുന്നവർക്ക് ശുദ്ധജലം ലഭിക്കുന്നില്ല. | (a) പുതുതായി കിണർ കുഴിക്കുക. നിലവിലുള്ളവ വൃത്തിയാക്കുക. (b) ഡാമിലെ വെള്ളം ഫിൽട്ടർ ചെയ്ത് ഉപയോഗിക്കുക. പറയനാട് കുഴൽകിണർ പ്രവർത്തനക്ഷമമാക്കുക.(ആട്യാലം കിണറിന് സ്ഥലം കൊടുത്തു) |
| IV | (a) വളയിൽ, എളമ്പ, കാരാമ്പേരി, വളോരകുന്ന് ജലക്ഷാമം. (b) പള്ളിക്കയിൽ കുഴിച്ച പഞ്ചായത്ത് കിണറിൽ വെള്ളമില്ല. (c) എളമ്പ, കട്ടേങ്കണ്ടം, കുഴൽ കിണർ | (a) പൊതു കിണറുകൾക്ക് ആവശ്യമായ സ്ഥലം സ്ഥലവാസികൾ നൽകും. (b) ആഴം കൂട്ടികെട്ടുക. (c) വരുമാനാടിസ്ഥാനത്തിൽ സ്വകാര്യ വ്യക്തികൾക്ക് ധനസഹായം നൽകുക. |
| V | ഉപ്പിലേരി, ഇരുകുന്ന്, കൊട്ടൂർഞ്ഞാൽ, വിളങ്ങോട് ഞാൽ, നടുവനാട് കിഴക്കു ഭാഗം, നെടിയാഞ്ഞിരം, കാളാന്തോട് കുടിവെള്ളക്ഷാമം. | (a) പൊതുകിണർ കുഴിക്കുക. (b) നിലവിലുള്ള കിണർ ആഴംകൂട്ടുക. സ്ഥലം സൗജന്യമായി നൽകും. |
| VI | ആക്കാംപറമ്പ്, വട്ടക്കയം, കല്ലേരിക്കൽ, മീന്തേരി കുടിവെള്ളക്ഷാമം. | കിണറുകൾക്ക് ആവശ്യമായ സ്ഥലം ജനങ്ങൾ സൗജന്യമായി നൽകും. |
| VII | (a) കാറാട്, നരയമ്പാറ, ആവിലാട് ജലക്ഷാമം. (b) പൊതു കിണർ ഫലപ്രദമല്ല. | (a)പൊതുകിണർ, കുഴൽ കിണർ എന്നിവ കുഴിക്കുക. (b) പൊതു കിണർ ആഴം കൂട്ടി കെട്ടി മോട്ടോർ ഉപയോഗിച്ച് ഉളിയിൽ ടൗണിലും ആവിലാടും വെള്ളം എത്തിക്കാം. കാറാട് വയലിൽ കിണർ നിർമിച്ച് പൈപ്പ് വെള്ളം. |
| VIII | മേലെ എടക്കാനം, മുത്തപ്പൻകരി | കിണർ കുഴിക്കുക. |
| IX | പാറേങ്ങാട്, അത്തി പുറപ്പാറ, കുന്നു ഭാഗം, കിഴക്കുഭാഗം, അമ്പലഭാഗം, ലക്ഷംവീട്, കുന്നിന്റെ കീഴിൽ, പുന്നാട് ടൗൺ കുടിവെള്ളക്ഷാമം. | പൊതു കിണർ കുഴിക്കുക. വട്ടോളിയിൽ കിണർ കുഴിച്ച് ടാങ്ക് സ്ഥാപിച്ച് പൈപ്പ് വഴി ജലവിതരണം. കുഴൽ കിണർ കുഴിക്കുക. |
| X | പാറേങ്ങാട് - ചമ്പോറ, അത്തിത്തട്ട്, പുറപ്പാടി, കുന്നിക്കേരി ഭാഗങ്ങളിൽ കുടിവെള്ളക്ഷാമം. | അത്തിക്കുന്നിലെ നീരുറവ പ്രയോജനപ്പെടുത്തുക. |

| | | |
|---|---|---|
| XI | വള്ള്യാട്, ലക്ഷംവീട്, ഇരിട്ടി ഗവൺമെന്റ് ആശുപത്രിക്ക് മുൻവശമുള്ള കുന്നിൻ പ്രദേശം, നരിക്കുണ്ടം, കീഴൂർ അമ്പല ത്തിനടുത്തുള്ള കുന്നിൻപ്രദേശം, ഇരിട്ടി ഹൈസ്കൂൾ പരിസരം, മാപ്പുര എന്നി വിടങ്ങളിൽ ജലക്ഷാമം. ഇരിട്ടി എച്ച്.എസ്. റോഡ്, കോളനി റോഡ് പൈപ്പ് ലൈൻ പൊട്ടിക്കിടക്കുന്നു. | പൊതുകിണർ കുഴിക്കാൻ ആവശ്യമായ സ്ഥലം സ്ഥലവാസികൾ നൽകും. പൈപ്പ് ലൈനുകൾ റിപ്പേർ ചെയ്യുക. ടാങ്കിയുടെ അറ്റകുറ്റപ്പണികൾ ചെയ്യുക. |
| XII | കൂളിപ്പാറ, സുധർമ്മാ കോളനി, കുടിവെ ള്ളക്ഷാമം. അത്തിത്തട്ടിൽ പൊതുകിണർ ഉപയോഗശൂന്യം. | പൊതുകിണർ കുഴിക്കുക. നിലവിലുള്ളവ വൃത്തിയാക്കുക. |
| XIII | (a) പാനേരിച്ചാൽ, മുസ്ലിം സ്കൂൾ ഭാഗം കുടിവെള്ള ക്ഷാമം. (b) ഇരിട്ടിയിലും പരിസരത്തും ശുദ്ധജലക്ഷാമം. പൊതു ടാപ്പിൽ കാര്യമായി വെള്ളം കിട്ടുന്നില്ല. | (a)പൊതുകിണർ കുഴിക്കുക. സ്ഥലം പരി സരവാസികൾ നല്കും. (b) സ്കൂൾ കിണർ വൃത്തിയാക്കുക. വാട്ടർ ടാങ്കുകൾ, ടേപ്പു കൾ റിപ്പേർ ചെയ്ത് കാര്യക്ഷമതയുള്ളതാ ക്കുക. |

**ചെറുകിട ശുദ്ധജല പദ്ധതികൾ:**

ഇത്തരം പദ്ധതികളെക്കുറിച്ച് 13 വാർഡുകളിൽ നിന്നും പരാമർശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. ഇതിൽ I, II, IX, VII എന്നീ വാർഡുകളിൽ നിന്നാണ് വ്യക്തമായ നിർദ്ദേശങ്ങൾ വന്നത്.

1ാം വാർഡിൽ നമ്മുടെ പഞ്ചായത്തിന്റെ അതിർത്തിയിൽ കിണർ കുഴിച്ച് ടാങ്ക് കെട്ടി പൈപ്പുവഴി സമീപപ്രദേശങ്ങളിൽ ഉള്ളവർക്കും മുനിസിപ്പാലിറ്റിയിലെ (മട്ടന്നൂർ) ചാളകുന്ന് ഭാഗത്ത് ശുദ്ധജലം വിതരണം ചെയ്യാം.

രണ്ടാം വാർഡിൽ പഴയ കോറയിലെ വറ്റാത്ത നീരുറവ ഉപയുക്തമാക്കിയാൽ കോളനി പ്രദേശത്ത് മുഴുവനും കുടിവെള്ളം എത്തിക്കാം.

ഒമ്പതാം വാർഡിൽ കാറാട് കുന്നിൽ കിണർ കുഴിച്ച് ടാങ്ക് കെട്ടി വെള്ളം സംഭരിച്ചാൽ എട്ടാം വാർഡിലും ശുദ്ധജലം എത്തിക്കാൻ സാധിക്കും.

എഴാം വാർഡിലെ കാറാട് വയലിൽ കിണർ/കുളം കുഴിച്ച് പൈപ്പ് ലൈൻ വഴി വിതരണം ചെയ്യാം.

നമ്മുടെ പഞ്ചായത്തിലെ ശുദ്ധജല ലഭ്യത ആപൽക്കരമാകുന്ന രീതിയിൽ കുറഞ്ഞുവരുന്നതായിട്ടാണ് നിലവിലുള്ള കണക്കുകൾ സൂചിപ്പിക്കുന്നത്. ഇത് ഇതേരീതിയിൽ തുടർന്നാൽ സമീപഭാവിയിൽ തന്നെ അതിരൂക്ഷമായ കുടിവെള്ള ക്ഷാമവും വരൾച്ചയും അനുഭവപ്പെടാൻ സാധ്യതയുണ്ട്. ശുദ്ധജല ലഭ്യതയിൽ നാം സ്വയം പര്യാപ്തത നേടണമെങ്കിൽ പരിമിതമായ ജലം കാര്യക്ഷമമായി ഉപയോഗിക്കേണ്ടിയിരിക്കുന്നു. മാത്രമല്ല, ശുദ്ധജല സംരക്ഷണത്തിന് താഴെ പറയുന്ന മാർഗ്ഗങ്ങൾ കൂടി സ്വീകരിക്കേണ്ടിയിരിക്കുന്നു.

1. കുന്നിൻ ചെരിവുകളിൽ കുറുകേ കുഴിയെടുക്കുക.
2. ''കൊണ്ടൂർ'' രേഖയിൽ ബണ്ട് നിർമിക്കുക.
3. ചരിവ് ഭൂമി തട്ടുകളാക്കി തിരിക്കുക.
4. കുളങ്ങളിലും കുണ്ടുകളിലും കുമിഞ്ഞുകൂടിയ ചളി മാറ്റുക.
5. മരങ്ങൾ വച്ച് പിടിപ്പിക്കുക.
6. പുല്ലുകൾ വളർത്തുക.
7. കൊഴിഞ്ഞ ഇലകൾകൊണ്ട് പുതയിടുക.
8. നീരൊഴുക്കിന്റെ ശക്തികുറക്കുക.
9. ഒഴുക്കുള്ള പ്രദേശത്ത് തടയണ നിർമിക്കുക.
10. ബഹുനിലകൃഷി സമ്പ്രദായം നടപ്പിലാക്കുക.

**പൊതുജനാരോഗ്യം**

''വെളിച്ചം, വിശ്രമം, വെള്ളം
വ്യായാമം, വായു, ഭക്ഷണം,
രോഗജാലം നശിപ്പിക്കും –
വൈദ്യന്മാരാറു പേരിവർ''

ഒരു മനുഷ്യന്റെ ആരോഗ്യ പരിപാലനത്തിനും പൂർണ്ണ ആരോഗ്യത്തിനും മേൽപറഞ്ഞ ആറ് കാര്യങ്ങൾ സുവ്യക്തമാണല്ലോ!

''അടുക്കളയിൽനിന്നും തുടങ്ങട്ടെ നമ്മുടെ ആരോഗ്യപരിപാലനം'' എങ്കിൽ മാത്രമേ രണ്ടായിരാമാണ്ടോടുകൂടി എല്ലാവർക്കും ആരോഗ്യമെന്ന ആശയം അർഥ

പൂർണമാവുകയുള്ളൂ.

മലയാളത്തനിമയുള്ള ഗ്രാമങ്ങൾ ഉൾക്കൊള്ളുന്ന കീഴൂർ ചാവശേരി പഞ്ചായത്തിലെ ജനങ്ങൾ ആദ്യകാലത്ത് ആരോഗ്യ പരിപാലത്തിന് നാട്ടു വൈദ്യന്മാരെയാണ് ആശ്രയിച്ചുപോന്നിരുന്നത്. നമ്മുടെ പഞ്ചായത്തിൽ പാരമ്പര്യ വൈദ്യന്മാർ കുറവായിരുന്നുവെങ്കിലും പഞ്ചായത്തിന് പുറത്തുള്ള കുഞ്ഞിരാമൻ വൈദ്യർ, അച്ചുവൈദ്യർ, ഇരിങ്ങാവ് കുഞ്ഞിക്കണ്ണൻ വൈദ്യർ, ടി.കെ.കുടൃത്തവൈദ്യർ, ശങ്കുണ്ണിവൈദ്യർ, ഒതേനൻ വൈദ്യർ, ദാമോദരൻ വൈദ്യർ, കേളപ്പൻ വൈദ്യർ തുടങ്ങിയവർ ആയുർവേദരംഗത്ത് സേവനമനുഷ്ഠിച്ചവരായിരുന്നു.

കഴിഞ്ഞ 30 വർഷത്തിന് മുമ്പുവരെ ശർഭസ്ഥ ശിശു പരിപാലത്തിന് മലയ സമുദായത്തിലെ നാടൻ പതിറ്റിച്ചികളെ ആയിരുന്നു ആശ്രയിച്ചിരുന്നത്.

നമ്മുടെ പഞ്ചായത്തിൽ അലോപ്പതി ചികിത്സാ സമ്പ്രദായത്തിന് തുടക്കം കുറിച്ചത് അനന്തൻ കമ്പോണ്ടർ, നാണു ഡോക്ടർ, എന്നിവരാണ്. 1958- ൽ സ്വകാര്യ വ്യക്തിയുടെ സ്ഥാപനത്തിൽ ആരംഭിച്ച ഗവൺമെന്റ് റൂറൽ ഡിസ്പൻസറിയാണ് 1966-ൽ പ്രാഥമിക ആരോഗ്യകേന്ദ്രമായി മാറിയത്. കേശവൻ വാഴുന്നവർ ദാനം ചെയ്ത സ്ഥലത്താണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. 1973-ൽ 12 കിടക്കകളുള്ള ഒരു അനുബന്ധ കെട്ടിടം നിലവിൽ വന്നു. ഇപ്പോൾ ആശുപത്രിക്കു വേണ്ടി ഹൈസ്കൂളിന് പുറകിലായി കെട്ടിടത്തിന്റെ പണി പുരോഗമിക്കുന്നു.

പഞ്ചായത്തിൽ 9 ആരോഗ്യകേന്ദ്രങ്ങളും 3 ഉപകേന്ദ്രങ്ങളും ഉണ്ട്. രണ്ടു വില്ലേജ് ഉൾപ്പെടുന്ന നമ്മുടെ പഞ്ചായത്തിൽ കീഴൂർ വില്ലേജിൽ മാത്രമാണ് ആരോഗ്യകേന്ദ്രങ്ങൾ എല്ലാം സ്ഥിതിചെയ്യുന്നത്. ചാവശേരി വില്ലേജിലെ ജനങ്ങൾ കിലോമീറ്ററുകൾ താണ്ടി മട്ടന്നൂർ മുൻസിപ്പാലിറ്റിയിലേയോ, ഇരിട്ടിയിലോ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്നു.

**രോഗങ്ങൾ:**

1994-95 -ൽ ജനജന്യരോഗങ്ങളായ വയറിളക്കം 29 പേർക്കും, മഞ്ഞപ്പിഞ്ഞം 10 പേർക്കും, -വായുജന്യ രോഗങ്ങളായ ചിക്കൻപോക്സ് 16 പേർക്കും, മുണ്ടിനീർ 7 പേർക്കും പ്രാണിജന്യ രോഗങ്ങളായ മലേറിയ 36 പേർക്കും, 1995-96-ൽ വയറിളക്കം 26 പേർക്കും, മഞ്ഞപ്പിത്തം 4 പേർക്കും മുണ്ടിനീർ 9 പേർക്കും ക്ഷയം 5 പേർക്കും-ചിക്കൻ പോക്സ് 10 പേർക്കും മലേറിയ 59 പേർക്കും മറ്റ് അസുഖങ്ങളായ, പനി, ഛർദ്ദി എന്നിവയും പിടിപ്പെട്ടതായി റിപ്പോർട്ട് ചെയ്യുന്നു.

(അവലംബം ഹോസ്പിറ്റൽ രജിസ്റ്റർ)

**കക്കൂസുകൾ:**

5550-ഓളം വീടുകളുള്ള നമ്മുടെ പഞ്ചായത്തിൽ 2728 വീടുകളിൽ മാത്രമാണ് കക്കൂസുകളുള്ളത്. ഉള്ളത് തന്നെ ചിലത് സുരക്ഷിതവുമല്ല. 2822 വീടുകൾക്ക് കക്കൂസ് ഇല്ല. ഇവർ സ്വന്തം പറമ്പും, വെളിപ്രദേശങ്ങളും തോട്, കായൽഓരങ്ങളും ഉപയോഗിക്കുന്നു. ഇതുകാരണം വിരശല്യങ്ങളും പകർച്ച വ്യാധികളും ഉണ്ടാകുന്നു.

**പട്ടിക - 4**

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യരോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1994-95 | വയറിളക്കം, മഞ്ഞപ്പിത്തം | ചിക്കൻപോക്സ്, മുണ്ടിനീര് | മലേറിയ | പനി |
| 1995-96 | വയറിളക്കം, മഞ്ഞപ്പിത്തം | ചിക്കൻപോക്സ് ക്ഷയരോഗം | മലേറിയ | |

## പട്ടിക - 5

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം സ്വന്തം വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|
| 1 | പ്രൈമറി ഹെൽത്ത് സെന്റർ, ഇരിട്ടി | അലോപ്പതി | സ്വന്തം | 58 | കിടത്തി ചികിത്സിക്കാൻ കിടക്കകൾ കുറവ്, ഗൈനക്കോളജിസ്റ്റ്, ഇ.എൻ.ടി. ഡോക്ടർമാർ ഇല്ല. |
| 2 | കുടുംബക്ഷേമകേന്ദ്രം, പുന്നാട് | ,, | ,, | 2 | വെള്ളം എപ്പോഴും കിട്ടുന്നില്ല |
| 3 | കുടുംബക്ഷേമകേന്ദ്രം, ചാവശ്ശേരി | ,, | ,, | 2 | കുടിവെള്ളം ഇല്ല. ഉദ്യോഗസ്ഥർ കുറവ് |
| 4 | കുടുംബക്ഷേമകേന്ദ്രം, നടുവനാട് | ,, | | 2 | വൈദ്യുതിയും വെള്ളവും ഇല്ല |

## പട്ടിക - 6

| വീടുകൾ | | | | | ജനസംഖ്യ | | |
|---|---|---|---|---|---|---|---|
| കോൺക്രീറ്റ് | ഓട് | കുടിൽ | മറ്റുള്ളവ | ആകെ | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
| 716 | 3872 | 550 | 6 | 5512 | 16993<br>94.59% | 16744<br>83.84% | 33737 |
| | | | | | (91 സെൻസസ്) | | |

## പ്രായാടിസ്ഥാനത്തിൽ ദമ്പതിമാരുടെ കണക്ക്

| | | | | |
|---|---|---|---|---|
| 15-19 വരെ | 245 | 30-34 വരെ | 714 | ആകെ |
| 20-24 വരെ | 851 | 35-39 വരെ | 618 | |
| 25-29 വരെ | 1090 | 40-44 വരെ | 201 | 3719 |

## ജീവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ

| | | |
|---|---|---|
| 1 കുട്ടി | അമ്മമാരുടെ എണ്ണം 632 | കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ച അമ്മമാർ 150 |
| 2 കുട്ടികൾ | 956 | 694 |
| 3 കുട്ടികൾ 2 -ൽ കൂടുതൽ | 1795 | 1560 |
| ഒരു വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം 422 | പ്രതിരോധ കുത്തിവെയ്പു നടത്തിയവർ 403 | ആകെ ഗർഭിണികൾ 251 |


## ജനസംഖ്യാ അടിസ്ഥാനത്തിൽ അംഗവൈകല്യമുള്ളവർ

| അംഗവൈകല്യമുള്ളവർ | എണ്ണം |
|---|---|
| അന്ധർ | 39 |
| മൂകർ | 5 |
| ബധിരർ | 3 |
| ബധിര-മൂകർ | 25 |
| ചലനവൈകല്യം | 125 |
| മറ്റുള്ളവർ* | 9 |
| മന്ദബുദ്ധികൾ 11 - 15<br>15 -നു മുകളിൽ | 10<br>23 |

* ഇവർക്ക് (അംഗവൈകല്യം ഉള്ളവർക്ക് സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കുക

| വർഷം | ജനനം | ചാപിള്ള ജനനം |
|---|---|---|
| 1993 - 94 | 1204 | ഇല്ല |
| 1994 - 95 | 1227 | ഇല്ല |
| 1995 - 96 | 1346 | 8 |

ഈ പട്ടിക വ്യക്തമാക്കുന്നത് മെച്ചപ്പെട്ട ചികിത്സാസമ്പ്രദായങ്ങൾ ലഭിക്കുന്നതുകൊണ്ട് ജനനനിരക്ക് ഗണ്യമായ നിലയിൽ കൂടുകയും മരണനിരക്ക് ആനുപാതികമായി കുറയുകയും ചെയ്യുന്നു




95 – 96 സാമ്പത്തികവർഷത്തിൽ ചെലവഴിച്ച 2953443 രൂപയിൽ 22011 രൂപ മാത്രമാണ് കുടിവെള്ളത്തിനും പൊതുജനാരോഗ്യത്തിനുംകൂടി ചെലഴിക്കുന്നത്. മുകളിൽ കൊടുത്ത ഗ്രാഫ് ഇതു സൂചിപ്പിക്കുന്നു.

**വാർഡുകളിൽ നിന്നുള്ള പൊതുപ്രശ്നങ്ങൾ:**

1.വാർഡുകളിൽ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ തുടങ്ങുക.

2.മുഴുവൻ വീടുകളിലും കക്കൂസുകൾ നിർമിക്കുക

3.വ്യാപാര സ്ഥാപനങ്ങൾ, മത്സ്യ, മാംസമാർക്കറ്റുകൾ തുടങ്ങിയവയിൽനിന്നുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുക

4.കൊതുകു നശീകരണ പ്രവർത്തനങ്ങൾ നടത്തുക

5.വളർത്തു നായകൾക്ക് കുത്തിവെപ്പ് നിർബന്ധമാക്കുക

6.അലഞ്ഞു തിരിയുന്ന പട്ടികളെ നശിപ്പിക്കുക

7.ബോധവല്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക

8.ഹെൽത്ത് കാർഡ് സമ്പ്രദായം നടപ്പിലാക്കുക

9.ആരോഗ്യരംഗത്തെ ഉദ്യോഗസ്ഥരുടെ പ്രവർത്തനം കാര്യക്ഷമമായി എല്ലാ വീടുകളിലും നടത്തുക

10.പോഷകാഹാരകുറവ് പരിഹരിക്കുക

11.എല്ലാ കിണറുകളിലും ബ്ലീച്ചിങ്ങ് പൗഡർ തളിക്കുക

12.രക്തപരിശോധന നടത്തുക

**പരിഹാര നിർദേശങ്ങൾ**

1.കക്കൂസ് നിർമിക്കാൻ ആവശ്യമായ സാമ്പത്തിക സഹായം.

2.ഓവുചാൽ നിർമിക്കുകയും നിലവിലുള്ളത് വൃത്തിയാക്കുകയും ചെയ്യുക

3.മാർക്കറ്റുകളിൽ കുപ്പത്തൊട്ടി സ്ഥാപിക്കുക

4.പഞ്ചായത്തിൽ ഒരു ഹെൽത്ത് ഇൻസ്പെക്ടറെ നിയമിക്കുക.

**കക്കൂസ് നിർമാണത്തിനു തടസമായി നില്ക്കുന്ന കാരണങ്ങൾ:**

1.സാമ്പത്തിക പിന്നോക്കാവസ്ഥ:-

2.സ്ഥലപരിമിതി (ലക്ഷം വീടുകളിൽ)

3.ബോധവല്ക്കരണത്തിന്റെ അഭാവം

**പരിഹാര നിർദേശങ്ങൾ**

1.പഞ്ചായത്തിന്റെ സാമ്പത്തിക സഹായവും സന്നദ്ധ പ്രവർത്തനവും സംയോജിപ്പിക്കുക

2.സ്ഥലപരിമിതിയുള്ള സ്ഥലങ്ങളിൽ പൊതു കക്കൂസുകൾ നിർമിച്ച് ശുചീകരണത്തിന് ആളെ നിർത്തുക

3.ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുക, ബോധവല്ക്കരണം നടത്തുക.

| വാർഡ് നമ്പർ | പ്രശ്നങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ |
|---|---|---|
| I | ചാവശ്ശേരിയിൽ ആശുപത്രി സ്ഥാപിക്കുക. | നിലവിലുള്ള കുടുംബക്ഷേമ ഉപകേന്ദ്രം ആശുപത്രിയാക്കി ഉപയോഗിക്കാം |
| II | ചാവശ്ശേരി പറമ്പിൽ ആയുർവേദ ആശുപത്രികൾ സ്ഥാപിക്കുക. | ആവശ്യമായ സ്ഥലം പൊതുജനങ്ങൾ നൽകും. |
| III | പറയനാട് പ്രാഥമിക ആരോഗ്യ കേന്ദ്രം സ്ഥാപിക്കുക. കൊട്ടാരത്ത്(?) ആയുർവേദ ഡിസ്പെൻസറി സ്ഥാപിക്കുക. | ആവശ്യമായ സ്ഥലം പരിസരവാസികൾ നൽകും. |
| IV | ചാവശ്ശേരിയിലെ കുടുംബക്ഷേമ ഉപകേന്ദ്രം ആശുപത്രിയാക്കുക. വയലാറമ്പിൽ ആയുർവേദ ഡിസ്പെൻസറി സ്ഥാപിക്കുക. കട്ടേങ്ങോടത്ത്(?) ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുക. അംഗനവാടികൾക്ക് പോഷകാഹാരം വിതരണം ചെയ്യുക. | ആവശ്യമായ സന്നദ്ധ പ്രവർത്തനങ്ങൾ നൽകും. |
| V | നടുവനാട് പ്രാഥമികാരോഗ്യകേന്ദ്രം സ്ഥാപിക്കുക. മാലിന്യങ്ങൾ നീക്കം ചെയ്യുക. | ടൗൺ ശുചീകരണത്തിന് ജോലിക്കാരെ ഏർപ്പെടുത്തുക. |
| VI | കുടുംബക്ഷേമ ഉപകേന്ദ്രം തുടങ്ങുക. ആയുർവേദ ഡിസ്പെൻസറി ആരംഭിക്കുക. | |
| VII | കുടുംബക്ഷേമ കേന്ദ്രം സ്ഥാപിക്കുക. ആയുർവേദ [illegible] മത്സ്യം, മാംസം എന്നിവ പൊതു സ്ഥലത്ത് വില്പന നടത്തുന്നത് തടയുക. | ഇപ്പോഴുള്ള സാംസ്കാരിക കേന്ദ്രം ഉപയോഗിക്കാം. പൊതു മാർക്കറ്റ് സ്ഥാപിക്കുക. |
| VIII | ഇടക്കാനത്ത് പ്രൈമറി ഹെൽത്ത് സെന്റർ സ്ഥാപിക്കുക. പട്ടികജാതിയിലെ [illegible] കിടക്കുന്ന സ്ഥലങ്ങളിൽ കൊതുകു നിവാരണ പ്രവർത്തനം നടത്തുക. | |

90

| വാർഡ് നമ്പർ | പ്രശ്നങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ |
|---|---|---|
| IX | പട്ടണം പ്രാന്ത ഹരിജൻ കോളനി, ലക്ഷം വീട് എന്നിവിടങ്ങളിൽ മരുന്നും, പോഷകാഹാരങ്ങളും എത്തിക്കുക.<br>ഹരിജൻ കോളനിയിൽ പൊതു ശ്മശാനം നിർമ്മിക്കുക<br>പുന്നാട് ആയുർവേദ ആശുപത്രി സ്ഥാപിക്കുക. | ഓവു ചാലുകൾ ശുചിയാക്കുക. |
| X | മീത്തലെ പുന്നാട് കുടുംബ ക്ഷേമ ഉപകേന്ദ്രം ആശുപത്രിയായി ഉയർത്തുന്നു.<br>ആയുർവേദ ആശുപത്രി സ്ഥാപിക്കുക. | |
| XI | ഇരിട്ടിയിൽ പൊതുകക്കൂസ്, മൂത്രപ്പുര ഉപയോഗശൂന്യം.<br>ഇരിട്ടി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ആവശ്യമായ മരുന്നുകൾ എത്തിക്കുക.<br>കോൺക്രീറ്റ് [illegible] നിന്ന് ഉയരുന്ന പൊടിപടലങ്ങൾ പരിസര മലിനീകരണം ഉണ്ടാക്കുന്നു.<br>ഇരിട്ടി പ്രൈമറി ഹെൽത്ത് സെന്ററിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുക.<br>പുഴയിലേക്ക് മാലിന്യങ്ങൾ ഒഴുക്കുന്നത് തടയുക. | എല്ലാസൗകര്യങ്ങളുമുള്ള കംഫർട്ട് - സ്റ്റേഷൻ സ്ഥാപിക്കുക, ഇപ്പോഴുള്ളത് മാറ്റിപണിയുക. |
| XII | പൊതുജനാരോഗ്യ കേന്ദ്രം സ്ഥാപിക്കുക.<br>2) അങ്ങാടിയിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നു.<br>3. പൊതു ശ്മശാനത്തിന് ചുറ്റുമതിൽ കെട്ടുക.<br>4) [illegible] നിർമ്മിക്കുക.<br>5. ചാരായ നിരോധനം ഉറപ്പ് വരുത്തുക<br>മാതൃശിശു സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക | വ്യാജമദ്യങ്ങളും മറ്റും നിയമംമൂലം നിരോധിക്കുക |

| വാർഡ് നമ്പർ | പ്രശ്നങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ |
|---|---|---|
| XIII | മൂത്രപ്പുര ഉപയോഗശൂന്യം പുഴയിലേക്ക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നു. പൊതു കക്കൂസ് പ്രവർത്തനയോഗ്യമാക്കുക. | കംഫോർട്ട് സ്റ്റേഷൻ സ്ഥാപിക്കുക മാലിന്യം നിക്ഷേപിക്കുന്നത് തടയുക (പൊതു) കക്കൂസ് മാറ്റി സ്ഥാപിക്കുക. |

**പാരമ്പര്യവൈദ്യമേഖല:**

തലമുറകളായി പകർന്നു കിട്ടുന്ന അറിവുകളുടെ കൂടിച്ചേരലാണ് പാരമ്പര്യവൈദ്യം. ഏകദേശം 10ഓളം വൈദ്യ കുടുംബങ്ങൾ ഇവിടെയുണ്ട്. ഇവരെ സംഘടിപ്പിച്ച് ഏകോപിപ്പിക്കുക ഔഷധ സസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കാൻ ആവശ്യമായത് ചെയ്യുക. വിഷ ചികിത്സാകേന്ദ്രം പ്രവർത്തനം കാര്യക്ഷമമാക്കുക, വെളിയമ്പ്ര, എടക്കാനം, മീത്തലെ പുന്നാട് എന്നീ സ്ഥലങ്ങളിൽ മഞ്ഞപ്പിത്തരോഗത്തിന് ഒറ്റമൂലി ചികിത്സ നടത്തിവരുന്ന വൈദ്യന്മാരുണ്ട്.

ഗ്രാഫ്

95-96 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ച 2953443 രൂപയിൽ 22011 രൂപ മാത്രമാണ് കുടിവെള്ളത്തിനും പൊതുജനാരോഗ്യത്തിനും കൂടി ചെലവഴിക്കുന്നത്. മുകളിൽ കൊടുത്ത ഗ്രാഫ് ഇത് സൂചിപ്പിക്കുന്നു.

പുരാതന സൈന്ധവ സംസ്കാരത്തിൽ പോലും സമഗ്രമായ അഴുക്കുചാൽ പദ്ധതികൾ നിലവിലുണ്ടായിരുന്നുവെന്ന് ഉൽഖനനങ്ങൾ തെളിയിക്കുന്നു. എന്നാൽ, എല്ലാ രംഗങ്ങളിലും ആധുനികത അവകാശപ്പെടുന്ന നമ്മുടെ സ്ഥിതിയോ! പുനർചിന്തനം നടത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. പരിസര ശുചിത്വം ആരോഗ്യത്തിന്റെ മുഖമുദ്രയാണ്. വികസിച്ചുകൊണ്ടിരിക്കുന്ന നഗരങ്ങളുടെ ഇന്നത്തെ ശാപമാണല്ലോ നഗരമലിനീകരണം.

''വീടു നന്നാക്കാൻ അറിയാത്തവ-
നൊരു നാടുനന്നാക്കാനറിയുന്നതെങ്ങനെ''

**പരിസരശുചിത്വം**

സ്വന്തം വീടുകളിൽനിന്നും തുടങ്ങട്ടെ ശുചിത്വം. പരിസര മലിനീകരണമാണ് രോഗങ്ങൾ ക്ഷണിച്ചുവരുത്തുന്നത്. ചപ്പുചവറുകളും അവശിഷ്ടങ്ങളും കത്തിച്ചുകളയുകയോ കുഴിച്ചുമൂടുകയോ ചെയ്യുക. കുളിമുറിയിൽനിന്നും മറ്റും വരുന്ന അഴുക്കുജലം പൊതുവഴിയിലേക്ക് തിരിച്ചുവിടരുത്. വെളിപ്രദേശത്ത് മലമൂത്ര വിസർജനം അരുത്. കിണറുകൾ എല്ലാം ആൾമറ കെട്ടുക. കിണറുകളിൽ ബ്ലീച്ചിംഗ് പൗഡർ വിതറി ശുദ്ധമാക്കുക. കുടിവെള്ളം ശുദ്ധീകരിച്ച് ഉപയോഗിക്കുക. അഴുക്ക് വെള്ളം കെട്ടി നിൽക്കാൻ അനുവദിക്കരുത്. മേൽപറഞ്ഞ കാര്യങ്ങൾ ചെയ്താൽ തന്നെ സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കുന്നത് ഒരു പരിധിവരെ തടയാൻ കഴിയും. ശുചിത്വമുള്ള വീടുകളിൽ ആരോഗ്യം സംരക്ഷിക്കപ്പെടുന്നു.

രക്തബാങ്കുകൾ സ്ഥാപിക്കുക.


പുകവലി, മുറുക്കൽ, മദ്യപാനം എന്നിവ പ്രചാരണ-ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ തടയുക.

രക്തദാനത്തെ കുറിച്ചുള്ള ആശങ്കകൾ ദൂരീകരിക്കുക.

നേത്രദാനസേന രൂപീകരിക്കുക

മേൽ പറഞ്ഞ കാര്യങ്ങൾ പ്രയോജനപ്പെടുത്തിയും സന്നദ്ധ സംഘടനകളെ ഉപയോഗപ്പെടുത്തിയും എല്ലാവർക്കും ആരോഗ്യമെന്ന മുദ്രാവാക്യം യാഥാർഥ്യമാക്കാൻ പറ്റും. അതിനാകട്ടെ ഇനിയുള്ള നമ്മുടെ വിലപ്പെട്ട നാളുകൾ

നമ്മുടെ പഞ്ചായത്തിൽ ആരോഗ്യരംഗ പ്രവർത്തനത്തിൽ സന്നദ്ധ സംഘടനകൾ സേവനം നടത്താറുണ്ട്. ഇതിന് ഒരു ഉദാഹരണമാണ് ചാവശ്ശേരി വില്ലേജ് കേന്ദ്രീകരിച്ചു നടന്ന ക്യാൻസർ നിവാരണ ക്യാമ്പ്. പ്രവർത്തകർ 2500ഓളം വീടുകളിൽനിന്ന് 12000 ആളുകളെ കേന്ദ്രീകരിച്ച് സർവ്വേ നടത്തുകയും പരിശോധനയിൽ 60 പേർക്ക് ക്യാൻസർ ഉള്ളതായി കണ്ടെത്തുകയും ചെയ്തു.




# പാർപ്പിടം

കീഴൂർ–ചാവശ്ശേരി എന്നീ രണ്ടുവില്ലേജുകൾ ചേർന്നതാണ് കീഴൂർ– ചാവശ്ശേരി പഞ്ചായത്ത് രൂപീകൃതമായത്. പഞ്ചായത്തിലെ ഭവനനിർമ്മാണ മേഖല പരമ്പരാഗതമായ വാസ്തുശിൽപരീതിതന്നെയാണ് പ്രായേണ പിൻതുടരുന്നതെങ്കിലും ഗൾഫ് പണത്തിന്റെ സ്വാധീനവും ഇടത്തരക്കാർക്കിടയിലുണ്ടായ സാമ്പത്തികാഭിവൃദ്ധിയും ഇവയ്ക്ക് മാറ്റങ്ങൾ വരുത്തിത്തുടങ്ങിട്ടുണ്ട്. ഉൽപാദകമേഖലയിൽ മുതൽ മുടക്കി ക്രിയാത്മകമായി തിരിച്ചുവിടേണ്ട പണം മരവിപ്പിക്കുന്നതിനും നിഷ്ക്രിയമായിപ്പോകുന്നതിനും ആർഭാടപൂർണ്ണമായ കെട്ടിടനിർമ്മാണരീതി ഇടയാക്കുന്നു എന്നത് ഖേദകരമായ വസ്തുതയാണ്.

മിക്കവാറും എല്ലാവാർഡുകളിലുമുള്ള പട്ടികവർഗ്ഗ കോളനികളിലുള്ള വീടുകളുടെ നിലഇന്നും പരിതാപകരമായിതന്നെ തുടരുകയാണ്. കുടിലുകളുടെ എണ്ണം താരതമ്യേന കുറവാണെങ്കിലും ഇടത്തരം വീടുകളാണ് ഭൂരിപക്ഷവും.

പഴശ്ശിപദ്ധതിക്കുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കപ്പെട്ടതിനെതുടർന്ന് ധാരാളം വീടുകൾ മാറ്റിപ്പണിയേണ്ടി വന്നിരുന്നു. പഞ്ചായത്തിലെ 5511 വീടുകളിൽ 688 വീടുകൾ ഭേദപ്പെട്ടവയാണ്. 3872 വീടുകൾ ഇടത്തരവും ബാക്കി കുടിലുകളോ ഓല മേഞ്ഞതോ ആണ്.

**വീടുകളുടെ തരംതിരിവ് പട്ടിക (വാർഡ് തലത്തിൽ) (അവലംബം –പഞ്ചായത്ത് എസ്സെൻമെന്റ് രജിസ്റ്റർ)**

| വാർഡ് | കുടിൽ | ഓല | ഓട് | കോൺക്രീറ്റ് | മറ്റുളളവ | ആകെ |
|---|---|---|---|---|---|---|
| 1. | 48 | 4 | 256 | 56 | – | 364 |
| 2. | 44 | 66 | 447 | 75 | 1 | 633 |
| 3. | 36 | 16 | 172 | 15 | – | 239 |
| 4. | 52 | 36 | 282 | 49 | – | 419 |
| 5. | 108 | 37 | 301 | 19 | 1 | 465 |
| 6. | 29 | 86 | 241 | 18 | – | 374 |
| 7. | 23 | 42 | 229 | 72 | – | 366 |
| 8. | 65 | 2 | 260 | 31 | – | 358 |
| 9. | 22 | 2 | 448 | 81 | 2 | 555 |
| 10. | 67 | 1 | 363 | 28 | 2 | 461 |
| 11. | 21 | 41 | 341 | 80 | – | 483 |
| 12. | 16 | 35 | 318 | 76 | – | 445 |
| 13. | 19 | – | 214 | 116 | – | 349 |
| | | | | | | ആകെ 5511 |

## പഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനികളിലെ വീടുകളുടെ നില.

പട്ടിക – 2 –

| കോളനിയുടെ പേര് | വീടുകൾ ഓല | ഓട് | മാറ്റേണ്ടവ | ആകെ | വാർഡ് |
|---|---|---|---|---|---|
| പടത്തുപാറ | 2 | 10 | — | 12 | VII, IX |
| വള്ള്യാട് കോട്ടക്കുന്ന് കോളനി | 1 | 13 | — | 14 | XI |
| ചാവശ്ശേരി പറമ്പ് | 6 | 10 | — | 16 | II |
| എടത്താനം മഞ്ഞക്കാഞ്ഞിരം | 1 | 11 | — | 12 | VIII |
| അഞ്ചിക്കുന്ന് | 1 | 7 | — | 8 | XII |
| കുളിച്ചപ്പാറ | — | 7 | — | 7 | XII |
| മഠം പറമ്പിൽ | — | 7 | — | 7 | X |
| മാഞ്ഞാം പാറ | — | 2 | — | 2 | X |
| നടുവനാട് നിടിയാഞ്ഞിരം | — | 5 | — | 5 | V |
| ആക്കപറമ്പ് കോളനി | — | 4 | — | 4 | XI |
| ചെത്തിക്കുന്ന് കോളനി | 5 | 6 | — | 11 | XIII |

1991-92 വർഷം മുതലുള്ള കാലയളവിൽ പഞ്ചായത്തിലെ 13 വാർഡുകളിലായി നിർമ്മിച്ച വീടുകളിൽ കുറെയേറെ തുല്യത പുലർത്തുന്നുണ്ടെങ്കിലും കോൺക്രീറ്റുവീടുകളുടെ നിർമ്മാണച്ചെലവ് വളരെയേറെ വർദ്ധിച്ചതായി കാണുന്നു. ആർഭാഡകരമായ വലിയ വീടുകളുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. റോഡിന് സമീപമായി ലക്ഷങ്ങൾ മുടക്കി വലിയ മണിമന്ദിരങ്ങൾ നിർമ്മിക്കുന്നതിനു പുറമെ നെൽവയലുകൾ നികത്തി വീടുകളുണ്ടാക്കുന്ന പ്രവണതയും വ്യാപകമായി കണ്ടുവരുന്നു. കാർഷികമേഖലയെ ദോഷകരമായി ബാധിക്കുന്ന ഈ പ്രവണത നിരുത്സാഹപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഭവനനിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഹൗസിങ്ങ് സൊസൈറ്റികളെയും ബാങ്കുകളെയുമാണ് പഞ്ചായത്തിലെ ജനങ്ങൾ വീടുനിർമ്മാണത്തിനായി ഉപയോഗപ്പെടുത്തുന്നത്. എന്നാൽ അമിതമായ പലിശയും ജാമ്യവസ്ഥയും യഥാസമയം ബാങ്കുവായ്പ ലഭിക്കാത്തതിന് കാരണമായിത്തീരുന്നുണ്ട്. ഇത് സാധാരണക്കാരെ വളരെയധികം ബാധിക്കുന്നുണ്ട്. ഭവന വായ്പകൾ സാധാരണക്കാരന് ലഭിക്കുന്നതിന് വായ്പാ വ്യവസ്ഥകൾ ഉദാരമാക്കേണ്ടതാണ്. സർക്കാർ ഭവന നിർമ്മാണബോർഡുകൾവഴി ഇടത്തരം ദുർബ്ബല ജന വിഭാഗങ്ങൾക്കായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഭവന നിർമ്മാണപദ്ധതി വളരെക്കുറച്ച് പേർക്കുമാത്രമാണ് ലഭിക്കുന്നത്. ദുർബ്ബല വിഭാഗക്കാർക്ക് വീടുവെയ്ക്കുന്നതിനും പുതുക്കിപ്പണിയാനും സഹായങ്ങളൊ വായ്പകളെ ലഭിക്കാത്തതിനാൽ ഈ വിഭാഗക്കാർ അസംതൃപ്തരാണ്.

**പഞ്ചായത്തിലെ പട്ടികവർഗ്ഗകോളനികളുടെ സ്ഥിതി**

ഇരിട്ടി വികസനബ്ലോക്കിൽ പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട ജനങ്ങൾ ഏറെ അധിവസിക്കുന്ന ഒരു പഞ്ചായത്താണ് ഇത്. പഞ്ചായത്തിലെ പതിനൊന്നോളം കോളനികളിലായി തൊണ്ണൂറ്റിയൊൻപതോളം വീടുകൾ സ്ഥിതിചെയ്യുന്നു. ഈ വീടുകളിലെല്ലാമായി 699 ആളുകൾ താമസിക്കുന്നു. കോളനികളിലെ മിക്ക വീടുകളിലേയും സ്ഥിതി വളരെ പരിതാപകരമാണ്. കഴിഞ്ഞ അനവധി വർഷങ്ങളായി വിവിധ ക്ഷേമപദ്ധതി കളിലൂടെ ഭാരിച്ച തുക ഈ കോളനികളിൽ ചെലവഴിച്ചിട്ടുണ്ടെങ്കിലും അതൊന്നും വേണ്ടത്ര ഫലപ്രദമായി കാണുന്നില്ല. നിഷ്ക്കളങ്കരായ കോളനി നിവാസികൾ കാലകാലങ്ങളിൽ ചൂഷണം ചെയ്യപ്പെടുകയാണ്. കോളനികളിൽ വിതരണം ചെയ്യുന്ന തുകയാകട്ടെ അതത് മേഖലകളിൽ ചെലവഴിക്കാതെ മറ്റു പല ആവശ്യങ്ങൾക്കും ചെലവഴിക്കപ്പെടുകയാണ് പതിവ്. ഇത് മാറ്റിയെടുക്കേണ്ടിയിരിക്കുന്നു.

പട്ടിക-2

IRDP സർവ്വെപ്രകാരം കീഴൂർ ചാവശ്ശേരി പഞ്ചായത്തിൽ വീട് ആവശ്യമുള്ള കുടുംബാംഗങ്ങളുടെ ആകെ എണ്ണം 254 ആണ്. വിവിധ പരിപാടികളിലായി 100 പേർക്ക് വീടുകൾ നിർമ്മിക്കാനുള്ള സഹായം നൽകി. അതിൽ 97 വീടുകൾ പൂർത്തീകരിച്ചുകഴിഞ്ഞു.

ഭവനനിർമ്മാണത്തെ സംബന്ധിക്കുന്നവിവരം
പട്ടിക-3

**പ്രശ്നങ്ങൾ**

1. വീടുനിർമ്മാണത്തിനാവശ്യമായ സാമഗ്രികളുടെ വില ക്രമാതീതമായി വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു.
2. വിദഗ്ധരായ തൊഴിലാളികളുടെ അഭാവം.
3. ഭവനനിർമ്മാണത്തിന് വായ്പലഭിക്കുന്നതിനുവേണ്ടി ഒട്ടനവധി കടമ്പകൾ നേരിടേണ്ടിവരുന്നുണ്ട്.
4. വീടുനിർമ്മാണത്തിനാവശ്യമായ കല്ല്, മരം തുടങ്ങിയ സാധന സാമഗ്രികളുടെ ദൗർലഭ്യം.
5. പാസ് വേണ്ടിവരുന്ന മരങ്ങൾ ഉപയോഗപ്പെടുത്താൻ നേരിടേണ്ടിവരുന്ന നിയമ പ്രശ്നങ്ങൾ.
6. ഗതാഗതസൗകര്യങ്ങളില്ലാത്ത ഉൾപ്രദേശങ്ങളിൽ വീടുനിർമ്മിക്കുമ്പോൾ സാധനസാമഗ്രികൾ എത്തിക്കേണ്ടിവരുന്നതിന് ബുദ്ധിമുട്ടും. അധികസാമ്പത്തിക ബാധ്യതയും ഉണ്ടാകുന്നു.

**നിർദേശങ്ങൾ**

1. ഭവനനിർമ്മാമ ബോർഡിൽനിന്നും സാധാരണക്കാരന് സഹായം ലഭിക്കാനുള്ള നിയമ പ്രശ്നങ്ങൾ ലഘൂകരിക്കുക.
2. കെട്ടിടനിർമ്മാണത്തിനാവശ്യമായി വരുന്ന സിമന്റ്, കമ്പി മുതലായവയുടെ വിതരണം സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന ആക്കുക.
3. നിർമ്മാണച്ചെലവ് മൂന്ന് ലക്ഷം രൂപയ്ക്കു മുകളിൽ വരുന്ന വീടുകൾക്ക് കർശനമായ നിയന്ത്രണം ഏർപ്പെടുത്തുക.
4. സഹകരണ സ്ഥാപനങ്ങൾ മുഖേന പലിശരഹിത ഭവനവായ്പ അനുവദിക്കുക.
5. വായ്പ ലഭ്യമാകുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ട് ഇല്ലാതാക്കുക.
6. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം പഞ്ചായത്ത് പ്രസിഡന്റിന് നൽകുക.
7. ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് നിർമ്മിതി കേന്ദ്രം പോലുള്ള ഏജൻസികളെ ചുമതല

പട്ടിക - 3

11.5 ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (IRDP സർവ്വേ പ്രകാരം) | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീട് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | – 20 | 1 | 1 | — |
| 2 | – 21 | 31 | 29 | 2 |
| 3 | – 24 | – 2 | – 2 | — |
| 4 | – 16 | – 7 | – 7 | — |
| 5 | – 17 | – 4 | – 4 | — |
| 6 | – 13 | — | — | — |
| 7 | – 19 | 5 | 4 | 1 |
| 8 | – 12 | 10 | 10 | — |
| 9 | – 18 | 13 | 13 | — |
| 10 | – 15 | 14 | 14 | — |
| 11 | – 21 | 13 | 13 | — |
| 12 | – 19 | — | — | — |
| 13 | – 19 | — | — | — |
| | 254 | 100 | 97 | 3 |

പ്പെടുത്തുക.

8. സാധനസാമഗ്രികൾക്ക് കാലകാലങ്ങളിലുണ്ടാകുന്ന വില വർദ്ധനവിനനുസൃതമായി ഭവനനിർമ്മാണ വായ്പ കളുടെ സംഖ്യ വർദ്ധിപ്പിക്കുക.

9. IAY, MWS, JRY, RLEGP എന്നീ സ്കീമുകളിലൂടെ നൽകിവരുന്ന 15,800 രൂപ 50,000 രൂപയായി ഉയർത്തുക.

10. പ്രകൃതിക്ഷോഭ പുനരധിവാസപദ്ധതി 15,000 രൂപ യിൽനിന്ന് 40,000 രൂപായായി ഉയർത്തുക.

11. ഓലമേഞ്ഞ വീടുകൾ ഓടുമേയുവാനുള്ള സംവി ധാന മേർപ്പെടുത്തുക.

12. വീടുനിർമ്മാണത്തിന് നിർദ്ധനകുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കുക.

13. പഴശ്ശി ജലസേചന പദ്ധതിയുടെ കീഴിലുള്ള തരിശു ഭൂമിയിൽ ഭൂരഹിതർക്ക് സ്ഥലം വീതിച്ചു കൊടുത്ത് വീടു നിർമ്മിക്കാനുള്ള സാമ്പത്തികസഹായം അനുവ ദിക്കുക.

14. സൗകര്യം കുറഞ്ഞ നിലവിലുള്ള ലക്ഷം വീടുകൽ പരിഷ്കരിച്ച് ഒരു തറയിൽ ഒരുവീട് എന്ന സമ്പ്രദായം നടപ്പിലാക്കുക.

15. പ്രാദേശിക തലത്തിൽ ലഭ്യമാവുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുള്ള ഭവന നിർമ്മാണത്തിന് പ്രോത്സാഹനം നൽകുക.

16. ദുർബ്ബല വിഭാഗങ്ങളുടെ വീടുകൾ നികുതി യിൽനിന്ന് ഒഴിവാക്കുക.

## സാമൂഹ്യക്ഷേമം

ദരിദ്രർ, തൊഴിൽരഹിതർ, വികലാംഗർ, വിധവകൾ, കർഷകത്തൊഴിലാളികൾ തുടങ്ങിയ സമൂഹത്തിലെ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന വിഭാഗങ്ങളുടെ ഉന്നമനമാണ് സാമൂഹ്യക്ഷേമം എന്നതുകൊണ്ട് അർത്ഥ മാക്കുന്നത്. മറ്റെല്ലാപ്രദേശങ്ങളിലുമെന്നപോലെ ജാതി, ജന്മി, നാടുവാഴിത്ത സമ്പ്രദായങ്ങളും അതിന്റെ ദുര ന്തഫലങ്ങൾ ഏറെക്കുറെ നമ്മുടെ പഞ്ചായത്തിന കത്തും സംജാതമായിട്ടുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ അഭിവൃദ്ധിക്കുവേണ്ടി വികസന ബ്ലോക്കുകൾ നിലവിൽവരികയും തുടർന്ന ങ്ങോട്ട് വിവിധ ക്ഷേമപദ്ധതികൾ ആവിഷ്കരിക്കു കയും ചെയ്തു. പ്രധാനമായും രണ്ടുതരത്തിലുള്ള ക്ഷേമപദ്ധതികളാണ് നിലവിലുള്ളത്.

1. കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കിവ രുന്ന ദാരിദ്ര്യനിർമ്മാർജന പദ്ധതി.

2. തൊഴിലാളികളും തൊഴിലുടമകളും ചേർന്ന് ക്ഷേമ നിധി ബോർഡുകൾ വഴി നടപ്പാക്കുന്നവ.

ഇത്തരം ക്ഷേമപദ്ധതികളെക്കുറിച്ച് അതിന്റെ ഗുണ ഭോക്താക്കൾക്ക് വേണ്ടത്ര ബോധമില്ലെന്ന് മാത്രമല്ല ഇത്തരം പ്രവർത്തനങ്ങൾ ദുർബലവിഭാഗങ്ങളിൽ എത്തിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് വേണ്ടരീതിയിൽ പ്രവർത്തിക്കുന്നില്ല. ഇന്ന് ഒട്ടുമിക്ക തൊഴിൽ മേഖല യിലും ക്ഷേമനിധി സംരഭങ്ങൾ ഉണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിനകത്തെ എത്രയോ തൊഴിലാളികൾ ഇനിയും ഇത്തരം സംരംഭങ്ങളിൽ അംഗത്വമെടുത്തി ട്ടില്ല.

1992-ലെ IRDP സർവ്വെ പ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 3413 കുടുംബങ്ങളാണ് നമ്മുടെ പഞ്ചായ ത്തിലുള്ളത്. ഇതിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽ 18 കുടുംബങ്ങൾക്ക് സഹായം ലഭ്യമായിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം മൊത്തം ധനസഹായം ലഭിച്ച 132 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കു മുകളിലെടുത്തീ ട്ടുണ്ട്.

പഞ്ചായത്തിൽ IRDP സർവ്വെപ്രകാരം ദാരിദ്ര്യരേ ഖയ്ക്കു താഴെയുള്ളവരുടെ വിവരം.

പട്ടിക-1

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപക രണങ്ങൾ നല്കുന്ന പദ്ധതിയുടെ ഫലമായി നമ്മുടെ പഞ്ചായത്തിനകത്ത് സഹായം ലഭിച്ചവരുടെ എണ്ണം 26 ആണ്. ഇതിന്റെ ഇരട്ടിയിലധികം ആളുകൾ സഹാ യത്തിന് അർഹരാണ്.

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപക രണങ്ങൾ നൽകുന്ന പരിപാടി.

പട്ടിക-2

സമൂഹത്തിലെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ്. C.R.S.P വളരെ ചുരുങ്ങിയ തോതിൽ മാത്രമേ ഈ ആനുകൂല്യം ലഭിക്കുന്നുള്ളൂ. ഈ പദ്ധതി വ്യാപകമായ തോതിൽ നമ്മുടെ പഞ്ചായത്തിനകത്ത് നടപ്പിലാക്കേണ്ടതുണ്ട്. IRDP സർവ്വേയിൽ നിന്നും ഈ പദ്ധതി ഒഴിവാക്കണം. കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

പട്ടിക-3

DWCRA ഗ്രാമീണ വനിതകളുടെയും കുട്ടികളുടെ യും ക്ഷേമത്തിനായുള്ള പദ്ധതിയാണിത്. ഇതിലെ

അനുബന്ധം - 11

കീഴൂർ-ചാവശ്ശേരി ഗ്രാമപഞ്ചായത്ത്

## 11.1 IRDP സർവ്വേ പ്രകാരം - ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളും എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യ രേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | 224 | -Nil- | 4 | -Nil- | 4 | 224 |
| II | 237 | 3SC-1ST | 18 | 6SC/3T | 18 | 237 |
| III | 321 | -Nil- | 4 | -Nil- | 4 | 321 |
| IV | 284 | -Nil- | 21 | 2SC | 21 | 284 |
| V | 233 | -Nil- | 2 | — | 2 | 233 |
| VI | 339 | -Nil- | — | — | — | 339 |
| VII | 335 | -Nil- | 13 | -Nil- | 13 | 335 |
| VIII | 374 | -3ST- | 19 | 3- | 19 | 374 |
| IX | 326 | -Nil- | -19 | -Nil- | 19 | 326 |
| X | 340 | 7ST/5SC | -26 | -4 | 26 | 340 |
| XI | 151 | Nil- | -6 | -2- | 6 | 151 |
| XII | 105 | -Nil- | Nil- | Nil- | Nil | 105 |
| XIII | 124 | Nil- | Nil- | Nil | Nil | 124 |

പട്ടിക - 2

### 11.9. ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (RAP)

| വാർഡ് നമ്പർ | IRDP സർവ്വേ പ്രകാരം ഗ്രാമീണകൈത്തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| I | 12 | 5 | 7 | |
| II | 15 | 5 | 10 | |
| III | 4 | 1 | 3 | |
| IV | 4 | — | 4 | |
| V | 5 | — | 5 | |
| VI | 9 | — | — | |
| VII | 6 | 2 | 4 | |
| VIII | 7 | 3 | 4 | |
| IX | 10 | 5 | 5 | |
| XI | 3 | — | — | |
| XII | 5 | 2 | 3 | |
| XIII | 6 | 3 | 3 | |

പട്ടിക 3 11.6 കക്കൂസുകൾ സംബന്ധിക്കുന്ന വിവരം (CRSP)

100

| വാർഡ് നമ്പർ | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം (IRDP സർവ്വേ പ്രകാരം) | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം (1992 നു ശേഷം) | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| I | 108 | — | — | 104 |
| II | 113 | 25 18 | 18 | 97 |
| III | 116 | 4 | 4 | 112 |
| IV | 114 | 40 | 37 | 70 |
| V | 120 | 4 | 4 | 116 |
| VI | 141 | 3 | 3 | 138 |
| VII | 139 | 3 | 3 | 136 |
| VIII | 112 | 3 | 3 | 109 |
| IX | 116 | 3 | 3 | 113 |
| X | 180 | 4 | 4 | 176 |
| XI | 102 | 8 | ~~5~~ 3 | 94 |
| XII | 76 | 6 | 6 | 70 |
| XIII | 89 | 6 | 6 | 83 |

**11.4 DWCRA പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം**

പട്ടിക 4

| വാർഡ് | തൊഴിൽസംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| XI | Dairy unit | 1991-92 | 10 | തൃപ്തികരമല്ല |
| XI | Dairy unit | 1990-91 | 10 | തൃപ്തികരമല്ല |
| XIII | Printing Press | 1994-95 | 10 | തൃപ്തികരം |

ല്ലാംകൂടി മുപ്പതു പേർ തൊഴിലെടുക്കുന്നു. 11 -ാം വാർഡിലുള്ള രണ്ട് ഡയറി യൂണിറ്റുകളും തൃപ്തികരമായ നിലയിലല്ല പ്രവർത്തിക്കുന്നത്. എന്നാൽ, പതിമൂന്നാം വാർഡിൽ പ്രവർത്തിക്കുന്ന അച്ചടിശാലയുടെ പ്രവർത്തനം തൃപ്തികരമാണ്.

പട്ടിക–4

ട്രൈസം (TRYSEM)

കീഴൂർ ചാവശ്ശേരി പഞ്ചായത്തിൽ ട്രൈസം പദ്ധതി പ്രകാരം 12 പേർക്ക് വിവിധ തൊഴിലുകളിലായി പരിശീലനം കൊടുത്തിട്ടുണ്ട് ഇതിലൂടെ 11 പേർ സ്വയം തൊഴിൽ കണ്ടെത്തീട്ടുണ്ട്.

പട്ടിക–5

## വിവിധ പെൻഷനുകൾ

**വിധവാപെൻഷൻ–** നമ്മുടെ പഞ്ചായത്തിനകത്ത് 62 പേർക്ക് ഈ പെൻഷൻ ലഭിക്കുന്നു. ഈ രംഗത്തുള്ള ചില നിബന്ധനകൾ ലളിതമാക്കി അർഹരായ മുഴുവൻ പേർക്കും ലഭ്യമാക്കണം.

**കർഷകതൊഴിലാളി പെൻഷൻ**

അറുപത് വയസിനുശേഷം കർഷകത്തൊഴിലാളികൾക്ക് ലഭിക്കുന്ന ആശ്വാസധനമാണ്. പ്രതിമാസത്തുക പരിമിതമാണെങ്കിലും ഈ പെൻഷൻ പദ്ധതി സുപ്രധാനമായ ഒരു സാമൂഹ്യക്ഷേമ പ്രവർത്തനമാണ്. നമ്മുടെ പഞ്ചായത്തിൽ കീഴൂർ വില്ലേജിലെ 160 പേരും ചാവശ്ശേരി വില്ലേജിലെ 281 പേരും നിലവിൽ പെൻഷൻ വാങ്ങുന്നു. നിലവിലുള്ള കർഷകത്തൊഴിലാളിക്ഷേമനിധിയിൽ സജീവ അംഗത്വമുള്ളവർക്കു 60 വയസിനു ശേഷം യാതൊരു പ്രയാസവുമില്ലാതെപെൻഷൻ ലഭിക്കുന്നു എന്നത് കർഷകത്തൊഴിലാളികൾക്ക് സന്തോഷകരമായ വസ്തുതയാണ്.

പട്ടിക–6

**കർഷകത്തൊഴിലാളി പെൻഷൻ ലഭിക്കുന്നവർ**

| കീഴൂർ വില്ലേജ് | ചാവശ്ശേരി വില്ലേജ് |
|---|---|
| 160 | 281 |

**തൊഴിലില്ലായ്മ വേതനം**

സ്വകാര്യമേഖലയിൽ വിവിധ തൊഴിലുകളിലേർപ്പെട്ടിരിക്കുന്നവരും മറ്റ് പലമാർഗങ്ങളിലൂടെ ഉയർന്ന വരുമാനമുള്ളവരും ഈ ആനുകൂല്യം അനർഹമായി കൈപ്പറ്റുന്നത് വ്യാപകമായിട്ടുണ്ട്. തുകവളരെ പരിമിതമാണെന്നതു നമ്മുടെ പഞ്ചായത്തിൽനിന്നും തലശ്ശേരിയിലേക്കുള്ള യാത്രാകൂലിയും ഈ വരുമാനത്തിന്റെ അസ്ഥിത്വത്തെ ചോദ്യം ചെയ്യുന്നു. അതിനാൽ വില്ലേജ് ഓഫീസുകൾ മുഖാന്തിരം വിതരണം ചെയ്യണം.

പട്ടിക -7

**തൊഴിലില്ലായ്മവേതനം കൈപ്പറ്റുന്നവർ**

| കീഴൂർ വില്ലേജ് | ചാവശ്ശേരി വില്ലേജ് |
|---|---|
| ,78 | 99 |

മേൽപ്പറഞ്ഞ പെൻഷൻ പദ്ധതികൾക്ക് പുറമെ കെട്ടിടനിർമ്മാണത്തൊഴിലാളി ക്ഷേമനിധി, കൈത്തൊഴിലാളി– വിദഗ്ധത്തൊഴിലാളി ക്ഷേമനിധി, ചെത്ത് തൊഴിലാളി ക്ഷേമനിധി തുടങ്ങിയ ക്ഷേമപദ്ധതികളും നടപ്പിലായിവരുന്നു.

**പൊതുവിതരണം**

കീഴൂർ–ചാവശ്ശേരി പഞ്ചായത്തിനകത്ത് പതിനാല് റേഷൻ ഷാപ്പ് പ്രവർത്തിക്കുന്നു. ഇതിലെല്ലാംകൂടി 5324 കാർഡുകളാണുള്ളത്. കാർഡുടമകളിൽ 92 ശതമാനം റേഷൻ ഷാപ്പിനെത്തന്നെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിലെ ഏക മാവേലി സ്റ്റോറായ ഇരിട്ടിയിലെ സ്ഥാപനം ഇപ്പോൾ മെച്ചപ്പെട്ട പ്രവർത്തനമാണ് കാഴ്ചവെക്കുന്നത്. എന്നാൽ ഈ സ്ഥാപനത്തിന്റെ പ്രയോജനം പഞ്ചായത്തില വളരെ ചെറിയ വിഭാഗത്തിന് മാത്രമെ ലഭിക്കുന്നുള്ളൂ. അതിനാൽ പുന്നാട്, ഉളിയിൽ, 19– ാം മൈൽ എന്നിവിടങ്ങളിൽ ഓരോ മാവേലി സ്റ്റോർ ആവശ്യമാണ്. ഉത്സവകാലങ്ങളിൽ സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിലുള്ള ചന്തകൾ ജനങ്ങൾക്ക് വളരെയധികം ഗുണംചെയ്യുന്നു.

**സാമൂഹ്യക്ഷേമരംഗത്തുള്ള പ്രശ്നങ്ങളും പരിഹാരനിർദേശങ്ങളും**

പെൻഷൻ അർഹതയുള്ള പലർക്കും ലഭിക്കുന്നില്ല.

വാർഡുതലത്തിൽ ജനകീയ സമിതികൾ രൂപീകരിച്ച് ഇതിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കുക.

പഞ്ചായത്തിനകത്ത് വൃദ്ധമന്ദിരം സ്ഥാപിക്കുക.

മുഴുവൻ വാർഡുകളിലും അംഗനവാടികൾ സ്ഥാപിക്കുക. നിലവിലുള്ളവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

ഒന്നാം വാർഡിൽ ഇതിനാവശ്യമായ സ്ഥലം സൗജന്യമായി തരാൻ സ്വകാര്യ വ്യക്തി തയ്യാറാണ്.

പഴയ പോസ്റ്റോഫീസ്, കൊട്ടാരം, പറയനാട് എന്നിവിടങ്ങളിൽ വായനശാല അനുവദിക്കുക.

റേഷൻ കാർഡ് ഇല്ലാത്തവരുടെ പ്രശ്നം പരിഹരിക്കുക.

ഇതിനായി പഞ്ചായത്ത് തലത്തിൽ ക്യാമ്പുകൾ സംഘടിപ്പിച്ചുകൊണ്ട് കാർഡുകൾ ലഭ്യമാക്കുക.

പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് സാമ്പത്തിക സഹായം നൽകുക.

ഏളമ്പ, കാരാമ്പേരി, കല്ലേരിക്കൽ ഉൾക്കൊള്ളുന്ന പ്രദേശത്ത് വായനശാലയും ഗ്രന്ഥാലയവും അനുവദിക്കുക.

മന്ദബുദ്ധികളെ അധിവസിപ്പിക്കാനുള്ള മന്ദിരം നിർമ്മിക്കുക.

പുന്നാട് നിലവിലുള്ള 10–ാം വാർഡിന്റെ റേഷൻ കട മീത്തലെ പുന്നാടേക്ക് മാറ്റി സ്ഥാപിക്കുക.

പെൻഷൻ കാലതാമസമില്ലാതെ എത്തിക്കുക.


വികലാംഗർക്ക് നൂറുശതമാനവും തൊഴിൽ സാധ്യത ഉറപ്പുവരുത്തുക.

വള്ള്യാട്, കീഴൂർ എന്നിവിടങ്ങളിൽ വായനശാല അനുവദിക്കുക.

വട്ടക്കയം, ചാവശ്ശേരി പറമ്പ്, കീഴൂരിൽ റേഷൻ കട അനുവദിക്കുക.

## പട്ടിക – 5

| വാർഡ് | പരിശീലനം വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| I | | | | | |
| II | | | | | |
| III | | | | | |
| IV | പ്രിന്റിംഗ് ആൻഡ് കമ്പോസിംഗ് | 1 | 1 | 1 | – |
| V | ഓട്ടോമൊബൈൽ മെക്കാനിസം | 1 | 1 | 1 | – |
| VI | | | | | |
| VII | 1. ഷീറ്റ് മെറ്റൽ വർക്ക് | 1 | 1 | – | – |
| | 2. വെൽഡിംഗ് | 2 | 1 | 1 | 1 |
| | 3. ഓട്ടോമൊബൈൽ | 1 | 1 | – | – |
| | 4. പ്രിന്റിംഗ് ആൻഡ് കമ്പോസിംഗ് | 1 | 1 | – | – |
| | 5. കാർപെന്ററി | 1 | 1 | – | – |
| | 6. ടർണിംഗ് | 1 | 1 | – | – |
| VIII | | | | | |
| IX | | | | | |
| X | 1. ഇലക്ട്രീഷ്യൻ | 1 | 1 | – | – |
| | 2.സ്പ്രേ പെയിന്റിംഗ് | 1 | 1 | – | – |
| | 3. പ്രിന്റിംഗ് ആൻഡ് കമ്പോസിംഗ് | 1 | 1 | – | – |
| XI | | | | | |




# സംസ്കാരം

കീഴൂർ ചാവശ്ശേരി പഞ്ചായത്തിന് തനതായ ഒരു സാംസ്കാരിക പാരമ്പര്യമുണ്ട്. ശതാബ്ദങ്ങൾ പഴക്കമുള്ളതും നിരവധി ഐതിഹ്യങ്ങൾ ഉള്ളതുമായ അനേകം ഹൈന്ദവ, മുസ്ലിം, ക്രൈസ്തവ ആരാധനാലയങ്ങൾ ഈ പഞ്ചായത്തിലുടനീളം കാണാൻ കഴിയും. ഈ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടുള്ള ക്ഷേത്രകലകൾ ഇന്ന് നാശോൻമുഖമാണെങ്കിലും സമ്പുഷ്ടമായ ഒരു സാംസ്കാരിക മഹിമയുടെ ഭൂതകാലത്തിന്റെ അവശിഷ്ടങ്ങളായി ചിലതെല്ലാം ഇപ്പോഴും അവശേഷിക്കുന്നു. ഈ അടുത്തകാലത്ത് പുനരുദ്ധരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന കിഴൂർ ശ്രീ മഹാദേവക്ഷേത്രം, എടക്കാനാ ശ്രീ മഹാവിഷ്ണു ക്ഷേത്രം. മീത്തലെ പന്നാട് ചെലപ്പൂർ ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം, കഴുമ്പിൽ ഭഗവതിക്ഷേത്രം എന്നീ ക്ഷേത്രങ്ങളും ഭക്തജന ബാഹുല്യമോ വൻ ഇത്സവങ്ങളോ ഒന്നും ഇല്ലാത്ത നടുവനാട് കുറുവന്തേരി ശിവക്ഷേത്രം എന്നിവ ചിരപുരാതനമായ സാംസ്കാരിക കേന്ദ്രങ്ങൾ തന്നെയാണ്. ഈ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് വേദ വിദ്യാലയങ്ങൾ മറ്റു ക്ഷേത്രകലകൾ എന്നിവ വികാസം പ്രാപിച്ചിരുന്നു എന്നാണ് തലമുറകളായുള്ള അറിവ്. ഈ പ്രധാനപ്പെട്ട ക്ഷേത്രങ്ങൾ കൂടാതെ നിരവധി ക്ഷേത്രങ്ങൾ അങ്ങിങ്ങായി ചിതറിക്കിടന്നുണ്ട്. അതിനു പുറമേ ജനങ്ങളുടെ സാംസ്കാരിക ജീവിതത്തെ സ്വാധീനിക്കുന്ന അനേകം കാവുകളും കോട്ടങ്ങളുമുണ്ട്. ഈ കാവുകളിൽ പ്രധാനപ്പെട്ടവ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ അങ്ങിങ്ങായി കാണപ്പെടുന്ന തിറമഹോത്സവങ്ങൾ നാടിന്റെ തന്നെ ഉത്സവങ്ങളാണ്.

പരിസ്ഥിതി സംരക്ഷണം പ്രധാന മുദ്രാവാക്യമായി ഉയരുന്ന ഇക്കാലത്ത് ചില ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്ന സർപ്പക്കാവുകൾ ജനശ്രദ്ധയാകർഷിക്കുന്നു. അത്തരം കാവുകളും നമ്മുടെ പഞ്ചായത്തിനെ ഹരിതാഭമാക്കുന്നു. മേൽപ്പറഞ്ഞ ആരാധനാലയങ്ങളിലെ ഉത്സവങ്ങളും മറ്റും ചടങ്ങളും ഗ്രാമീണ കൂട്ടായ്മയും പ്രതീകമാണ്.

ഈ ഗ്രാമപഞ്ചായത്തിലെ എല്ലാ പ്രധാന കേന്ദ്രങ്ങളിലും മുസ്ലിം ജനവിഭാഗങ്ങളുടെ ആരാധനാ കേന്ദ്രങ്ങളുണ്ട്. അതിന്റെ പുരാതനവും ഐതീഹ്യ സമ്പുഷ്ടവുമായതാണ് ഉളിയിൽ പഴയ ജൂമാ അത്ത് പള്ളി. ഏകദേശം 500 വർഷത്തെ പഴക്കമുള്ള ഈ പള്ളി അടുത്തകാലത്ത് പുതുക്കി പണിതു. ഈ നൂറ്റാണ്ടിന്റെ ആദ്യകാലത്ത് പ്രസ്തുത പള്ളിയുടെ പരിപാലകരും സംരക്ഷകരും എ.കെ.തറവാട്ടുകാരായിരുന്നു. ഇങ്ങിനെ ഈ പ്രദേശത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ സ്തുത്യഹർമായ പങ്കു വഹിച്ച ഈ തറവാട്ടുകാരുടെ പ്രധാന കാര്യസ്ഥന്മാരിൽ വ്യത്യസ്ഥ മതസ്ഥരുണ്ടായിരുന്നു. തന്മൂലം മതമൈത്രീ നിലനിർത്തുന്നതിൽ ഇത് വളരെ സഹായമായിട്ടുണ്ട്.

അതുപൊലെ മതപഠന രംഗത്തെ ആദ്യകാലത്തെപ്പായ 'ഓത്തുപള്ളി' സമ്പ്രദായം തുടങ്ങിയതും ഉളിയിൽ പ്രദേശത്താണ്. ഇവിടെ ഒരേസമയം 40–ഓളം വിദ്യാർഥികൾ മതപഠനം നടത്തിയിരുന്നു. ഇതിൽ പലരും പ്രശസ്ത മതപണ്ഡിതന്മാരായി തീർന്നിട്ടുണ്ട്. അതിൽ പ്രമുഖനാണ് അടുത്ത കാലത്ത് മരിച്ച പി.എ.അബ്ദുല്ല മുസ്ല്യാർ. മത സംസ്കാരിക ആഘോഷങ്ങളായ നബിദിനം ആണ്ട് നേർച്ച മുതലായവയും മാപ്പിളകലകളായ കോൽക്കളിയും, ദഫ്മുട്ടും ആദ്യകാലം മുതലേ ഈ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്നു. മതപരമായ വിശേഷ ദിവസങ്ങളിലെ ഘോഷയാത്രകളും അതിനോടനുബന്ധിച്ചുള്ള ആഘോഷങ്ങളും സാംസ്കാരിക പ്രവർത്തനങ്ങളുടെ ഭാഗമായി മാറിയിരിക്കയാണ്.

ക്രിസ്ത്രീയ ജനവിഭാഗങ്ങളും പഞ്ചായത്തിൽ കുടിയേറി പാർക്കാൻ തുടങ്ങിയിട്ടുണ്ട്. അവരുടെ മൂന്ന് ആരാധനാലയങ്ങൾ ഇരിട്ടി, എടക്കാനം, നടുവനാട് എന്നീ പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്നു.

### കിഴൂർ ചാവശ്ശേരി പഞ്ചായത്ത് ആരാധനാലയങ്ങളുടെ പേരുവിവരം

1.കിഴൂർ ശ്രീമഹാദേവ ക്ഷേത്രം
2. കിഴൂർ ശ്രീ മഹാവിഷ്ണു ക്ഷേത്രം
3. കിഴൂർ വൈരിഘാതക ക്ഷേത്രം
4.കിഴൂരിയം വൈരിഘാതക ക്ഷേത്രം
5.പയഞ്ചേരി ശ്രീ കുർമ്പക്കാവ്
6.എടക്കാനം ശ്രീ മഹാവിഷ്ണുക്ഷേത്രം
7.കുഴുമ്പിൽ ശ്രീ ഭഗവതി ക്ഷേത്രം, പുന്നാട്
8.പുന്നാട്ടപ്പൻ വിഷ്ണുക്ഷേത്രം
9.മീത്തലെ പുന്നാട് ചെലപ്പൂർ ശ്രീ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം
10.നടുവനാട് കുറുവന്തേരി ശിവക്ഷേത്രം
11.ചാവശ്ശേരി മണ്ണാംപഴശ്ശി വിഷ്ണു ക്ഷേത്രം
12.നെല്ല്യാട് വിഷ്ണു ക്ഷേത്രം
13.എടവട്ടശേരി വിഷ്ണുക്ഷേത്രം
14.കുലോത്ത് ശിവക്ഷേത്രം
15. ആവട്ടി ദുർഗാ ക്ഷേത്രം
16.പറയനാട് വിഷ്ണു ക്ഷേത്രം
17.എടവട്ടശേരി ക്ഷേത്രം
18.ശ്രീ പൊയിലാറമ്പ് മുത്തപ്പൻ ക്ഷേത്രം
19.കീഴൂർ–കുന്ന് കാവൂദ്പറമ്പ് ഗണപതി മഹാദേവ ക്ഷേത്രം
20.കാക്കടവത്ത് മുച്ചിലോട്ട് ഭഗവതി ക്ഷേത്രം
21.ചാവശേരി ഗണപതി ക്ഷേത്രം
22.മുകയർ കാവ് കാളാന്തോട്
23.ആശാരിക്കോട്ടം ചാളകണ്ടി
24.ആശാരിക്കോട്ടം ചാവശേരി
25.നെല്ലിയാട് മുച്ചിലോട്ട് ഭഗവതി ക്ഷേത്രം
26.എടക്കാനം സുബ്രഹ്മണ്യക്ഷേത്രം
27.മുഖപ്പറമ്പ് കാവ്
28. താവറത്ത് മുത്താച്ചിക്കാവ് ഉളിയിൽ
29.പയഞ്ചേരി കലശസ്ഥാനം
30.ചാവശേരി മുത്തപ്പൻ മഠപ്പുര
31.പുന്നാട് കിളിയങ്ങാട് ക്ഷേത്രം
32.തൃക്കുന്നത് മഠപ്പുര കാരാമ്പേരി
33.കീഴൂർകുന്ന് കാവ്
34.വെളിയമ്പ്ര മുച്ചിലോട്ട് ഭഗവതി ക്ഷേത്രം
35.മലമ്മക്കാവ് ശിവക്ഷേത്രം
36.പോതിയോട്ടം മുച്ചിലോട് ഭഗവതി ക്ഷേത്രം മീത്തലെപുന്നാട്.

പള്ളികൾ:–

ഇരിട്ടി ജൂമാ മസ്ജിദ്
പഴയപാലം നമസ്കാരപ്പള്ളി
പയഞ്ചേരി ജൂമാ മസ്ജിദ്
കീഴൂർ ജൂമാ മസ്ജിദ്
കീഴൂർ കുന്ന് നമസ്കാര പള്ളി
പുന്നാട് ജൂമാ മസ്ജിദ
താ.പിലാകുറ്റി നമസ്കാരപള്ളി
ഉളിയിൽ മജ്‌ലിസ് ജൂമാ മസ്ജിദ
ഉളിയിൽ ടൗൺ ജൂമാ മസ്ജിദ്
ആവിലാട് നമസ്കാര പള്ളി
ഉളിയിൽ പഴയ ജൂമാ മസ്ജിദ്
കാറാട് നമസ്കാരപ്പള്ളി
കൂരൻമുക്ക് ജൂമാ മസ്ജീദ്
കൂരൻമുക്ക് നമസ്കാര പള്ളി
21–ാം മൈൽ ജൂമാ മസ്ജിദ്
നടുവനാട് ജുമാ മസ്ജിദ്
ചാവശ്ശേരി ജുമാ മസ്ജിദ്
കുമങ്കളം നമസ്കാര പള്ളി
കാശിമുക്ക് നമസ്കാരപള്ളി
19–ാം മൈൽ ജൂമാ മസ്ജിദ്
കളറോഡ് ജുമാ മസ്ജിദ്
വെളിയമ്പ്ര പ്രൊജക്സ് ജുമാ മസ്ജിദ്
കൊട്ടാരത്തിൽ ജുമാ മസ്ജിദ്.
പെരിയത്തിൽ ജൂമാ മസ്ജിദ്

മദ്രസകൾ:–

ഇരിട്ടി ഇർശുദുൽ ഇസ്ലാം മദ്രസ
പയഞ്ചേരി സിറാജുൽ ഇസ്ലാം മദ്രസ്സ
കീഴൂർ സിറാജുൽ ഇസ്ലാം മദ്രസ്സ
പുന്നാട് റിയാസുൽഹികം മദ്രസ്സ
മീത്തലെ പുന്നാട് മദ്രസ്സ
കുന്നിന്റെ കീച്ചൽ മദ്രസ്സ
കുന്നിൻരെ കീച്ചൽ മദ്രസ്സ
ഉളിയിൽ മഖ്ദൂമിയ മദ്രസ
ഉളിയിൽ മജ്ലിസു നശാത്തി സുന്നി മദ്രസ്സ
ആവിലാട് ഇബാദു റഹ്മാൻ മദ്രസ്സ
കല്ലേരിക്കൽ മജ്സിസുനശാന്തി സുന്നി മദ്രസ്സ
അൽമദ്രസത്തുൽ ഇസ്ലായമിയ
കൂരൻ മുക്ക് ഇഖ്ബാൽ മദ്രസ്സ
21–ാം മൈൽ ശംസു ഇസ്ലാം മസ്സേ
നടുവനാട് ഹിദായത്തുൽ ഇസ്ലാം മദ്രസ്സ
ചാവശ്ശേരി റൂറുൽ ഇസ്ലാം മദ്രസ്സ
വെളിയമ്പ്ര ...
പെരിയത്തിൽ ശറഫുൽ ഇസ്സാം മദ്രസ്സ
കൊട്ടാരത്തിൽ ശറഫുൽ ഇസ്ലാം മദ്രസ്സ

സാമുദായിക ഐക്യവും മതമൈത്രിയും കാത്തു സൂക്ഷിക്കുന്ന ഈ പഞ്ചായത്തിൽ ജാതിമതഘടന പരിശോധിച്ചാൽ 44 ശതമാനം പട്ടികജാതി പട്ടികവർഗ ക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ. ക്രിസ്ത്യാനികൾ ഭൂരിപക്ഷവും കേരളത്തിന്റെ ഇതരഭാഗങ്ങളിൽ നിന്നു കിടിയേറിയവരാണ്.

എല്ലാം മതവിഭാഗങ്ങളുടെയും തനതായ സാംസ്കാരിക പ്രവർത്തനങ്ങൾ പഞ്ചായത്തിലുണ്ട്. തിറകളും ആരാധനയുമായി ബന്ധപ്പെട്ട ജനകീയ ഉത്സവങ്ങൾ തന്നെയാണ്. കിഴൂർ ശ്രീ മഹാദേവ ക്ഷേത്രത്തിലെ ഒരാഴ്ചക്കാലം നീണ്ടുനിൽക്കുന്ന ആഘോഷപരിപാടികൾ ഈ പഞ്ചായത്തിന്റെ സാംസ്കാരിക രംഗത്തിന് ഒരു മുതൽക്കൂട്ടുതന്നെയാണ്.

കളമെഴുത്തുംപാട്ട്, തോറ്റം പാട്ടുകൾ എന്നിവ നാശോൻമുഖമാണ്. നിരവധി പുരസ്കാരങ്ങൾ ലഭിച്ച പുന്നാട് കോട്ടാണ് കൃഷ്ണൻ നമ്പ്യാർ കളമെഴുത്തും പാട്ടിലെ ഉജ്ജ്വല പ്രതിഭയാണ്. ജന്മിത്ത വ്യവസ്ഥ നിലനിന്നിരുന്ന എല്ലാ പ്രദേശങ്ങളിൽ നിന്നും ജാതി വ്യവസ്ഥ, പുല, ബാലായ്മ എന്നിവ ക്രമേണ ഇല്ലാതായിക്കൊണ്ടിരിക്കുന്നു. അയിത്തം, തീണ്ടൽ എന്നിവ നാമാവശേഷമായി. പ്രാചീനമായി നടന്നുവരുന്ന ആചാരാനുഷ്ഠാനങ്ങളിലും മാറ്റം വന്നു. ഈ പഞ്ചായത്തിൽ ആദ്യമായി സ്ഥാപിക്കപ്പെട്ടത് 1942 ജന്മംകൊണ്ട പയഞ്ചേരി ജനകീയ വായനശാലയാണ്. ഇതിന് നേതൃത്വം കൊടുത്ത് സി.കെ.കുഞ്ഞികൃഷ്ണക്കുറുപ്പാണ്.

ഈ പഞ്ചായത്തിലെ സാംസ്കാരിക മേഖലയെ സമ്പുഷ്ടമാക്കുന്ന അനേകം ഗ്രന്ഥശാലകളും വായനശാലകളുമുണ്ട്. രണ്ടാമത്തെ വായനശാല സ്ഥാപിക്കപ്പെട്ടത് പഞ്ചായത്ത് ആസ്ഥാനത്തുതന്നെയുള്ള ഗ്രന്ഥാലയമാണ്. ഇത്തരം ഗ്രന്ഥലയങ്ങളും വായനശാലകളും സാക്ഷരതാ പ്രവർത്തനം, പൊതുവിദ്യാഭ്യാസം എന്നീ മേഖലകളിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നുണ്ട്.

നിരവധി കലാകായിക കേന്ദ്രങ്ങൾ വർഷങ്ങളായി ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തിവരുന്നു. അവയിൽ പലതും സാമൂഹ്യ സാംസ്കാരിക മാറ്റങ്ങൾക്കുള്ള പല പദ്ധതികളും പരിപാടികളും നടപ്പിലാക്കി വരുന്നു.

പഞ്ചായത്ത് നേരിട്ടു നടത്തുന്ന ഗ്രന്ഥാലയങ്ങൾക്കും വായനശാലകൾക്കും പുറമേ അതാതു പ്രദേശങ്ങളിലെ ജനകീയ സ്ഥിതികൾ നടത്തുന്നവയും ഉണ്ട്. അത്തരത്തിലുള്ള സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ പഞ്ചായത്ത് ചെയ്യേണ്ടതാണ്.

**പഞ്ചായത്ത് നേരിട്ടു നടത്തുന്ന ഗ്രന്ഥശാല**

| വാർഡ് | കെട്ടിടത്തിന്റെ വിവരം |
|---|---|
| 1. | ഇരിട്ടി |
| 2. | വള്ള്യാട് |
| 3. | പയഞ്ചേരി ജനകീയ വായനശാല |
| 4. | പുന്നാട് ഗാന്ധി സ്മാരക വായനശാല |
| 5. | ചാവശ്ശേരി–നവോദയ വായനശാല |

**ജനകീയ കമ്മിറ്റികൾ നടത്തുന്നവ**

1.എടക്കാനം
2.പാലാപറമ്പ്
3.ആക്കാംപറമ്പ്
4.നടുവനാട്
5.കട്ടേങ്കണ്ടം

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വളരെക്കാലം മുമ്പുതന്നെ കലാ സംസ്കാരിക രംഗങ്ങളിൽ തൽപരരായ നാട്ടുകാരുടെ നേതൃത്വത്തിൽ രൂപം കൊണ്ട കലാസമിതികൾ പ്രവർത്തിച്ചിരുന്നു. പൂരാണ നാടകങ്ങൾ, നാടൻ കലകൾ എന്നിവയുടെ പ്രോത്സാഹനമായിരുന്നു ഈ സമിതികളുടെ ലക്ഷ്യം. ഇന്ന് നിലവിൽ

25–ൽ കൂടുതൽ കലാകായിക സമിതികൾ സ്തുത്യർഹമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

### കീഴൂർ ചാവശ്ശേരി ഗ്രാമപഞ്ചായത്ത് കലാകായിക സ്ഥാപനങ്ങളുടെ പേരുവിവരം

1.ക്രസന്റ് ആർട്സ് ക്ലബ്, ഇരിട്ടി
2.പി.വി.കുഞ്ഞൂട്ട്യാലി സ്മരക ക്ലബ്, വള്ള്യാട്
3.വിവേകാനന്ദ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്, കിഴൂർ
4.ശിവജി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, കീഴൂർ
5.യുവശക്തി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് കീഴൂർ
6.ഹീറോസ് സ്പോർട്സ് ക്ലബ് കിഴൂർ
7.അർജുനാ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, എടക്കാനം
8.പാസ് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, പയഞ്ചേരി
9.നവപ്രഭാ മഹിളാസമാജം, എടക്കാനം
10.സമതാ കലാകായിക വേദി, പുന്നാട്
11.പ്രിയദർശിനി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, പുന്നാട്
12.വിവേകാനന്ദാ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, പുന്നാട്
13.ഷൺമുഖം കലാസമിതി, മീത്തലെ പുന്നാട്
14.ഹരിശ്രീ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, പുന്നാട്
15.ആരാധനാ കലാവേദി, മീത്തലെ പുന്നാട്
16.ശുഭകാമി സാംസ്കാരിക വേദി ഉളിയിൽ
17നവഭാവനാ കലാകായികകേന്ദ്രം ചാവശ്ശേരി
18.ഷൈൻ ബ്രദേഴ്സ് ചാവശേരി
19.വിപഞ്ചിക ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് നടുവനാട്
20.പഴശ്ശിരാജാ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് വെളിയമ്പ്ര
21.ഗ്രാമശ്രീ കലാകായിക പ്രതികരണവേദി വെളിയമ്പ്ര
22.യുവധാരാ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, വട്ടക്കയം
23.പുന്നാട് കൾച്ചറൽ സെന്റർ
24.യുവശക്തി, ആട്യാലം
25.ജനകീയ കലാസമിതി, കാളാന്തോട്
26.ദൃശ്യകലാ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്
27.തരംഗിണി ആർട്സ് ആന്റ് സ്പോർട്സ ക്ലബ് ഇരിട്ടി
28.തരംഗിണി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് ഇരിട്ടി
29.പഴശ്ശിരാജാ ആർട്സ് ആന്റ് സ്പോർസ് ക്ലബ് ഇരിട്ടി
30.രാഗസുധ മാതൃഭൂമി സ്റ്റഡിസർക്കിൾ എടക്കാനം
31.പുരോഗമന സാംസ്കാരിക കേന്ദ്രം വട്ടക്കയം
32.മാർഗദീപം കലാകായികവേദി കുറുവേരി
33.സോഷ്യൽ വെൽഫെയർ സൊസൈറ്റി, ആക്കാംപറമ്പ്.
34.രാഗസുധ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്

ഈ പഞ്ചായത്തിലെ കലാകായിക കേന്ദ്രങ്ങൾ കോൽക്കളി, പൂരക്കളി, തിരുവാതിരക്കളി, ഒപ്പന, അക്ഷരശ്ലോകം, ദഫ്മുട്ട്, ശാസ്ത്രീയസംഗീതം, നൃത്തപരിശീലനം, ഉപകരണം സംഗീതം, നാടൻകലകൾ തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകയും വേദികളിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ വീടുകളിൽ റേഡിയോ ഉണ്ടെങ്കിലും സമ്പന്ന വിഭാഗങ്ങളുടെ വീടുകളിൽ മാത്രമേ ടെലിവിഷൻ ഉള്ളൂ.

മലയാളത്തിലുള്ള എല്ലാ വർത്തമാന പത്രങ്ങളും മാസികകളും ആഴ്ചപതിപ്പുകളും ഈ പഞ്ചായത്തിൽ പ്രചാരണത്തിലുണ്ട്. ലക്ഷ്യബോധമുള്ള വായനയുടെ അപര്യാപ്ത ദൃശ്യമാണ്. പഞ്ചായത്തിലെ ഗ്രന്ഥശാലകളുടെ പ്രവർത്തനവും കാര്യക്ഷമമല്ല.

കായിക പരിശീലനങ്ങളിൽ വേണ്ടത്ര പുരോഗതി നേടാൻ സാധിച്ചിട്ടില്ല. അതിനാൽ കായികരംഗത്ത് പഞ്ചായത്തിലെ യുവജനങ്ങൾ പിന്നണിയിലേക്ക് നയിക്കപ്പെടുന്നു. കായിക പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ച് അതിലേക്ക് യുവജനങ്ങളെ ആകർഷിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു.

പഞ്ചായത്തിൽ ഇപ്പോൾ 3 സിനിമാ ടാക്കീസുകൾ 4 കമ്യൂണിറ്റി റേഡിയോ സെറ്റുകൾ, ഒരു കമ്യൂണിറ്റി ടി.വി.സെറ്റ് എന്നിവയുണ്ട്.

**പ്രശ്നങ്ങൾ:–**

1.ഗ്രന്ഥശാലങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഗ്രന്ഥശാലകളില്ല.

2.ഗ്രന്ഥശാലകളിൽ വേണ്ടത്ര പുസ്തകങ്ങളില്ല. അതിനാൽ വേണ്ടത്ര വായനക്കാരുമില്ല.

3.ഗ്രന്ഥശാലകളുമായി ബന്ധപ്പെട്ട് സാക്ഷരതാ പ്രവർത്തനങ്ങൾ നടക്കുന്നില്ല.

4.ഗ്രാമത്തിലെ കലാ സാംസ്കാരിക രംഗങ്ങളിൽ പുത്തൻ ഉണർവ് ദൃശ്യമാകുന്നില്ല. പുതിയ പ്രതിഭകളെ കണ്ടെത്തി പരിശീലിപ്പിക്കുന്നില്ല.

5.ഗ്രാമീണ കലകൾക്ക് പ്രോത്സാഹം കൊടുക്കുന്നില്ല.

6.സ്കൂൾ ലൈബ്രറികളിൽ വേണ്ടത്ര പുസ്തകളില്ല. പ്രവർത്തനം സജീവമല്ല.

7.ഇലക്ട്രോണിക് മാധ്യങ്ങൾ യുവജനങ്ങളെ സ്വാധീനിക്കുന്നു.

8.ഗ്രാമങ്ങളിലെ കലാകായിക സാംസ്കാരിക രംഗങ്ങളിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനം പ്രോത്സാഹിപ്പിക്കാനും പദ്ധതികളില്ല.

9.പഞ്ചായത്തിൽ ആധുനിക സംവിധാനങ്ങളോടെയുള്ള സാംസ്കാരിക നിലയമില്ല.

10.കായിക രംഗത്ത് പ്രോത്സാഹനം കൊടുക്കാൻ

രണ്ട് മിനി സ്റ്റേഡിയങ്ങൾ മാത്രമേ ഉള്ളൂ.

**നിർദേശങ്ങൾ:-**

1.സ്കൂളുകളിൽ കായിക, സംഗീത, അധ്യാപകരെ നിയമിക്കുക

2.ആദിവാസികളുടെ പാരമ്പര്യ കലകൾക്ക് പ്രോത്സാഹനം നൽകണം

3.പഞ്ചായത്തിലെ എല്ലാ വാർഡിലും ഓരോ നല്ല വായനശാലയും സ്ഥാപിക്കണം. അവിടെ റഫൻസ് സൗകര്യങ്ങളും ഏർപ്പെടുത്തണം.

4.ഗ്രന്ഥാലയങ്ങളിൽ മുഴുവൻ സമയ ലൈബ്രേറിയൻമാരെ നിയമിക്കണം.

5.കലാ കായിക സമിതികൾക്ക് വേണ്ടത്ര പ്രോത്സാഹനം നൽകണം

6.എല്ലാ വാർഡുകളിലും കമ്യൂണിറ്റി റേഡിയോ, ടിവി സംവിധാനങ്ങളേർപ്പെടുത്തണം.

7.കായിക പരിശീലനങ്ങൾക്ക് ഗ്രാമീണ ജീംനേഷ്യവും മിനി സ്റ്റേഡിയങ്ങളും സ്ഥാപിക്കണം

8.കളമെഴുത്തുപാട്ട്, കോൽക്കളി, പൂരക്കളി തുടങ്ങിയ നാടൻ കലകൾ പുനരുജ്ജീവിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകണം.

9.വാർഡുകളിൽ ഓരോ സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കണം

10.കലാ കായിക പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കണം

11.പഞ്ചായത്തിൽ ഒരു നൃത്ത, സംഗീത വിദ്യാലയം സ്ഥാപിക്കണം

12.സാംസ്കാരിക സദസുകൾ, ബോധവൽക്കരണ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കണം

13.അവശ കലാകാരൻമാർക്ക് പെൻഷൻ അനുവദിക്കുക

14.കീഴൂരിൽ നീന്തൽകുളം സ്ഥാപിക്കണം

15.ഗ്രാമോത്സവങ്ങൾ സംഘടിപ്പിക്കണം

16.സ്ത്രീകൾക്ക് പ്രത്യേകം കായിക വിനോദ കേന്ദ്രങ്ങൾ സ്ഥാപിക്കണം

17.നാടൻ പാട്ടുകൾ, തോറ്റം പാട്ടുകൾ എന്നിവ പരിരക്ഷിക്കുന്നതിനുള്ള സഹായങ്ങൾ ചെയ്യണം.

18.ഇരിട്ടി പട്ടണത്തിലെ സിനിമാ തീയറ്ററിലെ 'ഉച്ചപ്പടം' നിരോധിക്കണം അശ്ലീല പോസ്റ്ററുകൾ തടയണം.

## കായികരംഗം

കലാ-സാംസ്കാരിക രംഗത്ത് നിരവധി ക്ലബുകളും സമിതികളും പേരിനെങ്കിലും നിലവിലുണ്ട്. എന്നാൽ കായിക രംഗത്താവട്ടെ എടുത്തു പറയത്തക്കതായി ഒന്നുമില്ലാത്ത അവസ്ഥയാണുള്ളത്. ശ്രദ്ധിച്ചാൽ നിരവധി കായികപ്രതിഭകളെ കണ്ടെത്താനും വളർത്തിയെടുക്കാനും കഴിയുന്ന പഞ്ചായത്താണിത്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ചെറിയകുട്ടികൾ മുതൽ മുതിർന്നവർ വരെ ക്രിക്കറ്റിനോട് വളരെയേറെ ആഭിമുഖ്യം പുലർത്തുന്നു. എന്നാൽ ഇതും ഒരു ഫാഷന്റെ ഭാഗമായി മാത്രമേ കാണാനാവൂ. മുൻപു, വള്ള്യാട്, പുന്നാട്, നടുവനാട്, ചാവശ്ശേരി, വട്ടക്കയം, വെളിയമ്പ്ര തുടങ്ങിയ പ്രദേശങ്ങളിൽ വോളിബോൾ, ഫുട്ബോൾ തുടങ്ങിയ കളി നല്ലരീതിയിൽ നടന്നുവന്നിരുന്നു. എന്നാൽ ഇന്നാകട്ടെ അവ ചുരുക്കം ചില പ്രദേശങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നു.

ഓരോ വർഷവും പഞ്ചായത്തിൽ നടത്തുന്ന കേരളോത്സവങ്ങൾ വെറും വഴിപാടുകളായി മാറുകയാണെന്ന് അവയിൽ പങ്കാളികളാവുന്നവരുടെ എണ്ണം നോക്കിയാൽ മനസ്സിലാവും. ഈ രംഗത്ത് വളർത്തിയെടുക്കാനവശ്യമായ ഭൗതിക സൗകര്യങ്ങൾ പഞ്ചായത്തിൽ കുറവാണ്. ചാവശ്ശേരി, നടുവനാട് എന്നീ പ്രദേശങ്ങളിൽ രണ്ട് മിനി സ്റ്റേഡിയങ്ങൾ മാത്രമാണ് ഈ രംഗത്തുള്ള ഏക സൗകര്യം. വള്ളിയാടുള്ള വിശാലമായ ഗ്രൗണ്ടും ഉപയോഗപ്രദമാണ്. ഇത് ഒന്നാംതരം സ്റ്റേഡിയമാക്കി മാറ്റാൻ കഴിയുന്നതാണ്.

**നിർദേശങ്ങൾ:-**

1.നല്ല രീതിയിൽ പ്രവർത്തിക്കുന്ന ക്ലബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വിതരണം ചെയ്യുക


2.പഞ്ചായത്തിന്റെ കീഴിൽ ഒരു കായിക പരിശീലന കേന്ദ്രം ആരംഭിക്കുക.

3.കേരളോത്സവത്തിൽ നാടൻ കളികൾ ഉൾപ്പെടുത്തുക

4.ഓരോ വാർഡുകളിലും ബഹുജന പങ്കാളിത്തത്തോടെ കളിസ്ഥലങ്ങൾ നിർമിക്കുക.

## ടൂറിസം

വിനോദ സഞ്ചാര മേഖലകളിൽ ഏറെ സാധ്യതയുള്ള പല പ്രദേശങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. അന്താരാഷ്ട്ര പ്രശസ്തി നേടാൻ സാധ്യതയുള്ള പഴശ്ശി റിസർവോയർ പ്രദേശം നമ്മുടെ പഞ്ചായത്തിലാണ്. വൻകിട ജലസേചനത്തിനായി രൂപം കൊടുത്ത പഴശ്ശി പദ്ധതി വൻ പരാജയത്തിലാണ് കലാശിച്ചത്. എന്നാൽ വിനോദ സഞ്ചാര രംഗത്ത് ഈ പ്രദേശത്തിനു വൻ സാധ്യതയുണ്ട്. റിസർവോയറിന്റെ ഓരം പാർക്കും, ഉദ്യാനകേന്ദ്രവുമായി മാറ്റാൻ വളരെയെളുപ്പം സാധിക്കും. പ്രകൃതി രമണിയമായ പുഴയിലൂടെയുള്ള ബോട്ടിംഗിലൂടെ അനവധി സഞ്ചാരികളെ നമ്മുടെ പഞ്ചായത്തിലേക്ക് ആകർഷിക്കാൻ കഴിയും. പദ്ധതിയുടെ ഇരുകരകളെയും ബന്ധിപ്പിച്ച് റോപ്പ് വേ, മൃഗശാല, തുടങ്ങിയവും സ്ഥാപിക്കാവുന്നതാണ്. ❑




# സഹകരണം

കേരളത്തിലെ സഹകരണരംഗം ഇന്ത്യയിൽതന്നെ ഏറെ ശ്രദ്ധിക്കപ്പെട്ട ഒന്നാണ്. കേരളത്തിന്റെ സമസ്ത മേഘലകളിലും വിനിയോഗിക്കുവാൻ പാകത്തിൽ സഹകരണ മേഘല വളർന്നു കഴിഞ്ഞിരിക്കുന്നു. അഭ്യസ്ഥ വിദ്യർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും വിഭവസമാഹരണത്തിനും ഇന്ന് സഹകരണ മേഖലക്ക് നിർണ്ണായക സ്വാധീനമുണ്ട്. സഹകരണ മേഖല ആതുര ശുശ്രൂഷാരംഗത്തും വ്യവസായിക മേഖലയിലും വൻമുതൽമുടക്കുകളുമായി കേരളത്തിൽ ഇന്ന് വളർന്നു കഴിഞ്ഞിരിക്കുകയാണ്. ആ നിലയിൽ കേരളത്തിന്റ പ്രത്യേകത കണക്കിലെടുത്ത് എല്ലാമേഖലകളിലും സഹകരണ രംഗത്തെ ഉപയോഗപ്പെടുത്താവുന്നതാണ്.

കീഴൂർ–ചാവശ്ശേരി പഞ്ചായത്തിൽ സഹകരണമേഖല കെട്ടിപ്പടുക്കുന്നതിൽ ഇന്ന് ജീവിച്ചിരിക്കുന്നവരും മൺമറഞ്ഞു പോയവരുമായ അനവധി സാമൂഹ്യ–രാഷ്ട്രീയ പ്രവർത്തകർ ത്യാഗോജ്വലമായ പങ്ക് വഹിച്ചിട്ടുണ്ട്. ഇ.കെ. അന്ത്രുസാഹിബ്, ഇ.കെ. മമ്മുഹാജി, പി.വി. കുഞ്ഞിരാമൻ മാസ്റ്റർ, ടി.പി. കണ്ണൻനായർ തുടങ്ങിയവരാണ് പഞ്ചായത്തിലെ ആദ്യകാല പ്രമുഖ സഹകാരികൾ.

പഞ്ചായത്തിലെ കാർഷിക മേഖലയിലും ചെറുകിട വ്യവസായിക മേഖലയിലും വായ്പകൾ ലഭ്യമാകുന്നതിൽ സഹകരണ ബാങ്കുകളും മറ്റും പ്രധാന പങ്ക് വഹിക്കുന്നുണ്ടെങ്കിലും കാർഷിക മേഖലയിലെ ആവശ്യങ്ങളുമായി താരതമ്യപ്പെടുത്തിയാൽ ലഭ്യമാക്കുന്ന വായ്പകൾ അപര്യാപ്തമാണെന്ന് കാണാം.

**പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങൾ:**

1. പുന്നാട് സർവ്വീസ് സഹകരണ ബാങ്ക്.
2. ചാവശ്ശേരി സർവ്വീസ് സഹകരണ ബാങ്ക്.
3. ഇരിട്ടി സഹകരണ റൂറൽ ബാങ്ക്.
4. തലശ്ശേരി പ്രാഥമിക സഹകരണ കാർഷിക വികസനബാങ്ക് (ഇരിട്ടിശാഖ)
5. കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് (ഇരിട്ടിശാഖ)
6. തലശ്ശേരി താലൂക്ക് മർച്ചന്റ്സ് വെൽഫെയർ കോ–ഓപ്പറേറ്റീവ് സൊസൈറ്റി.
7. തലശ്ശേരി താലൂക്ക് റബ്ബർ ആൻഡ് അഗ്രിക്കൾച്ചർ മാർക്കറ്റിംഗ് സൊസൈറ്റി.
8. ഇരിട്ടി ഹൗസ് ബിൽഡിംഗ് കോ–ഓപ്പറേറ്റീവ് സൊസൈറ്റി.
9. പുന്നാട് സഹകരണ മാർക്കറ്റിംഗ് ആൻഡ് പ്രോസസ്സിംഗ് സൊസൈറ്റി ലിമിറ്റഡ്.

10. ഇരിട്ടി വനിതാ സംഹകരണ സംഘം
11. വനിതാ പ്രിന്റിംഗ് സൊസൈറ്റി
12. ഇരിട്ടി കോ-ഓപ്പറേറ്റീവ് കാന്റീൻ സൊസൈറ്റി.
13. ഇരിട്ടി യന്ത്രവത്കൃതചകിരി വ്യവസായ സഹകരണസംഘം
14. ഇരിട്ടി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി.
15. പഴശി ക്ഷീരോത്പാദന സഹകരണ സംഘം.
16. ഇരിട്ടി ക്ഷീരോത്പാദക സഹകരണ സംഘം.

കീഴൂർ-ചാവശ്ശേരി പഞ്ചായത്തിൽ പ്രധാനമായും രണ്ടുകാർഷിക സഹകരണ ബാങ്കുകളാണ് ഇന്നുള്ളത്.

**പുന്നാട് സർവ്വീസ് സഹകരണ ബാങ്ക്**

1953ൽ കീഴൂർ വിവിധോദ്ദേശ സഹകരണ സംഘമായി ഈ സംഘം പ്രവർത്തനമാരംഭിച്ചു. കീഴൂർ വില്ലേജിന്റെയും എടക്കാനം ദേശത്തിന്റേയും കീഴിലുള്ള പ്രദേശങ്ങളാണ് ഈ സ്ഥാപനത്തിന്റ് പ്രവർത്തന പരിധി. 1953ൽ ഈ സ്ഥാപനം ആരംഭിച്ചിരിക്കുന്നു. ഇപ്പോൾ ആകെ 4560 മെമ്പർമാരുണ്ട്. ഒരു ഓഹരിയുടെ വില 5/- രൂപയാണ്. അംഗീകൃതമൂലധനം 15,00,00 രൂപയാണെങ്കിലും പിരിഞ്ഞുകിട്ടിയത് 9,89,445/- രൂപയാണ്. 9600/- സർക്കാർ ഓഹരികളും ഈ സ്ഥാപനത്തിനുണ്ട്. സ്ഥിരനിക്ഷേപങ്ങളിലൂടേയും ഹ്രസ്വകാല നിക്ഷേപങ്ങളിലൂടേയും 1,17,43,562രൂപ സമാഹരിച്ചിട്ടുണ്ട്. ഇതിൽ കാർഷികവിളകളായ കപ്പ, കുരുമുളക്, തെങ്ങ്, ഇഞ്ചി എന്നിവയ്ക്ക് 98,84,204/- രൂപ വായ്പ നല്കിയിട്ടുണ്ട്. സ്വർണ്ണപണയത്തിലും മറ്റുകാർഷികേതര വായ്പാ ഇനത്തിൽ ഏകദേശം 61,89,767/- രൂപ നൽകിയിട്ടുണ്ട്. കണ്ണൂർ ജില്ലാ സഹകരണബാങ്കിൽനിന്നും കാർഷിക- കാർഷികേതര വായ്പയായി 1,18,60,000/- രൂപ ലഭിച്ചിട്ടുണ്ട്. കാർഷിക- കാർഷികേതര വായ്പാ ഇനത്തിൽ 66,13,000/- രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

ക്രഡിറ്റ്, ബാങ്കിംഗ് ബിസ്സിനസ്, ചിട്ടി, വളം വിന്വന, കൺസ്യൂമർ സ്റ്റോർ എന്നീ മേഖലകളിൽ ഈ ബാങ്കിന്റെ പ്രവർത്തനം വ്യാപിച്ചിരിക്കുന്നു.

**ചാവശ്ശേരി സർവീസ് സഹകരണബാങ്ക്**

ചാവശ്ശേരി വില്ലേജിന്റെ കീഴിലുള്ള പ്രദേശങ്ങളാണ് പ്രധാനമായും ഈ സഹകരണ ബാങ്കിന്റെ പരിധിയിൽപെടുന്നത്. 1952 നവമ്പർ 8-ാം തീയ്യതിയാണ് ഈ സ്ഥാപനം ആരംഭിച്ചിരിക്കുന്നത്. ആകെ 6000 മെമ്പർമാരാണ് ഈ ബാങ്കിൽ ഇപ്പോഴുള്ളത്. 5 രൂപ 25 പൈസയാണ് ഒരു ഓഹരിയുടെ വില. അംഗീകൃത മൂലധനം 7 ലക്ഷം രൂപയാണെങ്കിലും 6,20,000 രൂപ പിരിഞ്ഞുകിട്ടിയത്. 99,000 രൂപ സർക്കാർ ഓഹരിയായി ഈ സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്. സ്ഥിരനിക്ഷേപങ്ങളിലൂടേയും ഹ്രസ്വകാല നിക്ഷേപങ്ങളിലൂടേയും ഏകദേശം 76,00,000 രൂപ സമാഹരിച്ചിട്ടുണ്ട്. ഇതിൽ കാർഷികവിളകളായ കുരുമുളക്, തെങ്ങ്, കപ്പ, വാഴ എന്നിവയ്ക്ക് 9,74,000 രൂപ വായ്പ നൽകിയിട്ടുണ്ട്. ഐ.ആർ.ഡി.പി. മദ്ധ്യകാല, ദീർഘകാലവായ്പാ ഇനത്തിൽ ഏകദേശം 10,17,000 രൂപ നൽകിയിട്ടുണ്ട്.

സ്വയം തൊഴിൽ, വിദ്യാഭ്യാസം, കച്ചവടം, വീട് റിപ്പയർ, വിദേശയാത്രയ്ക്ക്, ഗൃഹോപകരണങ്ങൾ, സ്വർണ്ണ പണ്ടം, നിക്ഷേപം ഈട് എന്നീ ഇനത്തിൽ ഏകദേശം 11,14,000 രൂപയും നല്കിയിട്ടുണ്ട്.

കണ്ണൂർ ജില്ലാസഹകരണ ബാങ്കിൽനിന്ന് ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല കാർഷിക-കാർഷികേതര വായ്പയായി ഏകദേശം 55, 58,000 രൂപ ലഭിച്ചിട്ടുണ്ട്. കാർഷിക-കാർഷികേതര വായ്പാ ഇനത്തിൽ 14,92,700 രൂപ പിരിഞ്ഞികിട്ടാനുണ്ട്. ഈ സ്ഥാപനത്തിന്റെ എസ്റ്റാബ്ലീഷ് മെന്റ് ചെലവിലേക്കായി ഏകദേശം 57,000 രൂപയും ചിലവായിട്ടുണ്ട്.

ക്രഡിറ്റ്, ബാങ്കിങ്ങ് ബിസിനസ്സ്, മാവേലി സ്റ്റോർ കൺസ്യൂമർ സ്റ്റോർ, സിമന്റ്, വളം വിതരണം എന്നീ മേഖലകളിൽ ബാങ്കിന്റെ പ്രവർത്തനം വ്യാപിച്ചിരിക്കുന്നു. സാധ്യതകൾ ഏറെയുണ്ടായിട്ടും വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുന്നില്ല എന്നതാണ് ഈ ബാങ്കിനെ സംബന്ധിച്ച വസ്തുത.

പട്ടിക – 1

| ക്രമനമ്പർ | | 1 | 2 |
|---|---|---|---|
| സ്ഥാപനത്തിന്റെ പേര് | | പുന്നാട് സർവ്വീസ് സഹകരണബാങ്ക് | ചാവശ്ശേരി സർവ്വീസ് സഹകരണബാങ്ക് |
| ആരംഭിച്ച വർഷം | | 1953 | 1952 |
| പ്രവർത്തനപരിധി | | കീഴൂർ റവന്യൂ വില്ലേജ് എടക്കാനം ഭാഗം | ചാവശ്ശേരി വില്ലേജ് |
| വ്യക്തിഗത അംഗത്വം | | 4560 | 6,000 |
| ഓഹരി മൂലധനം | | 15,00,000 | 7,00,000 |
| കടം | | 66,13,000 | 9,16,000 |
| നിക്ഷേപം | | 1,17,43,562 | 7,60,000 |
| വായ്പകൾ | കാർഷികം | 98,84,204 | 10,75,700 |
| | കാർഷികേതരം | 61,89,767 | 11,14,000 |
| പ്രവർത്തനമൂലധനം | | 21,15,00,000 | 14,60,000 |
| ലാഭനഷ്ടം | ലാഭം | – – | – – |
| | നഷ്ടം | 2,00,000 | – – |
| ജീവനക്കാർ | സ്ഥിരം | 8 | – – |
| | താൽക്കാലികം | 3 | – – |

## മറ്റു സഹകരണ സ്ഥാപനങ്ങൾ

**1. തലശ്ശേരി പ്രാഥമിക സഹകരണ കാർഷിക വികസനബാങ്ക്**

തലശ്ശേരി താലൂക്കാണ് ഈ ബാങ്കിന്റെ പ്രവർത്തന പരിധി. കീഴൂർ- ചാവശ്ശേരി പഞ്ചായത്തു പരിധിയിൽ തെങ്ങുകൃഷി, ജലസേചനം, കശുമാവ്, ഭൂവികസനം എന്നിവയ്ക്ക് ഏകദേശം 34.64 ലക്ഷം രൂപാ വായ്പ നല്കിയിട്ടുണ്ട്. 21.73 ലക്ഷം രൂപ കാർഷികേതര വായ്പ യായി ഈ പഞ്ചായത്തുപരിധിയിൽ വിതരണം ചെയ്തി ട്ടുണ്ട്. 12.42 ലക്ഷം രൂപ ഭവനനിർമ്മാണ വായ്പയായി അനുവദിച്ചിട്ടുണ്ട്.

**2. തലശ്ശേരി താലൂക്ക് മർച്ചൻസ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി C.1397.**

തലശ്ശേരി താലൂക്കാണ് ഈ ബാങ്കിന്റെ പ്രവർത്തന പരിധി. 1996 മാർച്ച് 30നാണ് ഈ സ്ഥാപനം പ്രവർത്തനം ആരംഭിച്ചത്. 125 അംഗങ്ങളാണ് ഈ സ്ഥാപനത്തിനുള്ളത്. ഒരു ഓഹരിയുടെ വില 1000/- രൂപയാണ്. അംഗീകൃത ഓഹരി മൂലധനം 8,00,000 രൂപയും പിരിഞ്ഞുകിട്ടിയത് 2,61,000 രൂപയുമാണ്. പൊതുജനങ്ങളിൽനിന്ന് 39,56,227 രൂപ നിക്ഷേപമായി സ്വീകരിച്ചിട്ടുണ്ട്. 11,03,846 രൂപയാണ് പ്രവർത്തന മൂല ധനം.

**3. ഇരിട്ടി കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ലിമിറ്റഡ്**

കീഴൂർ, പായം, വിളമന, മണത്തന്ന, കേളകം, കണി ച്ചാർ, വേക്കളം, വെള്ളർവള്ളി മുഴക്കുന്ന്, ആറളം, അയ്യൻകുന്ന്, തോലമ്പ്ര വില്ലേജുകളാണ് ഈ സ്ഥാപ നത്തിന്റെ പ്രവർത്തന പരിധി. 1957 സെപ്റ്റംബർ 15-നാണ് ഈ സ്ഥാപനം പ്രവർത്തനമാരംഭിച്ചത്. 12,773 പേരാണ് മെമ്പർമാരായിട്ടുള്ളത്. ഓഹരി സംഖ്യ 5 രൂപ യാണ്. 25 ലക്ഷം രൂപയാണ് ഓഹരി മൂലധനം പിരി ഞ്ഞുകിട്ടിയ ഓഹരി. മൂലധനം 13,44,108 രൂപയാണ്. പൊതുജനങ്ങളിൽനിന്ന് 2,28,63,420 രൂപ നിക്ഷേപമായി സ്വീകരിച്ചിട്ടുണ്ട്. 1,86,85,705 രൂപ വായ്പയായി കൊടു ത്തിട്ടുണ്ട്. ജില്ലാബാങ്കിൽനിന്ന് കാർഷികേതര കാർഷിക വായ്പയായി 1,55,218 രൂപ ലഭിച്ചിട്ടുണ്ട്. 2,02,96,809 രൂപ വായ്പ ഇനത്തിൽ മൊത്തം പിരി ഞ്ഞുകിട്ടുവാനുണ്ട്.

**4. കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് ഇരിട്ടി ബ്രാഞ്ച്**

ജില്ലാ സഹകരണ ബാങ്കിന്റെ ഒരുശാഖയും ഒരുസാ യാഹ്നശാഖയും ഈ പഞ്ചായത്തിന്റെ പരിധിയിൽ സ്ഥിതിചെയ്യുന്നു.

**5. തലശ്ശേരി താലൂക്ക് റബ്ബർ ആന്റ് അഗ്രികൾച്ചർ മാർക്കറ്റിങ്ങ് സൊസൈറ്റി.**

1986ലാണ് ഈ സ്ഥാപനം പ്രവർത്തനമാരംഭിച്ചത്. 3165 അംഗങ്ങൾ ഈ സ്ഥാപനത്തിലുണ്ട്. ഒരു ഓഹരി യുടെവില 50 രൂപയാണ്. അംഗീകൃത ഓഹരി മൂല ധനം 1 കോടി രൂപയാണ്. പിരിഞ്ഞുകിട്ടിയ മൂലധനം 22 ലക്ഷമാണ്. സർക്കാർ ഓഹരിയായി 18 ലക്ഷം രൂപ കിട്ടിയിട്ടുണ്ട്. പൊതുജനങ്ങളിൽനിന്ന് സ്ഥിരനിക്ഷേ പങ്ങളിലൂടെയും ഹ്രസ്വകാല നിക്ഷേപങ്ങളിലൂടേയും 92,000 രൂപ സ്വരൂപിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലാ ബാങ്കിൽനിന്ന് ക്യാഷ് ക്രഡിറ്റ് ഇനത്തിൽ 20 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. മാർക്കറ്റിംഗ് ആണ് ഈ സ്ഥാപന ത്തിന്റെ പ്രധാന ലക്ഷ്യം.

**6. ഇരിട്ടി ഹൗസ് ബിൽഗിങ്ങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി**

147 പേർക്ക് ഭവനനിർമ്മാണത്തിന് ദീർഘകാല വായ്പയായി 68,25,500 രൂപ നല്കിയിട്ടുണ്ട്.

**7. പുന്നാട് സഹകരമ മാർക്കറ്റിംഗ് ആൻഡ് പ്രോസസിംഗ് സൊസൈറ്റി ലി.NO. C1310**

കീഴൂർ-ചാവശ്ശേരി പഞ്ചായത്തിന്റേയും പായംപ ഞ്ചായത്തിന്റേയും കീഴിലുള്ള പ്രദേശങ്ങളാണ് ഈ ബാങ്കിന്റെ പ്രവർത്തന പരിധി. 1992-ൽ ആരംഭിച്ചു. ഇപ്പോൾ ആകെ 220 അംഗങ്ങളുണ്ട്. ഒരു ഓഹരിയുടെ വില 50 രൂപയാണ്. അംഗീകൃത ഓഹരി മൂലധനം 12 ലക്ഷമാണെങ്കിലും പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 40,050 രൂപയാണ്. 1,00,000 രൂപയുടെ സർക്കാർ ഓഹ രിയും ഈ സ്ഥാപനത്തിനുണ്ട്. സ്ഥിരനിക്ഷേപങ്ങളി ലൂടേയും 2,63,450 രൂപ സമാഹരിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലാ ബാങ്കിൽനിന്ന് കാഷ് ക്രഡിറ്റ് ഇനത്തിൽ 4,50,000 രൂപ സ്വീകരിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ കീഴിൽ മലഞ്ചരക്ക് വാങ്ങി വിന്ദന നടത്തുന്ന ഒരു ഡിപ്പോയും ഒരു കൺസ്യൂമർ സ്റ്റോറും ഒരു വളംഡിപ്പോയും ഉണ്ട്.

**8. വനിതാ സഹകരണസംഘം**

ഇരിട്ടി ആസ്ഥാനമായി ഒരു വനിതാ സഹകരണ സംഘം പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. താൽക്കാലിക മായ ഒരു സെക്രട്ടറിയും പിന്നെ പ്രസിഡന്റും 7 അംഗ ങ്ങൾ അടങ്ങുന്ന ഒരു ഡയറക്ടർ ബോർഡും ഉണ്ട്. കളക്ഷൻ ഏജന്റിനെവെയ്ക്കുവാനുള്ള അനുവാദം ഡിപാർട്ട്മെന്റിൽനിന്ന് കിട്ടിയിട്ടില്ല.

**9.വനിതാ പ്രിന്റിങ്ങ് സൊസൈറ്റി ഇരിട്ടി**

ഇരിട്ടി ബ്ലോക്കിന്റെ DWCRA സ്ക്രീമിലൂടെ പത്തുവ നിതകൾ ചേർന്ന് ഏകദേശം 1,36,450 രൂപ മുടക്കുമുത ലിലാണ് ഈ സ്ഥാപനം ആരംഭിച്ചത്. 5 പേർ ജോലി ക്കാരും 5 പേർ പഠിതാക്കളുമാണ്.

**10. ഇരിട്ടി കോ-ഓപ്പറേറ്റീവ് കാന്റീൻ സൊസൈറ്റി**

കീഴൂർ-ചാവശേരി പഞ്ചായത്താണ് ഈ സ്ഥാപനത്തിന്റെ പ്രവർത്തനപരിധി. 1989ലാണ് ഈ സ്ഥാപനം പ്രവർത്തനമാരംഭിച്ചത്. 136 A ക്ലാസ്സ് അംഗങ്ങളും 166 B ക്ലാസ്സ് അംഗങ്ങളും ഈ സ്ഥാപനത്തിനുണ്ട്. അംഗീകൃതമൂലധനം 3.5 ലക്ഷം രൂപയാണെങ്കിലും പിരിഞ്ഞു കിട്ടിയത് 38,600 രൂപയാണ്.

**11. ഇരിട്ടി യന്ത്രവത്കൃത ചകിരി വ്യവസായ സഹകരണസംഘം C.902, നടുവനാട് പി.ഒ.**

കീഴൂർ-ചാവശ്ശേരി, തില്ലങ്കേരി പഞ്ചായത്തുകളാണ് ഈ സ്ഥാപനത്തിന്റെപരിധി. 55 എ. ക്ലാസ്സ് അംഗങ്ങൾ ഈ സൊസൈറ്റിക്കുണ്ട്. 40 എ ക്ലാസ് ഗവൺമെന്റ് ഷയറുകളും ഉണ്ട്. 1 ഓഹരിക്ക് 1000 രൂപയാണ് വില. യന്ത്രസാമിഗ്രികളെല്ലാം ഫിറ്റ് ചെയ്ത് വൈദ്യുതി കണക്ഷനുവേണ്ടി കാത്തിരിക്കുന്നു. 8 മണിക്കൂറുള്ള ഒരു ഷിഫ്റ്റിൽ 17 പേർക്ക് ജോലി കൊടുക്കുവാൻ കഴിയുന്നതാണ്. ഒരു ഷിഫ്റ്റിൽ 10,000 പച്ച ചകിരി യന്ത്രമുപയോഗിച്ച് ഫൈബറാക്കുകയും ചകിരിചോറ് ആസിഡ് ഉപയോഗിച്ച് വളമുണ്ടാക്കുകയും ചെയ്യും.

**12. ഇരിട്ടി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി.**

കണ്ണൂർ ജില്ല മുഴുവനാണ് ഈ സ്ഥാപനത്തിന്റെ പ്രവർത്തനപരിധി. 1986ൽ ആരംഭിച്ചു. 356 ഓഹരികൾ ഉണ്ട്. 250 രൂപയാണ് ഒരു ഓഹരിയുടെ വില. 4 ഡോക്ടർമാരും 8 നേഴ്സുമാരും ഇവിടെ ജോലി ചെയ്യുന്നു. 7 പേർ മറ്റു ജീവനക്കാരായും ഉണ്ട്. നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി ആബുലൻസ് ഉണ്ട്. ഒരു ഫാർമസിയും പ്രവർത്തനക്ഷമമാണ്. 35 ബെഡ്ഡുകൾ ഉണ്ട്.

## ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ

ഈ പഞ്ചായത്തിൽ പ്രധാനമായും രണ്ടു ക്ഷീരോൽപാദക സഹകരണ സംഘങ്ങളാണ് പ്രവർത്തിക്കുന്നത്.

**1. ക്ഷീരോൽപാദകസംഹകരണസംഘം പഴശ്ശി-വെളിയമ്പ്ര**

1, 2, 3, 6, 7 വാർഡുകളാണ് ഈ സ്ഥാപനത്തിന്റെ പ്രവർത്തന പരിധി. 300 മെമ്പർമാരുണ്ട്. 5 രൂപ 25 പൈസയാണ് ഓഹരി വില. 1984ൽ തുടങ്ങി. ആദ്യകാലത്ത് പശുക്കളെവാങ്ങുവാൻ വായ്പ കൊടുത്തിരുന്നു. കാലിതീറ്റവിതരണം ചെയ്യുന്നുണ്ട്. 5 ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നു. ചാവശ്ശേരി, പുന്നാട്, ഉളിയിൽ, വെളിയമ്പ്ര, നടുവനാട് എന്നീ സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നത്. ദിനംപ്രതി 300 ലിറ്റർ പാൽ ശേഖരിക്കുകയും വിതരണ നടത്തുകയും ചെയ്യുന്നു.

**2. ഇരിട്ടി ക്ഷീരോൽപാദക സഹകരണസംഘം**

കീഴൂർ-ചാവശ്ശേരി പഞ്ചായത്തിൽ 8, 11, 12, 13 വാർഡുളിൽപ്പെട്ട എടക്കാനം, കീഴൂർ, വള്ള്യാട്ട്, പയഞ്ചേരി, ഇരിട്ടി പ്രദേശങ്ങളാണ് ഈ സ്ഥാപനത്തിന്റെ പ്രവർത്തന പരിധി. 1984 ഏപ്രിൽ 27-ാം തീയ്യതിയാണ് പ്രവർത്തനമാരംഭിച്ചത്. 362 അംഗങ്ങളുണ്ട്. ഒരു ഓഹരിയുടെവില 10 രൂപയാണ്. അംഗീകൃത ഓഹരിമൂലധനം 29,000 രൂപയാണ്. പിരിഞ്ഞുകിട്ടിയത് 3,620 രൂപയാണ്. ഹ്രസ്വകാല നിക്ഷേപമായി പൊതുജനങ്ങളിൽനിന്ന് 35,162 രൂപ സ്വീകരിച്ചിട്ടുണ്ട്. സ്വന്തമായി കെട്ടിടമുണ്ട്.

**നിർദേശങ്ങൾ**

1. ഈ പഞ്ചായത്തിലെ എല്ലാ കർഷകരേയും അംഗങ്ങളാക്കി ബാങ്കുകളുടെ ഓഹരി മൂലധനം വർദ്ധിപ്പിക്കുക.
2. നിക്ഷേപസമാഹരണം നടത്തി പ്രവർത്തനമൂലധനം വർദ്ധിപ്പിച്ച് ആ തുക പഞ്ചായത്തിൽ ലാഭകരമായ വിധത്തിൽ വിനിയോഗിക്കുക.
3. ബാങ്കുകളിൽ കൂടുതൽ ചിട്ടി നടത്തിയും കണ്ണൂർ ജില്ലയിൽ പല ബാങ്കുകളിലും നടത്തുന്ന ഗ്രൂപ്പ് ഡപ്പോസിറ്റ് സ്കീമിലൂടേയും നിക്ഷേപം സമാഹരിക്കാവുന്നതാണ്.
4. വ്യക്തികൾക്ക് ലഭിക്കുന്ന കാർഷിക വായ്പയുടെ പരിധി ആവശ്യം കണക്കിലെടുത്ത് ഉയർത്തുക.
5. വളത്തോടൊപ്പം കാർഷിക ഉപകരണങ്ങളും വിതരണം ചെയ്യുവാനും ഉൽപന്നങ്ങൾ സംഭരിക്കുവാനും ബാങ്കുകളിൽ സംവിധാനം ഉണ്ടാക്കുക.
6. അർഹതപ്പെട്ട വ്യക്തികൾക്ക് അംഗത്വം ലഭിക്കുന്നില്ല എന്ന ആരോപണം ഗ്രാമസഭകളിൽനിന്നും ഉയർന്നു വന്നതിന്റെ അടിസ്ഥാനത്തിൽ അർഹരായ എല്ലാവർക്കും അംഗത്വം ഉറപ്പുവരുത്തുക.
7. പുന്നാട് സർവ്വീസ് സഹകരണ ബാങ്കിന് എടക്കാനത്തും ചാവശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന് ഉളിയിലും ബ്രാഞ്ചുകൾ തുടങ്ങുന്നതിനാവശ്യമായ നടപടികൾ ആരംഭിക്കേണ്ടതാണ്.
8. കേരവികസനത്തിന് 'കോക്കനട്ട് ഗ്രോവേർസ് സഹകരണസംഘം' രൂപീകരിക്കുക.
9. കീഴൂർ-ചാവശ്ശേരി പഞ്ചായത്തിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി സഹകരണ മേഖലയിൽ എല്ലാവാർഡുകളേയും ബന്ധിപ്പിച്ചുകൊണ്ട് ഒരു പഴം-പച്ചക്കറി സംസ്കരണ സഹകരണസംഘം

വസ്തുക്കൾ (മാങ്ങ, ചക്ക, കൈതച്ചക്ക മുതലായവ) കൊണ്ട് അതതു വാർഡുകളിൽ സംസ്കരിക്കുകയും പുന്നാട്ട് കേന്ദ്രമായി ഒരു കളക്ഷൻ സെന്ററും വിപണനകേന്ദ്രവും തുടങ്ങണം.

10. ഈ പഞ്ചായത്തിൽ വളരെയേറെ സ്ഥലങ്ങൾ ചെങ്കൽ പാറയാണ്. ആയതുകൊണ്ട് ഈ രംഗത്തെ തൊഴിലാളികളെ പങ്കെടുപ്പിച്ചുകൊണ്ട് സഹകരണ മേഖലയിൽ ഒരു സ്ഥാപനം ആരംഭിക്കുകയും സൊസൈറ്റിയുടെ നേതൃത്വത്തിൽ ചെങ്കൽ പ്രദേശങ്ങൾ വിലയ്ക്കെടുത്ത് ചെങ്കലുകൽ കൊത്തിയെടുത്ത് വിപണനം നേരിട്ടുനടത്തിയാൽ വളരെയധികം പേർക്ക് തൊഴിൽ സാദ്ധ്യതയും ഈ പഞ്ചായത്തിലെ സഹകരണമേഖലയിലെ ഒരു വൻ വ്യവസായവും ആയിരിക്കും.


11. മത്സ്യം വളർത്തുന്നതിനുള്ള ഒരു സഹകരണ സംഘം രൂപീകരിക്കുകയും അതിൽ തന്നരരായവരെ കണ്ടെത്തി വായ്പകളും നിർദ്ദേശങ്ങളും നിൽകേണ്ടതാണ്.

12. ഒരു പട്ടികജാതി സഹകരണ സംഘം രൂപീകരിച്ച് അവർക്കാവശ്യമായ വികസന സാദ്ധ്യതകൾ സഹകരണമേഖലയിൽ ആരംഭിക്കാവുന്നതാണ്.

13. സഹകരണ രംഗത്തെ വളർച്ചയ്ക്കായി പഞ്ചായത്തിലെ സഹകാരികളെ ഉൾക്കൊള്ളിച്ച് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു സഹകരണസെൽ രൂപീകരിക്കാവുന്നതും സഹകരണ സംഘങ്ങൾക്കാവശ്യമായ വിദഗ്ദ്ധോപദേശങ്ങളും നിർദേശങ്ങളും നല്കാവുന്നതും സംഘങ്ങളുടെ പ്രവർത്തനത്തെ അവലോകനം ചെയ്യാവുന്നതുമാണ്.

മഹാത്മാഗാന്ധി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ഒരു വലിയ പങ്ക് സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചവഴി സാധിക്കുന്നതാണ്.

ജനകീയാസൂത്രണപദ്ധതിയുടെ ഭാഗമായി കീഴൂർ-ചാവശ്ശേരി പഞ്ചായത്തിലെ 13 ഗ്രാമസഭകളിലെ ചർച്ചകൾ ക്രോഡീകരിച്ച നിർദ്ദേശങ്ങളോടെ തയ്യാറാക്കിയിട്ടുള്ളതാണ്. ഗ്രാമങ്ങളുടെ സാമ്പത്തിക-സാമൂഹിക സാംസ്കാരിക വികസനത്തിന് നിർണ്ണായക പങ്കുവഹിക്കുവാൻ കഴിയുന്ന പ്രസ്ഥാനം എന്ന നിലയിൽ ഈ പഞ്ചായത്തിലെ സഹകരണ രംഗത്ത് നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ചുള്ള ഈ വികസന റിപ്പോർട്ട് ചർച്ചകൾക്കും മുൻഗണന നിശ്ചയിക്കുന്നതിനുമായി സമർപ്പിച്ചു കൊള്ളുന്നു. □




# പട്ടികജാതി – പട്ടികവർഗ്ഗ ക്ഷേമം

സമൂഹത്തിന്റെ താഴെതട്ടിൽ സ്ഥിതിചെയ്യുന്ന അധഃസ്ഥിത വർഗ്ഗമാണ് പട്ടികജാതി–പട്ടികവർഗ്ഗം. പട്ടികജാതിക്കാർ അവരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിന് ചില ശ്രമങ്ങളൊക്കെ നടത്തിയിട്ടുണ്ടെങ്കിലും പട്ടികവർഗക്കാർ അത്തരം ശ്രമങ്ങളോട് വളരെ ചെറിയ തോതിൽ മാത്രമേ പ്രതികരിച്ചു കാണുന്നുള്ളൂ. ഹരിജന–ഗിരിജനങ്ങളുടെ ഉന്നമനംകൂടി പൂർത്തിയായാൽ മാത്രമേ രാജ്യം പുരോഗതിയിലേക്ക് എത്തിച്ചേരുകയുള്ളൂവെന്ന് മഹാത്മാഗാന്ധി അർത്ഥശങ്കക്കിടയില്ലാത്തവണ്ണം പറഞ്ഞിട്ടുണ്ട്. സർക്കാരുകളുടെ ഭാഗത്തുനിന്നും ഈ അധഃസ്ഥിത വർഗ്ഗത്തിന്റെ ഉന്നമനത്തിന് ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും അവ പൂർണ്ണമായും യഥാർത്ഥവൽക്കരിക്കുവാൻ ഇന്നും കഴിഞ്ഞിട്ടുണ്ടോ എന്ന് സംശയമാണ്.

പ്രധാനമായും വിദ്യാഭ്യാസത്തിന്റെ കുറവാണ് ഇത്തരം ക്ഷേമപ്രവർത്തനങ്ങളോട് വിമുഖത കാണിക്കാൻ കാരണം. എല്ലാം തങ്ങൾക്ക് സർക്കാർ ചെയ്തുതരണം എന്ന ഒരു മിഥ്യാബോധമാണ് ഇവരെ നയിക്കുന്നത്. യഥാർത്ഥ ബോധവൽക്കരണത്തിലൂടെയും പരസ്പര സഹകരണ മനോഭാവത്തിലൂടെയും ഇവരുടെ മനസ്സ് മാറ്റിയെടുക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

ഈ പഞ്ചായത്തിൽ പട്ടികവർഗ്ഗ കോളനികളും പട്ടികജാതി കോളനികളും ഉണ്ട്. പട്ടികവർഗ്ഗ കോളനികളിൽ വളരെ പരിമിതമായ ജീവിതനിലവാരമാണ് പുലർത്തിപോരുന്നത്. താഴെ ചേർത്ത പട്ടികയിൽ കോളനികളെ വാർഡ് അടിസ്ഥാനത്തിൽ ചിത്രീകരിച്ചിരിക്കുന്നു.

പട്ടിക

| വാർഡ് | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| I | ഇല്ല | | |
| II | ചാവശ്ശേരി പറമ്പ് | 16 | 142 |
| III | ഇല്ല | | |
| IV | ഇല്ല | | |
| V | നടുവനാട് കോളനി | 5 | 40 |
| VI | ഇല്ല | | |
| VII, IX | പടത്തുപാറ കോളനി | 12 | 85 |
| VIII | മഞ്ഞകാഞ്ഞിരം കോളനി | 13 | 90 |
| X | മഠം പറമ്പ് കോളനി | 7 | 40 |
| X | മഞ്ഞാംപാറ കോളനി | 2 | 20 |
| XI | കോട്ടക്കുന്ന് കോളനി | 14 | 105 |
| XI | കീഴൂർ ആക്കപ്പറമ്പ് കോളനി | 4 | 33 |
| XII | കൂളിപാറ കോളനി | 7 | 56 |
| XII | അത്തിക്കുടുമ്പ് കോളനി | 8 | 58 |
| XIII | ചെക്കിക്കുന്ന് കോളനി | 11 | 30 |

**1. ചാവശ്ശേരി കോളനി**

ഈ കോളനി പഞ്ചായത്തിലെ രണ്ടാം വാർഡിലാണ് സ്ഥിതി ചെയ്യുന്നത്. 15 കുടുംബങ്ങളിലായി 142 ഓളം ആളുകൾ ഇവിടെ താമസിക്കുന്നു. ജനസാന്ദ്രത കൂടുതലാണ്. അതുകൊണ്ടുതന്നെ മറ്റു സൗകര്യങ്ങൾ കുറവാണ്. വൈദ്യുതി എത്തിയിട്ടുണ്ട്. 9 വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. സ്വന്തമായി 8 കിണറുകൾ ഉണ്ട്. കക്കൂസുകൾ 2 എണ്ണം മാത്രമേയുള്ളൂ. അതുകൊണ്ട് മലമൂത്രവിസർജനത്തിന് വെളിപറമ്പുകളെയാണ് ആശ്രയിക്കുന്നത്.

കോളനിനിവാസികൾ സാധാരണ അടുപ്പുകളാണ് പാചകത്തിനും മറ്റും ഉപയോഗിക്കുന്നത്.

**നിർദേശങ്ങൾ**

1. എല്ലാവർക്കും വീടുകൾ നിർമ്മിച്ചു നൽകണം
2. ഒരു വീടിന് ഒരു കക്കൂസ് എന്ന അനുപാതത്തിൽ നല്കണം.
3. ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കണം.
4. ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം
5. എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കണം
6. റോഡ് ഗതാഗതയോഗ്യമാക്കണം.
7. സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകണം.
8. ബോധവൽക്കരണത്തിനും വിനോദത്തിനുമായി കോളനിയിൽ ടിവി സ്ഥാപിക്കണം.

**2. നടുവനാട് കോളനി**

തലശ്ശേരി – കൂർഗ് റോഡിൽ നിന്ന് ഒന്നര കിലോമീറ്റർ അകലെ നടുവനാട് കാളാന്തോട് റോഡിലാണ് ഈ കോളനി സ്ഥിതി ചെയ്യുന്നത്. ഇതേ വാർഡിൽ പണിയകോളനിയോടനുബന്ധിച്ച് ഭൂരഹിത കർഷക തൊഴിലാളി കോളനിയുണ്ട്. 5 വീടുകളിലായി 40ഓളം പേർ തിങ്ങിപാർക്കുന്നു. അതുപോലെതന്നെ ചാവശ്ശേരി റോഡിൽ നടുവനാട് നിന്ന് ഏകദേശം 1 കിലോമീറ്റർ അകലെ നെടിയാഞ്ഞിരം ഭൂരഹിത കർഷകതൊഴിലാളി കോളനിയിൽ 16 കുടുംബങ്ങളിൽ 8 പേർ പട്ടികവർഗ്ഗവിഭാഗമാണ്.

**നിർദേശങ്ങൾ**

1. 2 കോളനികൾക്കും ചുറ്റുമതിൽ നിർമിക്കണം.
2. വീടു വയ്ക്കുവാനുള്ള സഹായം നൽകണം.
3. കിണർ കുഴിക്കണം
4. കക്കൂസുകൾ നിർമിക്കണം.
5. പണിയകോളനിയിലെ വീണുപോയ 2 വീടുകൾ ഉടൻ പണിയണം.

6. നടുവനാട് തലച്ചങ്ങാട് റോഡും നടുവനാട് ചാവശ്ശേരി റോഡും പുതുതായി ടാർ ചെയ്യേണ്ടതും നടുവനാട് കാളന്തോട് റോഡ് റീടാർ ചെയ്യേണ്ടതുമാണ്.

**പടത്തുപാറ കോളനി**

ഈ കോളനി പഞ്ചായത്തിലെ ഏഴ്, ഒമ്പത് വാർഡുകളിൽ വ്യാപിച്ചു കിടക്കുന്നു. 12ഓളം വീടുകളാണ് ഈ കോളനിയിലുള്ളത്. ആകെ 85 അംഗങ്ങളുണ്ട്. സ്വന്തമായി വീടില്ലാത്തവരായി ഏകദേശം 9ഓളം കുടുംബങ്ങൾ ഇവിടെയുണ്ട്. ഈ കോളനിയിൽ കുടിവെള്ള ക്ഷാമമില്ല. മിക്കവാറും എല്ലാ വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ട്. ഈ കോളനിയിലേക്കുള്ള റോഡ് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം. 9ഓളം കുട്ടികൾ ഇപ്പോൾ സ്കൂളിൽ പോകുന്നുണ്ട്. എന്നാൽ, മുതിർന്ന കുട്ടികൾ എൽ.പി.സ്കൂൾ കഴിഞ്ഞാൽ പഠനം നിർത്തുന്നതായി കാണുന്നു.

**നിർദേശങ്ങൾ:**

1. പടത്തുപാറ കോളനിയിൽ ഒരു അംഗൻവാടി നിർമിക്കുക.
2. ഈ കോളനിയുടെ അടുത്തായി ഒരിക്കലും വറ്റാത്ത ഒരു നീരുറവയുണ്ട്. അതുകൊണ്ട് ഈ കോളനിയിലും ഈ വാർഡുകളിലും ശുദ്ധജലമെത്തിക്കാനുള്ള പദ്ധതി തയാറാക്കുക.
3. കൂട്ടായി ഇരുന്ന് എടുക്കുവാൻ പറ്റിയ തൊഴിലുകൾ കണ്ടെത്തി പ്രയോജനപ്പെടുത്തുക.
4. കോളനിയിലേക്കുള്ള റോഡുകൾ ടാർ ചെയ്യുക.
5. വീടില്ലാത്തവർക്ക് സ്ഥലവും വീടു വയ്ക്കുന്നതിനാവശ്യമായ ധനസഹായവും നൽകുക.
6. കോളനിയിൽ കൈവശക്കാർക്ക് പട്ടയം നല്കുക.
7. കോളനിയിൽ ഒരു ആശുപത്രി സ്ഥാപിക്കുക.
8. ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.
9. തൈപറമ്പ് പടത്തുപാറ പണിയകോളനിയും ഉളിയിൽ കൂവേരികണ്ടം – പടത്തുപാറ കോളനിയും തമ്മിൽ ബന്ധിപ്പിക്കുന്ന 2.5 കി.മീ റോഡ് ടാർചെയ്ത് ഗതാഗത യോഗ്യമാക്കുക.

**മഞ്ഞകാഞ്ഞിരം കോളനി**

ഈ കോളനി ഈ പഞ്ചായത്തിന്റെ എട്ടാം വാർഡിലാണ് സ്ഥിതി ചെയ്യുന്നത്. ആകെ 13 വീടുകൾ ഈ കോളനിയിലുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ തീരെ കുറഞ്ഞ ഒരു കോളനിയാണ് ഇത്. വൈദ്യുതീകരിച്ചിട്ടുണ്ട്.

**നിർദേശങ്ങൾ**

1. തൊഴിലില്ലായ്മ വളരെ രൂക്ഷമാണ്. അവർക്ക് സ്ഥിരമായി തൊഴിൽ കൊടുക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്യുക.
2. ഭൂരിഭാഗവും നിരക്ഷരരാണ്. സാക്ഷരതാ പ്രവർത്തനം സജീവമാക്കുക.
3. ആറോളം കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ല.
4. ഇരിട്ടി – എടക്കാനം വെളിയമ്പ്ര റോഡ് ഈ കോളനിയിലൂടെ കടന്നു പോകുന്നു. ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം.
5. ഒരു പൊതു ശ്മശാനം അത്യാവശ്യമാണ്.
6. എല്ലാവർക്കും കക്കൂസ് ലഭ്യമാക്കണം.
7. 2 വീടുകൾക്ക് വൈദ്യുതി ലഭ്യമാക്കണം.
8. ഒരു സാംസ്കാരിക കേന്ദ്രം സ്ഥാപിച്ച് പത്രം, ടി.വി. മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തണം.
9. മെച്ചപ്പെട്ട ആരോഗ്യ പരിപാലനം ഉറപ്പുവരുത്തണം.

**മഠംപറമ്പ് കോളനി**

പുന്നാട് കാക്കയങ്ങാട് റോഡിൽ നിന്നും തുടങ്ങുന്ന ഇല്ലംമൂല റോഡിലാണ് ഈ കോളനി സ്ഥിതി ചെയ്യുന്നത്. ഇവിടത്തെ ഏഴു വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. രാജീവ് കുടിനീർ പദ്ധതിപ്രകാരം നിർമ്മിച്ച, വെള്ളം സുലഭമായ ഒരു കിണർ ഇവിടെയുണ്ട്. കുട്ടികൾ സ്കൂളിൽ പോകുന്നുണ്ട്. ഹൈസ്കൂളിൽ പഠിത്തം നിർത്തിയ യുവതീയുവാക്കൾ ഈ കോളനിയിലുണ്ട്. ആർക്കും ജോലിയില്ല.

**നിർദേശങ്ങൾ**

1. ഏഴോളം വീടുകളിൽ 40 ഓളം ആളുകൾ തിങ്ങിപ്പാർക്കുന്നതുകൊണ്ട് കൂടുതൽ വീടുവെയ്ക്കുവാൻ സൗകര്യം ചെയ്തുകൊടുക്കണം.
2. പട്ടയം നൽകണം.
3. കക്കൂസില്ല. അടിയന്തര ശ്രദ്ധ പതിയണം.
4. ഭൂരിഭാഗവും നിരക്ഷരരാണ്.

മഞ്ഞാംപാറ കോളനി

ഈ കോളനി പത്താം വാർഡിൽ തന്നെ കല്ലങ്ങോട് റോഡിൽ നിന്നും കുറച്ചുള്ളിലായാണ് സ്ഥിതി ചെയ്യുന്നത്. 4 സെന്റ് സ്ഥലത്ത് 2 വീടുകളിലായി 20 ഓളം കുടുംബങ്ങൾ താമസിക്കുന്നുണ്ട്. കുട്ടികൾ സ്കൂളിൽ പോകുന്നുണ്ട്. എന്നിരുന്നാലും ഇപ്പോഴും പിന്നോക്കാവസ്ഥയിലാണ്.

**നിർദേശങ്ങൾ**

1. ഈ കോളനിയിൽ അടിയന്തരമായും കക്കൂസ് നിർമ്മിക്കണം.
2. വീടുകളില്ലാത്തവർക്ക് വീടുകൾ അടിയന്തരമായും

നിർമ്മിക്കണം.
3. ഈ കോളനിയിൽ വൈദ്യുതി ഇല്ല.
4. കിണർ കുഴിച്ച് ജലസേചന സൗകര്യം നൽകണം.
5. നിരക്ഷരത വളരെ കൂടുതലായതിനാൽ അത് നിർമ്മാർജ്ജനം ചെയ്യാൻ നടപടി സ്വീകരിക്കണം.

**കോട്ടക്കുന്ന് കോളനി**

കീഴൂരിൽ വള്ള്യാട് എന്ന സ്ഥലത്ത് 95 സെന്റ് സ്ഥലത്തു സ്ഥിതിചെയ്യുന്ന കോളനിയാണിത്. 105ഓളം അംഗങ്ങൾ 14 ഓളം വീടുകളിൽ താമസിക്കുന്നു. വളരെയധികം ജനസാന്ദ്രതയുള്ള കോളനിയാണിത്. ഒരു ടിവിയുണ്ട്. രണ്ടു പേർക്ക് സർക്കാർ ജോലിയുണ്ട്. കലാ–കായിക രംഗങ്ങളിൽ ഇവർ മുമ്പിലാണ്.

**നിർദേശങ്ങൾ**

1. പതിനഞ്ചോളം കുടുംബങ്ങൾക്ക് സ്വന്തമായി സ്ഥലമില്ല. അതിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കണം.
2. കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് കോളനിയിൽ കിണർ കുഴിക്കണം.
3. 38 ഓളം അംഗങ്ങൾ നിരക്ഷരരാണ്.
4 മലമൂത്ര വിസർജ്ജന സൗകര്യമില്ലാത്തതിനാൽ പൊതുസ്ഥലമാണ് ഉപയോഗിക്കുന്നത്. നിലവിൽ കക്കൂസുകൾ ഒന്നുംതന്നെയില്ല.
5. ഭൂരിപക്ഷവും തൊഴിൽ രഹിതരാണ്. അവർക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം.
6. കോളനിക്ക് ചുറ്റുമതിൽ കെട്ടണം
7. കോളനിക്ക് അംഗൻവാടി അനുവദിക്കണം. കലാകായിക രംഗത്ത് പ്രോത്സാഹനം ആവശ്യമാണ്.

**കീഴൂർ ആക്കപറമ്പ് കോളനി**

ഈ കോളനിയിൽ 33ഓളം അംഗങ്ങൾ താമസിക്കുന്നുണ്ട്. 5 കുടുംബങ്ങൾക്ക് സ്വന്തമായി സ്ഥലമില്ല. ഏകദേശം 4 വീടുകൾ ഇപ്പോഴുണ്ട്.

**നിർദേശങ്ങൾ**

1. കോളനിയിൽ വീടുകൾക്ക് വൈദ്യുതി എത്തിക്കണം.
2. ഇവിടെ കുട്ടികൾ സ്കൂളിൽ പോകാത്തവരാണ്.
3. നിരക്ഷരരാണ് കോളനിയിലുള്ളത്.
4. കോളനിയിൽ വീടില്ലാത്ത ഏകദേശം 20 ഓളം പേർക്ക് വീടുകൾ നിർമിക്കണം.
5. കോളനിനിവാസികൾക്ക് തൊഴിൽ ലഭിക്കുന്നതിന് സമീപപ്രദേശത്തായി ഒരു യൂണിറ്റ് സ്ഥാപിക്കാനുള്ള സാധ്യതയുണ്ട്.
6. മലമൂത്ര വിസർജനത്തിനായി 2 കക്കൂസുകൾ മാത്രമേ ഇവിടെയുള്ളൂ. കൂടുതൽ കക്കൂസുകൾ നിർമിക്കണം.

**കൂളിപാറ കോളനി**

12–ാം വാർഡിൽ സ്ഥിതി ചെയ്യുന്ന രണ്ടു കോളനികളിൽ ഒന്നാണിത്. ഒരു ഏക്കറോളം വലുപ്പമുള്ള കോളനിയാണെങ്കിലും സ്വന്തമായി രേഖയോ പട്ടയമോ ലഭിച്ചിട്ടില്ല. ആകെ 56 അംഗങ്ങൾ ഇവിടെ താമസിക്കുന്നു. ഏഴോളം വീടുകളിൽ ഒന്ന് ഒരു കുടിലാണ്. ഇനിയും ഒമ്പതോളം വീടുകൾ ഇവിടെ ആവശ്യമാണ്. 5 മുതൽ 7 വരെ ആറോളം പേർ പഠനം നടത്തി. മറ്റുള്ളവർ 4 വരെയും. കുട്ടികൾ സ്കൂളിൽ പോകുന്നുണ്ട്.

**നിർദേശങ്ങൾ**

1. കോളനിയോട് ചേർന്ന് ഏകദേശം 200 ഓളം മീറ്റർ നീളത്തിൽ റോഡ് ഗതാഗത യോഗ്യമാക്കണം.
2. മലമൂത്ര വിസർജന സൗകര്യത്തിനായി കക്കൂസുകൾ ഒന്നും തന്നെയില്ല. കക്കൂസുകൾ നിർമിക്കണം.
3. പൊതുകിണറില്ല. കുഴൽ കിണറിലെ വെള്ളം കുടിക്കാൻ പറ്റാത്തതാണ്.
4. ഏകദേശം ഒമ്പതോളം വീടുകൾ നിർമിക്കണം. സ്വന്തമായി സ്ഥലമില്ല.
5. വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ടെങ്കിലും ഇപ്പോൾ ഉപയോഗപ്രദമല്ല.
6. ഈ കോളനിയിൽ ക്ഷയരോഗികളും കുഷ്ഠരോഗികളുമുണ്ട്. ഇവർക്ക് വീടും, കാർഡും ഇല്ല.

**അത്തികുടുമ്പ് കോളനി**

12–ാം വാർഡിലെ രണ്ടാമത്തെ കോളനിയാണിത്. ഏകദേശം 45 സെന്റ് സ്ഥലത്തായി വ്യാപിച്ചുകിടക്കുന്നു. 58 അംഗങ്ങൾ ഈ കോളനിയിലുണ്ട്. 8 വീടുകളിൽ ഒരെണ്ണം കുടിലാണ്. കഴിഞ്ഞ കാലവർഷത്തിൽ ഒരു വീട് നിശേഷം തകർന്നു പോയിട്ടുണ്ട്. 11 ഓളം കുടുംബങ്ങൾക്ക് വീടില്ല. എട്ടാം ക്ലാസുവരെ രണ്ടുപേർ പഠനം നടത്തിയിട്ടുണ്ട്. മറ്റുള്ളവർ മിക്കവരും നാലാംക്ലാസു വരെയേ പഠിച്ചിട്ടുള്ളൂ. എഴുതാനും വായിക്കാനും അറിയാത്തവരാണ് മിക്കവരും.

**പ്രശ്നങ്ങൾ**

1. ഈ കോളനിയിൽ ടി.ബി. രോഗമുണ്ട്.
2. ഈ കോളനിയിൽ രണ്ട് അന്ധന്മാരുണ്ട്. ഒരു ആനുകൂല്യവും ലഭിക്കുന്നില്ല.
3. റോഡുകൾ ഗതാഗത യോഗ്യമല്ല.
4. സ്ഥിരമായ തൊഴിൽ ലഭിക്കുന്നതിനാവശ്യമായ സംരംഭങ്ങൾ ഈ കോളനിയിൽ ആരംഭിക്കേണ്ടതാണ്.
5. വൈദ്യുതീകരിച്ചെങ്കിലും ഇപ്പോൾ ഉപയോഗശൂന്യമാണ്.

**ചെക്കിക്കുന്ന് കോളനി**

13-ാം വാർഡിൽ കോറ-അത്തിറോഡിൽ ഇടവഴിയിലൂടെ കുറച്ചു മാറി സ്ഥിതി ചെയ്യുന്ന കോളനിയാണിത്. ഏകദേശം 47 അംഗങ്ങളും 11 വീടുകളും ഇവിടെയുണ്ട്. 15ഓളം കുട്ടികൾ ഈ കോളനിയിൽ വിദ്യാഭ്യാസത്തിനായി സ്കൂളിൽ പോകുന്നു. മുതിർന്നവർ നിരക്ഷരരാണ്.

**പ്രശ്നങ്ങൾ**

1. കോളനിയിലേക്ക് കോറ റോഡിൽനിന്ന് റോഡ് നിർമിക്കണം.
2. കുടിവെള്ളമില്ല. അടിയന്തരമായും ശ്രദ്ധ പതിയണം.
3. ഇവിടെ കക്കൂസില്ല.
4. വൈദ്യുതിയില്ല.
5. 3 കുടുംബങ്ങൾക്ക് വീടില്ല.
6. ഒരാൾ അന്ധനാണ്.

**പട്ടികജാതിക്കാർ**

കീഴൂർ – ചാവശ്ശേരി പഞ്ചായത്തിലെ പട്ടിക ജാതിക്കാർ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ സ്വന്തമായി സ്ഥലവും വീടും ഉള്ളവരാണ്. എന്നാൽ, സാമ്പത്തികമായി വളരെ ഉയർന്നവരല്ല. വണ്ണാൻ, പുലയൻ, കരിമ്പാലൻ, മലയർ, ഗവറ തുടങ്ങിയവരാണ് ഈ വിഭാഗത്തിൽ പെടുന്നത്. പട്ടികവർഗ്ഗത്തെ അപേക്ഷിച്ച് പട്ടികജാതിക്കാർ ജീവിതനിലവാരത്തിലും വിദ്യാഭ്യാസത്തിലും മുന്നിൽ നിൽക്കുന്നു. ഈ പഞ്ചായത്തിൽ ഏകദേശം 752 അംഗങ്ങളാണ് പട്ടികജാതിക്കാരായുള്ളത്.

**പട്ടികജാതി കോളനികൾ**

| വാർഡ് നമ്പർ | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| XII | കുന്നുമ്മൽ കോളനി | 5 | 17 |
| XII | കൂളിപ്പാറ പട്ടികജാതി കോളനി | 4 | 18 |
| XII | പടിഞ്ഞാറെക്കര പട്ടികജാതി കോളനി | 4 | 32 |

മേൽ വിവരിച്ച പട്ടികജാതി കോളനികൾക്ക് പുറത്തു പല വാർഡുകളിലും ഇക്കൂട്ടർ താമസിക്കുന്നുണ്ട്. ഒന്നാം വാർഡിൽ 2 മലയ കുടുംബവും 2 വണ്ണാൻ കുടുംബവും താമസിക്കുന്നു. വണ്ണാൻ കുടുംബങ്ങളിൽ ഒന്ന് 12 പേരോളം അടങ്ങിയ കൂട്ടുകുടുംബമാണ്. കക്കൂസില്ല. ജെ.ടി.എസും എസ്.എസ്.എൽ.സിയും പാസായവരാണ്. ജോലിയില്ല. മൂന്നാം വാർഡിൽ ഒരു വണ്ണാൻ കുടുംബവും ഒരു മലയ കുടുംബവും താമസിക്കുന്നു. ഇതിൽ ഒന്നാമത്തെ വിഭാഗത്തിന് വൈദ്യുതിയും കക്കൂസും ഉണ്ട്. എന്നാൽ, രണ്ടാമത്തെ വിഭാഗത്തിന് ഇതുരണ്ടും ഇല്ല. പന്ത്രണ്ടാം വാർഡിലാണ് കുന്നുമ്മൽ പട്ടികജാതി കോളനി. കരുമ്പാലരാണ് ഇവിടെയുള്ളത്. കൂളിപ്പാറ പട്ടികജാതി കോളനിയിൽ റോഡ് ഗതാഗത യോഗ്യമല്ല. വൈദ്യുതിയില്ല. കക്കൂസും ഇല്ല. പടിഞ്ഞാറെക്കര പട്ടികജാതി കോളനിയിൽ ഗതാഗത സൗകര്യം കുറവാണ്. ഒറ്റ വീടിനും കക്കൂസില്ല. വൈദ്യുതിയും എത്തിയിട്ടില്ല. പതിനൊന്നാം വാർഡിൽ 2 മലയ കുടുംബവും 5 വണ്ണാൻ കുടുംബങ്ങളും ഉണ്ട്. നല്ല വിദ്യാഭ്യാസമുള്ളവരാണ് ഇവർ. കൃഷിയും മറ്റു തൊഴിലും ചെയ്ത് ജീവിക്കുന്നു. ഇവർക്ക് സ്വന്തമായി കക്കൂസും കിണറും വൈദ്യുതിയും വേണം. പഠിച്ച കുട്ടികൾക്ക് സർക്കാർ ജോലി ലഭ്യമാക്കണം. ആറാം വാർഡിൽ ആകെ 8 വീടുകൾ പട്ടിക ജാതിക്കാരുടേതായുണ്ട്. 3 കുടുംബങ്ങൾക്ക് കിണർ ഇല്ല. വിദ്യാഭ്യാസപരമായി വളരെ മുന്നിലാണ്. ഒരാൾ ബിരുദപഠനം പൂർത്തിയാക്കിയിട്ടുണ്ട്. 2 പേർ പ്രീഡിഗ്രിക്കും 8 പേർ എസ്.എസ്.എൽ.സിക്കും 9 പേർ ഹയർ സെക്കന്ററിക്കും പഠിക്കുന്നു. പ്രൈമറിയിൽ 16 പേരും മറ്റു ക്ലാസുകളിൽ 4 പേരും അടക്കം 49 ഓളം പേർ ഈവാർഡിലുണ്ട്. വൈദ്യുതി ഇല്ല. 2 കുടുംബങ്ങൾക്ക് കക്കൂസ് സൗകര്യം അത്യാവശ്യമാണ്. ഗതാഗതത്തിന് റോഡ് നിലവിലുണ്ട്. 12-ാം വാർഡിൽ 3 വണ്ണാൻ കുടുംബം ഉണ്ട്. ഒരു കുടുംബത്തിന് വൈദ്യുതി ഉണ്ട്. മറ്റ് രണ്ട് കുടുംബത്തിന് വൈദ്യുതി ഇല്ല.

നമ്മുടെ പഞ്ചായത്തിലെ പട്ടികജാതി – വർഗ്ഗ കോളനികളിൽ നടപ്പിലാക്കേണ്ട ക്ഷേമപദ്ധതികളെക്കുറിച്ച് പൊതുനിർദേശങ്ങൾ:

ക്ഷേമപദ്ധതികളെക്കുറിച്ച് അറിവുണ്ടാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ അത്യാവശ്യമാണ്. അർഹതപ്പെട്ടവർക്ക് കൃത്യസമയത്ത് പദ്ധതികൾ ലഭിക്കുന്നതിന് സഹായകരമായ രീതിയിൽ നിബന്ധനകൾ ലളിതമാക്കേണ്ടതുണ്ട്. ലളിതമായ വ്യവസ്ഥയിലൂടെ മാത്രമേ ഈ വിഭാഗത്തിന് വായ്പകളും ധനസഹായങ്ങളും ഉപയോഗപ്പെടുത്തി തൊഴിൽ സംരംഭങ്ങളും മറ്റും ആരംഭിക്കുവാൻ കഴിയൂ. ഇത്തരം പദ്ധതികൾ ഗ്രാമപഞ്ചായത്തുമുഖേനയാണെങ്കിൽ കൂടുതൽ ഫലപ്രദമാക്കുവാൻ കഴിയും.

പട്ടികജാതി – വർഗ്ഗ ക്ഷേമം മുൻനിർത്തി സത്വര ശ്രദ്ധ പതിയേണ്ട ചില നിർദേശങ്ങൾ താഴെ ചേർക്കുന്നു.

1. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാധ്യത വർധിപ്പിക്കുക.
2. പായ നെയ്ത്ത്, കുട്ട, പനമ്പ് എന്നിവയുടെ നിർമാണം

വ്യാവസായിക അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

3. പഞ്ചായത്ത് കോളനികളിലെ പെൺകുട്ടികൾക്ക് കൈതൊഴിൽ പരിശീലിപ്പിക്കുകയും അവർക്ക് സഹകരണസംഘം രൂപീകരിക്കുന്നതിനാവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുക.

4. കുടിവെള്ള പ്രശ്നം പരിഹരിക്കുക.

5. പട്ടികജാതി – വർഗ്ഗത്തിലെ അഭ്യസ്തവിദ്യർക്ക് നൽകിവരുന്ന വായ്പകളും സഹായങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്തു മുഖേന വിതരണം ചെയ്യുക.

6. പട്ടികജാതി സർവ്വീസ് സഹകരണ സംഘം ആരംഭിക്കുക.

7. പഞ്ചായത്തിന്റെ നേതൃത്വത്തിൽ പട്ടികജാതിക്കാർക്ക് പച്ചക്കറി തോട്ടങ്ങൾ ഉണ്ടാക്കുകയും കൃഷിഭവൻ മുഖേന കിട്ടുന്ന ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്യുക.

8. ഈ വിഭാഗങ്ങൾക്ക് വേണ്ടി നിർമിക്കുന്ന വീടുകൾ ഉറപ്പോടും കക്കൂസ് സൗകര്യങ്ങളോടും കൂടെ നിർമിക്കുക.

9. എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതികളെ ചുമതലപ്പെടുത്തുക.

10. വീടുകൾ പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപ്പണികൾക്കും ഗ്രാന്റ് അനുവദിക്കുക.

11. കോളനികൾക്ക് പൊതുശ്മശാനം നിർമിക്കുക.

12. രണ്ടോ മൂന്നോ കോളനികളെ ബന്ധിപ്പിച്ച് അംഗൻ വാടികളും നേഴ്സറികളും സംയുക്തമായി ഏർപ്പെടുത്തുക.

13. പഠനം ഇടയ്ക്കു വച്ച് നിർത്തുന്നവരെ കണ്ടെത്തി തുടർന്ന് പഠിക്കാനാവശ്യമായ സാഹചര്യം ഒരുക്കുക.


14. ബോധവൽക്കരണത്തിന്റെ ഭാഗമായി സാധ്യമാവുന്ന കോളനികളിൽ ടിവി സ്ഥാപിക്കുക.

നടുവനാട് കോളനിയിൽ 9 കുടുംബങ്ങളും 45 അംഗങ്ങളും ഉണ്ട്. നിടിയാന്തിര കോളനിയിൽ 8 കുടുംബങ്ങളിൽ 16 അംഗങ്ങൾ. കോട്ടൂർഞാലിൽ 4 കുടുംബങ്ങളിൽ 12 അംഗങ്ങൾ ഉണ്ട്. ഇവർക്ക് 15 വീട്, 5 കിണർ, 21 കക്കൂസ്, വൈദ്യുതി എന്നിവ വേണം.

നാലാം വാർഡിൽ ഒരു വണ്ണാൻ കുടുംബവും രണ്ട് മലയകുടുംബവും ഉണ്ട്. ഇവർക്കൊന്നുംതന്നെ പ്രാഥമിക സൗകര്യങ്ങൾ ഇല്ല. പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തണം.

രണ്ടാം വാർഡിൽ ചാവശ്ശേരി പറമ്പിൽ 16 വീടുകളിലായി 142 അംഗങ്ങൾ ഉണ്ട്. വൈദ്യുതി ഇല്ല. കക്കൂസും ഇല്ല.

എട്ടാം വാർഡിൽ 6 കുടുംബങ്ങളിലായി 26 അംഗങ്ങൾ താമസിക്കുന്നു. കക്കൂസ്, തൊഴിൽ തുടങ്ങിയവ ലഭ്യമാക്കണം. അഭ്യസ്ത വിദ്യർ ഏറെയുണ്ട്. കുടിവെള്ളപ്രശ്നം പരിഹരിക്കേണ്ടതാണ്. വൈദ്യുതിയും ലഭ്യമാക്കണം. സ്വന്തമായി ഭൂമിയുണ്ട്. അത് ഉപയോഗപ്രദമാക്കാൻ കാർഷിക സഹായങ്ങൾ ലഭ്യമാക്കണം.




# വിഭവ സമാഹരണം

സമൂഹത്തിന്റെ നിലനിൽപ്പിനടിസ്ഥാനം അതാതു പ്രദേശത്തെ വിഭവങ്ങളെ ആശ്രയിച്ചിരിക്കുന്നു. വിഭവങ്ങളുടെ ആസൂത്രിതമായ വിനിയോഗമാണ് സാമൂഹ്യപുരോഗതിക്ക് അടിസ്ഥാനം.

പഞ്ചായത്തുകൾ ഒരു പ്രാദേശിക ഗവൺമെന്റായു പ്രവർത്തിക്കാൻ തുടങ്ങിയ സാഹചര്യത്തിൽ പഞ്ചായത്തിന്റെ വരുമാനം വൻതോതിൽ വർദ്ധിപ്പിക്കേണ്ടതുണ്ട്. ശക്തമായ സാമ്പത്തിക അടിത്തറയിൽ നിന്നു കൊണ്ടുമാത്രമെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കാൻ കഴിയുകയുള്ളു. മറ്റു വ്യവസായങ്ങൾകൂടി കണ്ടെത്തേണ്ടിയിരിക്കുന്നു. കാർഷികരാജ്യമായ നമുക്ക് കാർഷികോൽപ്പനങ്ങളുമായി ബന്ധപ്പെട്ട വ്യവസായങ്ങൾക്കാണ് മുൻതൂക്കം കൊടുക്കേണ്ടത്.

സർക്കാർ ഗ്രാന്റുകൾക്ക് ഭരണാധികാരികളെ സമീപിക്കേണ്ട നിലയാണ് ഇന്നുള്ളത്. എന്നാൽ ഗ്രാന്റുകൾ പിരിക്കുന്ന മേഖലയിൽവച്ചുതന്നെ പഞ്ചായത്തുകൾക്ക് കൈമാറാൻ നിയമനിർമ്മാണം നടത്തണം. ഇപ്പോൾ ഒന്നും രണ്ടും വർഷം കഴിഞ്ഞാണ് പഞ്ചായത്തുകൾക്ക് ഗ്രാന്റുകൾ ലഭിച്ചുവരുന്നത്. ഇത് ഫണ്ട് ദുരുപയോഗം ചെയ്യുന്നതിനു കാരണമാവുകയും വികസന പ്രവർത്തനങ്ങൾ മന്ദീഭവിക്കാനിടയാവുകയും ചെയ്യും.

### പട്ടിക – 1

| Sl No | ഇനങ്ങൾ | 1994–95 | | 1995–96 | | വ്യത്യാസം | |
|---|---|---|---|---|---|---|---|
| 1 | തൊഴിൽ നികുതി | 356115 | – | 428224 | – | 72109 | – |
| 2 | കെട്ടിട നികുതി | 452567 | 05 | 482100 | – | 29532 | 95 |
| 3 | വിനോദനികുതി | 454595 | 20 | 482557 | – | 27961 | 80 |
| 4 | അഡീഷണൽ വിനോദനികുതി | 275942 | 20 | 292984 | – | 17041 | 80 |
| 5 | പ്രദർശന നികുതി | 9254 | – | 9422 | – | 168 | – |
| 6 | പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ് | 2315 | 50 | 2346 | – | 30 | 50 |
| 7 | ലൈസൻസ് ഫീസ് | 99584 | – | 100152 | – | 568 | – |
| 8 | വസ്തു കൈമാറ്റ നികുതി | 88608 | – | 133237 | – | 44629 | – |
| 9 | സർക്കാർ ഗ്രാന്റും മറ്റും ഒഴികെ ഉള്ളവ (U. T. Fund) | 289290 | – | 423586 | – | 134296 | – |
| 10 | ഡെപ്പോസിറ്റ് വരുമാനം | 67878 | 65 | 157153 | – | 89274 | 35 |
| 11 | മറ്റുള്ളവ | 755017 | – | 882542 | – | 127525 | – |
| 12 | ഗ്രാന്റുകൾ | 53369 | – | 622301 | – | 568932 | – |
| | | | | | | | |

മേൽക്കൊടുത്ത പട്ടിക പരിശോധിച്ചാൽ പഞ്ചായത്ത് വരുമാനത്തിൽ വർദ്ധനവ് കാണാമെങ്കിലും നമ്മുടെ സമഗ്രവികസനത്തിന് പര്യാപ്തമാണെന്ന് തോന്നുന്നില്ല.

**കെട്ടിടനികുതി**

ഇപ്പോഴത്തെ കെട്ടിടനികുതി ചുമത്തുന്ന സമ്പ്രദായം പൂർണ്ണമായും ശാസ്ത്രീയമല്ല. ഇപ്പോഴത്തെ തറ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തുന്നതിനുപകരം വിലപിടിപ്പുള്ള വസ്തുക്കൾ ഉപയോഗിച്ച് ആഡംബരപൂർണ്ണമായ രീതിയിലുള്ള വീടുകൾക്ക് താരതമ്യേന കൂടുതൽ നികുതി ചുമത്താവുന്നതാണ്. കച്ചവടം നടത്തുന്ന കെട്ടിടങ്ങൾക്ക് മാസവാടകയുടെ അടിസ്ഥാനത്തിൽ കൃത്യമായ കരം ഈടാക്കേണ്ടതാണ്.

**തൊഴിൽ നികുതി**

മാസശമ്പളക്കാരിൽനിന്നും കച്ചവടസ്ഥാപന ഉടമസ്ഥരിൽനിന്നും മാത്രമാണ് ഇപ്പോൾ തൊഴിൽ നികുതി വസൂലാക്കുന്നത്. എന്നാൽ, വിദഗ്ധ തൊഴിൽ ചെയ്യുന്ന മരപ്പണിക്കാർ, കൽപ്പണിക്കാർ മുതലായവരിൽനിന്നും തൊഴിൽ നികുതി പരിക്കാവുന്നതാണ്. ചുരുക്കത്തിൽ വരുമാനമുള്ള എല്ലാ വിഭാഗം ആൾക്കാരിൽനിന്നും നികുതി ഈടാക്കുന്നതുമൂലം അവരും വികസനപ്രവർത്തനങ്ങളിൽ പങ്കുചേരുന്നവെന്ന് ബോധ്യപ്പെടുത്താം.

**വിനോദനികുതി**

നമ്മുടെ പഞ്ചായത്തിൽ മൂന്നു സിനിമാശാലകൾ പ്രവർത്തിക്കുന്നുണ്ട്. നല്ലതോതിൽ ആളുകളെ ആകർഷിക്കുന്ന ഈ സ്ഥാപനങ്ങളിൽനിന്ന് കാര്യക്ഷമമായ രീതിയിൽ നികുതി പിരിക്കുകയാണെങ്കിൽ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും എല്ലാവർഷവും 'സീസൺ' കാലത്ത് പലതരം പ്രദർശനങ്ങൾ ഈ പഞ്ചായത്തിൽ പല സ്ഥലങ്ങളിലായി സംഘടിപ്പിക്കാറുണ്ട്. അവരിൽനിന്നും നികുതി പിരിച്ചെടുക്കേണ്ടതാണ്.

**നികുതിയേതര വരുമാനങ്ങൾ**

പഞ്ചായത്തുവക സ്ഥലങ്ങളിൽനിന്നുള്ള ആദായം എടുക്കുന്നതിനുള്ള അവകാശം കാലാകാലങ്ങളിൽ കൃത്യസമയത്തുതന്നെ ലേലം ചെയ്തുകൊടുക്കേണ്ടതാണ്. ഉദാ:– ബസ് സ്റ്റാന്റ് പരിവ് ഇങ്ങനെയുള്ളവ

കാര്യക്ഷമമാക്കുകയാണെങ്കിൽ വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയുന്നതാണ്.

ഇരിട്ടിയിൽ പച്ചക്കറിച്ചന്ത, മത്സ്യം, മാംസം ഇവയുടെ ചന്ത അടിയന്തിരമായും നിർമ്മിക്കുകയാണെങ്കിൽ വരുമാനം കാര്യമായി വർദ്ധിപ്പിക്കാൻ കഴിയും. ആഴ്ചച്ചന്തകൾ നടപ്പിലാക്കുന്നത് അഭികാമ്യമാണ്.

അതുപോലെ ഇരിട്ടി പട്ടണത്തിൽ അനധികൃതമായി റോഡുകളിൽവച്ചു നടത്തുന്ന കച്ചവടക്കാരിൽനിന്ന് നല്ലൊരു സംഖ്യ പഞ്ചായത്തിനു പിരിച്ചെടുക്കാവുന്നതാണ്.

നമ്മുടെ പഞ്ചായത്തതിർത്തിയിൽ രണ്ടുതോണിക്കടവുകൾ ഉണ്ട്. ഒന്നാമത്തെത് പായമുക്കിൽനിന്നുള്ളത്. രണ്ടാമത്തെത് ഇരിട്ടിയിൽനിന്നുള്ളത് (ഇതു വേനൽക്കാലത്തുമാത്രം പ്രവർത്തിക്കുന്നു)

ഇവ രണ്ടും പായം പഞ്ചായത്താണ് ലേലം ചെയ്യാറ്. ഇതിന്റെ വിഹിതം നമുക്ക് അർഹതപ്പെട്ടതാണ്.

## ടൂറിസം

നമ്മുടെ പഞ്ചായത്തിൽപ്പെടുന്ന പഴശ്ശി പദ്ധതിപ്രകാരം ഒരു ടൂറിസ്റ്റ് കേന്ദ്രമാണല്ലോ. സന്ദർശകർക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുത്തുകൊണ്ട് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

വിദേശത്ത് ജോലി ചെയ്യുന്നവരുടെ വരുമാനം നമുക്ക് ഗുണപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്താവുന്നതാണ്. വിദേശത്തുജോലി ചെയ്യുന്നവരുടെ വിവരങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

**പട്ടിക-2**

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| എണ്ണം | 29 | 40 | 25 | 61 | 26 | 36 | 41 | 4 | 35 | 4 | 18 | 41 | 42 | 402 |

## ഷോപ്പിംഗ് കോംപ്ലക്സ്

ഇരിട്ടി ബസ് സ്റ്റാന്റിനോടനുബന്ധിച്ച് ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചിട്ടുണ്ടെങ്കിലും പുതിയ ഷോപ്പിംഗ് കോംപ്ലക്സുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിർമ്മിച്ച് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. ചാവശ്ശേരി, പുന്നാട് എന്നിവിടങ്ങളിൽ പുതിയവ ആവാം.

അതുപോല ഇരിട്ടി കേന്ദ്രമാക്കി ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതും ഒരു ധനാഗമ മാർഗമാണ്.

## നാഷണൽ സേവിങ്ങ് സ്കീം

ഓരോ പഞ്ചായത്തിൽനിന്നും പിരിച്ചെടുക്കുന്ന 'ഇന്ദിരാവികാസ് പത്ര'യുടെ 20% വരെ ആ പഞ്ചായത്തിനു തന്നെ കിട്ടുന്ന ഒരു വ്യവസ്ഥ ഇപ്പോഴുണ്ട്. അതുകൊണ്ട് പഞ്ചായത്ത് ഭരണസമിതിയും മറ്റു സന്നദ്ധ സംഘടനകളും ചേർന്ന് പരമാവധി സമ്പാദ്യനിക്ഷേപം ഉണ്ടാക്കിയാൽ പഞ്ചായത്തിന് ഇത് നല്ലൊരു മുതൽ കൂട്ടാവും. ഇത് നന്നായി ശ്രദ്ധിക്കേണ്ട കാര്യമാണ്.

**ധനകാര്യ സ്ഥാപനങ്ങൾ**
**സഹകരണസ്ഥാപനങ്ങൾ**

| SL NO. | പേരുകൾ | നിക്ഷേപങ്ങൾ | വായ്പകൾ |
|---|---|---|---|
| 1 | ചാവശ്ശേരി സർവ്വീസ് സഹകരണബാങ്ക് | 7,60,000 | 1189,700 |
| 2 | പുന്നാട് സർവ്വീസ് സഹകരണബാങ്ക് | 1,17,43,562/- | 98,84,204/- |
| 3 | ഇരിട്ടി കോ.ഓപ്പ. റൂറൽ ബാങ്ക് | | |
| 4 | കണ്ണൂർ ജില്ലാ കോ.ഓപ്പ. ബാങ്ക് ഇരിട്ടി ബ്രാഞ്ച് സായാഹ്ന ബ്രാഞ്ച് | | |
| 5 | ഇരിട്ടി ക്ഷീരോൽപാദന സഹകരണസംഘം | | |
| 6 | ഇരിട്ടി കോ.ഓപ്പ. കാന്റീൻ സൊസൈറ്റി | | |
| 7 | ഇരിട്ടി കോ.ഓപ്പ. ഹൗസ് ബിൽഡിംഗ് സൊസൈറ്റി | | |
| 8 | പുന്നാട് സർവ്വീസ് മാർക്കറ്റിങ്ങ് & പൊസസ്സിങ്ങ് സൊസൈറ്റി | | |
| 9 | മട്ടന്നൂർ കോ.ഓപ്പ. ബാങ്ക് ഉളിയിൽ ശാക | | |
| 10 | തലശ്ശേരി പ്രാഥമിക സഹകരണ കാർഷിക വികസന ബാങ്ക് | | |

**മറ്റു ബാങ്കുകൾ**

1. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ
2. കനറാ ബാങ്ക്
3. നോർത്ത് മലബാർ ഗ്രാമീണ ബാങ്ക്
4. നെടുങ്ങാടി ബാങ്ക്
5. കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർ പ്രൈസസ്

മേൽകാണിച്ച ബാങ്കുകൾക്ക് പുറമെ ഒരു സബ് ട്രഷറിയും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

ചില സ്വകാര്യ പണമിടപാടുസ്ഥാപനങ്ങളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ധനകാര്യ സ്ഥാപനങ്ങൾ ധാരാളമുണ്ടെങ്കിലും നിക്ഷേപങ്ങളെ അപേക്ഷിച്ച് വായ്പകൾ കുറവാണ്. നമ്മുടെ പഞ്ചായത്തിൽനിന്ന് സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 90% എങ്കിലും പഞ്ചായത്തിൽ വായ്പയായി കൊടുക്കേണ്ടതാണ്. പഞ്ചായത്തുകൾക്ക് വായ്പ എടുക്കുവാനുള്ള അനുവാദം പുതിയ പഞ്ചായത്ത് ആക്ടിലുണ്ട്. അതുപോലെ പഞ്ചായത്തുകൾക്ക് വായ്പ അനുവദിക്കുവാൻ ബാങ്കുകൾ തയ്യാറാവേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ ധാരാളം ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാനുള്ള സാധ്യതകളുണ്ട്. ഈ രംഗത്ത് ധനകാര്യസ്ഥാപനങ്ങൾ വേണ്ടവിധത്തിൽ സഹായിക്കുകയാണെങ്കിൽ പഞ്ചായത്തിന്റെ വിരുമാനം മെച്ചപ്പെടുത്താൻ കഴിയും.

**ചെലവുകൾ**

ഈ പഞ്ചായത്തിന്റെ വരുമാനത്തിൽ നല്ലൊരു സംഖ്യ ചെലവഴിക്കുന്നത് പഞ്ചായത്തു റോഡുകളുടെ അറ്റകുറ്റപ്പണികൾക്കാണ്. 500 രൂപ വീതം ചെലവഴിച്ചു കൊണ്ടുള്ള റിപ്പേർ വർക്കുകൾ ഏതാണ്ട് എല്ലാ വാർഡുകളിലും നടക്കുന്നുണ്ട്. ഇത് എല്ലാ വർഷവും ചെയ്യേണ്ടിവരുന്നു. അതുകൊണ്ട് പഞ്ചാത്തിലെ എല്ലാ റോഡുകളും ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കേണ്ടതാവശ്യമാണ്. മാത്രമല്ല റോഡ് സംരക്ഷിക്കേണ്ട ഉത്തരവാദിത്വം റോഡിന്റെ ഇരുവശത്തും താമസിക്കുന്ന അയൽക്കൂട്ടങ്ങൾക്കായിരിക്കണം. മഴക്കാലം തുടങ്ങുന്നതിനുമുമ്പ് റോഡിന്റെ ഓവുചാലുകൾ വൃത്തിയാക്കുന്നത് നാട്ടുകാരുടെ കടമയാണെന്ന് ബോധ്യപ്പെടുത്തണം. ഇങ്ങനെയായാൽ റോഡുകൾ തോടുകളാവാതിരിക്കാൻ സഹായിക്കും.

ഇരിട്ടി പട്ടണം ശുചിയാക്കുന്നതിന് പഞ്ചായത്ത് ഒരു ഭീമമായ സംഖ്യതന്നെ ചെലവഴിക്കുന്നുണ്ട്. കച്ചവടക്കാർ ചപ്പുചവറുകളും മറ്റവശിഷ്ടങ്ങളും റോഡുകളിലും ഓടകളിലും അലക്ഷ്യമായി നിക്ഷേപിക്കുന്നതുകൊണ്ടാണിത് സംഭവിക്കുന്നത്. അതുകൊണ്ട് പട്ടണത്തിന്റെ വിവിധ ഭാഗങ്ങളിലായി അവശിഷ്ടങ്ങൾ നിക്ഷേപിക്കാൻ വേണ്ടി 'വേസ്റ്റ് ബിന്നുകൾ' സ്ഥാപിക്കാവുന്നതാണ്.

## മനുഷ്യാധ്വാനം

മനുഷ്യന്റെ കായികശേഷി ഉപയോഗപ്പെടുത്തിയാൽ വളരെയധികം പണച്ചെലവ് കുറയ്ക്കാനും ഗ്രാമത്തിന്റെ വികസനം ത്വരിതപ്പെടുത്താനും കഴിയും.

ഉദാ:- 1. ഗ്രാമത്തിലെ റോഡിന്റെ സംരക്ഷണം, പുതിയവ നിർമ്മിക്കൽ എന്നിവ മനുഷ്യാധ്വാനം മാത്രം കൊണ്ടു ചെയ്യാവുന്നതാണ്.

2. ചെറുതോടുകൾക്ക് ബണ്ടുകൾ നിർമ്മിക്കലും ഇങ്ങനെ ചെയ്യാവുന്നതാണ്.

പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠനനിലവാരം ഉയർത്താനും ഗ്രാമത്തിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യാനും അയൽക്കൂട്ട സമിതികൾ ശ്രമിച്ചാൽ സാധിക്കാവുന്നതാണ്. നമ്മുടെ ഗ്രാമത്തിലെ അഭ്യസ്തവിദ്യരെ ഇതിനായി ഉപയോഗപ്പെടുത്തേണ്ടതാണ്.

പേപ്പട്ടിശല്യം പൊതുവെ എല്ലാ ഗ്രാമങ്ങൾക്കുമുള്ള ശാപമാണ്. അതുകൊണ്ട് പഞ്ചായത്തിലെ ഉടമസ്ഥരില്ലാതെ അലഞ്ഞുനടക്കുന്ന പട്ടികളെ നശിപ്പിക്കുന്നതിന് മനുഷ്യപ്രയത്നം ഉപയോഗപ്പെടുത്തേണ്ടതാണ്.

വേണ്ടവിധത്തിലുള്ള ആസൂത്രണംവഴി നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സമ്പത്ത് വർദ്ധിപ്പിക്കാനും നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടത്താനും ഇതുവഴി ഗ്രാമത്തിന്റെ സമ്പൂർണ്ണവികസനം സാധ്യമാക്കാനും കഴിയുമെന്ന് ആശിക്കുന്നു.

## വനിതാക്ഷേമം

വനിതാ വിമോചന പ്രസ്ഥാനങ്ങൾ സജീവമായി മുന്നേറുന്ന ഈ കാലഘട്ടത്തിൽ കീഴൂർ ചാവശ്ശേരി പഞ്ചായത്തിലെ വനിതകളും സന്നദ്ധ സംഘടനകളിൽ കൂടിയും മഹിളാ സമാജങ്ങൾ വഴിയും പൊതുപ്രവർത്തനരംഗത്ത് കർമോൻമുഖരായിക്കൊണ്ടിരിക്കുകയാണ്. സാമൂഹ്യസേവന രംഗങ്ങളിൽ സ്ത്രീപങ്കാളിത്തം കൂടുതലായി കണ്ടുവരുന്നു.

മുൻകാലഘട്ടങ്ങളിൽ സ്ത്രീ വിദ്യാഭ്യാസം പിന്നിലായിരുന്നു. പക്ഷേ, ഇന്ന് പെൺകുട്ടികൾ വിദ്യാഭ്യാസമേഖലയിൽ മുൻപന്തിയിലാണ്. നാട്ടിലെ കുടിപ്പള്ളിക്കൂടങ്ങളിൽ പണ്ടുകാലത്ത് വിദ്യാർഥിനികൾ കുറവായിരുന്നു. വിദ്യാഭ്യാസം ലഭിച്ചിരുന്നതുതന്നെ മുന്നോക്ക വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകൾക്കുമാത്രമായിരുന്നു. സാർവത്രികവും സൗജന്യവുമായ

പ്രാഥമിക വിദ്യാഭ്യാസം നടപ്പിലായതോടുകൂടി സ്ത്രീകൾ വിദ്യാഭ്യാസരംഗത്തേക്ക് കടന്നുവരാൻ തുടങ്ങി.

നമ്മുടെ പഞ്ചായത്തിൽ 1991ലെ സെൻസസ് പ്രകാരം 16993 പുരുഷൻനാരും 16744 സ്ത്രീകളുമുണ്ട്. അതായത് 1000 പുരുഷൻമാർക്ക് 985 സ്ത്രീകളാണുള്ളത്. കേരള സംസ്ഥാനത്തിന്റെ കണക്ക് പരിശോധിച്ചാൽ 100 പുരുഷൻമാർക്ക് 1040 എന്നതാണ് അനുപാതം. അപ്പോൾ നമ്മുടെ പഞ്ചായത്തിലെ അനുപാതം കേരള സംസ്ഥാന ശരാശരിയെക്കാൾ കുറവാണ്.

പുരുഷൻമാരുടെ സാക്ഷരതാനിരക്ക് 94.54 ആയിരിക്കുമ്പോൾ സ്ത്രീകളുടേത് 83.84 ആണ്. അതായത് സാക്ഷരതയിൽ സ്ത്രീകൾ പിന്നിലാണ്.

1990ൽ അന്നത്തെ സംസ്ഥാന ഗവൺമെന്റ് നടപ്പാക്കിയ സാക്ഷരതാ പ്രവർത്തനങ്ങളിലും വയോജന വിദ്യാഭ്യാസ പ്രവർത്തനങ്ങളിലും പഞ്ചായത്തിൽ സ്ത്രീപങ്കാളിത്തം കൂടുതലായിരുന്നു. പട്ടികവർഗങ്ങളിലൂള്ള സാക്ഷരതാ ബോധവത്ക്കരണ പരിപാടികളിലും സ്ത്രീകൾ സജീവമായി രംഗത്തിറങ്ങിയിരുന്നു. പഞ്ചായത്തിലെ സന്നദ്ധ സംഘടനകളുടെയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും ആഭിമുഖ്യത്തിലുള്ള മഹിളാ സംഘടനകൾ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ സ്ത്രീകളുടെ നില മെച്ചപ്പെടുത്തുന്നതിനുള്ള ഊർജിതമായ ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. ചില സംഘടകളുടെ നേതൃത്വസ്ഥാനത്ത് വനിതകൾ പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 49 ശതമാനം സ്ത്രീകളാണ്. അതുകൊണ്ട് സ്ത്രീകളെ പുരുഷന്മാർക്കൊപ്പം സാമൂഹ്യമായി ഉയർത്തേണ്ടത് അത്യാവശ്യമാണ്.

സ്ത്രീപുരുഷ അനുപാതം (1000 പുരുഷന്മാർക്ക്)

ഇന്ത്യ: 1000–929

കേരളം: 1000–1036

കണ്ണൂർ: 1000–1101

കിഴൂർ ചാവശ്ശേരി: 1000–985

ഈ കണക്കിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത് പഞ്ചായത്തിലെ സ്ത്രീപുരുഷ അനുപാതം സംസ്ഥാന ശരാശരിയെക്കാൾ താഴെയാണ് എന്നതാണ്. പഞ്ചായത്തിലെ ജനങ്ങളുടെ സാക്ഷരതാ നിരക്ക് 94.59 (പുരുഷൻമാർ) 83.84 (സ്ത്രീകൾ) എന്നിങ്ങനെയാണ്. മൊത്തം സാക്ഷരത 89.24% ആണ്. സ്ത്രീകളിൽ 371 പേർ പട്ടികജാതിയിലും 380 പേർ പട്ടിക വർഗത്തിലും ഉൾപ്പെടുന്നു. ആകെ സ്ത്രീകളിൽ പട്ടികജാതി പട്ടികവർഗത്തിൽപ്പെടുന്നവർ കഴിച്ചാൽ ബാക്കി 15993 അംഗങ്ങളുണ്ട്.

തൊഴിൽമേഖല:– സ്ത്രീകൾ വിദ്യാഭ്യാസത്തിൽ മുന്നിലാണെങ്കിലും തൊഴിൽ മേഖലയിൽ അവരുടെ പങ്കാളിത്തം കുറവാണ്. പഞ്ചായത്തിൽ തൊഴിലില്ലാത്ത യുവതീയുവാക്കൾ %മാണ്. ഇതിൽ –% സ്ത്രീകളാണ്. സ്ത്രീകൾ പ്രധാനപ്പെട്ട എല്ലാ തൊഴിലുകളിലും ഏർപ്പെട്ടുവരുന്നു. പഞ്ചായത്തിലെ ജനസംഖ്യയിൽ മുഴുവൻ സമയം തൊഴിൽ ചെയ്യുന്നവർ

| | |
|---|---|
| പുരുഷൻമാർ | 7050 |
| സ്ത്രീകൾ | 1839 |
| ആകെ | 8889 |

ഭാഗികമായി തൊഴിലിൽ ഏർപ്പെടുന്നവർ

| | |
|---|---|
| പുരുഷൻമാർ | 324 |
| സ്ത്രീകൾ | 512 |
| ആകെ | 836 |

തൊഴിലിൽ ഏർപ്പെടുന്നവരിൽ ആകെ 7374 പുരുഷൻമാരും 2351 സ്ത്രീകളുമടക്കം 9725 പേരുണ്ടെന്നു കാണാം. ഇതിൽനിന്നും തൊഴിൽ മേഖലയിൽ സ്ത്രീകൾ വളരെ പിന്നിലാണെന്ന് കാണാം.

പഞ്ചായത്തിൽ തൊഴിൽ പങ്കാളിത്തനിരക്കിന്റെ കാര്യത്തിൽ സ്ത്രീകൾ വളരെ പിന്നിലാണ്.

| | |
|---|---|
| പുരുഷന്മാർ | 43.39 |
| സ്ത്രീകൾ | 14.04 |

എന്നാൽ അദ്ധ്യാപന രംഗത്ത് സ്ത്രീകൾതന്നെയാണ് മുന്നിൽ. 288 അദ്ധ്യാപകരിൽ 149 അദ്ധ്യാപികമാരാണുള്ളത്. സേവന രംഗത്ത് വനിതാ പ്രാതിനിധ്യം ഈ വിഭാഗത്തിൽ 51.73 ശതമാനമാണ്.

സ്കൂൾ വിദ്യാർത്ഥികളിൽ 5079 ശതമാനം വിദ്യാർത്ഥിനികളും 49.21 ശതമാനം ആൺകുട്ടികളുമാണ്. മാർക്ക് കൂടുതൽ വാങ്ങുന്ന കാര്യത്തിലും പെൺകുട്ടികൾതന്നെയാണ് മുന്നിൽ. എന്നാൽ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പഞ്ചായത്തിൽ പെൺകുട്ടികൾ പിന്നിലാണ്.

കൃഷി, കെട്ടിടനിർമാണം, മൃഗസംരക്ഷണം, നൂൽനൂൽപ്പ്, കുടിൽവ്യവസായങ്ങളായ കുട്ട, മുറം, പായ എന്നിവയുടെ നിർമ്മാണം, ബീഡിതെറുപ്പ്, കലം നിർമ്മാണം, അധ്യാപനം, തുന്നൽ, പ്രിന്റിങ്ങ്, നേഴ്സിംഗ് തുടങ്ങിയ മേഖലകളിൽ സ്തീകൾ ജോലി ചെയ്യുന്നു. കരിങ്കല്ല്, ചെങ്കല്ല് മേഖലകളിൽ സ്ത്രീകൾ കൂടുതലായി ജോലി ചെയ്യുന്നു. കൂലിനിരക്കിലുള്ള അന്തരം കാരണം കൃഷിയിൽ സ്ത്രീകൾക്ക് താത്പര്യം കുറഞ്ഞുവരുന്നു. തുല്യജോലിക്ക് തുല്യവേതനം എന്ന കാര്യത്തിൽ വിവേചനം നിലനിൽക്കുന്നു.

കൂലിനിരക്ക്

| ഇനം | ആൺ | പെൺ |
|---|---|---|
| കൃഷി | 80 | 35 |
| കെട്ടിടനിർമാണം | 120 | 60 |

16744 സ്ത്രീകളിൽ 149 സ്ത്രീകൾ അധ്യാപനരംഗത്തുണ്ട്. സ്ഥിരം ശമ്പളക്കാരായ സ്ത്രീകൾ 296. മേൽപ്പറഞ്ഞ കണക്കുകളിൽനിന്ന് സ്ത്രീകളുടെയിടയിൽ തൊഴിലില്ലായ്മ രൂക്ഷമാണെന്നുകാണാം. ഈ തൊഴിലില്ലായ്മയും സാമ്പത്തിക ഭദ്രതയില്ലായ്മയും സ്ത്രീകളെ പൊതുരംഗത്തുനിന്ന് അകറ്റിനിർത്തുന്നു. ഇന്ന് പഞ്ചായത്തിൽ ഒരു വനിതാ സഹകരണ സംഘവും (ഇരിട്ടി), പുന്നാട് ആസ്ഥാനമായി ഒരു വനിതാ പാലുൽപ്പന്നയൂണിറ്റ്, DWCRAയുടെ സഹായമുപയോഗിച്ച് ഒരു വനിതാ പ്രിന്റിംഗ് പ്രസ് എന്നിവ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ വനിതകൾക്ക് തൊഴിൽ സാധ്യതയുള്ള 10 ലേറെ തുന്നൽ പരിശീലന കേന്ദ്രങ്ങളുമണ്ട്. ഇരിട്ടിയിൽ ഒരു നേഴ്സിംഗ് പരിശീലന സ്ഥാപനവുമുണ്ട്.

സർക്കാർവകയുള്ള സാമ്പത്തികസഹായങ്ങൾ വേണ്ടവണ്ണമുപയോഗിച്ച് തൊഴിൽസാധ്യതകൾ വർദ്ധിപ്പിക്കാൻ സ്ത്രീകൾ മുന്നോട്ടു വരുന്നില്ല. ശരിയായ ദിശാബോധവും പ്രോത്സാഹനവും പരിശീലനവും നൽകി വനിതകളെ കർമോൻമുഖരാക്കുന്നതിന് പുരുഷന്മാർ മുൻകൈയെടുക്കേണ്ടിയിരിക്കുന്നു. കൂടാതെ കുടിൽ വ്യവസായങ്ങളും പരമ്പരാഗത വ്യവസായങ്ങളും വൈവിധ്യവൽക്കരിച്ച് വനിതകളുടെ തൊഴിലില്ലായ്മ ഒരളവുവരെ പരിഹരിക്കാം. സ്വയം തൊഴിൽ പദ്ധതി ചട്ടങ്ങൾ കൂടുതൽ ലളിതമാക്കിയും സ്ത്രീകളുണ്ടാക്കുന്ന ഉൽപ്പനങ്ങൾക്ക് മാർക്കറ്റുണ്ടാക്കുന്നതിനുള്ള സഹായങ്ങൾ നൽകിയും ഈ രംഗത്ത് വനിതകളുടെ സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തണം.

ആരോഗ്യ കാര്യങ്ങളിൽ സ്ത്രീകൾ പിന്നോക്കമാണ്. പഞ്ചായത്തിലെ PHCയിൽ എത്തുന്ന രോഗികളിൽ കൂടുതലും സ്ത്രീകളാണ്. പഞ്ചായത്തിൽ ആംഗൻവാടികൾ ഇല്ല.

ഭർത്താക്കൻമാരുടെ മദ്യപാനംമൂലം വിഷമതകൾ അനുഭവിക്കുന്ന സ്ത്രീകളുണ്ട്. പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും നിയമപ്രകാരമുള്ള പ്രാഥമിക സൗകര്യങ്ങൾ പെൺകുട്ടികൾക്ക് ലഭിക്കുന്നില്ല. അതുപോലെ പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്കുവേണ്ട പ്രാഥമിക സൗകര്യങ്ങൾ ലഭ്യമല്ല.

വീട്ടുജോലികൾ മുഴുവൻ ഇന്നും സ്ത്രീകളിൽതന്നെ കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു. അതിനാൽ പാചകം, വിറകുശേഖരണം, കന്നുകാലിവളർത്തൽ, പച്ചക്കറി കൃഷികൾ എന്നിവ സ്ത്രീകൾതന്നെ ചെയ്യുന്നു. ഭൂരിപക്ഷം കുടുംബങ്ങളിലും പുരുഷമേധാവിത്വം നിലനിൽക്കുന്നു. സ്ത്രീകൾ കുടുംബനാഥകളായ അനേകം കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. ദാരിദ്ര്യം അനുഭവിക്കുന്ന ഇത്തരം കുടുംബങ്ങൾ ഇന്നും ഉണ്ട്. സ്ത്രീധന സമ്പ്രദായം എല്ലാ മതവിഭാഗങ്ങളിലും ഉണ്ട്. സ്ത്രീധനത്തിന്റെ പേരിൽ പീഢനമനുഭവിക്കുന്നവരും ഉണ്ട്.

വിവിധ ആനുകൂല്യം ലഭിച്ചവർ

| | |
|---|---|
| പ്രസവാനുകൂല്യം | 55 |
| വാർധക്യകാല പെൻഷൻ | 8 |
| വിധവാ പെൻഷൻ | 62 |
| കർഷകത്തൊഴിലാളി പെൻഷൻ | 177 |
| തൊഴിലില്ലായ്മ വേതനം | 78 |

പഞ്ചായത്തിൽ നിലവിൽ ഒരു ബാലവാടി മാത്രമേ ഉള്ളൂ. മാതൃശിശുസംരക്ഷണ കേന്ദ്രം സ്ഥാപിച്ചുകൊണ്ട് ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള പോഷകാഹാരവിതരണം ത്വരിതപ്പെടുത്തേണ്ടതാണ്. ബഹുജന സംഘടനയിലെ വനിതാ പ്രാതിനിധ്യം ഉറപ്പിക്കുന്നതിന് അതാതു രാഷ്ട്രീയ പാർട്ടികളും സംഘടനകളും ശ്രദ്ധിക്കേണ്ടതുണ്ട്.

സാമൂഹ്യ ക്ഷേമ മേഖലയിൽ സ്ത്രീകൾക്ക് സർക്കാർ വക ലഭിക്കുന്ന സഹായങ്ങളെക്കുറിച്ച് അറിവുനൽകിയും അവരെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനുള്ള സഹായസഹകരണങ്ങൾ നൽകിയും അവരുടെ ക്ഷേമ നമുക്ക് ഉറപ്പുവരുത്താം.

**പ്രശ്നങ്ങൾ**

1. സ്ത്രീകൾക്കായുള്ള സർക്കാർ സഹായങ്ങളെക്കുറിച്ച് വേണ്ടത്ര ബോധവമില്ലായ്മ.
2. വനിതകൾ സ്വയം തൊഴിൽ പദ്ധതികളിൽ താൽപര്യം കാണിക്കുന്നില്ല.
3. വനിതൾക്ക് വേണ്ടത്ര തൊഴിൽ പരിശീലന കേന്ദ്രങ്ങളില്ല.
4. കുടുംബത്തിന്റെ ഭാരിച്ച ഉത്തവാദിത്വവും സാമ്പത്തിക ഭദ്രതക്കുറവും കാരണം പൊതുരംഗത്തേക്ക് വരാൻ സ്ത്രീകൾ മടിക്കുന്നു.
5. കൂലിനിരക്കിലുള്ള വിവേചനം നിലനിൽക്കുന്നു.
6. ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള ആത്മവിശ്വാസക്കുറവ് സ്ത്രീകൾക്കുണ്ട്.

9. സ്ത്രീകളിൽ ശാസ്ത്രബോധം കുറവാണ്.

10 സ്ത്രീകളിൽ വായനയുടെ കാര്യത്തിൽ പിന്നിലാണ്.

11. സിനിമാ, ടിവി, പൈങ്കിളി വാരികകൾ എന്നിവ

യുടെ അമിതമായ പ്രചാരണം സ്ത്രീകളെ വഴിതെറ്റിക്കുന്നു.

12. വിദ്യാലയങ്ങളിലും പൊതുസ്ഥലങ്ങളിലും സ്ത്രീകൾക്കും പെൺകുട്ടികൾക്കും ആവശ്യമായ പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കാനുള്ള സൗകര്യങ്ങളില്ല.

13. സാങ്കേതിക രംഗങ്ങളിൽ സ്ത്രീകൾ കടന്നുവരുന്നില്ല. ഈ മേഖലയിൽ തൊഴിലവസരങ്ങൾ കുറയുന്നു.

**നിർദേശങ്ങൾ**

1. കൃഷിയും പരമ്പരാഗത വ്യവസായങ്ങളും വൈവിധ്യവൽക്കരിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കണം.

2. സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകുന്ന കേന്ദ്രങ്ങൾ സ്ഥാപിക്കണം.

3. കൂലിനിരക്കിലുള്ള വിവേചനം അവസാനിപ്പിക്കണം.

4. പ്രാദേശിക വിഭവങ്ങൾ ശേഖരിച്ചുള്ള ഉൽപാദന യൂണിറ്റുകൾ ആരംഭിക്കാനും അവയുടെ വിപണനം ഉറപ്പുവരുത്താനുമുള്ള സഹായങ്ങൾ ചെയ്യണം.

5. എല്ലാ വാർഡുകളിലും കുറഞ്ഞത് ഒരു ആംഗൻവാടി എങ്കിലും സ്ഥാപിക്കുക, അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

6. അനാചാരങ്ങൾക്കെതിരെയുള്ള ബോധവത്ക്കരമ നടത്തി ശാസ്ത്രബോധം വളർത്തുക.

7. സ്ത്രീകൾക്കായുള്ള നേതൃത്വപരിശീലന കേസുകളും ശിൽപശാലകളും സംഘടിപ്പിക്കണം.

8. പൊതുസ്ഥലത്ത് സ്ത്രീകൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം.

9. സ്ത്രീകളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും ആരോഗ്യബോധവത്ക്കരണത്തിനും വേണ്ടി കൂടുതൽ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുക.

10. നിലവിലുള്ള കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ പ്രാഥമികാരോഗ്യകേന്ദ്രങ്ങളായി ഉയർത്തുക.

11. മാതൃശിശു സംരക്ഷണകേന്ദ്രങ്ങൾ ആരംഭിക്കണം.

12. കായികവും കലാപരവുമായ വനിതാ പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹനം നൽകണം.

13. DWCRA യുടെ സഹായത്തോടെയുള്ള വനിതാ വ്യവസായസംരംഭങ്ങൾ ആരംഭിക്കണം.

14. മഹിളാ സമാജങ്ങൾക്കുവേണ്ട സഹായങ്ങൾ നൽകി പ്രവർത്തനം ഊർജിതമാക്കണം.

15. സ്ത്രീപുരുഷസമത്വബോധം വളർത്തുന്നതിനുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുണം.


16. സ്ത്രീകളുടെയിടയിലുള്ള അന്ധവിശ്വാസങ്ങൾ നിർമാർജനം ചെയ്യുന്നതിന് ആവശ്യമായ പദ്ധതികൾ വാർഡുതലത്തിൽ സംഘടിപ്പിക്കണം. ഇതിന്റെ നേതൃത്വം വനിതകൾക്ക് നൽകണം.

17. പഞ്ചായത്ത് തലത്തിൽ സ്ത്രീകളുടെ ഉന്നമനത്തിനായി ഒരുസമിതി രൂപീകരിക്കണം.

18 IRDP ധനസഹായത്തോടെ സ്വയം തൊഴിൽ കണ്ടെത്താൻ വനിതകളെ പ്രാപ്തരാക്കണം.

19. വിവിധ നിയമനങ്ങളെക്കുറിച്ചും തൊഴിലവസരങ്ങളെക്കുറിച്ചും വനിതകൾക്ക് അറിവുനൽകാനുള്ള സംവിധാനമുണ്ടാക്കണം.

20. സ്ത്രീകളെ സംഘടിപ്പിച്ചുകൊണ്ട് സഹകരമാടിസ്ഥാനത്തിൽ സൊസൈറ്റികൾ രൂപീകരിക്കണം.




123
4336

രാഷ്ട്രദീപിക പ്രസ് കണ്ണൂർ-4